

ജനകീയാസൂത്രണ പരിപാടി



അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ



അണ്ടൂർക്കോണം സർവ്വീസ് സഹകരണ ബാങ്ക്



പഞ്ചായത്ത് ആഫീസും മിനി സിവിൽ സ്റ്റേഷനും

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

സമഗ്ര വികസനരേഖ

എഡിറ്റർ


പി. അജിത്കുമാർ

എഡിറ്റോറിയൽ ബോർഡംഗങ്ങൾ

1 വെട്ടുറോഡ് വിജയൻ
2 എം. ജലീൽ
3 എസ്. എ. വാഹിദ്
4 എം. ജി. ഉണ്ണികൃഷ്ണൻ നായർ
5 എൻ. എ. വാഹിദ്
6 സലിം

മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ

1	ശ്രീ. എം. കുഞ്ഞുകൃഷ്ണപിള്ള	ആദ്യപ്രസിഡന്റ് (1954–'62)
2	ശ്രീ. വി. എം. അസനാരുപിള്ള	(1963–1979)
3	ശ്രീ. ജി. വേലായുധൻനായർ	(1979–1984)
4	ശ്രീ. എം. എ. വാഹിദ്	(1988–1995)
5	ശ്രീ. എം. ജലീൽ	(1995–1996)



പ്രിയപ്പെട്ട നാട്ടുകാരേ,

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ വികസന രേഖയാണിത്. ഗാന്ധിജി സ്വപ്നം കണ്ട ''ഗ്രാമ സ്വരാജ്'' പ്രാവർത്തികമാക്കാൻ ഈ കൊച്ചു കേരളത്തിനാണ് ആദ്യമായി അവസരം ഉണ്ടായിരിക്കുന്നത്. വിശ്രമമില്ലാത്ത പ്രവർത്തനത്തിലൂടെ മാത്രമേ ഉദ്ദിഷ്ട ലക്ഷ്യത്തിലെത്താൻ നമുക്കു കഴിയൂ. ഗ്രാമസഭയിൽ ഉണ്ടായ ജനപങ്കാളിത്തം നമ്മെ കർമ്മ നിരതരാക്കുന്നു. നമ്മുടെ പഞ്ചായത്തിലെ വരുന്ന അഞ്ചു വർഷക്കാലത്തേയ്ക്കുള്ള വികസന റിപ്പോർട്ടാണ് നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നത്. പോരായ്മകൾ ഉണ്ടെങ്കിൽക്കൂടി എല്ലാ വാർഡുകളിലേയും അത്യാവശ്യം വേണ്ടുന്ന കാര്യങ്ങൾ ഈ വികസന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാണ് എന്റെ വിശ്വാസം. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബഹുമാന്യരായ വളരെയധികം ആളുകൾ സഹായിച്ചതിൽ അവരോട് പഞ്ചായത്ത് കമ്മിറ്റിക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുകയാണ്. ഭാവിയിൽ നടത്താൻ പോകുന്ന എല്ലാ വികസന പ്രവർത്തനങ്ങൾക്കും നല്ലവരായ എല്ലാ നാട്ടുകാരുടേയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

നിങ്ങളുടെ

വെട്ടുറോഡ് വിജയൻ

(പഞ്ചായത്ത് പ്രസിഡൻറ്)

ആമുഖം

ദേശീയാസൂത്രണത്താൽ നടത്തപ്പെട്ട എട്ട് പദ്ധതികളും, നമ്മുടെ രാജ്യത്തെ ഒട്ടേറെ രംഗങ്ങളിൽ ഉയർച്ചയിൽ എത്തിക്കാൻ കഴിഞ്ഞുവെങ്കിലും ഇന്ത്യയുടെ ജീവനായി പ്രവർത്തിക്കേണ്ടുന്ന കർഷകാദി ജനവിഭാഗങ്ങളെ സാമൂഹ്യമായി ഉയർത്തപ്പെടുന്നതിനോ, സമൂഹത്തിലെ ഇതര–വിഭാഗങ്ങളോടൊപ്പം വളർത്തിയെടുക്കുന്നതിനോ ആവശ്യമായ നടപടികളും സ്വീകരിക്കാൻ കഴിഞ്ഞില്ല. കാരണം പദ്ധതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും ജനങ്ങൾക്ക് ഒരുവിധമായ പങ്കും ഉണ്ടായിരുന്നില്ല. എന്നാൽ ഒൻപതാം പദ്ധതിയിലൂടെ നടപ്പ്യമാമൂലുകൾക്ക് മാറ്റമുണ്ടായിരിക്കുന്നു. ആയതിന്റെ വെളിച്ചത്തിൽ ഗ്രാമതലത്തിൽ ഉയർത്തപ്പെട്ട ആവശ്യങ്ങളും, ഒരു പദ്ധതിയായി രൂപം കൊള്ളുമ്പോളും ജനാധിപത്യത്തിന്റെ അന്തസത്ത നമുക്കനുഭവപ്പെടുന്നു.

കേരളത്തിൽ നടപ്പിലാക്കാൻ പോകുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം, വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മുഖമുദ്രയായി നമുക്കനുഭവപ്പെടുന്നു. ഒൻപതാം പദ്ധതി രൂപീകരണത്തിൽ ജനകീയാസൂത്രണം വഹിക്കുന്ന പങ്ക് അധികാര വികേന്ദ്രീകരണത്തിനും പഞ്ചായത്തീരാജിനും പ്രത്യേക ആഭിമുഖ്യം വർദ്ധിപ്പിക്കുന്നു. ജനാധികാരസഭയായി ഗ്രാമപഞ്ചായത്തുകളും മാറുമ്പോൾ പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിനും യഥാവിധി നടപ്പിലാക്കുന്നതിനും കഴിയുന്നു. ആയതിലൂടെ ഇന്നലെവരെ ഗ്രാമീണർക്ക് അനുഭവപ്പെട്ടിരുന്ന കാലവിളംബരത്തിന് സുതാര്യത ലഭിക്കുന്നു.

സമൂഹത്തിലെ പരമാവധി ആളുകളെ പങ്കെടുപ്പിച്ച് കൊണ്ട് നാളിതുവരെ നടത്താൻ കഴിയാതിരുന്ന പരിപാടികളും വിശേഷാൽ ഗ്രാമസഭകളിലൂടെ നമുക്ക് ആലോചിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും, മുൻഗണന നിർദ്ദേശിക്കുന്നതിനും നമുക്ക് കഴിഞ്ഞിരിക്കുന്നു.

അണ്ടൂർക്കോണം പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലെയും ഗ്രാമസഭകളിൽ വന്ന് ചേർന്നു ജനങ്ങളുടെ, ആവേശവും, ആവശ്യവും ഒരു മാറ്റത്തിന്റെ ദിശയിലേയ്ക്ക് നമ്മെ നയിച്ചു. വനിതകളുടെ പങ്കാളിത്തം എല്ലാ ഗ്രാമസഭയിലും പ്രകടമായിരുന്നു. വനിതകളുടെ സാമൂഹ്യമായ മുന്നേറ്റം നമ്മുടെ ഗ്രാമത്തിന്റെ വളർച്ചയ്ക്ക് അനിവാര്യമായിരിക്കുന്നു. ആയതിന്റെ വെളിച്ചത്തിൽ പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ വനിതാവിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

1992 കാലഘട്ടത്തിൽ സെസ്സിന്റെ ആഭിമുഖ്യത്തിൽ വിവേ ഭൂപട നിർമ്മാണം നടത്തിയതിന്റെ വെളിച്ചത്തിൽ വിവരശേഖരണം നടത്തുന്നതിന് സഹായകമായി. യഥാസമയം പഞ്ചായത്തുശില്പശാലകളും നടത്തുന്നതിനും, ഉദ്യോഗസ്ഥ വിഭാഗങ്ങളെ വിളിച്ച് ചേർത്ത് വേണ്ട നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ജില്ലാ, ബ്ലോക്ക്, പഞ്ചായത്തംഗങ്ങളുടെയും പഞ്ചായത്തിലെ മഹത് വ്യക്തികളുടെയും സാന്നിദ്ധ്യവും സഹകരണവും നമ്മുടെ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തെ വിജയിപ്പിക്കുന്നതിന് സഹായഘടകമായി നിലകൊള്ളുന്നു.


അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് ഭരണസമിതി




ശ്രീ. വെട്ടുറോഡ് വിജയൻ (പ്രസിഡൻറ്)



ശ്രീ. എസ്. എ. വാഹിദ്
(വൈസ് പ്രസിഡൻറ്)



ശ്രീ. എം. ജലീൽ
(മുൻ പ്രസിഡൻറ്)



ശ്രീ. കെ. മധുസൂദനൻ നായർ



ശ്രീ. എം. കൃഷ്ണൻ കുട്ടി



ശ്രീ. ബി. മുരളീധരൻ നായർ



ശ്രീമതി. പി. ഇന്ദിര




ശ്രീമതി. റ്റി. വിമല



ശ്രീമതി. ജെ. സലീല




ശ്രീമതി. ജെ. റഹുമാബീവി




അഡ്വ: ശ്രീ. എം. അൽത്താഫ്



ശ്രീമതി. ഖുറൈഷാബീവി
(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)



ശ്രീ. ജി. രാമചന്ദ്രൻ നായർ
(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)


Karamoodu
POTHENCODE PT
Kollam
Ambedkar gramam
CRPF
Group Centre
CRP Jn
Kanchira
Pachira
KSEB
Vadakkumkavu
Alummoodu
Site for
Thruvaranthapuram
Thruvaranthapuram
KAZHAKKUTTAM PT

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	—	അണ്ടൂർക്കോണം.
ബ്ലോക്ക് പഞ്ചായത്ത്	—	കഴക്കൂട്ടം
ജില്ലാ പഞ്ചായത്ത്	—	തിരുവനന്തപുരം
താലൂക്ക്	—	തിരുവനന്തപുരം
അസംബ്ലി മണ്ഡലം	—	കഴക്കൂട്ടം
പാർലമെന്റ് മണ്ഡലം	—	ചിറയിൻകീഴ്
പഞ്ചായത്ത് ആഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം	—	കണിയാപുരം
ഉൾപ്പെടുന്ന വില്ലേജ്	—	പള്ളിപ്പുറം—അണ്ടൂർക്കോണം (ഭാഗികം)

വിസ്തീർണ്ണം : സ്കയർ കിലോമീറർ 14.24

വാർഡുകൾ : 11

അതിരുകൾ : കിഴക്ക്—കഴക്കൂട്ടം വടക്ക്—മംഗലപുരം
പടിഞ്ഞാറ്—കഠിനംകുളം തെക്ക്—കഴക്കൂട്ടം

ജനസംഖ്യ : 26201

		പട്ടികജാതി	പട്ടിക വർഗ്ഗം
പുരുഷൻ	13783	പുരുഷൻ—2206	പുരുഷൻ—9
സ്ത്രീ	12418	സ്ത്രീ—2221	സ്ത്രീ—1

സാക്ഷരത : പുരുഷൻ—11417
സ്ത്രീ—9069

പ്രസിഡൻറ് : ശ്രീ. വെട്ടുറോഡ് വിജയൻ

വൈസ് ,, : എസ്. എ. വാഹിദ്

സെക്രട്ടറി : ശ്രീമതി. ചെറുപുഷ്പം

വാർഡുകൾ:—

1 വെള്ളൂർ 2 കീഴാവൂർ 3 അണ്ടൂർക്കോണം 4 പായ്ച്ചിറ 5 പള്ളിച്ചവീട്
6 കരിച്ചാറ 7 പള്ളിപ്പുറം 8 വലിയവീട് 9 തെക്കേവിള 10 ആലുംമൂട്
11 കണിയാപുരം ഠൗൺ.

വനിതാ സംവരണം — 3
പട്ടികജാതി വനിത — 1
പട്ടികജാതി സംവരണം — 1

മുഖ്യ തൊഴിലുകൾ

കൃഷി, ചെറുകിട വ്യവസായങ്ങൾ

ചരിത്രം

പള്ളിപ്പുറം വില്ലേജും അണ്ടൂർക്കോണം വില്ലേജിന്റെ ഒരു ഭാഗവും ചേർത്ത് രൂപീകരിക്കപ്പെട്ട അണ്ടൂർക്കോണം പഞ്ചായത്ത് സവിശേഷതകളും പലതും ഉൾക്കൊള്ളുന്ന ഒന്നാണ്. ഈ പ്രദേശത്തിന്റെ ഭൂപ്രകൃതി ആരെയും ആകർഷിക്കുന്നു. ചെറിയ കുന്നുകളും സമതല പ്രദേശങ്ങളും നെൽപാടങ്ങളും മണൽ പ്രദേശങ്ങളുമെല്ലാം ചേർന്ന് കേരളത്തിന്റെ ഒരു കൊച്ചു മാതൃകയായി ഈ പ്രദേശം പരിലസിക്കുന്നു. അനേകം കുളങ്ങളും തോടുകളും കായലോര പ്രദേശങ്ങളും നമുക്കുണ്ട്. ഈ പഞ്ചായത്തിന്റെ വടക്കുകിഴക്കേകോണിൽ 'ജലനിധി' യായി അഹങ്കരിച്ചു കഴിഞ്ഞിരുന്ന മുപ്പത്തിരണ്ട്. ഏക്കറോളം വിസ്തീർണ്ണമുണ്ടായിരുന്ന ആനതാഴ്ച്ചിറയും അതിന്റെ പരിസരത്തുണ്ടായിരുന്ന കാടുകളും നമ്മുടെ നിലക്കാത്ത സമ്പത്തിന് ഉറവിടങ്ങളായിരുന്നു. കുന്നുകാട്, കുറക്കോട്, വട്ടപ്പറങ്കിമാവ്, കിഴക്കേതോപ്പ്, പടിഞ്ഞാറേതോപ്പ്, കട്ടച്ചിറക്കോണം തുടങ്ങിയുള്ള പ്രദേശങ്ങളിൽ നിന്ന് ആണ്ട് തോറും ശേഖരിച്ചിരുന്ന പച്ചിലവളം പള്ളിപ്പുറം പാടശേഖരത്തിന്റെ ചൈതന്യം നിലനിർത്തി. ആനതാഴ്ചിറയിൽ നിന്ന് നെല്പ്പാടങ്ങളിലേയ്ക്ക് വെള്ളം ആവശ്യാനുസരണം എത്തിച്ചിരുന്ന വലിയ തോടുകളും, മഴയില്ലാത്ത കാലങ്ങളിൽ വറ്റിവരണ്ടുകിടക്കുന്ന കാഴ്ച ഇന്ന് കാണാം

ആനതാഴ്ചിറ—ആന താഴ്ന്നുപോയ ചിറ തന്നെയെന്ന് പ്രായമായവർ പറയുന്നു. കുളിക്കാൻ ചിറയിൽ ഇറങ്ങിയ ആന പാപ്പാനോടൊപ്പ താണുപോയി. പൊങ്ങിയത് കടലിലാണ് പോലും ! ഇക്കഥ അതിശയോക്തിയായി തോന്നാമെങ്കിലും, നിലക്കാത്ത ശക്തമായ ഊറ്റ് ആ ചിറയിൽ ഉണ്ടായിരുന്നുവെന്നും, അത് മുതൽ വേളി വരെ നീണ്ടു കിടക്കുന്ന തോടുകളും തെളിവ് നൽകുന്നു. ചുറ്റുമുള്ള കാടുകളും തെളിച്ചതോടുകൂടി മണ്ണൊലിപ്പുകാരണം ചിറനികരാൻ തുടങ്ങി. ഊറ്റ് നിശേഷം അടഞ്ഞുപായി.

നമ്മുടെ പഞ്ചായത്തിന്റെ തെക്ക് കിഴക്കേകോണിൽ ദ്വീപ് എന്ന് വിശേഷിപ്പിക്കാവുന്ന ഒരു കൊച്ചു ഗ്രാമം ഉണ്ട്—കുന്നിനകം ആരാലും ശ്രദ്ധിക്കപ്പെടാതെ കുറെ മനുഷ്യർ അവിടെ കഴിഞ്ഞിരുന്നു. കഴിയുന്നുണ്ട്. മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടായാൽ അവിടം ദ്വീപുതന്നെ. ആലുംമൂട്ടിൽ നിന്ന് അവിടേക്ക് ഒരു റോഡുവെട്ടിയിട്ടുണ്ട്. ബാലാരിഷ്ടത തരണം ചെയ്യാതെ അതങ്ങനെകിടക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങം വരെ 'മരുമക്കത്തായ' ക്രമമനുസരിച്ച് കഴിഞ്ഞിരുന്ന ചില കുടുംബങ്ങം ഉണ്ടായിരുന്നു. ഒരു കുടുംബത്തിൽതന്നെ അംഗങ്ങം എണ്ണത്തിൽ കൂടതലായിരുന്നു. കുടുംബനാഥനായ കാരണവർ കുടുംബാംഗങ്ങളെ ഒരു പോലെ സ്നേഹിച്ച് സംരക്ഷിച്ചിരുന്നുവെന്നു കരുതാൻ വയ്യ. സംരക്ഷണം കിട്ടാത്തപാവങ്ങം കുടുംബ വക പാടങ്ങളിലും പറമ്പുകളിലും മറ്റും കൃഷിപ്പണിക്കാരോടൊപ്പം എതിർവാക്കില്ലാതെ കഠിനമായി അദ്ധ്വാനിച്ചിരുന്നു. ദായക്രമം മാറിയതോടെ ആളോഹരി വീതം വന്നു. തുണ്ടു തുണ്ടാക്കപ്പെട്ട ഭൂമി പലരുടെയും കൈകളിലായി. കുടികിടപ്പവകാശം, ഒറ്റികാലാഹരണം, ഇറയലി വസ്തു കൈവശക്കാരന് എന്നീ വ്യവസ്ഥകം മിച്ച ഭൂമി വിതരണം ഇങ്ങനെ പല കാരണങ്ങളാൽ നമ്മുടെ പഞ്ചായത്തിലും കൃഷി ഭൂമി വിഭജിക്കപ്പെട്ടു

ഹിന്ദുക്കളും മുസ്ലീങ്ങളുമാണ് ഇവിടെ കൂടുതൽ;കൃസ്ത്യാനികളുടെ എണ്ണം കുറവായിരുന്നു. ഹിന്ദുക്കളിൽ അനേകം ജാതികം ! പാരമ്പര്യതൊഴിലനുസരിച്ച് നിലനിന്നു പോന്ന ജാതികം, ഉയർന്നവരും താണവരും. ഒരു ജാതിക്ക് മറെറാന്ന് ഉയർന്നതോ താണതോ ആയിരുന്നു. മുസ്ലീങ്ങളിലും ജാതിവ്യത്യാസം ഉണ്ടായിരിന്നു. എല്ലാ മത ജാതി വിഭാഗങ്ങളിൽ നിന്ന് കാലോചിതമായ മാറ്റം ഉൾക്കൊണ്ടവർ മനുഷ്യത്വത്തെ മാനിച്ചവർ ഉൽപ്പദിഷ്ണുക്കം ജാതിഭേദം അകറ്റുന്നതിനുള്ള പ്രവർത്തനങ്ങക്കായി രംഗത്തിറങ്ങി. തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും സാമൂഹ്യ ജീവിതത്തിൽ നിന്ന് വേരോടെ പിഴുതെടുത്ത് ദൂരെ കളയാൻ അയിത്തം, അനാചാരമാണെന്ന ധാരണയോടെ ഒരു ജാതി ഒരു മതമെന്ന സൂക്തവുമായി വാശിയോടെ ധീരതയോടെ സമര രംഗത്തെത്തിയ അവർ വിജയിക്കുക തന്നെചെയ്തു. അവശ സമുദായാംഗങ്ങളെ പൊതു വേദിയിലേയ്ക്കുയർത്താൻ, അവരുടെ അവകാശങ്ങളെക്കുറിച്ച് അവരിൽ ബോധം ഉണർത്താൻ കൂട്ടായ പ്രവർത്തനങ്ങംകൊണ്ട് സാധിച്ചു. അയിത്തോച്ചാടനം പൂർണ്ണമായെങ്കിലും സാമൂഹ്യ ജീവിതബന്ധങ്ങംക്ക് കുറച്ചെങ്കിലും തമ്മിലൊരു അകലം ഇന്നും നിലനില്ക്കുന്നതായി തോന്നുന്നു.

ഒരു നൂറ്റാണ്ടിനുമുമ്പു തന്നെ, നമ്മുടെ പഞ്ചായത്തിൽ ഒരു മലയാളം പള്ളിക്കൂടം

ആരംഭിച്ചിരുന്നു. ഈ പ്രദേശത്തുള്ളവരുടെ വിദ്യാഭ്യാസസാംസ്കാരിക പുരോഗതിയിൽ മുഖ്യമായ സ്ഥാനം അന്നത്തെ വിദ്യാലയത്തിനുണ്ടായിരുന്നു. ഭാഷാപണ്ഡിതന്മാരായ അന്നത്തെ അദ്ധ്യാപകരുടെ ക്ലാസുകളിലെ അനുഭവങ്ങൾ മങ്ങാതെ മനസിൽ സൂക്ഷിക്കുന്ന വൃദ്ധ ജനങ്ങൾ ഇന്നുമുണ്ട്. അന്നത്തെ അദ്ധ്യാപകർ സാംസ്കാരിക നായകന്മാർ കൂടിയായിരുന്നു. അരനൂറ്റാണ്ടിനുമുമ്പുതന്നെ മറ്റു പല വിദ്യാലയങ്ങളും ഈ പഞ്ചായത്തുപ്രദേശത്തുണ്ടായി നൂറുൽ ഇസ്ലാം ഗ്രന്ഥശാലയുടെസ്ഥാപനം ശ്രദ്ധാർഹമായ ഒന്നാണ്. തുടർന്ന് ഒന്നൊന്നായി പല വായനശാലകളും ഗ്രന്ഥശാലകളും രൂപം കൊണ്ടു. ഇന്നാട്ടിലുള്ളവരുടെ വിദ്യാഭ്യാസത്തിനും സാംസ്കാരിക പുരോഗതിക്കും, ഈ സ്ഥാപനങ്ങളും അവയുടെ പ്രവർത്തകരായി മുന്നിൽ നിന്നവരും ഒട്ടല്ല സഹായിച്ചിട്ടുള്ളത്.

കൃഷി, വ്യവസായ മേഖലകളിലെ തൊഴിലാളികളുടെ ജീവിതം ക്ലേശപൂർണ്ണം ആയിരുന്നു. ഉദയം മുതൽ അസ്തമയം വരെ കഠിനാദ്ധ്വാനം ചെയ്താലും ദാരിദ്ര്യ ദുഃഖം അനുഭവിക്കേണ്ട സ്ഥിതി. ജോലിഭാരം കുറയ്ക്കുന്നതിനും കൂലി കൂടുതൽ ലഭിക്കുന്നതിനും അവർക്ക് സംഘടിക്കേണ്ടതായി വന്നു. തൊഴിലാളികളെ സംഘടിപ്പിച്ച് അവരുടെ മാന്യമായ അവകാശങ്ങൾക്ക് വേണ്ടി സമരം ചെയ്യിക്കുന്നതിന് ത്യാഗികളായ പലരും രംഗത്തുണ്ടായിരുന്നു. അവരുടെ നേതൃത്വത്തിൽ നടന്ന, കർഷക തൊഴിലാളി കയർ തൊഴിലാളി സമരങ്ങൾ വിജയിപ്പിക്കുക തന്നെ ചെയ്തു: തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും തൊഴിൽ മാന്യത അംഗീകരിക്കുന്നതിനും സഹായിച്ച സമരങ്ങൾ നമുക്ക് മറക്കാൻ കഴിയുകയില്ല; സമര നായകൻമാരെയും.

ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കുകൊണ്ട ദേശാഭിമാനികൾ നമ്മുടെ പഞ്ചായത്തിലും ഉണ്ടായിരുന്നു. വിദ്യാർത്ഥികളായിരിക്കെ ആവേശപൂർവ്വം സമരരംഗത്തിറങ്ങിയ അവരുടെ പ്രവർത്തനം നമ്മെ അഭിമാനമുള്ളവരാക്കുന്നു. നിരോധാനാജ്ഞ നിലനിൽക്കേ സമരത്തിൽ പങ്കെടുത്തതിന് അവർക്ക് അറസ്റ്റു വരിക്കേണ്ടതായും ജയിൽ വാസം അനുഭവിക്കേണ്ടതായും വന്നിട്ടുണ്ട്. ഭാരതം സ്വതന്ത്രമായതിനുശേഷവും നാടിന്റെ നാനാമുഖമായ വികസന പ്രവർത്തനങ്ങളിൽ മുഴുകിക്കഴിഞ്ഞ അവരിൽ വിരലിലെണ്ണാവുന്ന ചിലരെ ഇന്നു ഇവിടെ ജീവിച്ചിരിപ്പുള്ളു.

വിദ്യാഭ്യാസം, കൃഷി, സംസ്കാരം സഹകരണം, അയിത്തോച്ചാടനം, തൊഴിലാളി, വർഗ്ഗക്ഷേമം തുടങ്ങിയ മേഖലകളിൽ നാളിതുവരെയുണ്ടായ നേട്ടങ്ങളുടെ പിന്നിൽ അതാതുരംഗത്ത് മുന്നിട്ടുനിന്ന് പ്രവർത്തിച്ച,ത്യാഗശീലരായ, ധീരരായ പലരും ഉണ്ടായിരുന്നുവെന്ന സത്യം നാം ഓർക്കണം. അവരുടെ കൂട്ടായ പരിശ്രമമാണ് നമ്മുടെ ദേശത്തിന്റെ മുഖഛായ തന്നെ മാറ്റിയെടുത്തത്. അവരിൽ ചിലർ നമ്മോടൊപ്പം ഉണ്ട്.

ത്യാഗശീലം—സ്വന്തം സുഖം ത്യജിച്ചുകൊണ്ട് അന്യരുടെ കഷ്ടപ്പാടുകൾ അകറ്റുന്നതിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ചുള്ള പ്രവർത്തന ശീലം വളർത്തിയെടുക്കുവാൻ അന്നുണ്ടായിരുന്ന യുവാക്കൾ തയ്യാറായിരുന്നു. തന്റേതായ നേട്ടം അവരിൽ ആരും ആഗ്രഹിച്ചിരുന്നില്ല. സമൂഹത്തിന്റെ നന്മയായിരുന്നു അവരുടെ മനസിൽ. നാടിന്റെ നാട്ടാരുടെ സർവ്വതോമുഖമായ അഭിവൃദ്ധിയിൽ ഉള്ള താൽപ്പര്യത്തോടെ, വീടിനെയും ബന്ധുജനങ്ങളെയും മറന്ന്, രാപകൽ സേവന നിരതരായി—കത്തുന്ന മെഴുകുതിരി പോലെ ജീവിച്ചവർ! അവരുടെ ജീവിതം ഉരുകിത്തീർന്നെങ്കിലും അവരിൽ നിന്നും കിട്ടിയ വെളിച്ചം ഇന്നും പല മേഖലകളിലും തെളിഞ്ഞു കാണാം. നിസ്വാർത്ഥരായ, സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക നേതാക്കൻമാർ നിലനിർത്തിയിരുന്ന ഉണർവും ഉത്സാഹവും രാഷ്ട്ര പുനർനിർമ്മാണഘട്ടത്തിൽ ഏറെ ഫലവത്തായിത്തീർന്നു. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകമായപ്പോഴേക്കും നാം കാണുന്നത് നമ്മുടെ പഞ്ചായത്തിന്റെ തിളക്കമാർന്ന രൂപപരിണാമമാണ് വളർച്ചയുടെ കാലഘട്ടം.

ഇത്രയൊക്കെ നേടാൻ കഴിഞ്ഞുവെങ്കിലും ഈ പഞ്ചായത്തിന്റെ സർവ്വതോമുഖമായ, സമഗ്രമായ വികസനത്തിന് എന്തോ ഒരു പോരായ്മ കടന്നുകൂടിയതായി തോന്നുന്നു. സ്വാർത്ഥത നിശേഷം വെടിഞ്ഞ്, ഭാവിതലമുറയെ ഓർത്തുകൊണ്ട്, സമൃദ്ധിയുടെ നല്ല നാളെയെ സ്വപ്നം കണ്ടുകൊണ്ട് ജാതി, മത, വർണ്ണ, വർഗ്ഗഭേദമെന്യേ ഒറ്റ ശക്തിയായി ഒറ്റമതത്തോടെ, പ്രവർത്തന മേഖലകളിലേക്ക്, നമ്മുടെ പൂർവ്വികരിൽ നിന്നുകിട്ടിയ സേവന സംസ്കാരവുമായി നമുക്ക് കടന്നുചെല്ലാം. തടസങ്ങൾ ഒത്തൊരുമയിലൂടെ തരണം ചെയ്യാം.

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്, കണിയാപുരം

പൊതുവിവരണം

വിസ്തൃതി	14.24 ച: കിലോ മീറ്റർ
വില്ലേജ്	പള്ളിപ്പുറം പൂർണ്ണമായി അണ്ടൂർക്കോണം—ഭാഗികമായി
പഞ്ചായത്ത് രൂപീകരണം	1953—ൽ
ജനസംഖ്യ	26201 { പുരുഷൻമാർ 13783, സ്ത്രീകൾ 12418 } (1991—ലെ സെൻസസ് അനുസരിച്ച്)
പട്ടിക ജാതിയിൽ പെട്ടവർ	4427 { പുരുഷൻമാർ 2206, സ്ത്രീകൾ 2221 }
പട്ടിക വർഗ്ഗം	10 (പുരുഷൻമാർ 9 സ്ത്രീകൾ 1)
വാർഡുകളുടെ എണ്ണം	പതിനൊന്ന്
പഞ്ചായത്തുറോഡുകളുടെ നീളം	73 കിലോ മീറ്റർ
വഴിവിളക്കുകളുടെ എണ്ണം	552
പൊതുശ്മശാനം	ഒന്ന്
ആയുർവേദ ആശുപത്രി	ഒന്ന്
ഹോമിയോ ആശുപത്രി	ഒന്ന്
പബ്ലിക് ഹെൽത്ത് സെൻറർ	ഒന്ന്
സാംസ്ക്കാരിക നിലയം	ഒന്ന്
ശിശുമന്ദിരം	ഒന്ന്
വിദ്യാലയങ്ങൾ — എയിഡഡ് ഹൈസ്ക്കൂൾ	രണ്ട്
ഗവ: U. P. സ്ക്കൂൾ	ഒന്ന്
ഗവ: L. P. സ്ക്കൂൾ	അഞ്ച്
പബ്ലിക് മാർക്കറ്റ്	രണ്ട്
പ്രൈവറ്റ് മാർക്കറ്റ്	ഒന്ന്
നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം	965 ഏക്കർ
തോടുകളുടെ നീളം	
നാഷണൽ ഹൈവേ	3.9 കിലോ മീറ്റർ
റെയിൽവേയുടെ നീളം	3.9 കിലോ മീറ്റർ
ടെലഗ്രാഫ് ഓഫീസ്	രണ്ട്
ടെലിഫോൺ എക്സ്ചേഞ്ച്	ഒന്ന്
മൃഗസംരക്ഷണ ഓഫീസ്	മൂന്ന്
പബ്ലിക് ലൈബ്രറികൾ	നാല്
പൊതുകിണറുകൾ	38
ദേവസ്വം ബോർഡിൻറെ കീഴിലുള്ള ക്ഷേത്രങ്ങൾ	മൂന്ന്
മറ്റുള്ള ക്ഷേത്രങ്ങൾ	പതിനഞ്ച്
പള്ളികൾ	എട്ട്
ക്രിസ്തീയ ദേവാലയങ്ങൾ	രണ്ട്
KSRTC ഡിപ്പോ	ഒന്ന് (ആലുംമൂട്)
മിനി സിവിൽ സ്റ്റേഷൻ	ഒന്ന് (കണിയാപുരം)
ഓലമേഞ്ഞ കെട്ടിടങ്ങൾ	3187
ടെറസ്/ഓട്	4772
കക്കൂസ്ഇല്ലാത്ത വീടുകൾ	1100
അംബേദ്കർ ഗ്രാമം	അപ്പോളോ, കരിച്ചാറ

അണ്ടൂർക്കോണം പഞ്ചായത്തുഭരണസമിതികൾ

1953–ൽ അണ്ടൂർക്കോണം പഞ്ചായത്തു രൂപീകരിക്കപ്പെട്ടു. ഈ പഞ്ചായത്തിന്റെ കീഴക്കേ അറ്റത്തുള്ള ഒരു വാർഡാണ് അണ്ടൂർക്കോണം. ആ വാർഡിന്റെ പേര് പഞ്ചായത്തിന്റെ പേരായത് എങ്ങനെയെന്ന് പലർക്കും സംശയം കാണും. അതിനെ കുറിച്ച് പറഞ്ഞുകേൾക്കുന്നതിങ്ങനെയാണ്. പഞ്ചായത്തു രൂപീകരണ വേളയിൽ പേരിടുന്ന കാര്യത്തിൽ ഒരു തർക്കമുണ്ടായി. പേര് അണ്ടൂർക്കോണം എന്നാകണമെന്ന് ഒരു വിഭാഗം അഭിപ്രായപ്പെട്ടു. കണിയാപുരം എന്നാകണമെന്ന് മറ്റൊരു വിഭാഗവും. ഇരു കൂട്ടരും ധാരണയിൽ എത്തി. പഞ്ചായത്തിന്റെ പേര് അണ്ടൂർക്കോണം, അതിന്റെ ആ സ്ഥാനം കണിയാപുരവും.

ഒന്നാമത്തെ ഭരണസമിതി 1954 ഏപ്രിൽ 5–ാം തീയതി അധികാരമേറ്റു. ഏഴ് അംഗങ്ങളായിരുന്നു ഭരണ സമിതിയിൽ.

ഒന്നാം ഭരണസമിതി

1	ശ്രീ. എം കുഞ്ഞുകൃഷ്ണപിള്ള	–	വെള്ളൂർ വാർഡ്.
2	,, പി. അബ്ദുൽ ഖാദർ വൈദ്യർ	–	വലിയവീട് പടിഞ്ഞാറ്.
3	,, എ. അലികുഞ്ഞ്	–	അണ്ടൂർക്കോണം.
4	,, ജനാർദ്ദനൻ പിള്ള	–	പള്ളിച്ചവീട്.
5	,, ഡോക്ടർ സി. ഇബ്രാഹിംകുഞ്ഞ്	–	വലിയവീട് കിഴക്ക്.
6	,, ഡോക്ടർ എം. എ. റഹിം	–	തെക്കേവിള (ജനറൽ)
7	,, മാധവൻ	–	തെക്കേവിള (റിസ:)

അണ്ടൂർക്കോണം പഞ്ചായത്തിന്റെ ഒന്നാമത്തെ പ്രസിഡന്റ് ശ്രീ. എം. കുഞ്ഞുകൃഷ്ണപിള്ളയും വൈസ് പ്രസിഡന്റ് ശ്രീ. പി. അബ്ദുൽ ഖാദർ വൈദ്യരുമായിരുന്നു.

ഒന്നാമത്തെ ഭരണസമിതി 31–12–1962–ൽ ഭരണം ഒഴിഞ്ഞു. 1963 ജനുവരി മാസം ഒന്നാം തീയതി മുതൽ 15–12–'63 വരെ അഡ്മിനിസ്ട്രേറ്റർ ഭരണമായിരുന്നു.

രണ്ടാമത്തെ ഭരണസമിതി 16–12–'63–ൽ അധികാരമേറ്റു.

രണ്ടാം ഭരണസമിതി

1	ശ്രീ. വി, എം. അസനാരുപിള്ള	–	വലിയവീട് കിഴക്ക്
2	,, കൃഷ്ണൻ ആശാരി	–	വെള്ളൂർ.
3	,, കുഞ്ഞുകൃഷ്ണപിള്ള	–	അണ്ടൂർക്കോണം.
4	,, കല്ലമ്പള്ളി പകീരുമൈതീൻ	–	പള്ളിച്ചവീട്.
5	,, വാടയിൽ മുഹമ്മദുകാസിം	–	വലിയവീട് പടിഞ്ഞാറ്.
6	,, ശങ്കരൻ	–	തെക്കേവിള (റിസ:)
7	,, അബ്ദുൽ കരീം	–	തെക്കേവിള.
8	ശ്രീമതി. ചെല്ലമ്മ	–	നോമിനേറ്റഡ് മെമ്പർ.

രണ്ടാം ഭരണസമിതിയിൽ എട്ട് അംഗങ്ങൾ ഉണ്ടായിരുന്നു. പ്രസിഡന്റ് ശ്രീ. വി. എം. അസനാരുപിള്ളയും വൈസ് പ്രസിഡന്റ് ശ്രീ. കൃഷ്ണൻ ആശാരിയുമായിരുന്നു. 15 വർഷം 7 മാസം 29 ദിവസം ഭരിച്ച ആ ഭരണസമിതി കാല ദൈർഘ്യത്തിൽ ഒന്നാം സ്ഥാനത്താണ്. 1979 ഓഗസ്റ്റു മാസം 13–ാം തീയതി ഭരണം ഒഴിഞ്ഞു. 14–8–79 മുതൽ 2–9–79 വരെ അഡ്മിനിസ്ട്രേറ്റർ ഭരണം. മൂന്നാം ഭരണസമിതി 1979 സെപ്റ്റംബർ മാസം 3–ാം തീയതി അധികാരമേറ്റു.

മൂന്നാം ഭരണ സമിതി

1	ശ്രീ.	ജി. വേലയുധൻ നായർ	— അണ്ടൂർക്കോണം.
2	,,	എം. അസനാരുപിള്ള ആശാൻ	— പള്ളിപ്പുറം.
3	,,	എ. നൂഹുക്കണ്ണ്	— വെള്ളൂർ.
4	,,	എ. പകീരുമൈതീൻ	— പായ്ച്ചിറ.
5	,,	എം. ബാലകൃഷ്ണപിള്ള	— പള്ളിച്ചവീട്.
6	,,	എ. കൊച്ചുചെറുക്കൻ	— കരിച്ചാറ (റിസ:)
7	,,	എം. ഹക്കിം ജി സാഹിബ് Ex: (M. L. A.)	— വലിയവീട്.
8	,,	എ. എം. ഇബ്രാഹിംകുഞ്ഞ്	— ആലുംമൂട്.
9	ശ്രീമതി.	നബീസാബീഗം	— തെക്കേവിള.

പ്രസിഡൻറ് ശ്രീ. ജി. വേലായുധൻ നായരും വൈസ് പ്രസിഡൻറ് ശ്രീ. എം. അസനാരുപിള്ള ആശാനുമായിരുന്നു. 1984 ഒക്ടോബർ 19–ാം തീയതി വരെയായിരുന്നു. മൂന്നാം ഭരണ സമിതിയുടെ കാലം. തുടർന്ന് 20–10–'84 മുതൽ 5–2–'88 വരെ അഡ്മിനിസ്ട്രേറർ ഭരണമായിരുന്നു. 1988 ഫെബ്രുവരി മാസം 6–ാം തീയതി ഭരണമേററ നാലാം ഭരണ സമിതിയിൽ പത്തുപേരായിരുന്നു അംഗങ്ങൾ.

നാലാം ഭരണ സമിതി

1	ശ്രീ.	എൻ. എ. വാഹിദ്	വെള്ളൂർ.
2	,,	കെ. മോഹനകുമാരൻ നായർ	— കീഴാവൂർ.
3	,,	ജി. രാമചന്ദ്രൻ നായർ	— അണ്ടൂർക്കോണം.
4	ശ്രീമതി.	ബി. ഇന്ദിര അമ്മ	— പായ്ച്ചിറ.
5	ശ്രീ.	എ. അബൂബേക്കർക്കുഞ്ഞ്	— പള്ളിച്ചവീട്.
6	ശ്രീ.	എം. എ. വാഹിദ്	— പള്ളിപ്പുറം.
7	,,	കെ. ബാലകൃഷ്ണൻ	— കരിച്ചാറ.
8	,,	എ. പകീരുമൈതീൻ	— വലിയവീട് കിഴക്ക്.
9	ശ്രീമതി.	ബീഗം നബീസ	— തെക്കേവിള.
10	ശ്രീ.	ജി. വേലായുധൻനായർ	— ആലുംമൂട്.

പ്രസിഡൻറ് ശ്രീ. എം. എ. വാഹീദും വൈസ് പ്രസിഡൻറ് ശ്രീ. ജി. രാമചന്ദ്രൻനായരും ആയിരുന്നു. 1995 ഓഗസ്റ്റുമാസം 18–ാം തീയതി നാലാം ഭരണസമിതി അധികാരം ഒഴിഞ്ഞു. 19–8–'95 മുതൽ 3–10–95 വരെ അഡ്മിനിസ്ട്രേറർ ഭരണമായിരുന്നു. 4–10–'95–ൽ 5–ാം ഭരണസമിതി അധികാരമേററു

അഞ്ചാംഭരണസമിതി

1	ശ്രീമതി.	റി. വിമല	— വെള്ളൂർ
2	ശ്രീ.	കെ. മധുസൂദനൻ നായർ	— കീഴാവൂർ
3	,,	എസ്. എ. വാഹിദ്	— അണ്ടൂർക്കോണം.
4	,,	എം. ജലീൽ	— പായ്ച്ചിറ.
5	,,	എം. കൃഷ്ണൻകുട്ടി (ബിനാൻസ്)	— പള്ളിച്ചവീട്.
6	ശ്രീമതി.	ജെ. സലീല	— കരിച്ചാറ
7	ശ്രീ.	ബി. മുരളീധരൻ നായർ	— പള്ളിപ്പുറം.
8	ശ്രീമതി.	ജെ. റഹുമാബീവി	— വലിയവീട്.
9	,,	പി. ഇന്ദിര	— തെക്കേവിള.
10	ശ്രീ.	വെട്ടുറോഡ് വിജയൻ	— ആലുംമൂട്.
11	അഡ്വ:	എം. അൽത്താഫ്	— കണിയാപുരം ടൗൺ.

പ്രസിഡൻറ് ശ്രീ. എം. ജലീലും വൈസ് പ്രസിഡൻറ് ശ്രീ. എസ്. എ. വാഹീദുമായിരുന്നു. 25–5–'96–ൽ അവിശ്വാസ പ്രമേയത്തിലൂടെ ശ്രീ. എം. ജലീലിന് പ്രസിഡൻറ് സ്ഥാനം നഷ്ടപ്പെട്ടു. തുടർന്ന് 7–7–'96 വരെ വൈസ് പ്രസിഡൻറ് ശ്രീ. എസ്. എ. വാഹീദായിരുന്നു പ്രസിഡൻറിൻെറ ചാർജ്ജ്. 8–7–'96–ൽ ശ്രീ. വെട്ടുറോഡ് വിജയൻ പ്രസിഡൻറായി അധികാരമേററു.

റിപ്പോർട്ട് തയ്യാറാക്കിയവർ

1 എം. ജി. ശിവരാമൻ നായർ
2 ഉണ്ണികൃഷ്ണൻ നായർ
3 എം. ജി. ഉണ്ണികൃഷ്ണൻ നായർ
4 എം. കെ. അഹമ്മദ്
5 അബ്ദുൽ സലാം
6 രാമചന്ദ്രൻ നായർ
7 മുഹമ്മദലി
8 സുകുമാര പണിക്കർ
9 ആർ. സുന്ദരൻ
10 എ. എം. ഇബ്രാഹിം
11 ബാലകൃഷ്ണൻ നായർ
12 സുഗതൻ
13 പങ്കജാക്ഷി അമ്മ
14 അബ്ദുൽ വാഹിദ്
15 അൽത്താഫ്
16 അഷറഫ്
17 മുകുന്ദൻ
18 എം. എ. കബീർ
19 സുരേഷ് കുമാർ
20 ജയചന്ദ്രൻ
21 വൽസല കുമാരി
22 അംബിക കുമാരി
23 അണ്ടൂർക്കോണം പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ

ഗതാഗതം

ആമുഖം

കണിയാപുരം റെയിൽവേ സ്റ്റേഷനും, കണിയാപുരം ബസ് ഡിപ്പോയും ഉൾപ്പെടുന്ന അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് വളരെയേറെ വികസന പ്രാധാന്യം അർഹിക്കുന്ന ഒരു പഞ്ചായത്താണ്.

ഈ പഞ്ചായത്തിന്റെ പതിനൊന്ന് (11) വാർഡുകളെ ബന്ധിപ്പിച്ചു കൊണ്ട് വെട്ടുറോഡ് മുതൽ കുറക്കോട് വരെ ഏകദേശം 4 (നാല്) കിലോ മീറ്ററോളം ദേശീയ പാതയും ഏകദേശം 18 കിലോ മീറ്ററോളം (പല ഭാഗങ്ങളിലായി) പി. ഡബ്ലിയു. ഡി. റോഡും നൂറ്റി നാൽപത്തി അഞ്ചോളം (145) പഞ്ചായത്ത് റോഡുകളും നിലവിലുണ്ട്. ഇതിൽ അൻപത് ശതമാനത്തോളം (50%) റോഡുകളും ഗതാഗത യോഗ്യമായതും മറ്റ് റോഡുകളും ഗതാഗത യോഗ്യമല്ലാത്ത അവസ്ഥയിലുമാണ്.

റോഡുകൾ, ഓടകൾ എന്നിവയുടെ നിലവിലുള്ള സ്ഥിതി

(I) ദേശീയ പാത :–

ഈ പഞ്ചായത്തിൽ വെട്ടുറോഡ് മുതൽ കുറക്കോട് ജംഗ്ഷൻ വരെ ഏകദേശം നാല് കിലോ മീറ്ററോളം ദേശീയ പാതയാണ്. ഇതിന്റെ ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണ്. കാരണം റോഡ് റബ്ബറൈസിഡ് ടാർ ചെയ്തിരിക്കുന്നതിനാൽ നിത്യേന വാഹന അപകടം ഉണ്ടാകുന്ന ഒരു പ്രദേശമായി മാറിയിരിക്കുകയാണിവിടെ. ഉദാഹരണമായി കേരളത്തിലെ മുൻ മുഖ്യമന്ത്രിയായിരുന്ന ശ്രീ. കെ. കരുണാകരൻ, പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദൻ എന്നിവർ ഈ ഭാഗത്തുവച്ച് വാഹന അപകടങ്ങളിൽപെട്ടിട്ടുള്ളവരാണ്. ഈ പ്രദേശത്ത് ഈ അടുത്ത സമയത്തായി ഉണ്ടായ വാഹനഅപകടത്തിൽപ്പെട്ട് നാല് (4) പേർ കൊല്ലപ്പെട്ട സംഭവം കേരളത്തെ ഞെട്ടിച്ച ഒരു വാർത്തയായിരുന്നു ഈ പ്രദേശത്ത് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ വാഹന അപകടത്തിൽപ്പെട്ട് മരിച്ചവരുടെ എണ്ണം നൂറിൽ (100) അധികമാണ് ഇന്നത്തെ ഈ അപകടാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി റബ്ബറൈസിഡ് ടാർ മാറ്റി സാദാ ടാർ ഇടുകയും, ഈ പ്രദേശത്ത് മുൻകാലങ്ങളിൽ സ്ഥാപിച്ചിരുന്നതുപോലെ അപകട സൂചനകളും നൽകുന്ന ബോർഡുകളുംസ്ഥാപിക്കുകയും അവിടെ ട്രാഫിക് പോലീസുകാരെ നിയമിച്ച് വാഹന അപകടം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങളും (ഉദാ: അമിത വേഗത, ഓവർ ടേക്കിംഗ് തുടങ്ങിയ) ഡ്രൈവർമാർക്കും കൊടുക്കുകയും വേണം.

(II) പി. ഡബ്ലിയു. ഡി (PWD) റോഡുകൾ:

ഈ പഞ്ചായത്തിന്റെ കൈയിൽ നിന്നും പി. ഡബ്ലിയു. ഡി ക്ക് 9.465 കി. മീ. റോഡ് കൈമാറിയിട്ടുണ്ട്. കൂടാതെ ഈ പഞ്ചായത്ത് പരിധിക്കുള്ളിൽ ഏകദേശം 18 കി. മീറ്ററോളം പി. ഡബ്ലിയു. ഡി. റോഡുകൾ ഉണ്ട്. കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്താത്തതിനാൽ ഈ റോഡുകൾ ഒട്ടും ഗതാഗത യോഗ്യമല്ലാത്ത അവസ്ഥയിലാണിന്ന്. P W D റോഡുകളുടെ ഇരുവശവും ഓടകൾ നിർമ്മിച്ചിട്ടില്ല. ചില ഭാഗങ്ങളിൽ നിർമ്മിച്ചിരിക്കുന്ന ഓടകളിൽ നിന്നും വെള്ളം സുഗമമായി ഒഴുകി പോകാത്ത അവസ്ഥയിലാണ്. ഉദാഹരണമായി ആലും മൂട് ജംഗ്ഷൻ മുതൽ കണിയാപുരം റെയിൽവേ ഗേറ്റ് വരെയുള്ള റോഡ്. ഈ പ്രദേശങ്ങളിൽ മഴക്കാലത്ത് വെള്ളം കെട്ടി കിടന്ന് വാഹന ഗതാഗതത്തിനും, കാൽനടക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു. മാത്രമല്ല, ഓടകളിൽ വെള്ളം കെട്ടി കിടക്കുന്നതിനാൽ ഈ ഓടകളിൽ നിന്നും മാരാരോഗങ്ങളും പരത്തുന്ന കൊതുകും മറ്റ് പ്രാണികളും വ്യാപകമായി ഈ പ്രദേശങ്ങളിൽ വർദ്ധിക്കാൻ ഇടവരുത്തുന്നു.

(III) പഞ്ചായത്ത് റോഡുകളും ഓടകളും:–

ഈ പഞ്ചായത്തിൽ നൂറ്റിനാൽപ്പതോളം (140) റോഡുകൾ ഉണ്ട് അതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ഒന്ന്	ഗ്രാവൽ	69.495 km
രണ്ട്	മെറ്റൽ	4.530 km
മൂന്ന്	ടാർ	9.915 km
നാല്	ടാർ + മെറ്റൽ	2.650 km
അഞ്ച്	ടാർ + ഗ്രാവൽ	0.950 km
ആറ്	മെറ്റൽ + ഗ്രാവൽ	0.550 km
ഏഴ്	ഗ്രാവൽ + കോൺക്രീറ്റ്	1.100 km
	PWDക്ക് കൈമാറിയ റോഡ് ഉൾപ്പടെ പഞ്ചായത്തിലെ ആകെ റോഡുകളുടെ എണ്ണം, നീളം	എണ്ണം 145 നീളം 81.190 km

പഞ്ചായത്ത് റോഡുകൾ ടാറിംങ് ചെയ്യുന്നതിന് മുന്നോടിയായി മണ്ണടിച്ച് ഇടുകയും, മെറ്റൽ നിരത്തുകയും ചെയ്തിരിക്കുന്ന റോഡുകൾ വാഹന ഗതാഗതത്തിനും കാൽ നടയാത്രക്കാർക്കും വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഇതിനുകാരണം നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന കാലതാമസമാണ്. മാത്രമല്ല ഇത്തരം റോഡുകളുടെ ഇരുവശവും ഓടകൾ ഇല്ലാത്തതിനാൽ മഴക്കാലങ്ങളിൽ റോഡുകളിൽ കൂടിയുള്ള യാത്ര ഒരു നരകയാതനതന്നെയാണ്. ഈ പഞ്ചായത്തിലെ 95% റോഡുകളിലും ഓടകൾ ഇല്ലാ എന്നുള്ളത് എടുത്തുപറയേണ്ട ഒരു ദയനീയ അവസ്ഥയാണ്.

റെയിൽവേയുടെ ഇന്നത്തെ അവസ്ഥ.

കണിയാപുരം റെയിൽവേ സ്റ്റേഷൻ നിലവിൽ വന്നിട്ട് ഏകദേശം അൻപതി (50)ൽ അധികം വർഷമായി ഇതര റെയിൽവേ സ്റ്റേഷനുകളെ അപേക്ഷിച്ച് ദേശീയ പാതയുമായി വളരെ അടുത്തുകിടക്കുന്ന ഒരു റെയിൽവേ സ്റ്റേഷനാണിത്. ദേശീയപാതയിൽ നിന്നും ഏകദേശം ഒരു പത്ത് വാരം നടന്നാൽ കണിയാപുരം റെയിൽവേ സ്റ്റേഷനിലെത്താം. ഏകദേശം നാല് (4) കി. മീറ്ററോളം ദൂരത്തിൽ ഈ പഞ്ചായത്തിൽ കൂടി റെയിൽ പാത കടന്നുപോകുന്നു. ഈ പഞ്ചായത്തിന്റെ മൂന്ന് ഭാഗങ്ങളിൽ ലെവൽ ക്രോസുകൾ സ്ഥാപിച്ചിട്ടുണ്ട്. വെട്ടുറോഡ്, കണിയാപുരം മൈതാനി എന്നിവിടങ്ങളിലാണ് ലെവൽ ക്രോസുകൾ സ്ഥാപിച്ചിട്ടുള്ളത്.

കണിയാപുരം റെയിൽവേ സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന യാത്രാ സൗകര്യം വളരെ പരിമിതമാണ്. അണ്ടൂർക്കോണം പഞ്ചായത്തിന് പുറമേ, സമീപ പഞ്ചായത്തുകളായ പോത്തൻകോട്, കഠിനംകുളം, മംഗലപുരം എന്നീ പഞ്ചായത്തുകളിലെ ഭൂരിഭാഗം ജനങ്ങൾക്കും തിരുവനന്തപുരം, കൊല്ലം ഭാഗത്തേക്ക് പോകുന്നതിനുവേണ്ടിയുള്ള ഏക ആശ്രയം കണിയാപുരം റെയിൽവേ സ്റ്റേഷനാണ്. എന്നാൽ ഇവിടെ ഷട്ടിൽ ട്രെയിനുകൾക്ക് മാത്രമേ സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളൂ. മറ്റ് എക്സ്പ്രസ് ട്രെയിനുകൾക്ക് കൂടി കണിയാപുരത്ത് സ്റ്റോപ്പ് അനുവദിക്കുകയാണെങ്കിൽ ഒരു പരിധിവരെ യാത്രാ ക്ലേശം പരിഹരിക്കാവുന്നതാണ്.

ആലും മൂട് ജംഗ്ഷനിൽ നിന്നും കണിയാപുരം റെയിൽവേ ലൈൻ ക്രോസ് ചെയ്ത് പെരുമാതുറക്ക് പോകുന്ന റോഡ് വളരെ ഇടുങ്ങിയതാണ്. റെയിൽവേ ഗേറ്റ് അടുക്കുന്ന അവസരങ്ങളിൽ ഗേറ്റിനു ഇരുവശവും വാഹനങ്ങൾ നീണ്ടനിരസൃഷ്ടിക്കുന്നു. അതിനാൽ ഈ ഭാഗത്ത് മണിക്കൂറുകളോളം ഗതാഗത കുരുക്ക് നേരിടുന്നു. ഇത് ഒഴിവാക്കുന്നതിനായി ഇന്നത്തെ റെയിൽവേ ഗേറ്റ് സ്ഥിതി ചെയ്യുന്നിടത്തായി ഒരു ഓവർ ബ്രിഡ്ജ് സ്ഥാപിച്ചാൽ കുറച്ചെങ്കിലും ഗതാഗത കുരുക്ക് ഒഴിവാക്കാവുന്നതാണ്.

ബസ് സ്റ്റാൻറ്

കേരളത്തിന്റെ ചരിത്രത്തിലാദ്യമായി പൂർണ്ണമായും ജനകീയ പങ്കാളിത്തത്തോടെ ഏതാണ്ട് ഒരു വർഷം മുമ്പ് സ്ഥാപിച്ചിട്ടുള്ള ഒരു ബസ് ഡിപ്പോയാണ് കണിയാപുരം ബസ് ഡിപ്പോ. ആരംഭത്തിൽ നാൽപ്പത്തിയെട്ട് (48) ഷെഡ്യൂൾഡുകൾ ഈ ബസ് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റുചെയ്യുമെന്ന് അന്നത്തെ വകുപ്പ്മന്ത്രി ഉത്തരവിറക്കിയിരുന്നുവെങ്കിലും ഇതുവരെയും ഒരുഷെഡ്യൂൾഡുപോലും ഈ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിട്ടില്ല. ഇപ്പോൾ സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ് എന്നിവ ഇവിടെ നിർത്തുന്നതിനായി ഗവൺമെൻറ് വിജ്ഞാപനം പുറപ്പെടുവിച്ചുവെങ്കിലും എക്സ്പ്രസ്സോ, സൂപ്പർ ഫാസ്റ്റോ പോയിട്ട് സാധാരണ ഫാസ്റ്റ് ബസുകൾ പോലും ഇവിടെ നിർത്താറില്ല. മറ്റ് ലോക്കൽ സർവ്വീസ് നടത്തുന്ന ബസുകൾ ഈ ഡിപ്പോയുടെ സമീപത്തായി നിർത്തുന്നുവെങ്കിലും ഈ ഡിപ്പോയിലേക്ക് പ്രവേശിക്കാറില്ല. ഈ ഡിപ്പോ ഗവൺമെൻറ് ഏറ്റെടുത്തുകഴിഞ്ഞുവെങ്കിൽ പോലും ഇതുവരെയും ഇതിനകത്തുള്ള റോഡുകൾ ടാറിംഗ് നടത്തിയിട്ടില്ല ഇക്കാരണത്താൽ മഴക്കാലത്ത് ഇവിടെ വെള്ളം കെട്ടിനിന്ന് ഒരു തടാകത്തിന്റെ പ്രതീതി ജനിപ്പിക്കുന്നു. കഠിനംകുളം, ചാന്നാങ്കര, പെരുമാതുറ, അണ്ടൂർക്കോണം, കീഴാവൂർ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും എത്തുന്ന സർക്കാർ ഉദ്യോഗസ്ഥർക്കും, വിദ്യാർത്ഥികൾക്കും മറ്റ് തൊഴിലാളികൾക്കും ഏക ആശ്രയമായ ഈ ഡിപ്പോയുടെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണ്.

ആട്ടോറിക്ഷാ സ്റ്റാൻറ്

ഇന്ന് സാധാരണക്കാർ ഹ്രസ്വദൂര യാത്രയ്ക്ക് ആശ്രയിക്കുന്നത് ആട്ടോറിക്ഷകളെയാണ്. ഈ പഞ്ചായത്തിൽ നൂറോളം പേർ ഈ

മേഖലയുമായി ബന്ധപ്പെട്ട് കഴിയുന്നു. ഈ പഞ്ചായത്തിലെ പ്രധാന ആട്ടോറിക്ഷാ സ്റ്റാന്റ് ആലുംമൂടാണ്. കൂടാതെ കൊയ്ത്തൂർക്കോണം, പള്ളിപ്പുറം, സി. ആർ. പി., ക്യാമ്പ് ജംഗ്ഷൻ, വെട്ടുറോഡ് എന്നിവിടങ്ങളിലും ആട്ടോറിക്ഷ സ്റ്റാന്റുകളും ഉണ്ട്.

ടാക്സി സ്റ്റാന്റ്

ഈ പഞ്ചായത്തിലെ പ്രധാന ടാക്സി സ്റ്റാന്റുകളിൽ ഒന്നാണ് ആലുംമൂട് സ്റ്റാന്റ് കൂടാതെ കൊയ്ത്തൂർക്കോണം, അണ്ടൂർക്കോണം, മോഹനപുരം, പള്ളിപ്പുറം, സി. ആർ. പി. ക്യാമ്പ് ജംഗ്ഷൻ, കരിച്ചാറ, കണിയാപുരം, വെട്ടുറോഡ് എന്നിവിടങ്ങളിലും ടാക്സി സ്റ്റാന്റുകളും ഉണ്ട്.

ബോട്ട് ജെട്ടി

കരിച്ചാറക്കടവ്, പുത്തൻക്കടവ് എന്നീ സ്ഥലങ്ങളിൽ നിന്ന് കഠിനംകുളത്തേയ്ക്ക് പോകുവാൻ കായൽ മുറിച്ചു കടക്കുന്നതിലേക്കായി പ്രൈവറ്റ് വള്ളങ്ങളെയാണ് ഇന്ന് ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ സർക്കാർ വക ബോട്ട് ജെട്ടി സ്ഥാപിക്കണം.

ഈ പഞ്ചായത്തിനകത്തുള്ള മിക്ക വാഹനങ്ങളും (ആട്ടോ–ടാക്സി) അതുമായി ബന്ധപ്പെട്ട സ്റ്റാന്റുകളും ഉപയോഗപ്പെടുത്തുന്നു.

ചുരുക്കത്തിൽ ഈ പഞ്ചായത്തിൽ പൊതുവായ ഗതാഗത പ്രശ്നങ്ങളും താഴെ പറയുന്നവയാണ്.

1 ചില വാർഡുകളിൽ വേണ്ടത്ര റോഡുകളും ഇല്ല.

2 നിലവിലുള്ള റോഡുകളുടെ നിലവാരം മോശമാണ്.

3 പഞ്ചായത്തിലെ ഒരു റോഡുകൾക്കും ഓടകളില്ല.

4 നിലവിലുള്ള റോഡുകൾക്ക് പൊതുവെ വീതി കുറവാണ്.

5 റോഡുകൾ ആദ്യഘട്ടത്തിൽ ടാർ ചെയ്തുകഴിഞ്ഞാൽ പിന്നെ ഒരിക്കൽ പോലും അറ്റകുറ്റ പണി നടത്താറില്ല.

വികസന നിർദ്ദേശങ്ങൾ

പൊതുസ്വഭാവം ഉള്ള നിർദ്ദേശങ്ങൾ

1 കാരമൂട്ടിൽ നിന്നും തുടങ്ങി വെള്ളൂർ മുസ്ലീം ജമാ അത്തിന്റെ മുൻവശത്തുകൂടി പ്പാവറ തിരുവെള്ളൂർ വഴി അണ്ടൂർക്കോണത്ത് അവസാനിക്കുന്ന എം. എൽ. എ. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാക്കുക.

2 കൊയ്ത്തൂർക്കോണത്ത് നിന്നും ആരംഭിച്ച് കിളിത്തട്ട് വഴി കമ്പറ അവസാനിക്കുന്നറോഡ് കാരമൂട്ടിൽ നിന്നും വരുന്ന എം. എൽ .എ. റോഡുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

3 സി. ആർ. പി. വാട്ടർ ടാങ്ക് മുതൽ ഉള്ള തടം ആനതാഴ്ചിറ വഴി എം. എൽ. എ. റോഡുമായി ബന്ധിപ്പിക്കുക.

4 പോത്തൻകോട് പഞ്ചായത്തിലെ മണ്ണറ വാർഡിനെയും അണ്ടൂർക്കോണം പഞ്ചായത്തിലെ വെള്ളൂർ വാർഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന തടം അവസാനിപ്പിക്കുന്നഭാഗത്ത് നിന്നും തിരുവെള്ളൂർ റോഡുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

5 സി. ആർ. പി. വാട്ടർടാങ്ക് മുതൽ കല്ലറ ക്ഷേത്രം വഴി കീഴാവൂർ റോഡുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ ടാറിംഗും വീതി കൂട്ടലും ഉടൻ പൂർത്തിയാക്കി ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

6 അണ്ടൂർക്കോണം, കാരമൂട് ലിങ്ക് റോഡ് ടാർ ചെയ്ത് ബസ് സർവ്വീസ് ഏർപ്പെടുത്തുക. മാത്രമല്ല ഈ റോഡിന്റെ ഇരുഭാഗത്തുമുള്ള ഓട വൃത്തിയാക്കി വെള്ളം ഒലിച്ചുപോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

7 വളരെയേറെ യാത്രാക്ലേശം അനുഭവിക്കുന്ന ഗ്രാമവാസികളാണ് കീഴാവൂർ വാർഡിലുള്ളത്. കാരണം ഇതുവഴി ഒരൊറ്റ ബസ് സർവ്വീസ് പോലുമില്ല. വളരെയേറെ വിദ്യാർത്ഥികളും, ജീവനക്കാരും മറ്റ് മേഖലയിൽ പ്രവർത്തിക്കുന്നവരും ദിനംപ്രതി പോത്തൻകോട്, ആലുംമൂട് എന്നിവിടങ്ങളുമായി ബന്ധപ്പെട്ടുവേണം യാത്ര ചെയ്യുവാൻ. മുകളിൽ പറഞ്ഞ സ്ഥലങ്ങളിൽ എത്തിച്ചേരുവാൻ മണിക്കൂറുകളോളം കാത്തുനിന്ന് ട്രക്കറിൽ

വേണം യാത്ര ചെയ്യുവാൻ. ദുരിത പൂർണ്ണമായ ഈ യാത്രാ ക്ലേശം പരിഹരിക്കുന്നതിനുവേണ്ടി കുറഞ്ഞത് മൂന്ന് നാല് ബസ് സർവ്വീസ് എങ്കിലും അടിയന്തിര പ്രാധാന്യം നൽകി ആരംഭിക്കുക.

(1) മുടങ്ങികിടക്കുന്ന നെടുമങ്ങാട്—പെരുമാതുറ സർവ്വീസ് പുനരാരംഭിക്കുക.

(2) തിരുവനന്തപുരത്ത് നിന്നും ആലും മൂട്—പായ്ച്ചിറ കീഴാവൂർ വാവറഅമ്പലം വഴി പോത്തൻകോട് മറെറാരു ബസ് സർവ്വീസ്.

(3) ഈ വാർഡുമായി ബന്ധപ്പെടുത്തി ഒരു മെഡിക്കൽ കോളേജ്—കിഴക്കേകോട്ട സിറെറി സർവ്വീസ്.

(4) ആറാറിങ്ങൽ—മംഗലപുരം, വാവറ—അമ്പലം—കീഴാവൂർ വഴി ഒരു ബസ് സർവ്വീസും തുടങ്ങേണ്ടതാണ്. ഇത്രയും യാത്രാ സൗകര്യങ്ങളും അടിയന്തിരമായി ഏർപ്പെടുത്തുന്നതിനായി കണിയാപുരം കെ. എസ്. ആർ.ടി.സി. സബ്ബ് ഡിപ്പോയുടെ പണി പൂർണ്ണമായും പൂർത്തിയാക്കി അവിടെ നിന്നും സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുക.

8 കുളച്ചക്കോണം, പോസ്റാഫീസ്, മുട്ടിമൂല റോഡുകളും ടാർ ചെയ്ത് സംയോജിപ്പിച്ച് തെറെറിയാറിലുള്ള പാലം വഴി കീഴാവൂരുമായി ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക.

9 ചന്തവിള ക്ഷേത്രംറോഡ് മുടിമൂലറോഡുമായി ബന്ധിപ്പിച്ച് തോടിന് കുറുകെ പാലം നിർമ്മിച്ച് റോഡുകളും ടാറിംഗ് നടത്തി സഞ്ചാര യോഗ്യമാക്കുക.

10 അണ്ടൂർക്കോണത്ത് നിന്നും ആരംഭിച്ച് അയണിചിപ്പ് വഴി കീഴാവൂർ ചേരുന്ന റോഡിന്റെ പണി അടിയന്തിരമായി ചെയ്തു തീർക്കുക.

11 കീഴാവൂർ മുതൽ മൂഴിക്കകം വരെ വന്ന് നിൽക്കുന്ന റോഡും അണ്ടൂർക്കോണം പോസ്റാഫീസ് നടയിൽ കൂടി വന്ന് കല്ലറ ഭാഗത്തുനിൽക്കുന്ന റോഡും തമ്മിൽ ബന്ധിപ്പിച്ച് ടാറിംഗ് ഉൾപ്പെടെയുള്ള പണികളും അടിയന്തിരമായി ചെയ്ത് തീർക്കുക.

12 തെറെറിയാറിന്റെ പടിഞ്ഞാറ് വശത്ത് കൂടി പറമ്പിൽപാലം മുതൽ വെട്ടുറോഡ് വരെ പോകുന്ന നടപ്പാതയിൽ കല്ലടി ഭാഗത്ത് തോടിന്റെ സൈഡ്വാൾ കെട്ടി സ്ലാപ്പിട്ട് സഞ്ചാരയോഗ്യമാക്കണം.

13 പായ്ച്ചിറ വാർഡിലെ പ്രധാന റോഡായ പായ്ച്ചിറ—വാവറഅമ്പലം റോഡിൽ ഓടികൊണ്ടിരുന്ന എല്ലാ ബസുകളുടെയും സർവ്വീസ് പുനരാരംഭിക്കുകയും അതോടൊപ്പം പുതിയ സർവ്വീസുകളും ആരംഭിക്കുകയും ചെയ്യുക.

14 സി. ആർ. പി. കല്ലറ ക്ഷേത്രം റോഡ് പള്ളിച്ചവീട് വെള്ളൂർ എന്നീ വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണ്. പ്രസ്തുത റോഡ് അടിയന്തിരമായി മെറൽ ഇട്ട് ടാറിംഗ് ചെയ്യുവാനുള്ള നടപടികളും സ്വീകരിക്കുക.

15 കാരമൂടിനും, സി. ആർ. പി. ക്യാമ്പിനും മദ്ധ്യേ വാട്ടർ ടാങ്ക് മുതൽ ആരംഭിച്ച് പള്ളിച്ചവീട് V—ാം വാർഡ് അവസാനിക്കുന്നതോടൊപ്പം കുറക്കോട് NHൽ ബന്ധപ്പെടുന്ന കുറക്കോട് തലക്കോണം പ്രിയദർശിനി റോഡിന്റെ ടാറിംഗ് ഉടൻ പൂർത്തിയാക്കി സഞ്ചാര യോഗ്യമാക്കി തീർക്കുക.

16 പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന ദേശീയ പാതയിൽ സ്ഥിരമായി വാഹന അപകടം നടക്കുന്ന ഒരു പ്രദേശമാണ് പള്ളിപ്പുറം. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഈ പ്രദേശത്ത് നടന്ന വാഹന അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം100 ൽ അധികം വരും. നിലവിലുള്ള ഈ റോഡിന്റെ നിർമ്മാണത്തിനു ഉപയോഗിച്ചിരിക്കുന്ന റബ്ബൈസിഡ് ടാറിംഗ് ആണ് ഇന്നത്തെ ഈ അവസ്ഥയ്ക്ക് കാരണം. ആയതിനാൽ റബ്ബൈസിഡ് ടാർ മാറെറി സാദാ ടാർ ഉപയോഗിച്ച് റോഡ് പുനർ നിർമ്മാണം നടത്തി ഇന്നത്തെ ഈ അപകടാവസ്ഥക്ക് പരിഹാരം കാണുന്നതിനുള്ള നടപടികളും സ്വീകരിക്കുക.

17 കണിയാപുരം കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ ടാറിംഗ് മുതലുള്ള മുഴുവൻ പണികളും ഉടൻ പൂർത്തിയാക്കി അവിടെ നിന്നും പഞ്ചായത്തിന്റെയും മറെറ് സമീപ പ്രദേശങ്ങളിലേയ്ക്കും

സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും ഡിപ്പോയുമായി ബന്ധപ്പെടുത്തി കെ. എസ്. ആർ. ടി. സി. വർക്ക് ഷോപ്പിന്റെ നിർമ്മാണം. സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ് തുടങ്ങിയവ നിർത്തുന്നതിനുള്ള നടപടികൾ എന്നിവ അടിയന്തിരമായി സ്വീകരിക്കുക.

18 അണ്ടൂർക്കോണം പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളായ, കഠിനംകുളം, പോത്തൻകോട്, എന്നിവിടങ്ങളിലെ ഗ്രാമ വാസികൾക്ക് കൊല്ലം—തിരുവനന്തപുരം എന്നിവിടങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നതിന് ഒറ്റ ആശ്രയമാണ് കണിയാപുരം റെയിൽവേ സ്റ്റേഷൻ ഇവിടെ ഇന്ന് ഷട്ടിൽ സർവ്വീസുകൾക്ക് മാത്രമേ സ്റ്റോപ്പ് ഉള്ളൂ. ആയതിനാൽ എക്സ് പ്രസ് തുടങ്ങിയവക്കും സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

19 പഞ്ചായത്തിന്റെയും, P W D യുടെയും അധീനതയിലുള്ള റോഡുകൾക്ക് ഇരുവശവും ഓടകൾ നിർമ്മിച്ച് മഴക്കാലത്ത് റോഡുകളിൽ കെട്ടികിടക്കുന്ന വെള്ളം ഒഴുകി പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും നിലവിലുള്ള ഓടകൾ വൃത്തിയാക്കി വെള്ളം ഒഴുകി പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും, എല്ലാ ഓടകൾക്കും സ്ലാബ് നിർമ്മിച്ചിടുകയും ചെയ്യുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുക.

20 പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള റോഡുകളുടെ സമീപം താമസിക്കുന്നവർ റോഡുകളിൽ ഇറക്കി മതിൽ കെട്ടിയിരിക്കുന്നതു കാരണം റോഡുകൾ പലതും ഇടുങ്ങിയതായി തീർന്നിരിക്കുന്നു. ഈ കാരണത്താൽ വാഹന ഗതാഗതം ഇത്തരം റോഡുകളിൽ വളരെ ബുദ്ധിമുട്ടുള്ള അവസ്ഥയിലാണ്. ആയതിനാൽ ഇത്തരത്തിൽ കയ്യേറിയിരിക്കുന്ന ഭൂമി തിരിച്ച് പിടിച്ച് മതിലുകൾ ഇടിച്ച് മാറ്റി റോഡുകൾ ഗതാഗത യോഗ്യമാക്കണമെന്നും, കൈയേറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

21 ടെലിഫോണിനും, ജലവിതരണത്തിനുമായി റോഡുകൾ വെട്ടിമുറിക്കുകയും അതിന് ശേഷം അവ പുനർനിർമ്മാണം നടത്താതിരിക്കുകയും ചെയ്യുന്ന പ്രക്രിയ റോഡുകളുടെ ശോചനീയാവസ്ഥക്ക് കാരണമായി തീരുന്നു. ഇവ കർശനമായും നിയന്ത്രണ വിധേയമാക്കുക.

വാർഡ് തലത്തിലുള്ള നിർദ്ദേശങ്ങൾ

വാർഡ് I വെള്ളൂർ

1 മോഹനപുരത്ത് നിന്നും ഗാന്ധീസ്മാരകത്തിൽ പോകുന്ന റോഡ് പകുതി ഭാഗം ടാർ ചെയ്തിട്ടുണ്ട്. ബാക്കി ഉള്ള ഭാഗം കൂടി ടാർ ചെയ്യുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

2 കാരമൂട്ടിൽ നിന്നും തുടങ്ങി വെള്ളൂർ മുസ്ലീം ജമാഅത്തിന് മുൻവശത്ത് കൂടി പ്പാവറ തിരുവെള്ളൂർ വഴി അണ്ടൂർക്കോണത്ത് അവസാനിക്കുന്ന M.L.A റോഡിന്റെ പണി ഉടൻ പൂർത്തിയാക്കുക.

3 കൊയ്ത്തൂർക്കോണത്ത് നിന്നും ആരംഭിച്ച് കിളിത്തട്ട് വഴി കമ്പറ അവസാനിക്കുന്ന റോഡ് കാരമൂട്ടിൽ നിന്നും വരുന്ന M. L. A. റോഡുമായി ബന്ധിപ്പിക്കുകയും പ്രസ്തുത റോഡിൽ ഇനി ടാറിംഗ് നടത്തുവാനുള്ള ഭാഗം ഉടൻ ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കുവാനും ഉള്ള നടപടി സ്വീകരിക്കുക.

4 കൊയ്ത്തൂർക്കോണം തയ്ക്കാവ് മുക്കിൽ നിന്നും മുടിപ്പാല പള്ളിയിൽ അവസാനിക്കുന്ന റോഡ് കിളിത്തട്ട് റോഡുമായി ബന്ധിപ്പിച്ച് ടാർ ചെയ്യുക.

5 വെള്ളൂർ ഗാന്ധീസ്മാരകം മുതൽ വാട്ടർ ടാങ്ക് വരെയുള്ള റോഡ് ടാർ ചെയ്യുക.

6 വെള്ളൂർ ഭൂദാനകോളനിക്ക് അകത്തുകൂടിയുള്ള തടം വീതികൂട്ടി ഒരു സൈഡ് കരിങ്കല്ല് കെട്ടി ടാർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

7 കൊയ്ത്തൂർക്കോണത്ത് നിന്നും ആരംഭി

ച്ച് ചെക്കാലക്കോണത്ത് അവസാനിക്കുന്ന റോഡ് മഴക്കാലങ്ങളിൽ വെള്ളം ഒഴുകി ഒരു വീടിന് ഭീക്ഷണി ആകുന്നു. അത് തടയുന്നതിനുവേണ്ടി ഓടയും കലുങ്കും കെട്ടി റോഡ് ടാർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

8 കല്ലറ നിന്നും ആനതാഴ്ച്ചിറയിൽ അവസാനിക്കുന്ന കുഞ്ഞുകൃഷ്ണപിള്ള റോഡ് ആനതാഴ്ച്ചിറ വഴി M.L.A റോഡുമായി ബന്ധപ്പെടുത്തി ടാർ ചെയ്യുന്നതിനു പ്രസ്തുത റോഡ് ആനായിക്കോണം റോഡുമായി ബന്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക.

9 വെള്ളൂർ ലക്ഷം വീട്ടിനകത്തുള്ള തടം വീതികൂട്ടി വാഹനം കയറാനുള്ള അവസരം ഉണ്ടാക്കുക.

10 മോഹനപുരം ഗാന്ധിസ്മാരകം റോഡിൽ പന്തപ്പിലാവിൽ പോകുന്ന തടം വീതികൂട്ടി ടാർ ചെയ്യുവാനും തടം അവസാനിക്കുന്ന ഭാഗത്ത് രണ്ട് കക്ഷികൾ തമ്മിലുള്ള റോഡ് തർക്കം പഞ്ചായത്ത് പ്പാൽ വച്ച് അളന്ന് തിട്ടപ്പെടുത്തി ഊളൻ ഇടവഴിയുമായി ബന്ധിപ്പിക്കുക.

11 CRP വാട്ടർ ടാങ്ക് മുതൽ ഉള്ള തടം ആനതാഴ്ച്ചിറ വഴി MLA റോഡിൽ ബന്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

12 മോഹനപുരം ഗാന്ധിസ്മാരകം റോഡിൽ മൈതാനിയിലേക്ക് പോകുന്ന തടം കിളിത്തട്ട് റോഡുമായി ബന്ധിപ്പിച്ച് വീതി കൂട്ടി ടാർ ചെയ്യുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

13 കൊയ്ത്തൂർക്കോണത്ത് നിന്നും കിളിത്തട്ട് റോഡിൽ എസ്റോറർ മുക്ക് മുതൽ ചെക്കാലക്കുളം ചിറവഴി മണ്ണറ റോഡിൽ ബന്ധിപ്പിക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിച്ച് ടാറിംഗ് നടത്തുക.

14 ആനായിക്കോണം തടത്തിൽ അവസാനിക്കുന്ന ഭാഗത്ത് പാലം പണിത് ഏല നികത്തി കരയ്ക്ക് ബന്ധിപ്പിച്ച് ടാർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുക.

15 വെള്ളൂർ മുസ്ലീം ജമാ അത്തിൽ നിന്നും ആരംഭിച്ച് ചെഞ്ചേരി വഴി വരുന്ന തടം പന്തപ്പിലാവ് തടവുമായി ബന്ധിപ്പിച്ച് അവിടെ നിന്നും മൈതാനി തടവുമായി ബന്ധിപ്പിച്ച് തയ്ക്കാവ് നടയിൽ എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

16 എം. എൽ. എ. റോഡിൽ നിന്നും പള്ളി നടയിലൂടെ ആനതാഴ്ചിറയിൽ ഇറങ്ങുന്ന തടം അവിടെ നിന്നും ഭൂദാനകോളനിയുടെ താഴ്ഭാഗത്ത് ആനതാഴ്ചിറയുടെ ഭൂമിയിൽ കൂടി വെട്ടി വാട്ടർ ടാങ്ക് ഗാന്ധി സ്മാരകം റോഡിൽ ബന്ധിപ്പിക്കുക.

17 ചെഞ്ചേരി തടം ഊളം ഇടവഴിയിൽ ബന്ധിപ്പിക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

18 എം. എൽ. എ. റോഡിന്റെ തുണ്ടു നടയിൽ നിന്നും ആരംഭിച്ചു ആനതാഴ്ചിറയിൽ ഇറങ്ങുന്ന തടത്തിന്റെ ഇരുഭാഗങ്ങളിലും നിൽക്കുന്ന മരങ്ങൾ റോഡിൽ ചാഞ്ഞുകിടക്കുന്നത് വെട്ടിമാറ്റാൻവേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

19 കൊയ്ത്തൂർക്കോണത്ത് നിന്നും ചെക്കാലക്കോണത്ത് പോകുന്ന റോഡിൽ മഴക്കാലങ്ങളിൽ ഉണ്ടാകുന്ന മണ്ണ് ഒലിപ്പ് തടയാൻ ഓട കെട്ടി ചെക്കാലക്കോണം ചിറയിൽ വീടുന്നതിനുള്ള നടപടി സ്വീകരിക്കുക.

20 കമ്പറ റോഡ് പുല്ലറ കുന്നിൽ ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

21 എം. എൽ. എ. റോഡിന്റെ ഇരുവശങ്ങളിലും റോഡിൽ ചാഞ്ഞ്കിടക്കുന്ന മരങ്ങൾ വെട്ടി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

22 പ്പാവറ മുതൽ മഠത്തിവിളാകം വരെയുള്ള തോടിന്റെ വീതികൂട്ടി ഇരുവശത്തും സൈഡ്വാൾ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

23 കൊയ്ത്തൂർക്കോണം തയ്ക്കാവ് മുക്കിൽ PWD റോഡിൽ ഇറക്കി മതിൽകെട്ടിയിരിക്കുന്നതിനാൽ കുന്നുകാട് പ്രദേശത്ത് പോകുന്ന യാത്രക്കാർക്ക് വാഹനം കൊണ്ടുപോകാൻ പ്രയാസമാണ്. ആയത്

പൊളിച്ചുമാറ്റുന്നതിനും റോഡിൽ നിന്നും കയ്യേറിയിരിക്കുന്ന ഭൂമി തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

മാത്രമല്ല പ്രസ്തുത ഭൂമി കയ്യേറിയിരിക്കുന്ന വ്യക്തി റീസർവ്വേ ഡിപ്പാർട്ട്മെൻറിലെ ഒരു ഉദ്യോഗസ്ഥനാണ് ആയതുകൊണ്ട് റിക്കാർഡുകളും തിരുത്തുവാൻ സാധ്യതയുണ്ട് അടിയന്തിരമായി വേണ്ട നടപടി സ്വീകരിക്കുക.

24 കല്ലറ റോഡിൽ നിന്നും വലിയ പണ ഏലായിൽ ഇറങ്ങുന്ന ചെറിയ തടം ഒരു വസ്തു ഉടമസ്ഥൻ കൊടുക്കുന്നില്ല അത് ഒഴിവാക്കാൻ വേണ്ടുന്ന നടപടികളും സ്വീകരിക്കുക.

25 ചെറുകര കുഞ്ഞുകൃഷ്ണപിള്ള തടത്തിൽ നിന്നും ചെറുതോട് വരെ വഴി സൗകര്യം ഉണ്ടാക്കുക.

26 കൊയ്ത്തൂർക്കോണം തയ്ക്കാവ് നടയിൽ നിന്നും ആരംഭിക്കുന്ന തോട് വീതി കൂട്ടിനെടുമ്പറത്ത് എത്തിക്കുക. മഴക്കാലങ്ങളിൽ ഏറ്റവും കൂടുതൽ ജലം ഒഴുകുന്നത് ഈ റോഡിൽ കൂടിയാണ്.

27 മോഹനപുരം ഗാന്ധീസ്മാരകം റോഡിൽ നിന്നും ആരംഭിച്ച് M.L.A റോഡിൽ അവസാനിക്കുന്ന കാരമൂട് റോഡ് ടാർ ചെയ്യുക.

കീഴാവൂർ വാർഡ് II

1 വളരെയേറെ യാത്രാ ക്ലേശം അനുഭവിക്കുന്ന ഗ്രാമവാസികളാണ് ഇവിടെയുള്ളത്. ഒരൊറ്റ ബസ് സർവ്വീസ് പോലും ഈ വാർഡിൽ ഇല്ല. വളരെയേറെ വിദ്യാർത്ഥികളും ജീവനക്കാരും മറ്റുപല മേഖലയിൽ പ്രവർത്തിക്കുന്നവരും ദിനംപ്രതി പോത്തൻകോട്, ആലുംമൂട് എന്നിവിടങ്ങളുമായി ബന്ധപ്പെട്ടുവേണം യാത്രചെയ്യാൻ മണിക്കൂറുകളോളം കാത്തു നിന്ന് വരുന്ന ട്രക്കറുകളിൽ വേണം മുകളിൽ പറഞ്ഞ സ്ഥലങ്ങളിൽ എത്തിച്ചേരുവാൻ ദുരിത പൂർണ്ണമായ ഈ യാത്ര ക്ലേശം പരിഹരിക്കുന്നതിന് കുറഞ്ഞത് മൂന്ന്–നാല് ബസ് സർവീസുകളും അടിയന്തിരമായി ആരംഭിക്കുക. ഇതിലേക്കായി കണിയാപുരം KSRTC ഡിപ്പോയും പണി അടിയന്തിരമായി പൂർത്തിയാക്കി അവിടെ നിന്നും പുതിയ സർവ്വീസുകളും ഓപ്പറേറ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുക.

2 കീഴാവൂർ വാർഡിൽ നിന്നും മറ്റു വാർഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും അടിയന്തിരമായി ചെയ്തു തീർക്കുക.

3 അണ്ടൂർക്കോണം–കാരമൂട് ലിങ്ക് റോഡ് ടാർ ചെയ്ത് ബസ് സർവീസ് ഏർപ്പെടുത്തണം. മാത്രമല്ല റോഡിന്റെ ഈ ഭാഗത്തുള്ള ഓടകളും വൃത്തിയാക്കി വെള്ളം ഒലിച്ചു പോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

4 ആനതാഴ്ച്ചിറ ഭാഗത്തു നില്ക്കുന്ന തടം കാരകത്തു നട വഴി സാംസ്ക്കാരിക നിലയം റോഡു വഴി ബന്ധിപ്പിക്കുക.

5 തിരുവെള്ളൂർ കോളനി തടം റോഡിൽ നിന്ന് തുടങ്ങി മരുതറ ഭാഗത്തു നിൽക്കുന്ന തടം ലിങ്ക് റോഡിൽ കൊള്ളിക്കുക.

6 കീഴാവൂർ ഭാഗത്തു നിന്നുമുള്ള തടം അണ്ടൂർക്കോണം റോഡിൽ ഉംക്കോളളിക്കുക.

7 തെറ്റിച്ചിറ ചേമ്പാല തടം ഗതാഗതയോഗ്യമാക്കുക.

8 വയക്കപൊലുന്നൽ തടം കണിയങ്കറത്തല നടവരമ്പുമായി ബന്ധിപ്പിക്കുക.

9 കൊട്ടോട്ടുകോണം തടം ഭാഗത്ത് നിന്നും ആരംഭിച്ച് പണയിൽ ഭാഗത്ത് നില്ക്കുന്ന തടം കമ്പറ തടവുമായി യോജിപ്പിക്കുക.

10 തിരുവെള്ളൂർ റോഡിൽ നിന്നും തുടങ്ങി തട്ടാംവിളാകത്തു ഭാഗത്തുനിൽക്കുന്ന തടം തെറ്റിച്ചിറ തടവുമായി ബന്ധിപ്പിക്കുക.

വാർഡ് (III) അണ്ടൂർക്കോണം

1 ഗ്രാമത്തിലെ റോഡുകളും പരസ്പരം ബന്ധിപ്പിക്കുക.

2 കുളച്ചക്കോണം, പോസ്റ്റാഫീസ് മുടിമൂല റോഡുകളും ടാർ ചെയ്ത് സംയോജിച്ച് തെറ്റിയാറിലുള്ള പാലം വഴി കീഴാവൂരുമായി ബന്ധിപ്പിക്കുക.

3 അണ്ടൂർക്കോണം മുസ്ലീം ജമാഅത്ത് മുതൽ പള്ളിയാപറമ്പ് വരെയുള്ള റോഡ് മെറ്റൽ ചെയ്ത് അടിയന്തിരമായി ടാർ ചെയ്യുക.

4 പറമ്പിൽപാലം ജംഗ്ഷൻ തുടങ്ങി ചിറയ്ക്കകത്ത് നടവഴി ആമ്പല്ലൂർ റോഡ് അടിയന്തിരമായി ചെയ്യുക.

5 പറമ്പിൽപാലം മുതൽ പള്ളിയാപറമ്പ് റോഡുമായി ബന്ധിക്കുന്ന റോഡ് കാട്ടിൽ റോഡുമായി ബന്ധിപ്പിക്കുക.

6 വിലക്കോത്ത് റോഡ് അടിയന്തിരമായി ടാർ ചെയ്യുക.

7 പനവിളക്ഷേത്രം, റോഡ് മുടിമൂല റോഡുമായി ബന്ധിപ്പിച്ച് റോഡിന് കുറുകെ പാലം കെട്ടി റോഡ് ടാർ ചെയ്യുക.

8 അണ്ടൂർക്കോണം ജംഗ്ഷനിൽ നിന്നും (പോസ്റ്റാഫീസ്) വാറുവിളാകത്തേക്ക് പോകുന്ന റോഡ് ടാറിംഗ് നടത്തി ഓടകൾ നിർമ്മിക്കുക.

9 അണ്ടൂർക്കോണം എൽ. പി. എസിന് മുൻവശത്തുള്ള ലക്ഷം വീട്ടിലേയ്ക്കുള്ള റോഡ് ടാർ ചെയ്യുക.

10 ലക്ഷംവീട്ടിനുള്ളിലെ രണ്ട് റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

11 **മറ്റ് റോഡുകൾ**

(1) ശ്രീ ഭദ്രകോളിക്ഷേത്ര റോഡ്.

(2) പള്ളിയാപറമ്പ് ക്ഷേത്രത്തിൽ നിന്നും പറമ്പിൽപാലം ജംഗ്ഷനിൽ വന്ന് ചേരുന്ന വീടിക്കട റോഡ്.

(3) ചേമ്പാല മുടിമൂല റോഡ് ടാർ ചെയ്യുക.

(4) അണ്ടൂർക്കോണം ആശുപത്രി മുതൽ താഴോട്ടുള്ള ഭാഗം ഓട കെട്ടുക.

(5) അണ്ടൂർക്കോണം മുതൽ അയണിനട ചീപ് വഴി കീഴാവൂർ ചേരുന്ന റോഡിന്റെ നിർമ്മാണം.

(6) പറമ്പിപാലത്ത് നിന്നും വാഴപ്പള്ളി റോഡ്.

വാർഡ് IV പായ്ച്ചിറ

കല്ലുപാലം വിലക്കുമത്ത് റോഡ്

1 അണ്ടൂർക്കോണം ഹെൽത്ത് സെന്റർ, എൽ. പി. എസ്. സ്ക്കൂൾ എന്നിവിടങ്ങളിലെ യാത്രാക്കാർക്ക് ഈ സ്ഥലങ്ങളിൽ എത്തിച്ചേരുന്നതിന് ഇന്നത്തെ അവസ്ഥയിൽ കല്ലുപാലത്ത് നിന്നും 5km സഞ്ചരിക്കേണ്ടിവരുന്നു. എന്നാൽ കല്ലുപാലത്ത് നിന്നും വിലക്കുമത്ത് വഴി അണ്ടൂർക്കോണത്തേക്ക് ഒരു റോഡ് നിർമ്മിക്കുകയാണെങ്കിൽ $1\frac{1}{2}$km സഞ്ചരിച്ചാൽ മതിയാകും. ആയതിനാൽ ഈ റോഡ് നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കുക.

ആനൂർ പള്ളിനട റോഡ്

2 സഞ്ചാരത്തിനും, കൃഷി ആവശ്യത്തിനുമുള്ള സാധന സാമഗ്രികളും (ട്രാക്ടർ) എത്തിക്കുന്നതിന് ഈ റോഡില്ലാതെ മറ്റ് മാർഗ്ഗങ്ങളും ഇല്ല. ആയതിനാൽ ആനൂർ പള്ളിനട റോഡിന്റെ പണി ഉടൻ പൂർത്തിയാക്കുക.

പാണ്ടിവിള ഹരിജൻ കോളനി റോഡ്

3 പകുതിയോളം മെറ്റൽ ചെയ്തിട്ടുള്ളതും ബാക്കി മെറ്റൽ ചെയ്യാൻ ഉള്ളതുമായ ഈ റോഡിന്റെ പണി പൂർത്തിയാക്കി പള്ളിപ്പുറം, അണ്ടൂർക്കോണം റോഡുമായി ബന്ധിപ്പിക്കുക.

കല്ലുപാലം പറമ്പിൽപാലം റോഡ്

4 പറമ്പിൽപ്പാലം മുതൽ പറമ്പിതോപ്പുവരെ വന്ന് നിൽക്കുന്ന റോഡ് സഞ്ചാരയോഗ്യമാക്കി ടാറിംഗ് തുടങ്ങിയുള്ള സംവിധാനം ഏർപ്പെടുത്തി കല്ലുപാലം റോഡുമായി ബന്ധിപ്പിക്കുക.

പായ്ച്ചിറ, കാവുനട, പറമ്പുവാരം റോഡ്

5 ജില്ലയിലെ ഏറ്റവും വലിയ ഏല ആയ അലവൻകരി ഏലായുടെ ഒരു ഭാഗമായ പറമ്പുവാരത്തുകൂടി ഒരു റോഡ് നിർമ്മിച്ച് നിലവിലുള്ള ആലുംമൂട് കുന്നിനകം റോഡുമായി ബന്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കണം.

കീഴാവൂർ അണ്ടൂർക്കോണം റോഡ്

6 കീഴാവൂർ മുതൽ മൂഴിക്കകം വരെ വന്ന്

നിൽക്കുന്ന റോഡും; അണ്ടൂർക്കോണം പോസ്റ്റാഫീസ് നടയിൽ കൂടി വന്ന് വരമ്പുഭാഗത്ത്നിൽക്കുന്ന റോഡും തമ്മിൽ ബന്ധിച്ച് ടാറിംഗ് ഉൾപ്പെടെയുള്ള പണികളും ചെയ്തു സഞ്ചാരയോഗ്യമാക്കുക

നെടുമ്പാക്കൻ റോഡ് നിർമ്മാണം

7 പാച്ചിറ, വാവറഅമ്പലം റോഡിൽ നിന്നും തുടങ്ങുന്ന ഭാഗം കിഴക്കോട്ട് മണ്ണിടിച്ചിലുള്ള കുറെ ഭാഗം സൈഡ് വാൾ കെട്ടി സഞ്ചാരയോഗ്യമാക്കി ചേരിനട, പായ്—പ്പുറം എന്നീ റോഡുകളുമായി ബന്ധിപ്പിച്ച് ടാറിംഗ് ഉൾപ്പെടെയുള്ള പണികളും നടത്തുക.

8 തളിയിൽ ക്ഷേത്രത്തിനു പടിഞ്ഞാറു വശത്ത് ഏലായോടു ചേർന്ന് 25—ഓളം വീട്ടുകാർക്ക് സഞ്ചാര യോഗ്യമായ ഒരു നടപ്പാത ഇല്ല. ഇപ്പോൾ വയൽ വരമ്പാണ് സഞ്ചാരത്തിനായി ഉപയോഗിക്കുന്നത്. ആയതിനാൽ 6 അടി വീതിയിൽ ഒരു നടപ്പാതയുണ്ടാക്കി പായ്ച്ചിറ, പള്ളിപ്പുറം റോഡിൽ ബന്ധിപ്പിക്കണം.

9 കൂരാവീട് പ്രദേശത്ത് ഏതാണ്ട് അൻ—പതോളം കുടുംബങ്ങൾക്ക് യാത്ര ചെയ്യുന്നതിന് കുറച്ചുഭാഗത്ത് മാത്രമേ വഴിയുള്ളൂ. ടി. വഴിയിൽ തുടർന്ന് വെള്ളൂർ ഏലായിലേക്ക് പോകുന്നതിന് വഴിയുണ്ടാക്കി സഞ്ചാരയോഗ്യമാക്കി തീർക്കുക.

10 പള്ളിച്ച വീട്ടുകര മുസ്ലീം ജമാഅത്തിനു മുൻവശത്ത് കൂടി പറമ്പിൽപ്പാലത്തേക്ക് പോകുന്ന തടത്തിന്റെ വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുക.

11 പ്ലാവറ പ്രദേശത്ത് നിലവിൽ ഒരു നടപാത പോലുമില്ല ആ പ്രദേശത്ത് സഞ്ചാര യോഗ്യമായ രീതിയിൽ ഒരു നടപ്പാത നിർമ്മിക്കുക.

12 പിള്ളവീട് പ്രദേശത്തേക്ക് പോകുന്ന നടപ്പാത സഞ്ചാരയോഗ്യമാക്കുക.

13 T. V. കിയോസ്ക്കിന്റെ അടുത്തുകൂടിയുള്ള ഇടുങ്ങിയ റോഡ് വാഹന ഗതാഗത യോഗ്യമാക്കി നടുവത്തേലായിൽ ബന്ധിപ്പിക്കുക.

14 തൊറിയാറിന്റെ പടിഞ്ഞാറ് വശത്ത് കൂടി പറമ്പിൽപാലം മുതൽ വെട്ടുറോഡുവരെ പോകുന്ന നടപ്പാതയിൽ കല്ലടി ഭാഗത്ത് തോടിന്റെ ഭാഗത്ത് സൈഡ് വാൾ കെട്ടി സ്ലാബിട്ട് സഞ്ചാര യോഗ്യമാക്കുക.

15 ആലുംമൂട് ഭാഗവും ആമ്പല്ലൂർ ഏലയും തമ്മിൽ ബന്ധിപ്പിക്കുന്ന കട്ടറ വീട്ടിന്റെ പരിസരത്തുള്ള സ്ലാബിന്റെ അറകുറ പണികളും ചെയ്ത് സഞ്ചാര യോഗ്യമാക്കണം.

16 കീഴാവൂർ ക്ലേയുടെ ഭാഗത്തുനിന്നും കൃഷി ആവശ്യത്തിനു വെള്ളൂർ ഏലായിൽ ഇറങ്ങുന്നതിനുള്ള റോഡ് ഗതാഗത യോഗ്യമാക്കുക.

വാർഡ് V പള്ളിച്ചവിട്

1 സി. ആർ. പി. കല്ലുപാലം ലിങ്ക് റോഡിൽ നിന്നും തെക്കു പടിഞ്ഞാറോട്ട് തിരിഞ്ഞ് ഏലായിൽ അവസാനിയ്ക്കുന്ന "കുന്നുംപുത്ത് റോഡ്" പഞ്ചായത്തിൽ നിന്നും വർഷം തോറും അറകുറ പണികളും ചെത്തു വരുന്ന റോഡാണ്. ഈ റോഡ് മെറ്റൽ നിരത്തി ടാറിട്ട് സഞ്ചാര യോഗ്യമാക്കണം.

2 കട്ടച്ചിറക്കോണം I H D P കോളനിയിലേയ്ക്കുള്ള റോഡ് വർഷങ്ങളോളമായി പഞ്ചായത്തിൽ നിന്നും അറകുറപ്പണി ചെയ്തു വരുന്ന റോഡാണ്. ഈ റോഡ് മെറ്റൽ നിരത്തി ടാർ ഇടണം.

3 C R P വാട്ടർ ടാങ്കു മുതൽ കല്ലറ ക്ഷേത്രത്തിലേക്ക് പോകുന്ന റോഡ് മെറ്റൽ നിരത്തി ടാർ ഇടണം.

4 C R P ക്യാമ്പിനും കാരമൂടിനും മധ്യേ വാട്ടർ ടാങ്കു മുതൽ കുറക്കോട് N H —ൽ ബന്ധപ്പെടുന്ന കുറക്കോട് — തലയ്ക്കോണം " പ്രിയദർശിനി റോഡ് " മെറ്റൽ നിരത്തി ടാർ ഇടണം. ഏതാണ്ട് രണ്ടു കി. മി. ദൂരമുള്ള ഈ റോഡിൽ ഇതു വരെ വൈദ്യുതി എത്തിച്ചിട്ടില്ല.

5 C R P ക്യാമ്പ് ഓഫീസ് കാർട്ടേഴ്സ് ഗേറ്റിനു മുന്നിലൂടെ ലക്ഷ്മിവിലാസം എസ്റ്റേറ്റിനും നടുവിലൂടെ തല

യ്ക്കോണം സാംബവ കോളനി വഴി NH – ൽ ബന്ധപ്പെടുന്ന റോഡ്മെറ്റൽ നിരത്തി ടാർ ഇട്ട് സഞ്ചാരയോഗ്യമാക്കണം.

6 CRP കല്ലുപാലം ലിങ്ക് റോഡിനു് ഇരുവശമുള്ള ആൾക്കാർ റോഡിലേക്ക് ഇറക്കിമതിൽ, താര എന്നിവ കെട്ടുന്നതിനാൽ റോഡിന്റെ വീതി വളരെയധികം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഈ പ്രവണത തടയുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുക.

7 CRP തലയ്ക്കോണം പ്രിയദർശിനി റോഡിന്റെ വീതികൂട്ടി ടാറിടുക.

8 പ്രിയദർശിനി റോഡിന്റെ ഭാഗത്തു നിന്നും തുടങ്ങി മംഗലപുരം പഞ്ചായത്ത് അതിർത്ഥിയിൽ ചെന്ന് ചേരുന്ന നടപാത ഉപയോഗ്യയോഗ്യമാക്കണം.

9 CRP കട്ടച്ചിറക്കോണം റോഡ് മെറ്റൽ നിരത്തി ടാറിടണം.

10 പ്രീയദർശിനി റോഡിൽ നിന്നുള്ള കുറക്കോട് പള്ളിറോഡ് ടാർ ചെയ്യണം.

11 പുതുവൽ കോളനി റോഡിൽ നിന്നും കോട്ടാൻചിറ റോഡ്വഴി കുന്നുംപുറത്തു റോഡുമായി ബന്ധപ്പെട്ട് ഏലായിൽ അവസാനിക്കുന്ന നടപ്പാത റോഡാക്കി മാററി ഉപയോഗയോഗ്യമാക്കണം (അതിനു് ആവശ്യമായ ഭൂമി വിട്ടുതരാൻ തയ്യാറാണ്.

12 CRP കടവത്ത് റോഡ് ലോറി പോകുന്ന വിധത്തിൽ സൈഡ് വീതികൂട്ടി ഉപയോഗയോഗ്യമാക്കണം.

13 (11–ാം ആരംഭത്തിൽ പ്രതിപാദിച്ചത്).

14 CRP പുതുവൽ കോളനി പള്ളിപ്പുറം ഏല പള്ളിച്ചവീട്ടുകര ജമാഅത്ത് റോഡിൽ ബന്ധിപ്പിക്കുന്ന റോഡ് അത്യാവശ്യമായി ചെയ്തു തീർക്കണം.

15 CRP ശ്രീപാദം ഹരിജൻകോളനിറോഡ് മെറ്റൽ ചെയ്തു ടാർ ചെയ്തു ഉപയോഗയോഗ്യമാക്കണം.

16 മുഴുത്തിരിയാവട്ടം – ചെന്നത്തുകുളം റോഡ് വീതി കൂട്ടി ഉപയോഗയോഗ്യമാക്കണം. അതിനുള്ള സ്ഥലം വിട്ടു കൊടുത്തിട്ടുണ്ട്. (അതിർത്തി കൃസ്ത്യൻ പള്ളി തുടങ്ങുന്ന ഭാഗം)

വാർഡ് VI കരിച്ചാറ

ഏറ്റവും കൂടുതൽ വിസ്തീർണ്ണമുള്ള വാർഡാണ് കരിച്ചാറ 6–ാം വാർഡ്. CRP ബസ് സ്റ്റോപ്പ് തൊട്ട് പടിഞ്ഞാറ് മൈതാനി വരെ ടാർ ചെയ്ത റോഡാണെങ്കിലും ഗതാഗതത്തിനു് ഉപയോഗിക്കാൻ പറ്റാത്ത രീതിയിൽ ആണ്. കാരണം മഴക്കാലത്ത് ഒഴുകിവരുന്ന വെള്ളം ഓട ഇല്ലാത്തതു കൊണ്ട് റോഡിൽ കൂടി മഴവെള്ളം ഒഴുകി പോകുകയാണ് ചെയ്യുന്നത്. റോഡ് നല്ല രീതിയിൽ ആകണമെങ്കിൽ CRP മുതൽ മൈതാനി വരെ (പടിഞ്ഞാറു റോഡ്) റോഡിന്റെ ഇരു സൈഡിലും ഓടയും സൈഡു വാളും കെട്ടിയാൽ മാത്രമേ ഈ റോഡിനു് സുരക്ഷിതത്വവും സഞ്ചാരയോഗ്യമാകുകയുമുള്ളൂ.

അഞ്ചേക്കർ, തോട്ടുംമുഖം, മുഴുത്തിരിയാവട്ടം CRP കാർട്ടേഴ്സ് അവസാനിക്കുന്ന താഴ്ന്ന ഭാഗത്ത് മഴക്കാലത്ത് അപകടരീതിയിലുള്ള വെള്ളപ്പാച്ചിലും, സഞ്ചാരയോഗ്യവുമല്ല. ഓട ഇല്ലാത്തതുകൊണ്ട് ഈ റോഡ് വഴി വെള്ളം ഒഴുകി തോട്ടുംമുഖം തോട്ടിൽ എത്തി ചേരുന്നു. കൂടാതെ ഒരുപാലവും തെങ്ങുവിള ഭാഗത്തെ റോഡിൽ ടാർ ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.

അപ്പോള കോളനിയിൽ എല്ലാ റോഡരികിലും ഓടകെട്ടുന്നതിനുള്ള സഹായം പഞ്ചായത്തുനിന്നും അനുവദിക്കണം. മഴക്കാലത്ത് കോളനിക്കകത്തുകൂടി സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയും മുകളിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാണ്. കോളനിക്കകത്ത് ടാർ ചെയ്യാത്ത ഒരു റോഡ് ഉണ്ട്. അത് എത്രയുംപ്പെട്ടെന്നു് ടാർ ചെയ്തു തരണമെന്നു് അഭ്യർത്ഥിക്കുന്നു.

പുതിയതായി വരേണ്ട റോഡുകൾ (1) കല്ലുവരമ്പ് വഴി പണ്ടാരക്കരിയിൽ പോകുന്നതിനുവേണ്ടിയുള്ള ഒരുറോഡ് (2) മുഴുത്തിരിയാവട്ടം മരുപ്പൻകോട് റോഡ് (3) മുഴുത്തിരിയാവട്ടം പടിഞ്ഞാറ് റോഡ് (4) കോളനിയിൽ പണയിൽ റോഡും ഒരുപാലവും അത്യാവശ്യമായി അനുവദിക്കേണ്ടതുമാണ്. മുഴുത്തിരിയാവട്ടത്തും മരുപ്പൻക്കോട്ടും രണ്ട് ഓടകൾ വേണം.

തിരുവനന്തപുരം C. R. P. ക്യാമ്പുവഴി കരിച്ചാറ കടവ് വരെ സ്റ്റെറ ബസ് അനുവദിക്കുക.

വാർഡ് VII പള്ളിപ്പുറം

1 ആലുംമൂട് ജംഗ്ഷൻ മുതൽ കുറക്കോട് വരെയുള്ള ദേശീയപാത സ്ഥിരം വാഹന അപകടം നടക്കുന്ന ഒരു മേഖലയാണ്. ഇതിന്റെ പ്രധാന കാരണം റോഡിന്റെ നിർമ്മാണത്തിനു് ഉപയോഗിച്ചിരിക്കുന്ന റബ്ബൈസിഡ് ടാറിംഗ് ആണ്. ആയതിനാൽ ഈ റബ്ബൈസിഡ് ടാർ മാറ്റി സാദാ ടാർ ഉപയോഗിച്ച് ഈ റോഡിന്റെ പുനർ നിർമ്മാണം നടത്തി ഇന്നത്തെ അപകടാവസ്ഥക്ക് പരിഹാരം കാണുന്നതിനുള്ള നടപടികളും സ്വീകരിക്കുക. മാത്രമല്ല ഈ ഭാഗത്ത് ദേശീയ പാതയിൽ തെരുവ് വിളക്കുകളും ഇല്ല. ആയതിനാൽ പ്രധാന ബസ്സ്റ്റോപ്പുകളിൽ പ്രകാശമേറിയ തെരുവ്വിളക്കുകളും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

2 താമരക്കുളം റോഡും കീഴേവീട് ഇടവഴിയും തമ്മിൽ യോജിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

3 താമരക്കുളം ക്ഷേത്രം റോഡ്, കീഴേവീട് ഇടവഴി, കോയിക്കൽ ഇടവഴി, ഉണ്ണി വിളാകം ഇടവഴി, മണക്കാട്ടിൽ ഇടവഴി, കല്ലംപള്ളി ഇടവഴി, എന്നിവ മുൻഗണനാടിസ്ഥാനത്തിൽ ടാർ ചെയ്യുക.

4 മുക്കുവിളാകം റോഡും, കീഴേവീട് ഇടവഴിയും തമ്മിൽ യോജിപ്പിച്ച് സഞ്ചാരയോഗ്യമാക്കിതീർക്കുക.

5 താമരക്കുളം റോഡ് ടാർ ചെയ്യുന്നതിന് വേണ്ടി താമരക്കുളം ട്രസ്റ്റ് 21–സെന്റ് സ്ഥലം മൂന്ന് വർഷം മുൻപ് പഞ്ചായത്തിന് കൈമാറി എന്നാൽ നാളിതുവരെ യാതൊരു ജോലിയും തുടങ്ങിയിട്ടില്ല അത് അടിയന്തിരമായി പരിഹരിക്കുക.

6 ടെലിഫോണിനും, ജലവിതരണത്തിനും വേണ്ടി റോഡുകൾ വെട്ടി മുറിയ്ക്കുകയും അത്തരം റോഡുകൾ പിന്നെ അറ്റകുറ്റ പണി നടത്താത്തതും കർശനമായും വീക്ഷിക്കുക.

7 ആലുംമൂട്ടിൽ റോഡരികിലുള്ള ഇറച്ചി വെട്ടുമൂലം യാത്രകാർക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കുക.

I വാർഡ് VIII വലിയവീട്

ഈ വാർഡിൽ ഉടൻ പൂർത്തീയാക്കേണ്ട റോഡുകൾ

(a) കായൽതീര റോഡ് പകുതി പണിചെയ്തു് നിർത്തിയത് പൂർത്തിയാക്കണം.
(b) തോട്ടിൻകര മണപ്പുറം റോഡ് നിർമ്മാണം
(c) കണ്ടൽ ക്ഷേത്രം റോഡ് ടാറിംഗ്
(d) കരിച്ചാറ LPS കുമ്പത്ത് കോളനി റോഡ് മണ്ണിടൽ
(e) കണ്ടൽ–കൂടത്തിട്ട കടവ് റോഡ് മണ്ണിടൽ
(f) പരക്കരി ക്ഷേത്രനടയിൽ നിന്നും മംഗലപുരം പഞ്ചായത്തിൽ പ്രവേശിക്കുന്നഭാഗം സൈഡ് ചാൽ കെട്ടി മണ്ണ് ഇടൽ

II ഭാവിയിൽ വരാൻ ഉദ്ദേശിക്കുന്ന റോഡുകൾ

(a) മണ്ഡലംമുക്ക്–കുമ്പത്ത് റോഡ്
(b) കരിച്ചാറ–കൊടുമൂലതോപ്പ് റോഡ്
(c) കരിച്ചാറ–തെക്കത് റോഡ്
(d) കണ്ടൽ–ചിറ്റുപറമ്പ് റോഡ്
(e) പുത്തൻകടവ്–കൂടത്തിട്ട റോഡ്

വാർഡ് IX തെക്കേവിള

1 തെക്കേവിളയിൽ പുതിയതായി വെട്ടിയ റോഡിൽ കലുങ്ക് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുന്നതിനുവേണ്ടി ടാർ ചെയ്യണം. തോടുള്ള ഭാഗത്ത് റോഡിന്റെ ഇരുവശവും സൈഡ് വാൾ നിർമ്മിയ്ക്കണം മലമേൽ പറമ്പിൽ നിന്നും ഈ റോഡിലേയ്ക്കുള്ള വഴിയിലുള്ള തോടിൽ സ്ലാബ് നിർമ്മിക്കുക. റയിൽവേ സ്റ്റേഷന്റെ മുൻവശം മുതൽ മലമേൽ പറമ്പ് വരെയുള്ള റോഡിന്റെ വീതികൂട്ടി ടാർ ചെയ്യണം.

2 കണിയാപുരത്തുനിന്ന് കല്ലിങ്കര കോളനിയിലേയ്ക്കുള്ള റോഡിന്റെനീളവും വീതിയും കൂട്ടി ടാർ ചെയ്തു മലമേൽപ്പാമ്പ് റോഡിൽ ചേർക്കണം.

3 വെട്ടുറോഡ് സാമില്ലുമുതൽ കല്ലിങ്കര വഴി പ്രധാന റോഡിലേയ്ക്കുള്ള ഒരു പുതിയ റോഡ് നിർമ്മിക്കുക.

വാർഡ് X അലുംമൂട്

വെട്ടുറോഡിൽ നിന്നും കുന്നിനകം വഴി ആലുംമൂട്ടിലേക്ക് വെട്ടിതെളിച്ചിട്ടുള്ള റോഡ് എത്രയും പെട്ടെന്ന് ടാർ ചെയ്ത് തരണം. വെട്ടുറോഡിൽ നിന്നും കുന്നിനകം തമ്പുരാൻ ക്ഷേത്രത്തിന്റെ നടയിലേക്ക് വരുന്ന റോഡിന്റെ 30 അടി മാറി രണ്ട് ഭാഗത്തേയ്ക്ക് രണ്ട് ഉപറോഡുകളും തിരിയുന്നുണ്ട്. അത് രണ്ടും സഞ്ചാരയോഗ്യമാക്കണം (വടക്കും കിഴക്കും).

വെട്ടുറോഡിൽ നിന്നും മേലംങ്കോട്ട് ക്ഷേത്രം വഴി m. w. 8 ലേക്ക് പോകുന്ന റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം. റോഡിന്റെ ഇരു സൈഡിലും ഓടയും സൈഡ് വാളും കെട്ടണം.

വെട്ടുറേഡിൽ നിന്നും പിള്ളവീട് ക്ഷേത്രത്തിലേക്ക് പോകുന്ന റോഡ് കുന്നിനകം റോഡുമായി ബന്ധിപ്പിക്കുകയും സഞ്ചാരയോഗ്യമാക്കുകയും വേണം. ആലുംമൂട് തിട്ടാഴി റോഡ് സഞ്ചാരയോഗ്യമാക്കണം.

വലിയ വിളാകം കിഴക്കുംപുറം റോഡ് കുന്നുവെട്ടി താഴ്ത്തി വാഹനം പോയിവരുന്നതിനുള്ള സൗകര്യം ഉണ്ടാക്കി ടാർ ചെയ്ത് തരണം. ഈ റോഡ് പഞ്ചായത്തിന്റെ പ്ലാനിൽ ഉൾപ്പെട്ടതാണ്. മുത്താരമ്മൻ കോവിലിൽ നിന്ന് പടിഞ്ഞാറോട്ടുള്ള A.K.G താമസിക്കുന്ന വീട്ടിന്റെ അരികിൽ കൂടിയും മൂസാ സാറിന്റെ വീട്ടിന്റെ മുൻപിൽ കൂടിയും ഖനീഫ സാറിന്റെ വീട്ടിൽ ചെന്ന് അവസാനിക്കുന്ന റോഡ് സഞ്ചാരയോഗ്യമാക്കണം.

കുന്നിനകത്തുനിന്നും ചന്തവിള മുസ്ലീം പള്ളി നട റോഡുമായി ബന്ധപ്പെടുത്തി ഒരു പുതിയ റോഡ് ഉണ്ടാക്കുക.

മുസ്ലീം ഹൈസ്ക്കൂൾ ഗ്രൗണ്ടിനോട് ചേർന്ന് റെയിൽവേ ലൈനുമായി ബന്ധപ്പെടുന്ന റോഡ് ടാർ ചെയ്യുക.

മുസ്ലിം ഗേൾസ് ഹൈസ്ക്കൂൾ നടയിൽ നിന്നും കണിയാപുരം റെയിൽവേ സ്റ്റേഷനിലേക്കുള്ള റോഡ് ടാർ ചെയ്യണം.

വാർഡ് XI കണിയാപുരം ഠൗൺ

1 ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ച പുതിയ റോഡിന്റെ (രാജീവ് ഗാന്ധി റോഡ്) ടാർ ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.


2 മസ്താൻ മുക്കിൽ നിന്നും മങ്ങാട്ടു വഴിയിലേക്കുപോകുന്ന വരമ്പിന്റെ വീതി കൈവശാവകാശക്കാർ വിട്ടുതരുന്ന മുറക്ക് വീതി കൂട്ടി വാഹന ഗതാഗതത്തിനുള്ള സൗകര്യം ഉണ്ടാക്കുക.

3 ചാലിൽ റോഡിന്റെ ഒരു വശം ഓട നിർമ്മിച്ചു. റോഡ് ടാർ ചെയ്യുക.


4 നമ്പ്യാർകുളം വാടയിൽ മുക്കു റേഡ് മുറിച്ച് കടക്കുന്ന റെയിൽവെ ലൈനിൽ ലെവൽ ക്രോസ് സ്ഥാപിച്ചു വാഹന ഗതാഗതത്തിനുള്ള സൗകര്യം ഉണ്ടാക്കുക.

5 കണിയാപുരം U P സ്ക്കൂളിന് സൈഡിൽ കൂടി പോകുന്ന പരുത്തി റോഡിന്റെ ശോചനിയാവസ്ഥ മാറ്റുക, ഓട നിർമ്മിക്കുക.

6 ലക്ഷം വീടുകളുടെ മുൻവശത്തു കൂടി പോകുന്ന റോഡിന്റെ വീതികൂട്ടി ഗതാഗത സൗകര്യത്തിനായി രാജീവുഗാന്ധി റോഡുമായി ബന്ധപ്പെടുത്തുക.



കണിയാപുരം KSRTC ഡിപ്പോ



കണിയാപുരം റെയിൽവേസ്റ്റേഷൻ

വ്യവസായവും വാണിജ്യവും

വ്യവസായം

അണ്ടൂർക്കോണം പഞ്ചായത്തിലെ വ്യവസായങ്ങളുടെ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പശ്ചാത്തലം:-

അണ്ടൂർക്കോണം പഞ്ചായത്ത് പ്രദേശം പ്രധാനമായും കാർഷിക മേഖലയിലാണെങ്കിലും വ്യവസായപരമായ ഒരടിത്തറ ഈ പ്രദേശത്തിനുണ്ട്. വാർഡുനമ്പർ 1, 2, 3, 4, 5 എന്നിവയും പത്താം വാർഡിന്റെ കിഴക്കേ പകുതിയും ചെറിയ കുന്നിൻപുറങ്ങളും വയലേലകളും തോടുകളും കുളങ്ങളും കൊണ്ട് നിറഞ്ഞ ഇടനാടൻ പ്രദേശങ്ങളാണ്. പത്താം വാർഡിന്റെ പടിഞ്ഞാറെ പകുതിയും 6, 7, 8, 9, 11 വാർഡുകളും തീരദേശ സമതലത്തിൽ ഉൾപ്പെടുന്നു. വ്യാവസായിക അസംസ്കൃത പദാർത്ഥങ്ങളായ തേങ്ങ, തൊണ്ട്, ചിരട്ട, ചകിരിച്ചോറ്, ഇൻഡ്യൻ ക്ലേ, വിവിധ ഇനം പഴവർഗ്ഗങ്ങൾ മുതലായവ ഈ പ്രദേശത്ത് സുലഭമായി ലഭിക്കുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ അനേകം പരമ്പരാഗത കുടിൽ വ്യവസായങ്ങൾ കൊണ്ട് ധന്യമായിരിക്കുന്നു ഈ പ്രദേശം. തൊണ്ട്, കയർവ്യവസായം, എണ്ണ ആട്ട്, നെയ്ത്ത്, കക്കനീറ്റ്, ചൂരൽ വ്യവസായം, സ്വർണ്ണപ്പണി, ഫർണിച്ചർനിർമ്മാണം, കെട്ടിട സാമഗ്രികളുടെ നിർമ്മാണം എന്നിവ പ്രധാന കുടിൽ വ്യവസായങ്ങളായിരുന്നു. എന്നാൽ കാലക്രമേണ എണ്ണയാട്ട്, നെയ്ത്ത് എന്നീ പരമ്പരാഗത കുടിൽവ്യവസായങ്ങൾ നാശോമുഖമായി എങ്കിലും മറ്റു കുടിൽ വ്യവസായങ്ങൾ ഇന്നും ഈ പഞ്ചായത്ത് പ്രദേശത്ത് നിലനിന്നു പോരുന്നു.

അണ്ടൂർക്കോണം പഞ്ചായത്ത് പ്രദേശത്തെ വിവിധ വ്യവസായങ്ങളും അവ നേരിടുന്ന വെല്ലുവിളികളും :-

1. കയർ വ്യവസായം

അടുത്ത കാലം വരെ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് വ്യാപകമായി നടന്നിരുന്ന കയർവ്യവസായം ഇപ്പോൾ 8, 11 വാർഡുകളിൽ മാത്രം ഒതുങ്ങിയിരിക്കുകയാണ്.

4 – 5 വൻ തൊഴിലുടമകളുടെ കീഴിലായി 5000 ത്തിലേറെ തൊഴിലാളികൾ കയർ വ്യവസായം കൊണ്ട് ഉപജീവനം നേടിയിരുന്നു. ഒരു രൂപാ മിനിമം കൂലി ലഭിക്കാൻ വേണ്ടി ഈ പ്രദേശത്തെ തൊഴിലാളികൾ മുൻകാലഘട്ടങ്ങളിൽനടത്തിയ സമരപരമ്പരകൾ പ്രത്യേകം സ്മരണീയമാണ്. ഈ പ്രദേശത്ത് കയർ ഉൽപ്പന്നങ്ങൾ കയർ വാണിജ്യ രംഗത്ത് പ്രത്യേകം ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. എന്നാൽ കാലക്രമേണ വൻ തൊഴിലുടമകൾ ഈ രംഗം വിടുകയുണ്ടായി. ഇപ്പോൾ ഉദ്ദേശം 32 ചെറുകിട ഉൽപാദകർ മാത്രമാണ് നിലവിലുള്ളത്. അവരുടെ കീഴിൽ മൊത്തം 800 – ൽ പരം തൊഴിലാളികൾ ജോലി ചെയ്യുന്നു. കൂടാതെ പഞ്ചായത്ത് പ്രദേശത്ത് മൂന്ന് കയർ വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിലെല്ലാം കൂടി മൊത്തം 836 തൊഴിലാളികൾ ജോലി ചെയ്യുന്നു. കൂടാതെ 500 – ൽ പരം പേർ ഈ തൊഴിലുമായി ഭാഗികമായി ബന്ധപ്പെട്ടിരിക്കുന്നു. മൊത്തം 2200–ൽ പരം തൊഴിലാളികൾ കയർ മേഖലയിൽ പണിയെടുത്ത് ഉപജീവനം തേടുന്നു. 8–ാം വാർഡിൽ നിലനിന്നിരുന്ന കയർ വ്യവസായ സഹകരണ സംഘം നമ്പർ. 709 ലിക്വിഡേറ്റ് ചെയ്യപ്പെട്ടു. അതുപോലെ 7–ാം വാർഡിൽ സ്ഥാപിക്കപ്പെട്ട കയർ മാറ്റ്സ് മാറ്റിങ്സ് സഹകരണസംഘം തീകത്തിനശിക്കുകയുണ്ടായി.

കയർ വ്യവസായം നേരിടുന്ന വെല്ലുവിളികൾ:

1 വലിയ മൂലധനം മുടക്കി കയർ വ്യവസായത്തിൽ ഏർപ്പെട്ടിരുന്ന തൊഴിൽ ഉടമകൾ ഈ രംഗത്തുനിന്നും പിൻമാറി ഇന്ന് ഈ രംഗത്തുള്ള തൊഴിൽ ഉടമകളുടെ എണ്ണം പരിമിതമാണ്.

2 നമ്മുടെ കയർ ഉല്പന്നങ്ങൾക്ക് സ്ഥിരമായ കമ്പോളം ലഭിക്കുന്നില്ലാ എന്നതാണ് ഗുരുതരമായ പ്രശ്നം അന്യ സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങളുമായി മത്സരിക്കാൻ നമ്മുടെ കയർ ഉൽപ്പന്നങ്ങൾക്ക് കഴിയുന്നില്ല. വിലയുടെ അസ്ഥിരത വളരെ ഗുരുതരമായി വ്യവസായത്തെ ബാധിക്കുന്നു. തൽഫലമായി സഹകാര്യ വ്യവസായങ്ങളും മാത്രമല്ല കയർ സഹകരണ സംഘങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

3 ഐ. സി. ഡി. സി. സ്കീം അനുസരിച്ച് ഈ പഞ്ചായത്തിലെ മൂന്ന് കയർവ്യവസായ സഹകരണ സംഘങ്ങൾക്കും നവീകരണത്തിനുവേണ്ടി 18 ലക്ഷം രൂപാവീതം അനുവദിച്ച് കിട്ടുകയുണ്ടായി. യന്ത്ര സാമഗ്രികളും തുടങ്ങി സ്ഥാപിച്ചു കഴിഞ്ഞു. എന്നാൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുകാരണം പ്രവർത്തനം ആരംഭിച്ചിട്ടില്ല.

4 കയർ മേഖലയിലെ തൊഴിലാളികളിൽ 90% സ്ത്രീകളാണ്. തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളും വേണ്ടപോലെ നടത്തുന്നില്ല.

5 മറ്റ് വ്യവസായങ്ങളുമായി താരതമ്യപ്പെടുത്തിയാൽ വളരെ കുറഞ്ഞ കൂലിയാണ് കയർ വ്യവസായ തൊഴിലാളികൾക്ക് ലഭിക്കുന്നത്. സഹകരണ സ്ഥാപനങ്ങളിൽ പ്രതിദിനം 32 രൂപ മുതൽ 40 രൂപ വരെയും സ്വകാര്യ സ്ഥാപനങ്ങളിൽ 30 രൂപ മുതൽ 35 രൂപ വരെയുമാണ് ലഭിച്ചു വരുന്നത്. ഒരു വർഷം 150 ദിവസത്തിൽ കൂടുതൽ ജോലി കിട്ടുകയുമില്ല.

പരിഹാര നിർദ്ദേശങ്ങൾ

1 കയർ വ്യവസായികളിൽ നിന്നും കയർ വാങ്ങി സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിന് ഗവൺമെന്റോ കയർ ഫെഡോ കണ്ടൽ പ്രദേശത്ത് (8–ാം വാർഡിൽ ഒരു ഗോഡൗൺ സ്ഥാപിക്കേണ്ടതാണ്. ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തി വില നിശ്ചയിച്ച് കയർ വാങ്ങി വിപണനം നടത്തേണ്ടതാണ്.

2 മൂന്ന് കയർ സഹകരണ സംഘങ്ങളും നവീകരിക്കുന്നതിനുവേണ്ടി സ്ഥാപിച്ച യന്ത്രങ്ങളും പ്രവർത്തിപ്പിക്കുന്നതിന് കറണ്ട് സപ്ലൈ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3 കയർ ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് തൊഴിലാളികൾക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിന് മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം.

4 കയർ ബോഡിന്റെയോ കയർഫെഡിന്റെയോ ആഭിമുഖ്യത്തിൽ മാറ്റ് സ് ആൻറ് മാറ്റിംഗ് നിർമ്മാണശാല സ്ഥാപിക്കുക.

5 8–ാം വാർഡിൽ ഒരു കയർ വ്യവസായ സഹകരണ സംഘം കൂടി സ്ഥാപിച്ച് കൂടുതൽ തൊഴിൽരഹിതരായി കഴിയുന്ന തൊഴിലാളികളെ വ്യവസായ രംഗത്തേക്ക് കൊണ്ടുവരുക.

6 കയർ വ്യവസായ തൊഴിലാളികളുടെക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി തൊഴിലാളി ക്ഷേമ ബോർഡിന്റെ ഒരാഫീസ് കണിയാപുരം പ്രദേശത്ത് സ്ഥാപിക്കുക.

7 കണ്ടൽ, കരിച്ചാറ, കണിയാപുരം എന്നീ വീടങ്ങളിൽ പിത്ത് പ്ലാസ് ഉപയോഗിച്ച് ചകിരിച്ചോറിൽ നിന്നും വളം നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.

8 ചകിരിച്ചോറിൽ നിന്നും ഒരുതരം 'ഫ്ളൈ വുഡ്' പോലുള്ള സാധാനം നിർമ്മിക്കാൻ ആരംഭിച്ചിട്ടുണ്ട്. അത്തരം ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുക.

2 കൈത്തറി വ്യവസായം

അണ്ടൂർക്കോണം പഞ്ചായത്തിലെ 1, 2 വാർഡുകളിൽ ഉണ്ടായിരുന്ന ഈ പരമ്പരാഗതവ്യവസായം ഇന്ന് നാമ മാത്രമായി അധഃപതിച്ചിരിക്കുകയാണ്.

ഒന്നാം വാർഡിൽ ഗാന്ധിസ്മാരക നിധിയുടെ കീഴിൽ ഒരു കൈത്തറി നെയ്ത്ത് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

പരമ്പരാഗത നെയ്ത്തുകാരെ സംഘടിപ്പിച്ച് സഹകരണ മേഖലക്ക് കീഴിൽ കൊണ്ടുവരികയാണെങ്കിൽ ഈ വ്യവസായത്തെ ഈ പഞ്ചായത്തിൽ പുനരുദ്ധരിക്കാൻ സാധിക്കും

3 ചൂരൽ വ്യവസായം:-

അണ്ടൂർക്കോണം പഞ്ചായത്തിലെ 6, 8 എന്നീ വാർഡുകളിലെ ഒരു പരമ്പരാഗത വ്യവസായമാണിത്. പല കാരണങ്ങളും കൊണ്ടും ധാരാളം തൊഴിലാളികളും ഈ രംഗം വിട്ടു പോകുകയുണ്ടായി.

ഇപ്പോൾ 6–ാം വാർഡിൽ കരിച്ചാറ ചൂരൽ വ്യവസായ ഹരിജൻ സഹകരണ സംഘം നമ്പർ. ററി. 140 എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിച്ച് വരുന്നു. പ്രസ്തുത

സ്ഥാപനത്തിൽ 30–ൽ പരം തൊഴിലാളികളും ഉണ്ട്. കൂടാതെ 6–ാം വാർഡിൽ രണ്ട് വീടുകളിലും 7–ാം വാർഡിൽ ഒരു വീട്ടിലും 8–ാം വാർഡിൽ ഒരു വീട്ടിലും ഈ തൊഴിൽ നടക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ വളരെ പുരോഗമന സാദ്ധ്യതയുള്ള ഒരു വ്യവസായമാണിത്. പരിചയ സമ്പന്നരും എന്നാൽ തൊഴിൽ രഹിതരുമായ പല തൊഴിലാളികളും ഇവിടെയുണ്ട്.

ചൂരൽ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

1 ചൂരൽ ലഭിക്കാനുള്ള ബുദ്ധിമുട്ടാണ് ഏറ്റവും വലിയ പ്രശ്നം ആസാം, ബംഗാൾ എന്നിവിടങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ചൂരൽ സുലഭമല്ല; വിലയും കൂടുതൽ.

(2) ഈ രംഗത്തെ തൊഴിലാളികളെ സഹകരണ മേഖലയിൽ കൊണ്ടുവരാൻ പര്യാപ്തമായ പ്രവർത്തനം ഇല്ലെന്നുതന്നെ പറയാം.

പരിഹാര മാർഗ്ഗം

(1) പഞ്ചായത്തിന്റെയോ ഗവൺമെന്റിന്റെയോ നിയന്ത്രണത്തിൽ ഒരു ചൂരൽ വിതരണകേന്ദ്രം തുറക്കുക.

(2) പരിചയ സമ്പന്നരായ ചൂരൽ തൊഴിലാളികളെ സഹകരണ മേഖലയുടെ കീഴിൽ സംഘടിപ്പിക്കുക.

(3) താല്പര്യമുള്ള യുവജനങ്ങൾക്ക് എസ്. എസ്. ഐ. യൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുക.

(4) സർക്കാർ ആഫീസുകളിലും മറ്റും ചൂരൽ ഫർണിച്ചർ വാങ്ങാൻ നിർദ്ദേശിക്കുക

4 കക്കാ വ്യവസായം (കുമ്മായം നിർമ്മിക്കൽ)

ഈ പഞ്ചായത്തിലെ 8, 9 വാർഡുകളിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈവ്യവസായം ഇന്ന് തീരെ അധഃപതിച്ചിരിക്കുകയാണ്, പരിചയ സമ്പന്നരായ പരമ്പരാഗത തൊഴിലാളികൾ അധികവും രംഗം വിട്ടിരിക്കയാണ്.

കാനിനംകുളം കായലിന്റെ നല്ലൊരുഭാഗം നികത്തി കഴിഞ്ഞതിനാൽ കക്ക സുലഭമല്ലാതായി. കെട്ടിട നിർമ്മാണത്തിന് മറ്റ് സാധനങ്ങൾ ഉണ്ടായപ്പോൾ കുമ്മായത്തിന്റെ ഉപയോഗം തീരെ കുറഞ്ഞു. ചെലവും പ്രയത്നവുമായി താരതമ്യപ്പെടുത്തുമ്പോൾ കുമ്മായത്തിന്റെ വില ലാഭകരമല്ലാതായി. രാസവളങ്ങൾ സർവ്വ സാധാരണമായപ്പോൾ കർഷകർ കുമ്മായം ഉപയോഗിക്കുന്ന പതിവ് കുറഞ്ഞു.

ഇപ്പോൾ രണ്ടോ മൂന്നോ വ്യക്തികൾ മാത്രമാണ് ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ധനസഹായമോ വായ്പയോ ലഭ്യമാക്കിയില്ലെങ്കിൽ ഉള്ളവർ തന്നെ ഏറെ താമസിയാതെ ഈ രംഗം വിടുന്നതാണ്.

5 ഈറ വ്യവസായം

5–ാം വാർഡിൽ ഇന്നും നിലനിൽക്കുന്ന ഒരു പരമ്പരാഗത വ്യവസായമാണിത്. 12 കുടുംബങ്ങൾ ഈ തൊഴിൽ ചെയ്ത് ജീവിക്കുന്നു. വിദഗ്ദ്ധരായ തൊഴിലാളികൾ ധാരാളം ഇവിടെയുണ്ട്.

ഈറയുടെ ലഭ്യതയില്ലായ്മയാണ് ഈ രംഗത്തെ ഗുരുതരമായ പ്രശ്നം.

പരിഹാര മാർഗ്ഗം :

ഈറ തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു സഹകരണ സംഘത്തിൻ കീഴിൽകൊണ്ടുവരിക

ഈറയുടെ ലഭ്യത ഉറപ്പ് വരുത്തുക.

ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വിപണികൾ

കണ്ടെത്തുക.

തൊഴിലാളികൾക്ക് സാമ്പത്തിക സഹായങ്ങൾ നല്കുക.

ഈറ വ്യവസായത്തെ ആധുനികവല്ക്കരിക്കുന്നതിന് സാങ്കേതിക വിദഗ്ദ്ധരുടെ സഹായം തൊഴിലാളികൾക്ക് എത്തിക്കുക.

6 ഫർണിച്ചർ വ്യവസായം

വിവിധയിനം തടികൾ കൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും മറ്റ് ആകർഷകമായ സാധനങ്ങളും ഉണ്ടാക്കാൻ കരവിരുതുള്ള ധാരാളം പരമ്പരാഗത തൊഴിലാളികൾ ഉള്ള ഒരു പ്രദേശമാണിത്. എന്നാൽ ഈ വിദഗ്ദ്ധ തൊഴിലാളികളെ സഹകരണ മേഖലയുടെ കീഴിൽ കൊണ്ടുവന്നിട്ടില്ല. തൽഫലമായി പ്രതീക്ഷക്ക് വകയുള്ള വളരെ പ്രധാനപ്പെട്ട ഈ രംഗം ദൈനംദിനം അധഃപതിക്കുകയാണ്.

ഫർണിച്ചർ വില്പന ശാലകൾ പലതും

ഉണ്ടെങ്കിലും എസ്. എസ്. ഐ. രജിസ്ട്രേഷൻ ഉള്ള ഒരു ഫർണിച്ചർ നിർമ്മാണശാല മാത്രമേ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നുള്ളു. (8—ാം വാർഡിൽ)

പരിഹാര നിർദ്ദേശങ്ങൾ

(1) തല്പരരായ വ്യിദഗ്ദ്ധ തൊഴിലാളികളെ സംഘടിപ്പിച്ച് ''ആർട്ടിസാൻഡ് സഹകരണ സംഘങ്ങം'' രൂപീകരിക്കുക.

(2) അവർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങം നല്കുക.

8 എണ്ണയാട്ടുവ്യവസായം (കൊപ്ര)

അണ്ടൂർക്കോണം പഞ്ചായത്തുപ്രദേശത്തെ ഒരു പ്രധാന പരമ്പരാഗത വ്യവസായമാണ് കൊപ്രാ സംസ്ക്കരണവും എണ്ണയാട്ടും. ആധുനിക എണ്ണയാട്ട് യന്ത്രങ്ങളുടെ ആവിർഭാവത്തോടെ പരമ്പരാഗത തൊഴിലാളികം ഈ രംഗം വിട്ടൊഴിഞ്ഞു. എണ്ണയാട്ടുചെക്കുകം അപ്രത്യക്ഷമായി.

തേങ്ങാ വ്യാപാരികം കൊപ്ര സംസ്കരണയൂണിറ്റുകം നടത്തുന്നുണ്ട്. അത്തരം 20—ൽ പരം യൂണിറ്റുകം ഉണ്ട്.

വാർഡ് നമ്പർ 4, 7, 8, 11 എന്നിവിടങ്ങളിൽ സ്വകാര്യ എണ്ണയാട്ടുമില്ലുകം പ്രവർത്തിക്കുന്നു.

ഒരു കൊപ്രാ സഹകരണ സംഘം ആലുംമൂട്ടിൽ ഉണ്ട്. എന്നാൽ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല അവർ ഗാർഹികോപകരണങ്ങളുടെ വ്യാപാരമാണ് നടത്തുന്നത്.

കൊപ്ര വ്യവസായ രംഗത്തെ പ്രശ്നങ്ങൾ :

കൊപ്ര—എണ്ണയാട്ടുവ്യവസായങ്ങം തികച്ചും സ്വകാര്യ മേഖലയിലാണ്.

കൊപ്രയുടെ വിലനിലവാരം സ്ഥിരമല്ല. വെളിച്ചെണ്ണ വിലനിശ്ചയിക്കുന്നത് ബോംബെ തുടങ്ങിയ നഗരങ്ങളിലെ കുത്തകക്കാരാണ്. അതുകൊണ്ട് ഇവിടത്തെ എണ്ണയാട്ടുവ്യവസായികൾക്ക് കൂടെക്കൂടെ അപ്രതീക്ഷിതമായ നഷ്ടം ഉണ്ടാകുന്നു.

കേന്ദ്രഗവൺമെന്റിന്റെ താരിഫ്പ്പുനയത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങം വെളിച്ചെണ്ണ വിപണിയെ സ്വാധീനിക്കുന്നു.

പരിഹാര-മാർഗ്ഗങ്ങൾ :

അണ്ടൂർക്കോണം പഞ്ചായത്തിലെ കേരകർഷകരേയും അനുബന്ധ വ്യവസായികളെയും തൊഴിലാളികളെയും മുഴുവൻ ജനങ്ങളെയും സഹായിക്കാൻ വേണ്ടി അവധാനപൂർവ്വം ഒരു അനുബന്ധ വ്യവസായ ശൃംഗലക്ക് രൂപം നല്കണം.

1 കൊപ്ര സംസ്ക്കരണയൂണിറ്റ്.

2 എണ്ണയാട്ടു വ്യവസായകേന്ദ്രം.

3 തേങ്ങാപിണ്ണാക്ക് ഉപയോഗിച്ച്—(മൊളാസ്, കരിമ്പിൻചണ്ടി എന്നിവ ചേർത്ത്) കാലിത്തീറ്റ ഉല്പാദന കേന്ദ്രം.

4 ചിരട്ട ഉപയോഗിച്ച് കൗതുക വസ്തുക്കം ഉല്പാദിപ്പിക്കുന്ന ഒരു വ്യവസായ യൂണിറ്റ്.

5 ചിരട്ടക്കരി ഉല്പാദന കേന്ദ്രം.

6 ചിരട്ടക്കരിയിൽ നിന്നും Activatid—Carban ഉണ്ടാക്കുന്ന ഒരു വ്യവസായ കേന്ദ്രം. (വൻകിട വ്യവസായ രംഗത്ത് ആവശ്യം വേണ്ട ഒരു ശുദ്ധീകരണ സഹായിയാണ് Activated Carban.)

7 തേങ്ങാ ഉണക്കിപ്പൊടിച്ച് 'Cake' or Chocalate മുതലായവ ഉണ്ടാക്കുന്ന ഒരു യൂണിറ്റ്.

8 വെളിച്ചെണ്ണ ഉപയോഗിച്ച് ഒരു സോപ്പു വ്യവസായ യൂണിറ്റ്.

മേൽ സൂചിപ്പിച്ച അനുബന്ധ വ്യവസായങ്ങം പഞ്ചായത്തിന്റെയോ, ഗവൺമെന്റിന്റെയോ, ഉടമസ്ഥതയിലോ, സഹകരണാടിസ്ഥാനത്തിലോ നടത്താവുന്നതാണ്.

5—ാം വാർഡിൽ CRP കേന്ദ്രത്തിന്റെ ഇരുവശങ്ങളിലായി സ്ഥിതിചെയ്യുന്ന മിച്ചഭൂമി, പ്രസ്തുത വ്യവസായ യൂണിറ്റുകം സ്ഥാപിക്കാൻ ഉപയോഗിക്കാവുന്നതാണ്.

ആ പ്രദേശങ്ങളെ ഒരു വ്യവസായ മേഖലയായി പ്രഖ്യാപിക്കുകയും (Industinal Ariea) മിച്ചമുള്ള സ്ഥലങ്ങളെ സ്വകാര്യ SSI യൂണിറ്റുകൾക്കുവേണ്ടി വാടകക്കു കൊടുക്കാവുന്നതുമാണ്.

അണ്ടൂർക്കോണം പഞ്ചായത്ത് പ്രദേശത്തു സ്ഥിതി ചെയ്യുന്ന മറ്റ് ചെറുകിട-കുടിൽ (സ്വകാര്യ) വ്യവസായങ്ങൾ :

1 **തടിമില്ലുകളും ഫ്ളവർ മില്ലുകളും**

7, 9, 11 വാർഡുകളിൽ തടി മില്ലുകളും പ്രവർത്തിക്കുന്നു. എല്ലാ വാർഡുകളിലും ഫ്ളവർ മില്ലുകളും പ്രവർത്തിക്കുന്നുണ്ട്.

രണ്ടുതരം മില്ലുകൾക്കും ഇനിയും വളരെയേറെ വിജയ സാദ്ധ്യതയുണ്ട്. യൂണിറ്റുകളും തുടങ്ങാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് സാങ്കേതിക ഉപദേശവും സാമ്പത്തിക സഹായവും ലഭ്യമാക്കണം.

2 **ആഭരണ നിർമ്മാണം**

7 വാർഡുകളിൽ ആഭരണങ്ങൾ നിർമ്മിച്ച് ഉപജീവനം നേടുന്നവരുണ്ട്. വളരെ പുരോഗമന സാദ്ധ്യതയുള്ളഒരു മേഖലയാണിത്

പ്രഗത്ഭരായ ആഭരണ നിർമ്മാണ തൊഴിലാളികളെ സഹകരണ മേഖലക്കുകീഴിൽ കൊണ്ടുവരേണ്ടതും സാമ്പത്തിക സഹായം നൽകേണ്ടതുമാണ്.

3 **ക്ഷീരോല്പാദനം**

പശു വളർത്തലും ക്ഷീരോല്പാദനവും ഗാർഹികാടിസ്ഥാനത്തിൽ വിപുലമായി നടത്തുന്നുണ്ട്. അനേകം ആളുകളുടെ ഒരു ഉപജീവന രംഗമാണിത്. ജനങ്ങളുടെ ആരോഗ്യ പ്രശ്നം കൂടി ഈ മേഖലയെ ആശ്രയിക്കുന്നതിനാൽ ഇതിനെ സഹകരണ മേഖലയ്ക്കു കീഴിൽ പൂർണ്ണമായും കൊണ്ടുവരേണ്ടതാണ്.

ഇപ്പോൾ 3, 4, 5, 8 എന്നീ വാർഡുകളിൽ ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. എല്ലാ വാർഡുകളിലും ഇത്തരം സഹകരണ സംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ വഴി പശുക്കളെ വിതരണം ചെയ്യുക, വായ്പ നൽകുക, പശുക്കൾക്ക് ചികിത്സാ സൗകര്യം ഏർപ്പെടുത്തുക. ബീജസങ്കലനം നടത്താൻ സഹായിക്കുക, പാൽ വിപണനത്തെ സഹായിക്കുക, ക്ഷീരോല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക ആദിയായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

4 **പാറ പൊട്ടിക്കലും മെറ്റൽ നിർമ്മാണവും (ക്വാറി യൂണിറ്റ്)**

വളരെയധികം വിജയ സാദ്ധ്യതയുള്ള ഒരു വ്യവസായ മേഖലയാണിത്. കെട്ടിട നിർമ്മാണം ദൈനംദിനം വർദ്ധിച്ച് വരുന്നതിനാൽ മെറ്റലിന്റെ ആവശ്യകതയും ഏറുന്നു.

ഈ പഞ്ചായത്തിലെ 5 വാർഡുകളിലായി 150–ൽ പരം തൊഴിലാളികൾ പാറപൊട്ടിക്കൽ ജോലി ചെയ്ത് ജീവിക്കുന്നു. ഈ തൊഴിലാളികളെ മുഴുവൻ സഹകരണ മേഖലയുടെ കീഴിൽ കൊണ്ടുവരേണ്ടതാണ്.

5–ാം വാർഡിലെ ക്വാറി തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഒരു സഹകരണ സംഘം രൂപീകരിക്കാൻ ഗവൺമെന്റ് സഹായത്തോടെ 4 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. ടി സ്ഥലത്ത് സംഘം ആഫീസ് മന്ദിരം പണിയുന്നതിനും സംഘം രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

5 **വസ്ത്ര നിർമ്മാണം**

വളരെ വിജയ സാദ്ധ്യതയുള്ള ഒരു രംഗമാണിത്. 10–ാം വാർഡിൽ രണ്ട് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

6 **കോഴി വളർത്തൽ**

പൗൾട്രിഫാം എന്നപേരിൽ ബോർഡുകൾ പലയിടത്തും കാണുന്നെങ്കിലും എങ്ങും തന്നെ കോഴി വളർത്തൽ കാണുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്. തമിഴ്നാട്ടിൽ നിന്നും വരുന്ന കോഴികളുടെ വില്പനയാണ് ഈ ബോർഡുകൾക്ക് പിന്നിൽ നടക്കുന്നത്. പൗൾട്രി ഫാം നടത്താൻ വേണ്ടി മൃഗസംരക്ഷണവകുപ്പിൽ നിന്നും നേടുന്ന സാമ്പത്തിക സഹായം ഉപയോഗിച്ചാണ് ഈ കോഴിക്കച്ചവടം നടത്തുന്നത്. ഇത് നിരുത്സാഹപ്പെടുത്തേണ്ടതും കോഴിവളർത്താൻ മുന്നോട്ടുവരുന്നവരെ സഹായിക്കേണ്ടതുമാണ്.

കോഴി വളർത്തൽ നിർബന്ധമായും സഹകരണാടിസ്ഥാനത്തിൽ പുനരാരംഭിക്കേണ്ടതാണ്.

7 ബേക്കറി വ്യവസായം:-

പഞ്ചായത്തതൃത്തിക്കകത്ത് രണ്ട് ബേക്കറി കളം പ്രവർത്തിക്കുന്നു. ബ്രഡ്, ബൻ, കേക്ക് മുതലായവ ഇവിടെ ഉല്പാദിപ്പിക്കുന്നു.

വളരെ വിജയ സാദ്ധ്യതയുള്ള ഒരു മേഖ ലയാണിത്,

8 വെൽഡിങ് വർക്ക് ഷാപ്പുകൾ:-

പഞ്ചായത്ത് പ്രദേശത്ത് ആകെ മൂന്ന് വെൽഡിങ് വർഷാപ്പുകളം നടക്കുന്നു. വളരെ വിജയസാധ്യതയുണ്ട്.

9 ആട്ടോമൊബൈൽ വർഷാപ്പുകൾ:-

പഞ്ചായത്ത് പ്രദേശത്ത് രണ്ട് ആട്ടോ മൊബൈൽ വർക്ഷാപ്പുകളം ഉണ്ട്. ഇതും വളരെയധികം വിജയ സാദ്ധ്യതയുള്ള ഒരു മേഖലയാണ്.

10 അച്ചടി വ്യവസായം :-

പഞ്ചായത്ത് പ്രദേശത്ത് നാല് അച്ചടി ശാലകളം പ്രവർത്തിച്ച് വരുന്നു. ഇതും വളരെ വിജയ സാദ്ധ്യതയുള്ള ഒരു മേഖലയാണ്.

11 താബൂക്ക് വ്യവസായം:- ഒരു താബൂക്ക് വ്യവസായ യൂണിറ് 3-ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്.

വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം :-

കയർ വ്യവസായ തൊഴിലാളികളിൽ 90% സ്ത്രീകളാണെന്നതൊഴിച്ചാൽ വ്യവസായരംഗ ത്തെ സ്ത്രീ പങ്കാളിത്തം തികച്ചും അപര്യാ പ്തമാണ്. സംരംഭകരായി സ്ത്രീകളം മുന്നോ ട്ടു വരുന്നില്ല.

വനിതാ-വ്യവസായ സഹകരണ സംഘ ങ്ങളം രൂപീകരിച്ച് സ്ത്രീകളെ വ്യവസായ സംരംഭങ്ങളം ആരംഭിക്കാൻ സജ്ജരാക്കുന്നതു വഴി മാത്രമേ ഈ രംഗത്തു പുരോഗതി കൈ വരിക്കാൻ സാധിക്കുകയുള്ളു.

കോഴിവളർത്തൽ	മെഴുകുതിരി നിർമ്മാണം
പാൽ വ്യവസായം	സാമ്പ്രാണി (ചന്ദനം)
ഗാർമെൻറ് മേക്കിങ്	തിരി വ്യവസായം
തയ്യൽ	എലക്ട്രോണിക് വ്യവസായം
ബേക്കറി വ്യവസായം	ഈറ വ്യവസായം
സോപ്പ് നിർമ്മാണം	കറി പൗഡർ നിർമ്മാണം

അച്ചാർ എന്നിവക്ക് മഹിളാ സഹകരണ സംഘങ്ങം രൂപീകരിച്ച് സ്ത്രീകളെ വ്യവസായ സംരംഭങ്ങളുമായി സഹകരിപ്പിക്കാവുന്നതാണ്.

വ്യവസായ മേഖലയിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്ക് :-

അണ്ടൂർക്കോണം പഞ്ചായത്തിനെ സംബ ന്ധിച്ചിടത്തോളം വ്യവസായ രംഗത്തെ സഹ കരണ പ്രസ്താനത്തിന്റെ പ്രവർത്തനം തൃ പ്തികരമോ പര്യാപ്തമോ അല്ല. കയർ വ്യവ സായം, ചൂരൽ വ്യവസായം, ക്ഷീരോല്പാദ നം എന്നീ രംഗങ്ങളിൽ മാത്രമാണ് സഹകരണ സംഘങ്ങം ഉള്ളത്; അതും അപര്യാപ്തമാണ്

വ്യവസായ സംരംഭകരായി സ്ത്രീകം മു ന്നോട്ടുവരണമെങ്കിൽ മഹിളാസഹകരണ സംഘ ങ്ങം രൂപീകരിച്ച് സ്ത്രീകളെ വ്യവസായ രംഗത്തേക്ക് കൊണ്ടുവരേണ്ടതാണ്.

അണ്ടൂർക്കോണം സർവ്വീസ് സഹകരണ സംഘം വ്യവസായ രംഗത്തേക്ക് ശ്രദ്ധ തിരി ച്ചിട്ടില്ല. കൺസ്യൂമർ രംഗത്തും അതിന്റെ പ്രവർത്തനം പര്യാപ്തമല്ല.

ഏതുവിധത്തിൽ നോക്കിയാലും സഹകര ണ പ്രസ്താനത്തിൽ കൂടി മാത്രമേ നമ്മുടെ പഞ്ചായത്തിൽ വ്യവസായ വാണിജ്യ രംഗങ്ങ ളിൽ പുരോഗതി നേടാൻ സാധിക്കുകയുള്ളു. അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

ഓരോ ഗ്രാമസഭയിലും ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ :-

വാർഡ് I

ചെറുകിട വ്യവസായ യൂണിറുകളം സ്ഥാ പിക്കണം. (സോപ്പ് നിർമ്മാണം, മെഴുകു തിരി നിർമ്മാണം, അച്ചാർ നിർമ്മാണം, തയ്യൽ യൂണിറ് മുതലായവ.)

ഒരു ഗാർമെൻറ് മേക്കിങ് സഹകരണ യൂണി റ് സ്ഥാപിക്കണം.

ഒരു ഹാൻസി ക്രാപ്റ്റ്സ് സഹകരണ സം ഘം സ്ഥാപിക്കണം.

കൊപ്രാ വ്യവസായത്തെ സഹായിക്കണം. അതിനുവേണ്ടി ഒരു കൊപ്രാ ആട്ടുന്ന വ്യവ സായശാല സ്ഥാപിക്കണം.

പൗൾട്രി ഫാംസും, മാവേലി സ്റോറും ആരംഭിക്കണം.

ആഭരണ വ്യവസായത്തെ സഹായിക്കണം.

വാർഡ് II

തിരുവെള്ളൂരിൽ ഒരു ക്ഷീരവ്യവസായ സഹകരണ സംഘംരൂപീകരിക്കണം. തൊഴിൽ രഹിതരായ വനിതകളെ ചേർത്ത് ഒരു സഹകരണ സംഘം കീഴാവൂരിൽ ആരംഭിക്കണം. അതിന്റെ കീഴിൽ ചെറുകിട വ്യവസായ യൂണിറ്റുകളും ആരംഭിക്കണം തിരുള്ളൂർ, തെറിച്ചിറ എന്നിവിടങ്ങളിലെ ഹരിജനങ്ങളെ ചേർത്ത് ഒരു ഹരിജൻ വ്യവസായ സഹകരണസംഘം രൂപീകരിക്കണം.

വാർഡ് III ഒരു കൊപ്രാസംഭരണ കേന്ദ്രവും ഒരു ഓയിൽമില്ലും സ്ഥാപിക്കണം.

ഒരുകൊപ്രാ സംഭരണഡിപ്പോ സ്ഥാപിക്കണം വനിതാ സഹകരണസംഘം രൂപീകരിച്ച് അച്ചാറുകളും, ബേക്കറി സാധനങ്ങളും എന്നിവ ഉല്പാതിപ്പിക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കണം.

സഹകരണാടിസ്ഥാനത്തിൽ ഒരുതയ്യൽ (ഗാർമെൻറ് മേക്കിങ്) യൂണിറ്റും, പൗൾട്രിഫാമും ആരംഭിക്കണം.

വാർഡ് IV സഹകരണാടിസ്ഥാനത്തിൽ നെയ്ത്തു യൂണിറ്റും ഡ്രസ്മേക്കിങ് യൂണിറ്റും ആരംഭിക്കണം. യൂണിറ്റ് ആരംഭിക്കാനുള്ള സ്ഥലം നല്കാൻ നാട്ടുകാർ തയ്യാറാണ്.

ധാന്യമാവുകളും, കറിപൗഡറുകളും എന്നിവ ഉണ്ടാക്കി പാക്ക് ചെയ്യുന്ന ഒരു യൂണിറ്റ് ആരംഭിക്കണം.

ഒരു വനിതാ സമാജം ആരംഭിക്കണം.

വാർഡ് V ഈ വാർഡിൽപ്പെട്ട ശ്രീപാദം കോളനി, കട്ടച്ചിറക്കോണം ഹരിജൻ കോളനി എന്നിവിടങ്ങളിലെ പാറപൊട്ടിക്കൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിക്ഷേമത്തിനു വേണ്ടി സർക്കാർ സഹായത്തോടെ വാങ്ങിയ 4 സെൻറ് ഭൂമിയിൽ കെട്ടിടം വയ്ക്കുന്നതിനും സംഘം രൂപീകരിച്ച് പ്രവർത്തിക്കുന്നതിനും അടിയന്തിര നടപടി ഉണ്ടാകണം.

പൗൾട്രി ഫാംസ് തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായം ലഭ്യമാക്കണം.

വനിതാ സഹകരണ സംഘം രൂപീകരിച്ച് വനിതകളുടെ ആഭിമുഖ്യത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകളും ആരംഭിക്കണം.

വാർഡ് VI സഹകരണ സംഘങ്ങളും രൂപീകരിച്ച് വ്യവസായ യൂണിറ്റുകളും സ്ഥാപിക്കണം.

അഭ്യസ്തവിദ്യരായ യുവാക്കളെ അവരുടെകഴിവനുസരിച്ച് വ്യവസായങ്ങളുമായി ബന്ധപ്പെടുത്തണം.

തയ്യൽ യൂണിറ്റ്. മെഴുകുതിരി നിർമ്മാണം, അച്ചാർ നിർമ്മാണം, കോഴി വളർത്തൽ, പശുവളർത്തൽ എന്നിവയാണ് ഇർ വാർഡിൽ സ്ഥാപിക്കാവുന്ന വ്യവസായങ്ങളും.

വാർഡ് VII വ്യവസായപരമായി വളരെ പിന്നോക്കം നില്ക്കുന്ന ഒരു വാർഡാണിത്. അഭ്യസ്തവിദ്യരായ യുവാക്കളും, പ്രത്യേകിച്ചും സ്ത്രീകളും തൊഴിലില്ലാത്തവർ ധാരാളമുണ്ട്. താഴെപ്പറയുന്ന വ്യവസായ യൂണിറ്റുകളും ഇവിടെ ആരംഭിക്കേണ്ടതാണ്.

സോപ്പ് വ്യവസായം
മെഴുകുതിരി നിർമ്മാണം
ഇഷ്ടിക നിർമ്മാണം
ഹോട്ടികൾച്ചറൽ നഴ്സറി

ഒരു വനിതാ സഹകരണ സംഘം രൂപീകരിച്ച് വനിതകളെ വ്യവസായ രംഗത്തേക്ക് ആകർഷിക്കേണ്ടതാണ്.

വാർഡ് VIII ഈ വാർഡിൽ ധാരാളം കുടിൽ ചെറുകിട കയർ വ്യവസായികളുണ്ട്. അവരെ സഹായിക്കാൻ ഒരു കയർ സംരംഭ യൂണിറ്റ് ആരംഭിക്കണം.

സ്ത്രീ സംരംഭകരെരംഗത്തിറക്കാൻവേണ്ടി ഒരുവനിതാ സഹകരണ സംഘം രൂപീകരിക്കണം.

രണ്ട് സഹകരണ സംഘങ്ങളും ആരംഭിച്ചിട്ടുള്ള യന്ത്രവൽകൃത യൂണിറ്റ് കറണ്ട് സപ്ലൈ ലഭിക്കാത്തതിനാൽ പ്രവർത്തിക്കാതിരിക്കുകയാണ്. അവർക്ക് ഉടൻ തന്നെ കറണ്ട് കണക്ഷൻ കൊടുക്കണം.

പുതിയ ചെറുകിട വ്യവസായ യൂണിറ്റുകളും സ്ഥാപിക്കണം.

വാർഡ് IX വനിതാ സഹകരണ സംഘം രൂപീകരിച്ച് അതിന്റെ കീഴിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം. അതിനുവേണ്ടി 2 സെന്റ് സ്ഥലം ഒരു വ്യക്തി സംഭാവന ചെയ്യുന്നതാണ്.

വാർഡ് X 10-ാം വാർഡിൽ വളരെ പിന്നോക്കം നിൽക്കുന്ന കുന്നിനകത്തെ സ്ത്രീകൾക്കുവേണ്ടി ഒരു വനിതാവ്യവസായ സഹകരണ സംഘം രൂപീകരിച്ച് അതിന്റെ കീഴിൽ താഴെ പറയുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.

ഗാർമെന്റ് മേക്കിംഗ്, തയ്യൽ, കറി പൗഡർ, അച്ചാർ, ബേക്കറി സാധനങ്ങൾ നിർമ്മാണം, ബ്രഡ് നിർമ്മാണം.

വാർഡ് XI ഇപ്പോൾ പ്രവർത്തിച്ചുവരുന്ന തടിമില്ലുകൾക്ക് ആവശ്യമായ വോൾട്ടേജിൽ കറണ്ട് സപ്ലൈ നിലനിർത്തണം.

പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വ്യവസ്ഥകൾ അയവുള്ളതാക്കണം. നികുതികൾ കുറക്കണം.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 2 മുറികൾ ഒഴിഞ്ഞുകിടക്കുകയാണ്. അവ ഇന്നാട്ടുകാരായ സംരംഭകർക്ക് ലഭ്യമാക്കാൻ നടപടിയെടുക്കണം.

നിലവിലുള്ള യൂണിറ്റുകളിൽ ഇന്നാട്ടുകാർക്ക് കൂടി ജോലി ലഭിക്കണം.

വാർഡിൽ പുതിയ വ്യവസായ യൂണിറ്റുകൾ—കോഴി വളർത്തൽ, കൈത്തറി എന്നിവ ആരംഭിക്കണം. ഈ യൂണിറ്റുകൾ പഞ്ചായത്ത് ആഭിമുഖ്യത്തിലോ സഹകരണാടിസ്ഥാനത്തിലോ ആരംഭിക്കണം. വനിതാ വ്യവസായ സഹകരണ സംഘം കൂടി ആരംഭിച്ച് അവരുടെ അഭിരുചിക്കനുസരിച്ചുള്ള വ്യവസായത്തിൽ മുൻഗണന നൽകുക.

കണിയാപുരം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

മുമ്പ് കണിയാപുരം പബ്ലിക് മാർക്കറ്റ് സ്ഥിതിചെയ്തിരുന്ന സ്ഥലത്താണിപ്പോൾ മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ചിരിക്കുന്നത്. 8 വ്യവസായ യൂണിറ്റുകൾ നടത്താനാണ് ഇവിടെ സൗകര്യമുണ്ടാക്കിയിരിക്കുന്നത്. എല്ലാ യൂണിറ്റിനും മുന്നിലും നെയിം ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും രണ്ടെണ്ണം പൂട്ടികിടക്കുകയാണ്.

ok em-ARTS & CRATS
Sulu Rubber Industries എന്നിവ പൂട്ടികിടക്കുന്നു.

പ്രവർത്തനമുള്ള 6 യൂണിറ്റുകളിലായി 41 തൊഴിലാളികൾ ജോലിചെയ്യുന്നു.

പൂട്ടികിടക്കുന്ന യൂണിറ്റുകൾ തുറന്നുപ്രവർത്തിക്കുന്നതിനോ അല്ലെങ്കിൽ ഇന്നാട്ടുകാരായ സംരംഭകർക്ക് ലഭ്യമാകുന്നതിനോ പഞ്ചായത്ത് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

വ്യവസായവത്കരണം വഴിമാത്രമേ ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാനും അതുവഴി ജീവിത നിലവാരം മെച്ചപ്പെടുത്താനും സാധിക്കുകയുള്ളൂ.

സാങ്കേതിക വിദ്യാഭ്യാസം നേടിയ ധാരാളം യുവതീയുവാക്കൾ ഇവിടെ തൊഴിൽ രഹിതരായിട്ടുണ്ട്. അസംസ്കൃത പദാർത്ഥങ്ങളും ഇവിടെ ലഭ്യമാണ്. ഇവ സംയോജിപ്പിച്ച് താഴെ പറയുന്നവയിൽ അനുയോജ്യമായ വ്യവസായം തെരഞ്ഞെടുത്ത് മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കാൻ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ളവക്കു പുറമെ നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കാവുന്ന വിജയസാദ്ധ്യതയുള്ള വ്യവസായങ്ങൾ :-

ഇനം

1 പഴവർഗ്ഗങ്ങൾ സംസ്ക്കരിക്കുന്ന വ്യവസായം.

2 സ്ക്വാഷ്, ജാം തുടങ്ങിയവയുടെ നിർമ്മാണം.

3 മെഴുകുതിരി നിർമ്മാണം.

4 സാമ്പ്രാണി (കുമിഞ്ചാൻ, ചന്ദനം) തിരി നിർമ്മാണം.

5 കൊതുകു നിവാരണ (Mosqm to Repelleint equipmand) ഉപകരണങ്ങൾ.

6 പർപ്പിടക നിർമ്മാണം.

7 റബ്ബർപാൽ (Polymer) കൊണ്ടുള്ള കൈയ്യുറ പോലുള്ള സാധനങ്ങൾ.
8 ചെലവുകുറഞ്ഞ ആട്ടോ മൊബൈൽ സ്പെയർ പാർട്ടുകൾ.
9 പാലിൽ നിന്നുള്ള വിവിധ ഉല്പന്നങ്ങൾ
10 ചിരട്ട കൊണ്ടുള്ള ഫാൻസി സാധനങ്ങൾ.
11 തെങ്ങിൻ തടി കൊണ്ടുള്ള ഫാൻസി സാധനങ്ങൾ.
12 കാലിത്തീറ്റ
13 ഇരുമ്പ് ആണികൾ, വേലികെട്ടുന്ന കമ്പി മുതലായവ.
14 അപ്ഹോസ്റ്ററി (വാഹനങ്ങളുടെ സീറ്റ് മുതലായവ)
15 ഫ്ളവർ മിൽ
16 അലൂമിനിയം പാത്രങ്ങൾ
17 അലൂമിനിയം ഫാബ്രിക്കേഷൽ സാമഗ്രികൾ.
18 ഇലക്ട്രോണിക് സാമഗ്രിരികൾ.
19 ആൻറിന, ഡിഷ് ആൻറിന എന്നിവ
20 ആട്ടോ മൊബൈൽ വർക്ക് ഷോപ്പ്.
21 ജനറൽ എൻജിനിയറിംഗ് വർക്ക് ഷോപ്പ്.
22 ഇഷ്ടിക നിർമ്മാണം
23 താബൂക്ക് (ഹോളോ ബ്രിക്സ്) നിർമ്മാണം.
24 ആയൂർവേദ ഔഷധ നിർമ്മാണം.
25 സൈക്കിൾ സ്പെയർ പാർട്ട്സ് നിർമ്മാണം.

കണിയാപുരം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ.

ക്രമ: നമ്പർ.	യൂണിറ്റിൻെറ പേര്	വിഭാഗം	തൊഴിലാളികൾ പു:	സ്ത്രീ	ആകെ	പ്രതിശീർഷ വേതനം രൂ.	സ.
1	Ayswarya Ventures	clay processing	3	–	3		
2	Asian spices	Powder of provisions	4	4	8		
3	Robust Bread	Bread	5	3	8		
4	Maria food Products	food Products	10	–	10		
5	Asian Home Appliances	House hold Articles	5	3	8		
6	Cochin Nitrates	Crank unit	4	–	4		
		ആകെ			41		

അനുബന്ധം I

അണ്ടൂർക്കോണം പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള വ്യവസായ സഹകരണ സംഘങ്ങൾ.

ക്രമ നമ്പർ.	വിഭാഗം	വാർഡ് നമ്പർ.	തൊഴിലാളികൾ പു:	സ്ത്രീ	ആകെ	പ്രതീ ശീർഷവേതനം രൂ.	സ
1	കയർ വ്യവസായ സഹകരണസംഘം കണിയാപുരം C V C S No. 46	11	28	352	386		
2	Do കണ്ടൽ CVCS No. 707	8	25	250	275		
3	Do കരിച്ചാറ C V C S No. 530	8	16	165	181		
4	ഹരിജൻ ചൂരൽ വ്യവസായ സഹകരണ സംഘം കരിച്ചാറ No. T. 140		19	1	20		
5	പ്രിയദർശിനി ഗാർമെൻറ്സ് സഹകരണ സംഘം സി, ആർ. പി. ജംഗ്ഷൻ		–	10	10		
6	ക്ഷീരോല്പാദന സഹകരണ സംഘം, അണ്ടൂർക്കോണം നമ്പർ. 122		3	1	4		
7	,, പായ്ച്ചിറ		3	1	4		
8	,, കരിച്ചാറ		3	1	4		
9	,, സി. ആർ. പി. ജംഗ്ഷൻ		3	1	4		

അനുബന്ധം II

അണ്ടൂർക്കോണം പഞ്ചായത്തിൽ നിലവിലുള്ള കുടിൽ വ്യവസായങ്ങൾ

ക്രമ നമ്പർ.	വിഭാഗം	കുടിൽ വ്യവസായ യൂണിറ്റുകളും	തൊഴിലാളികളുടെ എണ്ണം പു:	സ്ത്രീ	ആകെ
1	കയർ	32	230	1406	1636
2	കൈത്തറി	2	—	6	6
3	ചൂരൽ	4	2	2	4
4	ഈറ	1	—	2	2
5	ഫർണിച്ചർ	10	20	—	20
6	എണ്ണയാട്ട്	Nil			
7	കൊപ്രാ വ്യവസായം	8	16	—	16
8	കോഴിവളർത്തൽ	2	2	2	4
9	ആഭരണം	6	12	—	12
10	തയ്യൽ	30	30	—	30
11	പാറപൊട്ടിക്കൽ (ക്വാറി യൂണിറ്റ്)	1	—	5	5
12	കക്ക നീറ്റൽ	2	2	2	4
13	അലൂമിനിയം ഫേബ്രിക്കേഷൻ (ഫാൻസി)	3	9	—	9
14	ബേക്കറി	1	2	—	2
15	ആട്ടോ മൊബൈൽ വർക്ക്ഷോപ്പ്	1	3	—	3

അണ്ടൂർക്കോണം പഞ്ചായത്തിൽ നിലവിലുള്ള രജിസ്ട്രേഡ്

SSI (ചെറുകിട) യൂണിറ്റുകൾ

ക്രമ നമ്പർ.		എണ്ണം	തൊഴിലാളികളും പു:	സ്ത്രീ	ആകെ
1	കയർ	15	15	30	45
2	എണ്ണയാട്ട്	4	8	—	8
3	ഫ്ളവർ മിൽ	10	20	—	20
4	തടി മിൽ	2	10	—	10
5	വസ്ത്ര നിർമ്മാണം	2	10	10	20
6	അച്ചടി ശാല	4	4	6	10
7	വെൽഡിംഗ് വർക്ക്ഷോപ്പ്	2	10	—	10

വാണിജ്യം:-

വ്യവസായ രംഗത്തെന്നപോലെ വാണിജ്യ രംഗത്തും അണ്ടൂർക്കോണം പഞ്ചായത്തുപ്രദേശത്തിന് മഹത്തായ ഒരു സ്ഥാനമുണ്ട്.

പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്ന പള്ളിപ്പുറവും പടിഞ്ഞാറേ അത്യത്തിയിൽ സ്ഥിതിചെയ്യുന്ന കണിയാപുരംപുത്തൻകടവും ഉദ്ദേശം 30 വർഷം മുമ്പുവരെ തിരക്കുപിടിച്ച വാണിജ്യ കേന്ദ്രങ്ങളായിരുന്നു.

തെങ്ങും കയറുമായി ബന്ധപ്പെട്ട വ്യാപാരങ്ങളും, കൊപ്ര വ്യാപാരം, പലചരക്കുവ്യാപാരം, എന്നിവ പുത്തൻ കടവിൽ കേന്ദ്രീകരിച്ചിരുന്നു. കൊല്ലം, ആലപ്പുഴ, കൊച്ചി എന്നിവിടങ്ങളിലേക്ക് ജലമാർഗ്ഗമുള്ള ചരക്കുഗതാഗതം പുത്തൻകടവിൽ നിന്നും സ്ഥിരമായി ഉണ്ടായിരുന്നു.

കയർ വ്യവസായരംഗത്തുണ്ടായ സ്തംഭനവും ഗതാഗത രംഗത്തുണ്ടായ നൂനത വ്യതിയാനങ്ങളും പുത്തൻകടവിന്റെ പ്രാധാന്യത്തിനു മങ്ങലേല്പിച്ചു.

കണിയാപുരം റയിൽവേ സ്റ്റേഷൻ പരിസരമാണ് അതിനുശേഷം പ്രധാന വാണിജ്യ കേന്ദ്രമായത്. എന്നാൽ കണിയാപുരത്ത് നിർത്തുന്ന തീവണ്ടികളുടെ എണ്ണത്തിലുണ്ടായ കുറവ്, റെയിൽവേ സ്റ്റേഷൻ പരിസരത്തിന്റെ വാണിജ്യ പ്രാധാന്യത്തിനു മങ്ങലേല്പിച്ചു. കണിയാപൂരം പബ്ലിക് മാർക്കറ്റ് കാമ്പൗണ്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു എടുത്തതോടെ റെയിൽവേ സ്റ്റേഷൻ പരിസരം തികച്ചും വിജനമായിത്തീർന്നു.

ഇന്നത്തെ വാണിജ്യ കേന്ദ്രങ്ങൾ :-

അണ്ടൂർക്കോണം പഞ്ചായത്തു പ്രദേശത്തെ ഇന്നത്തെ പ്രധാന വാണിജ്യ കേന്ദ്രങ്ങളാണ് ആലുംമൂട്, പള്ളിപ്പുറം, C R P ജംഗ്ഷൻ, അണ്ടൂർക്കോണം, കൊയ്ത്തൂർക്കോണം എന്നിവ. ഇവിടങ്ങളിലെല്ലാമായി 100-ൽ പരം ചെറുകിട ഇടത്തരം വാണിജ്യസ്ഥാപനങ്ങൾ നടന്നുവരുന്നു. പലചരക്ക്, ഭക്ഷ്യധാന്യങ്ങൾ, ഭക്ഷ്യഎണ്ണകൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ, ബേക്കറി സാധനങ്ങൾ, ബുക്കുകൾ, സ്റ്റേഷനറി, ഔഷധങ്ങൾ, ഫാൻസി സാധനങ്ങൾ എന്നിവയാണ് പ്രധാന ഇനങ്ങൾ.

വാണിജ്യ രംഗത്ത് പൊതുമേഖലയുടെയും സഹകരണ മേഖലയുടെയും പങ്ക് ;-

വാണിജ്യരംഗത്ത് പൊതുമേഖലക്കും സഹകരണ മേഖലക്കും കാര്യമായ പങ്ക് ലഭിച്ചിട്ടില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഒരു മാവേലിസ്റ്റോർ പള്ളിപ്പുറത്ത് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എല്ലാ കൺസ്യൂമർ ഐറ്റങ്ങളും അവിടെ നിന്നും ലഭിക്കുന്നില്ല.

പച്ചക്കറികൾ, തുണിത്തരങ്ങൾ എന്നിവ കൂടി മാവേലി സ്റ്റോർ വഴി വിതരണം ചെയ്യേണ്ടതാണ്.

അണ്ടൂർക്കോണം സർവ്വീസ് സഹകരണ സംഘം നമ്പർ. 3127 കീഴാവൂരിൽ ഒരു കൺസ്യൂമർ സ്റ്റോറും 5 വളം ഡിപ്പോകളും നടത്തുന്നുണ്ട്. കൺസ്യൂമർ രംഗത്ത് പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം വിപുലമാക്കേണ്ടതാണ്.

ആലുംമൂട് കേന്ദ്രമാക്കി ഒരു കൺസ്യൂമർ സഹകരണ സംഘം ആരംഭിച്ചാൽ അത് ജനങ്ങൾക്ക് വളരെ ആശ്വാസകരമായിരിക്കും.

ആലുംമൂട് പബ്ലിക് മാർക്കറ്റ്

റെയിൽവേ സ്റ്റേഷൻ പരിസരത്ത് വർഷങ്ങളായി നടന്നിരുന്ന പബ്ലിക് മാർക്കറ്റ് ആലുംമൂടിലേക്ക് മാറ്റിയിരിക്കയാണല്ലോ. മാതൃകാ മാർക്കറ്റ് എന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലവിധത്തിലും അത് മോശപ്പെട്ട ഒരു മാർക്കറ്റിനു മാതൃകയാണ്. ഇപ്പോൾ അതിന്റെ പ്രവർത്തന സമയം ഉച്ചയ്ക്ക് 12 മണിമുതൽ കഷ്ടിച്ച് ഒരു മണിക്കൂർ മാത്രമാണ്.

മാർക്കറ്റ് നവീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

മാർക്കറ്റിന്റെ പ്രവർത്തന സമയം രാവിലെ മുതൽ വൈകുന്നേരം വരെ എന്ന് നിശ്ചയിക്കണം.

സ്ഥിരം സ്റ്റാളുകൾ ഉണ്ടാക്കി വാടകക്കു നല്കണം.

ഏതെങ്കിലും വായ്പ സ്ഥാപനത്തിന്റെ സഹായത്തോടെ പഞ്ചായത്ത് മാർക്കറ്റിൽ ഒരു ബഹുനില മന്ദിരം പണിയണം.

പ്രസ്തുത ബഹുനില മന്ദിരത്തിന്റെ ഗ്രൗണ്ട് ഫ്ളോർ മാർക്കറ്റായും സ്ഥിരം സ്റ്റാളുകളായും ഉപയോഗിക്കണം.

ഒന്നാം നില ഷോപ്പിംഗ് കോംപ്ലക്സായി ഉപയോഗിക്കണം.

അതിനുമുകളിലുള്ള മുറികളും വിവിധ ആവശ്യങ്ങൾക്ക് വാടകക്ക് കൊടുക്കാവുന്നതാണ്.

ചന്തക്കരം പിരിവ് ശാസ്ത്രീയമായി പരിഷ്ക്കരിക്കണം.

ആലുംമൂട് മാർക്കറ്റിൽ ഒരു മത്സ്യ സംസ്ക്കരണ കേന്ദ്രം സ്ഥാപിക്കുക.

പഞ്ചായത്ത് സ്റ്റാട്ടർ ഹൗസ്

അണ്ടൂർക്കോണം പഞ്ചായത്തിനു മാത്രമായോ സമീപ പഞ്ചായത്തുകളുമായി സഹകരിച്ചോ ഒരു സ്റ്റാട്ടർ ഹൗസ് (ആട്, മാട് അറവുശാല) സ്ഥാപിക്കണം.

ആടുമാടുകളെ അനധികൃതമായി കശാപ്പു ചെയ്യുന്നതും അവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതും കർശനമായി നിയന്ത്രിക്കണം.

കാലിച്ചന്ത

ഇപ്പോൾ പള്ളിപ്പുറം ജംഗ്ഷനിൽ ഞായറാഴ്ചതോറും നടന്നുവരുന്ന കാലിച്ചന്ത അനുയോജ്യമായ സ്ഥലത്ത് സ്ഥാപിച്ച് നിയമാനുസൃതമാക്കണം.

അനധികൃത മത്സ്യക്കച്ചവടം

ആലുംമൂട് ജംഗ്ഷനിൽ നടക്കുന്ന അനധികൃത മത്സ്യക്കച്ചവടം റോഡ് അപകടങ്ങൾക്ക് ഇടയാക്കുമെന്നതിനാൽ അത് കർശനമായി നിർത്തലാക്കണം.

കാർഷിക വികസന റിപ്പോർട്ട്

ആമുഖം

അണ്ടൂർക്കാണം പഞ്ചായത്തിൽ 11 വാർഡുകളിലായി 1424 ഹെക്ടർ പ്രദേശത്ത് വ്യാപിച്ച് കിടക്കുന്ന ഭൂപ്രദേശമാണ് കൃഷിയോഗ്യമായിട്ടുള്ളത്. സമ്പന്നമായ ഒരു കാർഷിക പൈതൃകമാണ് അണ്ടൂർക്കോണം, പള്ളിപ്പുറം വില്ലേജുകൾ ഉൾപ്പെടുന്ന ഈ പ്രദേശത്തിനുള്ളത്. ദരിദ്ര കർഷകരാണ് ഭൂരിഭാഗവും. ജന്മി വ്യവസ്ഥ അവസാനിപ്പിക്കുന്നതിനും കൃഷി ഭൂമി കൃഷിക്കാരന് ലഭിക്കുന്നതിനുംവേണ്ടിയുള്ള ഒട്ടേറെ സാമൂഹ്യ–രാഷ്ട്രീയമുന്നേറ്റങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ കർഷകർക്ക് കഴിഞ്ഞിട്ടുണ്ട്. കൃഷി ഭൂമിയിൽ ഭൂരിഭാഗവും ജന്മിമാരുടെയും ദേവസ്വത്തിന്റെയും (ഇറയില) കൈകളിലായിരുന്നു.

സ്വാതന്ത്ര്യത്തിനുശേഷം ഉള്ള ഗവൺമെന്റിന്റെ ഭൂപരിഷ്കൃത നിയമങ്ങളിൽ കൂടി ഈ ഭൂമി കർഷകന് ലഭിച്ചിട്ടുണ്ട്. ഇത് കൂടുതലും ഇടത്തരക്കാർക്കാണ് ലഭിച്ചിട്ടുള്ളത്. പഞ്ചായത്തിൽ നിലവിലുള്ള എല്ലാ രാഷ്ട്രീയ കക്ഷികാർക്കും കർഷക സംഘങ്ങളും, കർഷക തൊഴിലാളി സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. പക്ഷെ അവയൊന്നും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. കർഷകരെ സഹായിക്കുന്നതിനുവേണ്ടി ഒരു സർവ്വീസ് സഹകരണ സംഘം അൻപത് വർഷത്തോളമായി പ്രവർത്തിക്കുന്നുണ്ട്. കൃഷിയെ മാത്രമായി ആശ്രയിച്ച് ജീവിക്കുന്നവർ മുൻകാലങ്ങളിൽ ധാരാളം ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ തുലോം കുറവാണ്. ആളോഹരി നിയമം നടപ്പായതോടുകൂടി കൃഷിഭൂമി തുണ്ടു തുണ്ടുകളാക്കുകയും കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കാൻ കഴിയാതെ വരുകയും കർഷകർ മറ്റുരംഗങ്ങളിലേക്കു തിരിയുകയും കാർഷികോല്പാദനം കുറയുകയും ചെയ്തു.

പഞ്ചായത്തിലെ മൊത്ത വിസ്തീർണ്ണത്തിന്റെ മൂന്നിലൊന്ന് ഭാഗം നെൽപ്പാടങ്ങളായിരുന്നു. തിരുവനന്തപുരം ജില്ലയിലെഏറ്റവും വലിയ നെൽപ്പാടമായ പള്ളിപ്പുറം ഏലാ

നമ്മുടെ പഞ്ചായത്തിലാണ്. എന്നാൽ പല കാരണങ്ങളാൽ നെൽപ്പാടം നികന്ന് പോയി. മുൻകാലങ്ങളിൽ കൊളവാലി അരക്കൽ,കൊച്ച് വെള്ള, ചേറാടി, ഞവര തുടങ്ങിയ നെൽവിത്തുകൾ കൃഷി ചെയ്തിരുന്നു. പട്ടാമ്പി വിത്തിനങ്ങളുടെ ആവിർഭാവത്തോടുകൂടി പഴയ വിത്തുകൾ അപ്രത്യക്ഷമായി I. R. 8 മുതലായ വിത്തിനങ്ങളുടെ ഉപയോഗം മൂലമുണ്ടായ കൃഷിയിൽ അത്യുല്പാദനശേഷി ഉണ്ടായി തുടങ്ങിയതോടെ കർഷകരുടെ ശ്രദ്ധ അത്തരത്തിലുള്ള വിത്തുകൾ ഉപയോഗിച്ചുകൊണ്ടുള്ള കൃഷിയിലേയ്ക്ക് തിരിഞ്ഞു. കന്നുകാലി ഉപയോഗിച്ചുള്ള നിലം ഉഴുകലും, പച്ചില വള പ്രയോഗവും മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്നെങ്കിലും ഇപ്പോൾ വളരെ വിരളമായെ കാണുന്നുള്ളു.

പള്ളിപ്പുറം ഏലായിലെ മുഴുവൻ നെൽകൃഷിയും ആനതാഴ്ചിറയെ ആശ്രയിച്ചാണ് നടന്നുകൊണ്ടിരുന്നത്. എന്നാൽ ചിറയിലുണ്ടായിരുന്ന അത്ഭുതകരമായ ഊറ്റ് നികന്ന് ചതുപ്പ് പ്രദേശമായി മാറുകയും നിശേഷം കാലക്രമേണ നികന്ന് പോവുകയും ചെയ്തു. കുടിവെള്ളത്തിനായി ചിറയെ ഉപയോഗപ്പെടുത്തുവാൻ ആരംഭിച്ചതുമുതൽ കൃഷി ആവശ്യത്തിന് ജലം ഉപയോഗിക്കുവാൻ കഴിയാത്ത സ്ഥിതിയും വന്ന് ചേർന്നു. മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന രീതിയിലേക്ക് പഞ്ചായത്ത് എത്തിചേർന്ന് നിൽക്കുകയാണ്.

നെൽകൃഷിയും, നാളികേര കൃഷിയും പരിപോഷിപ്പിക്കുന്നതിന് ജലസേചന സൗകര്യങ്ങളും സഹായ പദ്ധതികളും വർദ്ധിച്ച തോതിൽ ഉണ്ടാക്കിയാൽ മാത്രമേ കർഷകന് ആദായകരമായി കൃഷി നടത്തി നമ്മുടെ പഞ്ചായത്തിൽ മുന്നോട്ട് പോകാൻ കഴിയുകയുള്ളു. അതിനായി പഞ്ചായത്ത് സമിതിയും, ബന്ധപ്പെട്ട ഏജൻസികളും ഒരേ മനസായി പ്രവർത്തിക്കണമെന്ന് വിനയപൂർവ്വം നിർദ്ദേശിക്കുകയാണ്.

ഭൂമി സംബന്ധിച്ച വിവരങ്ങൾ

കൃഷിഭവനിൽ നിന്നും ലഭിച്ചത്.

നിലം	200 ഹെക്ടർ
പുരയിടം	1114 ഹെക്ടർ
പുറമ്പോക്ക്	30 ഹെക്ടർ
കൃഷിയോഗ്യ തരിശ്	10 ഹെക്ടർ
കൃഷിയോഗ്യമല്ലാത്ത തരിശ്	14 ഹെക്ടർ
ആകെ	1424 ഹെക്ടർ

വില്ലേജിൽ നിന്നും ലഭിച്ചവിവരം

പള്ളിപ്പുറം വില്ലേജ്

പുരയിടം—584 H, 18A, 76 Sqm.
നിലം—187 H, 52A, 178 Sqm.
പുറമ്പോക്ക്—155 H, 49A, 87 Sqm.

അണ്ടൂർക്കോണം വില്ലേജ്

പുരയിടം—365 H, 04A-25 Sqm.
നിലം—82 H, 51 A 70 Sqm.
പുറമ്പോക്ക്—37 H, 53 A 57 Sqm,
തരിശ്—98 A 32 Sqm.

II പഞ്ചായത്തിന്റെ സാമുദായിക സാമ്പത്തിക പശ്ചാത്തലം.

പഞ്ചായത്തിലെ കർഷകരിൽ ബഹുഭൂരിപക്ഷവും ദരിദ്ര കർഷകരും, ഇടത്തരം കർഷകരും ആണ്. ഒരു ഏക്കറിനുമുകളിൽ തെങ്ങ് കൃഷി നടത്തുന്നവരുടെ എണ്ണം 50—ൽ താഴെ മാത്രമേ വരുകയുള്ളു. 10 സെന്റ് ഭൂമിയിൽ താഴെ നാമമാത്ര തെങ്ങ് കൃഷി നടത്തുന്ന കർഷകരാണ് ബഹുഭൂരിപക്ഷം. എല്ലാ സമുദായത്തിലെ അംഗങ്ങളും തെങ്ങ് കൃഷി ചെയ്യുന്നവരാണ്. കാർഷിക വരുമാനത്തിന്റെ 50% വും നാളികേര കൃഷിയിൽ നിന്നാണ് ഉണ്ടാകുന്നത്. നെൽകൃഷി നടത്തുന്ന നിലങ്ങളിൽ ഒഴികെ എല്ലാ പ്രദേശത്തും കുറഞ്ഞ തോതിലെങ്കിലും തെങ്ങ് കൃഷി ഉണ്ട്.

നെൽകൃഷി നടത്തുന്ന കർഷകരിൽ ബഹുഭൂരിപക്ഷവും 20 സെന്റിന് താഴെ നിലം ഉള്ളവരാണ് ഒരു ഏക്കറിനു മുകളിൽ നെൽകൃഷി നടത്തുന്നവരുടെ എണ്ണം 25നു താഴെ മാത്രമേ വരുകയുള്ളു. നെൽകൃഷി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും പട്ടികജാതി വിഭാഗമാണ്.

ഇടവിള കൃഷികൾ—ആയി മാത്രമാണ് മറ്റുള്ള കൃഷികൾ പഞ്ചായത്തിൽ നടക്കുന്നത്. വളരെ നാമമാത്രമായി മാത്രമാണ് ഈ കൃഷികൾ പഞ്ചായത്തിൽ നടക്കുന്നത്.

III പഞ്ചായത്ത് തലത്തിൽ ഭൂപ്രകൃതിയും, വിഭവങ്ങളും.

പഞ്ചായത്തിന്റെ ഭൂപ്രകൃതി ഏതാണ്ട് സമനിലമായാണ് സ്ഥിതിചെയ്യുന്നത്. ചെ

റിയ കുന്നുകളും പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ ഉണ്ട്, വെള്ളൂർ വാർഡിലെ ആനതാഴ്ചിറ ഭാഗവും, വെള്ളൂർ പാടശേഖരത്തിന്റെ ഇരു കരകളും അൽപം ഉയർന്നാണ് സ്ഥിതിചെയ്യുന്നത്. നാഷണൽ ഹൈവേയുടെ പടിഞ്ഞാറ് ഭാഗത്തുള്ള മുഴുവൻ പ്രദേശങ്ങളും സമനിലമാണ്.

വലിയവീട് വാർഡ്, കണിയാപുരം വാർഡ് എന്നിവയുടെ പടിഞ്ഞാറ് ഭാഗത്തായി കഠിനംകുളം കായൽ സ്ഥിതി ചെയ്യുന്നു.

പ്രധാനപ്പെട്ട തോട്;—തെറ്റിയാർ (കുരങ്ങുത്താൻ മൂലമുതൽ, വെട്ടുറോഡ് വരെ)

ആനതാഴ്ചിറ മുതൽ വെട്ടുറോഡ് വഴി തെറ്റിയാറിൽ ചെന്നു പതിക്കുന്ന വെള്ളൂർ തോട് ആനതാഴ്ചിറയിൽ നിന്നും പള്ളിപ്പുറം ഇടകലുങ്ങ് ഭാഗത്തുക്കൂടി പടിഞ്ഞാറോട്ട് ഒഴുകി കരിച്ചാറ ഭാഗത്തുകൂടി കടിനംകുളം കായലിൽ പതിക്കുന്ന തോട്.

തെറ്റിച്ചിറ, കീഴാവൂർ, കല്ലുപാലം, പറമ്പിൽ പാലം വഴി തിട്ടാമൂഴി ഭാഗത്ത് കൂടി തെറ്റിയാറിൽ പതിക്കുന്ന തോട്.

ഏറ്റവും വലിയ ചിറ ? ആനതാഴ്ചിറ

കുളങ്ങൾ:— (പുറമ്പോക്ക്)

1 ചെക്കാലക്കോണം ചിറ
2 കൃഷ്ണൻ ചിറ
3 കീഴാവൂർ കുളം
4 കാവിൽ കുളം
5 ഇരവൂർക്കോണം കുളം
6 മുഴുത്തിരിയാവട്ടം കുളം (ചാക്യാർമൂല)
7 കട്ടച്ചിറക്കോണം കുളം
8 മഠത്തിൽ കുളം
9 തളിയിൽ കുളം
10 പാലമൺ ചിറ
11 പറമ്പുവാരത്ത് കുളം
12 കൊട്ടുകോട്ട്കോണം കുളം
13 മണ്ണുവീട്ടി ചിറ

IV വികസന മേഖലകളുടെ അവലോകനം

പട്ടിക—1

പഞ്ചായത്തിൽ നിലവിലുള്ള കാർഷിക ഉപകരണങ്ങൾ

1 ഉഴവുപകരണങ്ങൾ.
1 ട്രാക്ടർ—4 എണ്ണം
2 ടില്ലർ—2 എണ്ണം
3 നാടൻ കലപ്പ—300 എണ്ണം
4 മെതിയന്ത്രം—1 എണ്ണം
5 തെങ്ങുകയറ്റ യന്ത്രം—1 എണ്ണം
6 ഷോർട്ടബിൽ പമ്പുസെറ്—1 എണ്ണം

മരുന്ന് തളി ഉപകരണങ്ങൾ

1 റോക്ക് സ്പ്രേയർ—7 എണ്ണം
2 നാപ് സ്നേക്ക് സ്പ്രേയർ—20 എണ്ണം

പട്ടിക—2

പഞ്ചായത്തിലെ തെങ്ങുകളുടെ വിവരം

ആകെ തെങ്ങ് :— 3, 73, 824 എണ്ണം

രോഗബാധ വിവരം

റൂട്ട് ബെൽറ്റ് 3195 എണ്ണം
ബഡ് റൂട്ട് 1360 ,,
സ്കെം ബ്ലീഡിങ്ങ് 4570 ,,

ജലസേചന സംവിധാനങ്ങൾ

കുളം—10 ക്രോസ് ബാർ—15

പട്ടിക—3

ദുരിതാശ്വാസ വിതരണം

വർഷം		ധനസഹായ എണ്ണം	തുക
1994—95	വരൾച്ച	7	720—00
1995—96	,,	59	24400—00
1996—97	കാറ്റും മഴയും	12	3239—00
1996—97	,,	40	7950—00

പട്ടിക– 4

നടീൽ വസ്തു വിതരണം

ഇനം	എണ്ണം 1993–94	1994–95	1995–96
തെങ്ങ്	260	4175	935
കശുമാവ്	–	160	160
കുരുമുളക്	–	2800	4500
കവുങ്ങ്	–	–	–
ജാതി	100	–	–
ഗ്രാമ്പു	30	120	50
പ്ലാവ്	150	60	207
മാവ്	50	50	85
ജാമ്പ	23	55	63
പേര	15	10	50
നാരകം	65	10	6
ചെറി	15	10	5
സപ്പോട്ട	–	20	83

പട്ടിക 5

തെറിയാർ വാട്ടർഷെഡ് പദ്ധതി

അണ്ടൂർക്കോണം പഞ്ചായത്തിലെ മൂന്ന് വാർഡ് പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് തെറിയാർ വാട്ടർഷെഡ് പദ്ധതി അണ്ടൂർക്കോണം വാർഡ് പൂർണ്ണമായും കീഴാവൂർ, പായ്ച്ചിറ വാർഡുകളിലെ വാവറഅമ്പലം, പായ്ച്ചിറ റോഡിന്റെ കിഴക്കുഭാഗം ഉൾക്കൊള്ളുന്ന ഭാഗമാണ് തെറിയാർ വാട്ടർഷെഡ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

തെറിയാർ വാട്ടർഷെഡ് പദ്ധതിയിൽ ഇതുവരെ നടപ്പിലാക്കിയ സ്കീമുകളുടെ വിവരം.

1. മണ്ണ് സംരക്ഷണം

1 തോടുവരമ്പുകൾ ബലപ്പെടുത്തുക	3,57,674	രൂപ
2 ലൂസ് ബോൾഡർ ചെക്ക് ഡാം	24,852	രൂപ
3 മുളക്കുന്ന കമ്പ് കൊണ്ടുള്ള വേലി കൾ കെട്ടുന്നത്	85,490	രൂപ
	4,68,016	

2. പ്രൊഡക്ഷൻ സിസ്റ്റം

	രൂ.	സ.
ഇടവിള കൃഷിക്ക് വളം കൊടുത്തത്	28000	00
മരം നട്ടുപിടിപ്പിക്കൽ (മാഞ്ചിയം, തേക്ക്)	2486	00
കമ്പോസ്റ്റ് കുഴി എടുക്കൽ എണ്ണം 140	1400	00
ജീവാണുവളം (140 കിലോ ഗ്രാം)	7000	00
കുറ്റിമുല്ല (200 യൂണിറ്റ്)	2000	00
കോഴി (120 യൂണിറ്റ്)	60000	00
ആട് (60 യൂണിറ്റ്)	30000	00
	1,61,480	00

സർവ്വീസ് സിസ്റ്റം			ലതർ വർക്സ് 1 എണ്ണം	1000	00
			ബാർബർ 4 എണ്ണം	4000	00
കയർ പിരിക്കൽ 4 എണ്ണം	4000	00	സൈക്കിൾ ഷാപ്പ് 5 എണ്ണം	5000	00
എണ്ണയാട്ടൽ 5 എണ്ണം	5000	00	തയ്യൽ മെഷീൻ 1 എണ്ണം	1000	00
ചിപ്സ് യൂണിറ്റ് 2 യൂണിറ്റ്	30000	00	ഓല മേയൽ 1 എണ്ണം	1000	00
മരപ്പണി 12 എണ്ണം	12000	00		65,000	00
കൊല്ലൻ 2 എണ്ണം	2000	00			

പട്ടിക 6

കൈവശ ഭൂമി വിസ്തീർണ്ണം

1 നാമമാത്ര കർഷകർ	7972 Nos.	(1 ഹെക്ടറിനു താഴെ)
2 ചെറുകിട കർഷകർ	22 Nos.	(1–2 ഹെക്ടർ)

പട്ടിക 7

വിള വിസ്തീർണ്ണവും ഉല്പാദനവും

(Ref: അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം	മൊത്ത ഉല്പാദനം	ഉല്പാദന ക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	175	350000	2000 kg/hec
നെല്ല് (രണ്ടാം വിള)	175	315000	1800 kg/hec
നെല്ല് (മൂന്നാം വിള)	....	....	....
പയർ	5	3185	637 kg/hec
എള്ള്	....	....	....
പച്ചക്കറികൃഷി	5	2500	500 kg/hec
തെങ്ങ്	818	3059320	22 members/hec
വാഴ	60ha	1500000	25000 kg/hec
മരിച്ചീനി	95 ha	1900000	20 mt/hec
കുരുമുളക്	6 ha	2400	400kg/hec
പ്ലാവ്	18 ha	45000 Nos.	15 Nos /hec
മാവ്	40 ha	40000	1000 kg/hec
റബ്ബർ	10 ha	7500 kg	5 kg/hec
കവുങ്ങ്	30 ha	1890 kg	63 kg/hec

കാർഷിക വികസന മേഖലയിൽ നിലവിലുള്ള ജനകീയ കമ്മിറ്റികൾ :

1. കേര വികസന സമിതി തെങ്ങ് കർഷകരെ സഹായിക്കുന്നതിനുവേണ്ടി രൂപം കൊടുത്തിട്ടുള്ള സമിതി 13 അംഗങ്ങളും ഉണ്ട്.

2. പാടശേഖര സമിതികളും നെൽകൃഷിക്കാരെ സഹായിക്കുന്നതിനു.

   1. അലവൻകരി പാടശേഖര സമിതി.
   2. വെള്ളൂർ പാടശേഖര സമിതി.
   3. പള്ളിപ്പുറം പാടശേഖര സമിതി.
   4. മങ്ങാട്ട് വഴി ഏലാ പാടശേഖര സമിതി.

പട്ടിക 8

C. C. S. For SF/MF പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം.

നമ്പർ.	നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ	ആകെ
1.	കിണറുകൾ	4500
2.	കുളങ്ങൾ	10
3.	വാട്ടർ ടാങ്കുകൾ	10
4.	പമ്പ് ഹൗസുകൾ	200
5.	പമ്പ് സെറ്റുകൾ	235
6.	ജലസേചനം നടത്തിയ കൃഷി ഭൂമിയുടെ— വിസ്തീർണ്ണം	364 hec

A. ഈ മേഖലയിൽ സമീപ കാലത്തുവന്ന മാറ്റങ്ങൾ ഇന്നത്തെ-നില

1. യന്ത്രവൽകൃത കൃഷി സമ്പ്രദായം കർഷകൻ സ്വീകരിച്ചുതുടങ്ങി.
2. നൂതന വിത്തിനങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങി.
3. കൂട്ടുകൃഷി സമ്പ്രദായത്തിൽ വിശ്വാസം ഉണ്ടായി തുടങ്ങി.
4. വായ്പാ സൗകര്യം ലഭ്യമായി തുടങ്ങി.

ഇന്നത്തെനില,
തൃപ്തികരമല്ല,

ഉൽപ്പാദന വർദ്ധനവ് കാർഷിക മേഖലയിൽ ഉണ്ടാകുന്നില്ല.

കാർഷിക മേഖലയിലെ വികസന പ്രശ്നങ്ങളും, പരിഹാര മാർഗ്ഗങ്ങളും

I വികസന പ്രശ്നങ്ങൾ

അണ്ടൂർക്കോണം പഞ്ചായത്തിലെ പ്രധാന കാർഷിക വിളകൾ തെങ്ങും, നെല്ലും ആണ്. ഇടവിളകളായി മരച്ചീനി, റബ്ബർ, പച്ചക്കറികൾ എന്നിവയും ഫലവൃഷങ്ങളായി പ്ലാവ്, മാവ് എന്നിവയും കൃഷി ചെയ്യുന്നു. ഇത് കൂടാതെ ഒറ്റപ്പെട്ട നിലയിൽ കവുങ്ങ് കൃഷിയും, നാണ്യ വിളയായ കുരുമുളകും ജാതി, ഗ്രാമ്പൂ പയർ എന്നിവയും കൃഷി ചെയ്യുന്നുണ്ട്.

1 നാളികേര കൃഷിമേഖലയിലെ വികസന പ്രശ്നങ്ങൾ

പഞ്ചായത്തിൽ 900 ഹെക്ടർ പ്രദേശത്താണ് തെങ്ങ് കൃഷി ചെയ്യുന്നത്. ഒരു തെങ്ങിൽ നിന്നും ഒരു കർഷകന് ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണം ശരാശരി ഇരുപതിനും ഇരുപത്തഞ്ചിനും ഇടക്കാണ്. ഇതിന്റെ ഉൽപാദനം വർദ്ധിപ്പിക്കാതെ കർഷകന് ഈ മേഖലയിൽ പിടിച്ചു നിൽക്കാനാവില്ല. കീടരോഗങ്ങളെ ഫല പ്രദമായി നിയന്ത്രിക്കാൻ കഴിയാത്തതും ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതയും ,ശാസ്ത്രീയ വളപ്രയോഗത്തിന്റെ കുറവും, ജൈവ വളത്തിന്റെ അഭാവവും കർഷകന്റെ സാമ്പത്തിക ബുദ്ധിമുട്ടും ആണ് ഈ മേഖലയിലെ ഉൽപാദന വർദ്ധനവിന് വിഘാതമായി നിൽക്കുന്നത്.

2 നെല്ല്

200 ഹെക്ടറിൽ താഴെ മാത്രമേ നമ്മുടെ പഞ്ചായത്തിൽ നെൽകൃഷി ഇപ്പോൾ നടക്കുന്നുള്ളൂ. ഒരു ഹെക്ടറിന് 1500 കി. ഗ്രാം

എന്ന നിലയിലാണ് ഇപ്പോൾ ഉൽപാദനം നടക്കുന്നത്.ഉൽപാദനച്ചിലവുമായി തട്ടിച്ചു നോക്കുമ്പോൾ ഇത് വളരെ അപര്യാപ്തമാണ്.ഇത് മൂലം നെൽകൃഷി ഉപേക്ഷിച്ച് നിലം നികത്തി മറ്റു കൃഷി മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നെൽകൃഷിക്കാർ തയാറാകുകയാണ്.

നെൽകൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ

1 ജൈവ വളത്തിന്റെ അഭാവം

2 അനിയന്ത്രിതമായ രാസവളപ്രയോഗം

3 ജലസേചനത്തിന്റെയും നിർഗമനത്തിന്റെയും സൗകര്യകുറവ് (മഴയെ ആശ്രയിച്ച് മാത്രമേ കൃഷി നടത്തുവാൻ കഴിയുന്നുള്ളൂ)

4 നൂനത വിത്തിനങ്ങളുടെ ലഭ്യത കുറവ്

5 കീട രോഗബാധ നിയന്ത്രിക്കുന്നതിനുള്ള വീഴ്ച

6 കൂലി ചെലവ് കൂട്ടിയത് മുതൽ അലസമായി കൃഷിചെയ്യൽ

7 ആവശ്യാനുസരണം തക്ക സമയത്ത് തൊഴിലാളികളെ ലഭിക്കാത്തത്

ഇടവിളകൾ

1 വാഴ :— ഇടവിളയായി മാത്രമേ നമ്മുടെ പഞ്ചായത്തിൽ വാഴക്കൃഷി നടക്കുന്നുള്ളൂ. രോഗബാധയും ഗുണനിലവാരവുമുള്ള വാഴവിത്ത് കിട്ടാനുള്ള ബുദ്ധിമുട്ടും, ജലസേചന സൗകര്യത്തിന്റെ അഭാവവും ഉൽപാദന വർദ്ധനവിന് തടസമായി നിൽക്കുകയാണ്,

2 മരിച്ചീനി :— ഏകദേശം 285 ഹെക്ടർ പ്രദേശത്ത് മാത്രമാണ് ഇപ്പോൾ മരിച്ചീനി കൃഷി ഉള്ളത്. അത്യുൽപാദന ശേഷി ഉള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവും, എലികളും, പെരുച്ചാഴികളും വിളനശിപ്പിക്കുന്നതും മരിച്ചീനി ഉൽപാദനത്തെ കാര്യമായി ബാധിക്കുന്നുണ്ട്.

3 പച്ചക്കറി കൃഷി :— 5 ഹെക്ടറിൽ തഴെ മാത്രമാണ് പച്ചക്കറി കൃഷി നടക്കുന്നത്. കർഷകന്റെ താൽപര്യമില്ലായ്മയും, ശാസ്ത്രീയമായി കൃഷി ചെയ്യുവാനുള്ള അറിവില്ലായ്മയും, രോഗബാധയും, ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ വിറ്റഴിക്കാനുള്ള സംവിധാനമില്ലായ്മയും ഉൽപാദന രംഗത്തെ പ്രതിസന്ധിയായി നിലനിൽക്കുന്നു.

4 പയർ :— പയർ കൃഷി നെൽപ്പാടങ്ങളിലാണ് പ്രധാനമായും നടക്കുന്നത്. ജലസേചന സൗകര്യമില്ലായ്മ പയർ കൃഷി ചെയ്യുവാനുള്ള താൽപര്യം കർഷകരിൽ ഇല്ലാതാകുന്നു.

5 നാണ്യവിളകളും, വൃഷവിളകളും :— നാണ്യവിളകളും വൃഷവിളകളും മെച്ചപ്പെട്ട വിത്തുകൾ ലഭ്യമല്ലാതാകുന്നതുമൂലവും കൃഷി ചെയ്യുവാനുള്ള ശാസ്ത്രീയമായ മാർഗങ്ങളെ കുറിച്ച് ശരിയായ ബോധം ഇല്ലാതെ വരുന്നത് കൊണ്ടും ഉൽപ്പാദിപ്പിക്കപ്പെടുന്നത് വിറ്റഴിക്കാനുള്ള സൗകര്യം ഇല്ലാതെ വരുന്നത് കൊണ്ടും കർഷകർ ഈ രംഗങ്ങളിൽ താൽപര്യം പ്രകടിപ്പിക്കുന്നില്ല.

II D പരിഹാരമാർഗ്ഗങ്ങൾ

I തെങ്ങ്

1 15 സെൻറ് വരെയുള്ള കർഷകന് 50% സബ്സിഡി നിരക്കിൽ പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേചനത്തിനുള്ള സൗകര്യം ഉണ്ടാക്കുക.

2 തൊണ്ട് അടുക്കി ജലത്തിന്റെ ഈർപ്പം തെങ്ങിന്റെ മൂടുകളിൽ പിടിച്ച് നിർത്തുക.

3 തെങ്ങിന്റെ മൂടുകളിൽ ചെറിയ കുഴികുത്തി ജലം സംഭരിക്കുവാൻ കർഷകരെ പ്രേരിപ്പിക്കുക.

4 അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ കൃഷിഭവൻ മുഖേനെ കുറഞ്ഞ വിലക്ക് കർഷകന് വിതരണം ചെയ്യുക.

5 വളരെ താഴ്ച്ചയുള്ള തോടുകളുടെ കുറുകെ ബണ്ട് കെട്ടി ജലം സംഭരിച്ച് നിർത്തുക.

6 ചകിരി ചോറും, മറ്റു പദാർത്ഥങ്ങളും ഉപയോഗിച്ച് ആധുനിക രീതിയിൽ

ശാസ്ത്രീയമായി കമ്പോസ്റ്റ് വള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച് കർഷകന് വിതരണം നടത്തുക.

7 പൊങ്ങിയ പ്രദേശങ്ങളിൽ കിണറിന് താഴ്ച കൂടുതലായതുകൊണ്ടും, ജലം കുറവായതുകൊണ്ടും, ജലസേചനം സുഗമമാക്കാൻ ട്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കുക.

8 കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകുക.

9 മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വള പ്രയോഗം നടത്തുവാനുള്ള നിർദ്ദേശം കൃഷിഭവൻ മുഖേനെ ലഭ്യമാക്കുക.

10 നൈട്രജൻ ആഗീരണം ചെയ്യുന്ന ചെടികളുടെ വിത്തുകൾ തെങ്ങിന്റെ തടങ്ങളിൽ നടുവാൻ വേണ്ടി വിതരണം ചെയ്യുക.

11 സബ്സിഡി നിരക്കിൽ കീടനാശിനികൾ തെങ്ങ് കൃഷിക്കാർക്ക് വിതരണം ചെയ്യുക.

12 കീടരോഗങ്ങളെകുറിച്ച് കർഷകന് ബോധവൽക്കരണം നടത്തുക.

13 കീടനാശിനി തളിക്കുന്നതിന് വാർഡ് തലത്തിൽ ട്രെയിനിംഗ് കൊടുത്ത് സ്പ്രേയിംഗ് സ്ക്വാഡ് രൂപീകരിക്കുക.

14 തെങ്ങിന് നിർബന്ധിത ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

15 കർഷകന് ലോൺ ലഭിക്കുന്നതിന് വായ്പാനയം ഗവൺമെന്റ് ഉദാരവൽക്കരിക്കുക.

16 തെങ്ങ് കയറ്റത്തിന് തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിന് നൂതന യന്ത്രങ്ങൾ ലഭ്യമാക്കുക.

2 നെല്ല്

1 2-ാം വിളകഴിഞ്ഞ് സർക്കാരിന്റെ ഏജൻസികൾ മുഖേനെ ട്രാക്ടർ ഉപയോഗിച്ച് വളരെപ്പെട്ടന്ന് മണ്ണിന്റെ പരുവം നഷ്ടപ്പെടുന്നതിന് മുൻപ് നെൽപാടം ഉഴുകുക. അതിനുശേഷം പയർ വർഗ്ഗവിത്തുകൾ നൽകുക. ഫലമെടുപ്പ് കഴിഞ്ഞാൽ അത് വീണ്ടും നെൽപാടത്തിൽ ഉഴുത് ചേർക്കുക.

2 ജൈവവള പ്രയോഗത്തിന് സർക്കാർ മാധ്യമങ്ങൾ വഴി ബോധവൽക്കരണം നടത്തുക.

3 അനിയന്ത്രിതമായ രാസവള പ്രയോഗം തടയാൻ ബോധവൽക്കരണവും മണ്ണ് പരിശോധനയും നടത്തുക.

4 കുമ്മായം സബ്സിഡിയായി നൽകി അമിത രാസവള പ്രയോഗംമൂലം ഉണ്ടാക്കുന്ന മണ്ണിന്റെ അവസ്ഥ മാറ്റി സന്തുലിതമാക്കുക.

5 കീടരോഗബാധയ്ക്ക് ശരിയായസമയത്ത് കൃഷിഭവൻ മുഖാന്തിരം കീടനാശിനിയും കുമിൾ നാശിനിയും വിതരണം ചെയ്യുക തളിക്കുന്നതിന് ആവശ്യമായ സ്പെയറുകൾ കർഷകന് ലഭ്യമാക്കുക.

6 വയ്ക്കോൽ കൂടുതൽ ലഭ്യമാകുന്ന അത്യുൽപാദനേ ശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുക.

7 ഒരു ഏലായിൽ ഒരേ ഇനം വിത്തുപയോഗിച്ച് ശാസ്ത്രീയമായ രീതിയിൽ കൂട്ടുകൃഷി നടത്തുന്നതിനുള്ള നിർദ്ദേശവും, ബോധവൽക്കരണവും നടത്തുക.

8 പഞ്ചായത്തിൽ കുറഞ്ഞത് ഒരുയൂണിറ്റ് നൂതന കൃഷി യന്ത്രങ്ങൾ (മെതിയന്ത്രം, ട്രാക്ടർ, മുതലായവ) കർഷകന് ലഭ്യമാക്കുവാൻ, പഞ്ചായത്ത് മുഖേനെയോ, സർക്കാർ ഏജൻസി വഴിയോ നടപടി സ്വീകരിക്കുക.

9 നിലം നികത്ത് കർശനമായി തടയാൻ നിയമം കൊണ്ടുവന്ന് ശിക്ഷാ നടപടികൾ ഏർപ്പെടുത്തണം.

10 നിലം സർവ്വെ ചെയ്ത് തിട്ടപ്പെടുത്തുക.

a) ജലസേചനം

1 ആനതാഴ്ചിറയിലെ തള്ളച്ചിറയും, പിള്ളച്ചിറയും വിപുലീകരിച്ച് വെള്ളൂർ തോട് വഴി ഒഴുക്കി ബണ്ടുകെട്ടി വെള്ളൂർ ഏലായിൽ എത്തിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.

2 നെൽപാടങ്ങളിലെ സമീപത്തുകൂടി ഒഴുകുന്ന തോടുകളിൽ സൈഡ്വാൽ കെട്ടി കൊല്ല എടുപ്പ് ഒഴിവാക്കുക.

3 അലവൻകരി ഏലായിൽ നിന്നും വെട്ടുറോഡ് പാലത്തിലേക്ക് പോകുന്ന തോട് താഴ്ത്തി വെട്ടുറോഡ് പാലത്തിന്റെ ഭാഗം വിപുലപ്പെടുത്തി തെറ്റിയാറിലേക്ക് ഒഴുക്കുക.

4 വാമനപുരം പദ്ധതി നടപ്പിലാക്കി ഒരു കനാൽ വഴി അണ്ടൂർക്കോണം പഞ്ചായത്തിന് കൂടി കാർഷികാവശ്യത്തിന് ജലം നൽകുക.

ഇടവിളകൾ

1 വാഴ:— ഗുണ നിലവാരമുള്ള വാഴകന്നുകൾ കൃഷിഭവൻ മുഖേനെ വിതരണം നടത്തുകയും രോഗബാധ നിർമാർജനം ചെയ്യുവാൻ പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. 10 സെന്റിന് മുകളിൽ വാഴ കൃഷി നടത്തുന്ന കർഷകന് സബ്സിഡി നിരക്കിൽ കിണർ കുഴിച്ച് ജലസേചനം നടത്തുവാൻ സഹകരണ ബാങ്കുകൾ വഴി ലോൺ ലഭ്യമാക്കണം. ഉൽപ്പന്നത്തിന് മതിയായ വില ലഭ്യമാക്കണം.

2 **മരിച്ചീനി:-**

1 അത്യുൽപാദന ശേഷിയുള്ള നടീൽ വസ്തുക്കൾ 20 സെന്റിന് മുകളിൽ കൃഷി നടത്തുന്ന മരിച്ചീനി കർഷകന് ലഭ്യമാക്കുക.

2 ഏലിയും, പെരുച്ചാഴിയും നശിപ്പിക്കുന്നതിനുള്ള നൂതന മാർഗ്ഗങ്ങൾ കർഷകന് ലഭ്യമാക്കുക.

3 **പച്ചക്കറി കൃഷി:-**

1 ശാസ്ത്രീയമായി കൃഷി ചെയ്യുവാനും കർഷകരുടെ താൽപര്യമില്ലായ്മ ഒഴിവാക്കുന്നതിനും ശരിയായ ബോധവൽക്കരണം സംഘടിപ്പിക്കുക.

2 ഓരോ വാർഡിൽ നിന്നും കുറഞ്ഞത് 5 സെന്റ് ഉള്ള 10 കർഷകരെ തെരെഞ്ഞെടുത്ത് വിത്തും, വളവും, കീടനാശിനികളും നൽകി പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുക.

3 ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ പഞ്ചായത്തിൽ തന്നെ വിറ്റഴിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

4 വനിതാസംഘടനകൾ വഴി അടുക്കളതോട്ടം നിർമ്മിക്കുന്നതിന് വീട്ടമ്മമാരെ പ്രോൽസാഹിപ്പിക്കുക.

4 **മറ്റ് ഇടവിളകൾ**

പയർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്, വിത്തും വളങ്ങളും കർഷകന് ലഭ്യമാക്കണം.

ഉല്പാദിപ്പിക്കപ്പെടുന്ന പയറുല്പന്നങ്ങൾ സംഭരിക്കുവാൻ സംഭരണ യൂണിറ്റുകൾ ആരംഭിക്കണം.

നാണ്യവിളകളായ കുരുമുളക്, ഏലം തുടങ്ങിയവയും വൃക്ഷ വിളകളായ മാവും, പ്ലാവും കൃഷി ചെയ്യുന്നതിന് വിത്തുകൾ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യുകയും ഉൽപ്പാദിപ്പിക്കപ്പെടുന്ന ഫലങ്ങൾ വിറ്റഴിക്കുവാനും ശരിയായ വില ലഭ്യമാക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുകയും വേണം. ഇത് കൂടാതെ കൃഷി ഭവൻവഴിയും സർക്കാർ ഏജൻസി വഴിയും നടത്തുന്നഎല്ലാ ആനുകൂല്യ വിതരണവും, സബ്സിഡിയും യഥാർത്ഥ കർഷകന് ലഭ്യമാകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കണം.

എല്ലായിനം സസ്യങ്ങളുടെയും വിത്തും, തൈയും പഞ്ചായത്തുതലത്തിൽ ലഭ്യമാക്കുവാനുള്ള നഴ്സറികൾ സ്ഥാപിക്കുക. (ഗവൺമെന്റ് തലത്തിലോ, പ്രൈവറ്റ് മേഖലയിലോ അംഗീകൃത നഴ്സറി)

സാധ്യതകൾ

1 നാളികേര ഉൽപ്പാദനം ഇപ്പോഴുള്ള ശരാശരി 20—25—ൽ നിന്നും 40—നും 50—നും ഇടയ്ക്കുള്ള വർദ്ധനവ് ഉണ്ടാക്കാൻ കഴിയും (50% വർദ്ധനവ്)

2 നെല്ലുല്പാദനം 2000 Per hecter ആയി വർദ്ധിപ്പിക്കും (30% വർദ്ധനവ്)

3 ഇടവിളകൾ മൊത്തം 50% വർദ്ധനവ് ഉണ്ടാകും.

4 പച്ചക്കറി ഉൽപ്പാദനം 100% വർദ്ധനവ് ഉണ്ടാകും.

D. ഗ്രാമസഭനിർദ്ദേശങ്ങളുടെ അവലോകനം

തതിനൊന്ന് വാർഡുകളിൽ നിന്നായി ഗ്രാമസഭയിലേക്ക് ഒട്ടേറെ കാർഷിക പ്രശ്നങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവരുകയുണ്ടായി. പൊതുവായിവന്ന നിർദ്ദേശങ്ങൾ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള കാർഷിക പ്രശ്നങ്ങളിലും, പരിഹാരമാർഗ്ഗങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്.മറ്റുള്ളവ വാർഡ്തിരിച്ച് താഴെ സൂചിപ്പിക്കുക.

1. വെള്ളൂർ വാർഡ് നമ്പർ. I

1 നവീന കൃഷി മാർഗ്ഗങ്ങൾ കർഷകർക്ക് നിർദ്ദേശിക്കുന്നതിന്റെ ആവശ്യത്തിലേക്കായി കൃഷി അസിസ്റ്റന്റിന്റെ സേവനം ഉറപ്പ് വരുത്തുക.

2 പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിന് വാർഡിൽ കർഷകരെ തെരഞ്ഞെടുത്ത് അവർക്ക് ജലസേചന സൗകര്യമുണ്ടാക്കി വിത്തും വളവും വിതരണവും ചെയ്യുക.

3 സർക്കാർ ഉടമസ്ഥതയിൽ നാളികേര സംഭരണ കേന്ദ്രം ആരംഭിക്കുക.

4 തെങ്ങ് കയറാം എളുപ്പമാക്കുന്നതിന് ആധുനിക യന്ത്രവൽക്കരണം ഏർപ്പെടുത്തുക.

5 മണ്ണ് പരിശോധനക്ക് സംവിധാനം ഉണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗത്തിന് സൗകര്യം ഉണ്ടാക്കുക.

6 റബ്ബർ നഴ്സറിക്ക് പ്രോത്സാഹനം കൊടുക്കുക.

7 ജൈവ വളത്തിന് പ്രചാരം നൽകുകയും ജൈവ വളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക.

വെള്ളൂർ വാർഡിൽ 50%മുകളിൽ തെങ്ങ് കൃഷിക്കാരും 5% നെൽകൃഷിയും നാമമാത്ര റബ്ബർ കർഷകരും ആണ്. ചേന,ചേമ്പ് മരിച്ചീനി, വാഴ എന്നിവ ഇടവിളയായി കൃഷി ചെയ്യുന്നുണ്ട്. ആനതാഴ്ചിറ ഈ വാർഡിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും കാർഷിക ആവശ്യത്തിന് ഈ വാർഡിൽ ഉപയോഗപ്പെടുത്തുവാനുള്ള സംവിധാനം ഇപ്പോഴും ഇല്ല. കിണറിന് താഴ്ചകൂടുതലും ദൗർലഭ്യം അനുഭവപ്പെടുന്നതുമാണ്.

2 കീഴാവൂർ വാർഡ് നമ്പർ. II

വാർഡിലെ പ്രധാനകാർഷികവിള തെങ്ങ് ആണ്. 15%–ൽ താഴെ മാത്രമേ നെൽകൃഷി ഉള്ളൂ. ചേന, ചേമ്പ്, മരിച്ചീനി, വാഴ തുടങ്ങിയവ ഇടവിളയായി കൃഷി ചെയ്യുന്നുള്ളൂ. നാമമാത്രമായി പച്ചക്കറി കൃഷിയും ഉണ്ട്. മഴയെ ആശ്രയിച്ചു മാത്രമാണ് കൃഷി നടക്കുന്നത്. നിലവിലുള്ള ജലസേചന സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1 ഇരവൂർക്കോണം ചിറയിലെ പമ്പുസെറ്റ് നന്നാക്കുക.

2 കൊട്ടോട്ടുകോണം ചിറയിലെ ബണ്ടു കെട്ടുക.

3 മടത്തായിക്കോണം നടയിൽ പുതിയ റോഡിനുമേൽ വശത്തു നിന്നും കീഴോട്ടുള്ള ജല നിർഗമന മാർഗ്ഗം അപര്യാപ്തമാണ്. അതിന് പരിഹാരമാർഗ്ഗം ഉണ്ടാക്കുക.

4 മൂഴിയ്ക്കകം ഭാഗത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.

5 ഇരവൂർക്കോണം ഭാഗത്ത് റോഡിൽ നിന്നുള്ള വെള്ളം കൃഷി ഇടങ്ങളിലേയ്ക്ക് ഒഴുകുന്നത് തടയുക.

6 കൃഷി ഭവനിലുള്ള കാർഷിക പദ്ധതികളും കർഷകരെ യഥാസമയം അറിയിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

7 മേൽത്തരം വിത്തുകളും കർഷകന് ലഭ്യമാക്കുക.

8 കീഴാവൂർ വാർഡ് മുഴുവനും തെറ്റിയാർ വാട്ടർഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തുക.

അണ്ടൂർക്കോണം വാർഡ് നമ്പർ. III

വാർഡിലെ പ്രധാനകാർഷികവിള തെങ്ങ് ആണ്. 10%–ൽ താഴെ മാത്രമേ നെൽകൃഷി നടക്കുന്നുള്ളൂ. ഇടവിളയായി വാഴ, മരിച്ചീനി, ചേന, ചേമ്പ് മുതലായവ കൃഷിചെയ്യുന്നു. തെറ്റിയാർ ഒഴുകുന്നത് ഈ വാർഡ് വഴിയാ

ണ്. തെറ്റിയാറിൽ നിന്ന് കൃഷിയിടങ്ങളിലേക്കുള്ള ജലസേചന മാർഗ്ഗങ്ങൾ അപര്യാപ്തമാണ്.

ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1 രോഗബാധിത തെങ്ങുകൾ ധാരാളമുണ്ട്. രോഗ നിർമ്മാർജ്ജനം ചെയ്യുവാനുള്ള പദ്ധതി ആവിഷ്കരിക്കുക.
2 ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.
3 കാർഷിക വിള നശിപ്പിക്കുന്ന എലിയെ നശിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.
4 നെൽപാടം നികത്ത് നിയമംമൂലം തടയണം.
5 സൈഡ് ഇടിഞ്ഞു നികരുന്ന തെറ്റിയാറിന്റെ ഇരുകരകളും കല്ല് കെട്ടി സംരക്ഷിക്കണം.

പായ്ച്ചിറ വാർഡ് നമ്പർ. IV

പ്രധാനമായും നാളികേര കൃഷിയാണ് നടക്കുന്നെതെങ്കിലും വാർഡിന്റെ 30% പ്രദേശത്ത് നെൽകൃഷി നടക്കുന്നു. ഇടവിളയായി നാമ മാത്രമായ വാഴ കൃഷിയും, ചേന, ചേമ്പ്, മരിച്ചീനി എന്നിവയുടെ കൃഷിയും ഉണ്ട് പച്ചക്കറി കൃഷി നാമ മാത്രമായിപോലും വാർഡിൽ നടക്കുന്നില്ല. ഈ വാർഡിലുണ്ടായിരുന്ന നടുവത്തേല പൂർണ്ണമായും നികത്തി തെങ്ങും, മരിച്ചീനിയും കൃഷി ചെയ്യുന്നുണ്ട്. ഗ്രാമസഭയിൽ വന്നനിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1 നിലം നികത്ത് തടയാൻ കർശന നടപടി സ്വീകരക്കണം.
2 ആനതാഴ്ചിറ ജലസേചനത്തിന് ഉപയോഗപ്പെടത്തി വെള്ളൂർ തോടിൽ ബണ്ടുകൾ കെട്ടി തൂമ്പ് വച്ച് പാടത്ത് വെള്ളം എത്തിക്കുക.
3 തളിയൂർ കുളം, പറമ്പുവാരത്ത് കുളം എന്നിവ വൃത്തിയാക്കിസംരക്ഷിച്ച് സമീപപുരയിടങ്ങളിൽ പച്ചക്കറികൃഷിക്ക് ജലസേചനം എത്തിച്ച് പച്ചക്കറി കൃഷി നടത്തുവാനുള്ള പദ്ധതിക്ക് രൂപംനൽകുക.
4 കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുക.
5 ജനകീയ പങ്കാളിത്വത്തോടെ നാളികേരത്തിന്റെ മാതൃകാകൃഷിത്തോട്ടങ്ങൾക്ക് രൂപം നൽകുക. (സാങ്കേതിക ഉപദേശവും, ധനസഹായം നൽകുക)
6 നല്ല നാളികേര കർഷകന് അവാർഡ്ഏർപ്പെടുത്തുക.
7 നിലവിലുള്ള കിണറുകൾ കുഴിച്ച് ജലസേചനത്തിന് ഉപയോഗിക്കുവാൻ സബ്സിഡിയായി ധനസഹായം ലഭ്യമാക്കുക
8 തിട്ടാമൂഴിയിലെ ചീപ്പിന്റെ ചോർച്ച ഒഴിവാക്കുവാൻ നടപടിസ്വീകരിക്കണം. അതുമായി ബന്ധപ്പെട്ട തോട് പുനരുദ്ധരിക്കണം.

പള്ളിച്ചവീട് വാർഡ് നമ്പർ V

നാളികേര കൃഷിയാണ് പ്രധാനം 15% നെൽ കൃഷിയും നടക്കുന്നുണ്ട്. മരിച്ചീനിയും ഇടവിളയായി കൃഷി ചെയ്യുന്നു. നാമമാത്രമായി ചേന, ചേമ്പ് വാഴ എന്നിവ കൃഷി ചെയ്യുന്നുണ്ട്, ഗ്രാമസഭയിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1 തലയ്ക്കോണം മുതൽ കരിച്ചാറ കായൽ വരെയുള്ള തോട് വൃത്തിയാക്കി ജലസേചനത്തിന് ഉപയോഗപ്പെടുത്തുക.
2 ആനതാഴ്ചിറ കൃഷിക്ക് കൂടി ഈ വാർഡിൽ ജലസേചനം എത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കുക.
3 പഞ്ചായത്തിന്റെ നേതൃത്വത്തിൽ കൂട്ടുകൃഷി ഏർപ്പെടുത്തുക.
4 നവീന കൃഷി മാർഗ്ഗങ്ങൾ കർഷകന് ഉപദേശിക്കുവാൻ വിദഗ്ദ്ധരായ ഫീൽഡ് സ്റ്റാഫിനെ നിയമിക്കുക,
5 നെൽക്കൃഷി മെച്ചപ്പെടുത്തുന്നതിന് വളം വിത്ത് കീടനാശിനി എന്നിവ സൗജന്യമായി നൽകുക.
6 തെങ്ങിന്റെ കാറ്റ് വീഴ്ചരോഗം നിർമാർജ്ജനം ചെയ്യുക.

7 മണ്ണ് പരിശോധിച്ച് രാസവള പ്രയോഗത്തിന് നിർദ്ദേശം നൽകുക.

8 കട്ടച്ചിറക്കോണം ചിറയുടെ സമീപത്തുള്ള പുറമ്പോക്ക് ഭൂമിയുടെ കൈയേറ്റം തടഞ്ഞ് ചിറ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുക.

കരിച്ചാറ വാർഡ് നമ്പർ. VI

നാളികേര കൃഷിയാണ് വാർഡിൽ ഉള്ള പ്രധാനപ്പെട്ട കൃഷി നെൽകൃഷിക്ക് പാടങ്ങളില്ലാത്ത വാർഡാണ്. ജനങ്ങളം തിങ്ങിപാർക്കുന്ന സ്ഥലമായതിനാൽ കൃഷി ഭൂമിയുടെ വിസ്തീർണ്ണം വളരെ കുറവാണ്. കൃഷിയ്ക്ക് ഉപയുക്തമാക്കാൻ കഴിയുന്ന സർക്കാർപുറമ്പോക്ക് ഭൂമി ഈവാർഡിലുണ്ട്. ഗ്രാമസഭയിൽവന്ന നിർദ്ദേശങ്ങളം ചുവടെ ചേർക്കുന്നു.

1 വാട്ടർഷെഡ്പദ്ധതി രൂപീകരിക്കപ്പെടുകയാണെങ്കിൽ വാർഡിനെകൂടി ഉൽപ്പെടുത്തുവാനുള്ളനടപടി സ്വീകരിക്കുക.

2 പച്ചക്കറികൃഷി സഹകരണാടിസ്ഥാനത്തിൽ നടത്തുവാനും സംഭരിക്കാനുമുള്ള സൊസൈറ്റികളം രൂപീകരിക്കുക.

3 പച്ചക്കറി കൃഷിയ്ക്ക് വിത്തും വളവും സൗജന്യമായിനൽകുക.

4 പട്ടുനൂൽ കൃഷിയ്ക്ക് സഹായംഅനുവദിക്കുക.

5 കൃഷിനാശം ഉണ്ടാക്കുന്ന ജീവികളെ നശിപ്പിക്കാനുള്ള പദ്ധതികളം നടപ്പിലാക്കുക.

6 തെങ്ങ് രോഗനിർമാർജനത്തിന് കീടനാശിനികളം വിതരണം ചെയ്യുകയും ഉപയോഗം കർഷകനെ പഠിപ്പിക്കുകയും ചെയ്യുക.

7 മണ്ണ് പരിശോധന ത്വരിതപ്പെടുത്തുക.

പള്ളിപ്പുറം വാർഡ് നമ്പർ. VII

തെങ്ങ്കൃഷിയും, നെൽകൃഷിയും ഏതാണ്ട് ഒപ്പത്തിനൊപ്പം നിൽക്കുന്ന വാർഡാണ്. ഇത് നാമമാത്രമായി ഇടവിളകൃഷി നടക്കുന്നുണ്ട് ഈവാർഡിൽ ഉയർന്നുവന്ന കാർഷിക നിർദേശങ്ങളം പലതും പഞ്ചായത്തിൽ പൊതുവെ സ്വീകരിക്കപ്പെടാവുന്നതായതുകൊണ്ട് ആഭാഗത്ത് ഉൽപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്നത് ചുവടെ ചേർക്കുന്നു.

1 നവീന യന്ത്രസാമഗ്രികളം കൃഷിക്ക് ലഭ്യമാക്കുക.

2 കൃഷി സഹകരണാടിസ്ഥാനത്തിൽ വ്യവസായവൽക്കരിക്കുക.

3 കൂലി ഏകീകരിക്കുക.

4 കൂൺ കൃഷി നടപ്പിലാക്കുന്നതിന് സമഗ്ര പദ്ധതി ആവിഷ്കരിക്കുക.

5 നെൽപ്പാടത്തിൽ കൊയ്ത്ത് കഴിഞ്ഞ് ഇടവിളയായി പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ വിത്തും വളവും കീടനാശിനിയും നൽകുക.

6 കുളങ്ങളം നവീകരിച്ച് ജലസേചനത്തിന് സൗകര്യം ഉണ്ടാക്കണം.

7 സൗജന്യ മണ്ണ് പരിശോധന നടത്തി വള പ്രയോഗത്തിന് നിർദേശം നൽകുക.

വലിയവീട് വാർഡ് നമ്പർ. VIII

അണ്ടൂർക്കോണം പഞ്ചായത്തിൽ കഠിനംകുളം കായലിനോട് ചേർന്ന് കിടക്കുന്ന പ്രദേശമാണ് VIII–ാം വാർഡ്. മണൽ പ്രദേശമാണ് വാർഡിന്റെ 50% പ്രദേശത്ത് നാളികേര കൃഷിയാണ്. 10% പ്രദേശത്ത് നെൽകൃഷി നടക്കുന്നുണ്ട്. നാമമാത്രമായി ഇടവിളകളും വാഴയും കൃഷിചെയ്യുന്നുണ്ട്.

1 മങ്ങാട്ടുവഴി ഏലായിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കാനും, ഇടവിള കൃഷി നശിക്കാതിരിക്കുവാനും, ഷട്ടർ സ്ഥാപിച്ച് പരിഹാരമാർഗ്ഗം ഉണ്ടാക്കണം.

2 മങ്ങാട്ടു ഏലായിൽ ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കണം.

3 സൗജന്യ മണ്ണ് പരിശോധന നടത്തി വളം ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകുക.

4 വിത്ത്, വളം എന്നിവ നൽകി പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.

5 അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈ ഉൽപാദിപ്പിക്കുന്നതിന് നഴ്സറി അനുവദിക്കുക.

6 കൃഷി ഉപകരണങ്ങളും സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

തെക്കേവിള വാർഡ് നമ്പർ. IX

മണൽ പ്രദേശമാണ് വാർഡിൽ പകുതിയിൽ കൂടുതൽ നാളികേര കൃഷിയാണ്. നാമമാത്ര നെൽകൃഷി നടക്കുന്നു. ഇടവിളയായി മരിച്ചീനി, പയർ എന്നിവയും കൃഷി ചെയ്യുന്നുണ്ട്.

ഗ്രാമസഭ നിർദ്ദേശങ്ങൾ.

1 കല്ലിൽകരതോട് വൃത്തിയാക്കി ജലസേചനത്തിനുള്ള സൗകര്യം ഉണ്ടാക്കുക. തോടിന്റെ ആഴം വർദ്ധിപ്പിക്കുക.

2 നാമമാത്രമായ നെൽപ്പാടങ്ങൾ നികത്തുന്നത് നിയമം മൂലം തടയുക.

3 വാഴ, മരിച്ചീനി എന്നിവയുടെ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ വിതരണം നടത്തുക.

4 വളം കീടനാശിനി എന്നിവ സൗജന്യമായി നൽകുക.

ആലുംമൂട് വാർഡ് നമ്പർ. X

50%ത്തോളം നെൽകൃഷിയും ഒപ്പം നാളികേരകൃഷിയും ഈ വാർഡിൽ ഉണ്ട്. ഇടവിള കൃഷികളായ വാഴ, മരിച്ചീനി മറ്റുള്ള കിഴങ്ങ് വർഗ്ഗങ്ങൾ നാമമാത്രമായി കൃഷിചെയ്യുന്നുണ്ട്. ജല നിർഗമനം നടത്തി നെൽകൃഷി നശീകരണം തടയാനുള്ള ഗ്രാമസഭാ നിർദ്ദേശം പഞ്ചായത്തിന്റെ പൊതുവായ ഭാഗത്ത് ചേർത്തിട്ടുണ്ട്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1 നിലം നികത്ത് കർശനമായി തടയാൻ നിയമം കൊണ്ടുവരുക,

2 തെറ്റിയാർ വാട്ടർഷെട്ട് പദ്ധതിയിൽ വാർഡിനെ ഉൽപ്പെടുത്തുക.

3 വാർഡിൽ ഉൽപാദിപ്പിക്കുന്ന പഴം, പച്ചക്കറി എന്നിവയ്ക്ക് സംഭരണ യൂണിറ്റ് സ്ഥാപിക്കുക.

4 രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റുവാൻ ധനസഹായം നൽകുക.

5 മീൻ വളർത്തൽ പദ്ധതി വാർഡിലെ ജലാശയങ്ങളിൽ നടപ്പിൽ വരുത്തുക.

6 പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിത്തും, വളവും നൽകുക.

7 വെള്ളൂർ തോടിന്റെ ഇരുവശവും കരിങ്കൽ കെട്ടുകയും തെറ്റിയാറിലേക്കുള്ള ഭാഗം വലിയ കലുങ്ക് നിർമ്മിക്കുകയും ചെയ്യണം.

കണിയാപുരം വാർഡ് നമ്പർ. XI

വാർഡിലെ പ്രധാനപ്പെട്ട കൃഷി നാളികേര കൃഷിയാണ്. നാമമാത്രമായി നെൽകൃഷിയുണ്ട് (5%) ഇട വിളയായി മരിച്ചീനി, വഴാ, മറ്റ് കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നുണ്ട്, മണൽ പ്രദേശമാണ് വാർഡിലെ ഏറിയ ഭാഗവും.

ഗ്രാമസഭ നിർദ്ദേശങ്ങൾ.

1 വാർഡിലെ നാളികേര കർഷകന് വളവും, കീടനാശിനിയും സൗജന്യമായി നൽകുക.

2 5 സെൻറുള്ള 100 കർഷകർക്ക് സൗജന്യമായി വിത്തും, വളവും നൽകി പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.

3 കണിയാപുരത്ത് പച്ചക്കറി സംഭരണ കേന്ദ്രം സ്ഥാപിക്കുക.

4 ആനതാഴ്ചിറ ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തി കണിയപുരം വാർഡിനും കൂടി ജലം എത്തിക്കുക.

5 പുളി നീറിക്കരി, മങ്ങാട്ടുവഴി തോടുകൾ വികസിപ്പിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.

6 തെങ്ങ് കൃഷി മെച്ചപ്പെടുത്തുന്നതിന് കർഷകർക്ക് ആനുകൂല്യം നൽകുക.

7 കണിയാപുരം ഠൗൺ വാർഡിന്റെ പരിധിക്കുള്ള രണ്ടുതോടുകളിലെയും സൈഡ് വാൾ നിർമ്മിച്ച് മണ്ണിടിച്ചിൽ ഒഴിവാക്കുക

കൃഷിയും ജലസേചനവും

1 ആലുംമൂട് പത്താം വാർഡിൽപ്പെട്ട കിഴക്കുംപുറം ഏലായിൽ മഴക്കാലത്ത് വെള്ളം കെട്ടിക്കിടന്ന് കൃഷി നശിക്കുകയും വേനൽക്കാലത്ത് വെള്ളം കിട്ടാതെ കൃഷി നശിക്കുകയുംചെയ്യുന്നു. അതിനുതെറ്റിയാർ തോട്ടിൽ മൂഴിനടയിൽ ഒരു അണകെട്ടുകയും ഏലായിൽ ഒരുബണ്ട് നിർമ്മിക്കുകയും ചെയ്താൽ കിഴക്കുംപുറം ഏലായിലെ കൃഷി സമ്പ്രദായം മെച്ചപ്പെടുത്താൻ കഴിയും

2 അണ്ടൂർക്കോണം വാർഡിൽ അയന്തി എന്ന സ്ഥലത്ത് തെറ്റിയാർ തോട്ടിൽ ചീപ്പ് നിർമ്മിച്ച് വെള്ളം തടഞ്ഞുനിർത്താൻ കഴിഞ്ഞാൽ കൃഷി മെച്ചപ്പടുത്താൻ കഴിയും.

3 കരിച്ചാറ ആറാം വാർഡിൽ മുഴുത്തിരയാവട്ടം എന്ന സ്ഥലത്ത് കൃഷി ചെയ്യുന്നതിന് അവിടെ സ്ഥിരമായി കൊല്ല എടുക്കുന്ന ഭാഗത്ത് ബലമുള്ളബണ്ട് നിർമ്മിക്കുക.

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ മൃഗസംരക്ഷണ മേഖലയുടെ

വികസന റിപ്പോർട്ട്

ആമുഖം:- കേരളത്തിന്റെ പ്രാഥമിക മേഖലകളിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ അനസൂയമായ വികസനം നടന്നിട്ടുണ്ട്. കേരളത്തിന്റെ സമ്പത്ഘടനയുടെ വളർച്ചയിൽ പ്രധാനപങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണരംഗം.

സെൻസസ് കണക്കുകൾ കാണിക്കുന്നത് പശു ഉൾപ്പെടെയുള്ള നമ്മുടെ കാലി സമ്പത്തിന്റെ വർദ്ധന ഗണ്യമായിരുന്നു എന്നാണ് കഴിഞ്ഞ രണ്ട് ദശാബ്ദ കാലയളവിൽ മൃഗസംരക്ഷണ രംഗത്ത് പ്രധാനമായും പാലിന്റെ ഉൽപാദനത്തിലും ഉപഭോഗത്തിലും അസൂയാവഹമായ വളർച്ച കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തിന്റെ കാലി സമ്പത്തിന്റെ 90% ഉം ഗ്രാമങ്ങളിലാണ്. നമ്മുടെ ഗ്രാമത്തിലെ കന്നുകാലി ഉടമകളിൽ ബഹുഭൂരിഭാഗവും ചെറുകിട കർഷകരും കർഷകതൊഴിലാളികളുമാണ്. അതിനാൽ മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമ സമ്പത്ഘടനയെ സമ്പുഷ്ടമാക്കും എന്ന് വ്യക്തം.

കോഴിമുട്ടയുടേയും കോഴിയിറച്ചിയുടേയും ആഭ്യന്തര ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിലധിഷ്ഠിതമായ ആഭ്യന്തര ഉൽപാദനം ഇനിയും സാധിച്ചിട്ടില്ല. നമ്മുടെ ഗ്രാമത്തിൽ മാംസത്തിന്റെ ആവശ്യം അനുദിനം വർദ്ധിച്ച് വരുകയാണ്. എന്നാൽ മാംസോൽപാദന സംസ്കരണ വിതരണ രംഗമാകട്ടെ അസംഘടിത മേഖലയായി തുടരുകയാണ്. കേരളത്തിലെ മാംസോൽപാദനത്തിലെ മൃഗങ്ങളിൽ 85% വും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ആയതിനാൽ ക്രയ-വിക്രയം ചെയ്യപ്പെടുന്ന സമ്പത്തിന്റെ ഏറിയ കൂറും സംസ്ഥാനത്തിന്റെ പുറത്തേയ്ക്ക് ആണ് ഒഴുകുന്നത്. അതുകൊണ്ട് തന്നെ നമ്മുടെ പരമ്പരാഗത പശുസമ്പത്ത് പര്യാപ്തതയ്ക്ക് ഉതകുന്ന അല്ലെങ്കിൽ അതിനു മുൻതൂക്കം നൽകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നപക്ഷം ഈ സമ്പത്ത് നമ്മുടെ ഗ്രാമീണ കർഷകന്റെ കൈകളിൽ എത്തിച്ചേരും.

മൃഗസംരക്ഷണ മേഖല എന്നാൽ പാൽ ഉൽപാദനം മാത്രമാണെന്നുള്ള ഇന്നത്തെ അബദ്ധധാരണ അല്ലെങ്കിൽ തെറ്റായ കാഴ്പ്പാട് തിരുത്താൻ സമയം അതിക്രമിച്ചിരിക്കുകയാണ്. ഹൃസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധന നിക്ഷേപം കൊണ്ട് കൂടുതൽ സമ്പത്ത് വർദ്ധനവിനുള്ള മേഖല ഒരുപക്ഷേ മൃഗസംരക്ഷണ മേഖല ആണെന്നു പറയാം.

എന്നാൽ ഈ മേഖലയുടെ സാദ്ധ്യതകളെ പൂർണ്ണമായും ചൂക്ഷണം ചെയ്യാൻ കഴിഞ്ഞ പഞ്ചവത്സര പദ്ധതികൾക്ക് ഒന്നും സാധിച്ചിട്ടില്ല ഈ മേഖലയിലേയ്ക്ക് കടന്നുവരുവാനുള്ള അഭ്യസ്തവിദ്യരുടെ വിമുഖത ധനകാര്യ വായ്പാ സ്ഥാപനങ്ങൾ കാണിക്കുന്ന താൽപര്യ കുറവ്, ചുരുങ്ങുന്ന മേച്ചിൽപുറങ്ങൾ. പെരുകുന്ന ഉൽപ്പാദന ചെലവ്, തീറ്റ പുൽകൃഷിയിൽ ഉണ്ടായ മാന്ദ്യത, കാലിതീറ്റയുടെ അനയന്ത്രിതമായ വിലയും, ഗുണനിലവാരമില്ലായ്മയും മുതലായവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

പോഷക പ്രധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനത്തിന് പുറമെ മൃഗസംരക്ഷണ മേഖല തൊഴിൽ ഉള്ളവർക്ക് ഒരു ഉപതൊഴിൽ. തൊഴിൽ ഇല്ലാത്തവർക്ക് ഒരു മുഖ്യ തൊഴിൽ, ദൈനംദിന വരുമാന വർദ്ധനവ്, കാർഷിക മേഖലയ്ക്കാവശ്യമായ ജൈവ വളങ്ങൾ, നിലം ഉഴുകുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തി, ഊർജ്ജസ്രോതസ് (biogass), വ്യവസായത്തിനാവശ്യമായ തുകൽ, എല്ല്, ജലാറിൻ ഓസീൻ, കൊഴുപ്പ്, ഔഷധ വ്യവസായത്തിനാവശ്യമായ സാധനങ്ങൾ എന്നിവ പ്രധാനം ചെയ്യുന്നു പോഷിക നിയന്ത്രണം, മാംസ പരിശോധനയിലൂടെയുള്ള മാംസ ഉൽപാദനം വിതരണം തുടങ്ങിയ പൊതുജനാരോഗ്യ സംബന്ധമായ സേവനങ്ങളും ഈ മേഖലയുടെ പരിധിയിൽ വരുന്നു

1 പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല:

കാർഷിക ഗ്രാമമായ അണ്ടൂർക്കോണം പഞ്ചായത്തിൽ കൃഷിയുടെ അഭിഭാജ്യഘടകമായിരുന്നു കന്നുകാലി വളർത്തൽ. ഉഴവുമാടുകൾ എന്ന നിലയിലും, പണ്ടി വലിക്കുന്നതിനും പാൽ ഉൽപ്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്ത്രോതസ് കന്നുകാലികളായിരുന്നു കാലിവളർത്തൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങൾ അന്നുണ്ടായിരുന്നു. നെൽകൃഷി കഴിഞ്ഞാൽ കാലികളെ മേയ്ക്കുവാനുള്ള ഒരു പ്രധാന ഇടമായിരുന്നു നെൽപ്പാടങ്ങൾ ഈ രീതിയിൽ പാടത്തെ ജൈവ വളാവശ്യം നിറവേറ്റാൻ കർഷകർക്ക് കഴിഞ്ഞിരുന്നു. എന്നാൽ ഇന്ന് നെൽപ്പാടങ്ങൾ നികത്തപ്പെടുകയും പുരയിടങ്ങളിൽ കാർഷിക വിളകൾക്ക് സ്ഥാനം കുറഞ്ഞ് പകരം റബ്ബർകൃഷി വ്യാപകമാകുകയും ചെയ്തതിനാൽ കന്നുകാലികൾക്കാവശ്യമായ തീറ്റപുൽകൃഷി ചെയ്യുവാനുള്ള സ്ഥലങ്ങളുടെ ലഭ്യതയും കുറഞ്ഞു. ഇത് കന്നുകാലി വളർത്തലിന് വളരെ ദോഷം ചെയ്തിട്ടുണ്ട്.

പശു, ആട് എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. ചെറിയ തോതിൽ എരുമ, കാള എന്നിവയുമുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം മുട്ടക്കോഴികളാണ്. ചെറിയ ശതമാനം താറാവും ഇറച്ചിക്കോഴിയും ഉണ്ട്.

എന്നാൽ മുൻകാല കണക്കുകൾ വച്ച് നോക്കുമ്പോൾ ഇവയുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായതായി കാണുന്നില്ല.

അനുബന്ധം 1

ജനന രജിസ്റ്റർ

വർഷം	പശു		ആകെ	എരുമ		ആകെ	
	ആൺ	പെൺ		ആൺ	പെൺ		
1992–93	524	401	925	6	7	13	
93–94	541	497	1038	6	4	10	
94–95	420	370	790	9	6	15	
95–96	597	369	966	7	9	16	
96–97	324	274	598	3	2	5	
31-10-96 വരെ							

അനുബന്ധം 2

(1995-ൽ നടന്ന പ്രസിദ്ധപ്പെടുത്താത്ത സെൻസസിനെ ആസ്പദമാക്കി)

വളർത്തുമൃഗ സംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു	എരുമ	പോത്ത്	ആട്	പട്ടി
	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ					
I		6		44	290	69	8	254	163
II		8	2	30	208	53	10	222	185
III		8		32	281	60	6	257	201
IV		4	2	39	297	65	14	255	110
V		—		41	230	55	4	237	131
VI		6		27	298	41	2	493	121
VII		2		37	255	31	4	169	133
VIII		6		40	234	97	2	163	97
IX		30	2	54	303	64	4	285	91
X		10		32	422	58	6	455	93
XI		4	2	41	251	77	8	273	88
ആകെ		84	8	417	3069	670	68	3063	1413

അനുബന്ധം 3

വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	കോഴി		താറാവ്
	നാടൻ	സങ്കരഇനം	
I	471	336	107
II	521	418	67
III	590	255	52
IV	602	210	98
V	510	305	87
VI	590	225	42
VII	634	430	68
VIII	577	448	124
IX	612	210	79
X	630	680	105
XI	865	588	126
ആകെ	6602	4105	956

അനുബന്ധം 4

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

രോഗവിവരങ്ങൾ 92-93

	രോഗങ്ങളും	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	മറ്റുള്ളവ ആന
1	2	3	4	5	6	7	8	9	10	11 12
1	ദഹനസംബന്ധമായ	1376	65	375		47	418			
2	ശ്വാസകോശസംബന്ധമായ	57	3	175		4	111			
3	ഉപാപചയസംബന്ധം	169	—	33		—				
4	ത്വക്ക്രോഗങ്ങളും	364	10	124		45				
5	ധാതുലവണങ്ങളുടെ അഭാവം	50	3	16		3				
6	പരാദരോഗങ്ങളും	880	21	170		62	392			
7	പ്രത്യുൽപ്പാദന വ്യവസ്ഥയുമായിബന്ധപ്പെട്ടവ	189	1	40		1				
8	വന്ധ്യത	393	5	8						
9	അകിടുവീക്കം	107	—	28						
10	മുടന്തൻപനി	77	5							
11	പകർച്ചവ്യാധികളും									

അനുബന്ധം 4

അണ്ടൂർക്കോണം പഞ്ചായത്ത്

രോഗവിവരങ്ങൾ 93-94

	രോഗങ്ങളും	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	മറ്റുള്ളവ ആന
1	2	3	4	5	6	7	8	9	10	11 12
1	ദഹനസംബന്ധമായ	1417	84	514		49	185			
2	ശ്വാസകോശസംബന്ധമായ	163	5	406		15	289			
3	ഉപാപചയസംബന്ധം	159		35						
4	ത്വക്ക്രോഗങ്ങളും	360	20	141		86				
5	ധാതുലവണങ്ങളുടെ അഭാവം	96	6	42		125				
6	പരാദരോഗങ്ങളും	844	47	147			375			
7	പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	192	2	45						
8	വന്ധ്യത	422	23	2						
9	അകിടുവീക്കം	112		25						
10	മുടന്തൻപനി	72								
11	പകർച്ച വ്യാധികളും									

അനുബന്ധം 4

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

രോഗവിവരങ്ങൾ 94-95

രോഗങ്ങളം	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	മറ്റുള്ളവ
1 2	3	4	5	6	7	8	9	10	11 12
1 ദഹനസംബന്ധമായ	975	34	351		24	426			
2 ശ്വാസകോശ സംബന്ധമായ	120	2	212		21	740			
3 ഉപാപചയസംബന്ധം	105	—	15		—				
4 ത്വക്ക്രോഗങ്ങളം	296	8	180		113				
5 ധാതുലവണങ്ങളുടെ അഭാവം	78	4	48		14				
6 പരാദരോഗങ്ങളം	650	20	91		173	386			
7 പ്രത്യുൽപ്പാദന വ്യവസ്ഥയുമായിബന്ധപ്പെട്ടവ	139	1	32						
8 വന്ധ്യത	383	19	2						
9 അകിടുവീക്കം	382	—	118						
10 മുടന്തൻപനി	234	2							
11 പകർച്ചവ്യാധികളം									

അനുബന്ധം 4

അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത്

രോഗവിവരങ്ങൾ 95-96

രോഗങ്ങളം	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	മറ്റുള്ളവ
1 2	3	4	5	6	7	8	9	10	11 12
1 ദഹനസംബന്ധമായ	440	9	243			638			
2 ശ്വാസകോശസംബന്ധമായ	64	10	104			465			
3 ഉപാപചയസംബന്ധം	62		4						
4 ത്വക്ക്രോഗങ്ങളം	135	5	39		1				
5 ധാതുലവണങ്ങളുടെ അഭാവം	3	1	19						
6 പരാദരോഗങ്ങളം	600	13	94			338			
7 പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	96	1	42						
8 വന്ധ്യത	278	3	4						
9 അകിടുവീക്കം	166		164						
10 മുടന്തൻപനി	183								
11 പകർച്ച വ്യാധികളം									

അനുബന്ധം 5

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

പേവിഷബാധ-പ്രതിരോധവും ചികിത്സയും

വർഷം	പശു		എരുമ		ആട്		പട്ടി		പൂച്ച	മറ്റുള്ളവ
	പ്രതിരോധകുത്തിവയ്പ് നടത്തിയവ	കടിയേറ്റതിനാശേഷം കുത്തിവയ്പ് നടത്തിയവ	പ്രതി:കുത്തി:നടത്തിയവ	കടിയേറ്റതിന് ശേ:കു:നടത്തിയവ	പ്രതി:കുത്തി:നടത്തിയവ	കടിയേറ്റതിനുശേഷം കു:നടത്തിയവ	പ്ര:കു:നടത്തിയവ	കടിയേറ്റതിനുശേഷം കുത്തിവയ്പ്പ് നടത്തിയവ		
1992-93		12		1		18	95	8		
93-94		4				5	161			
94-95							69	1		
95-96		6				7	319	23		

II പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ:-

അണ്ടൂർക്കോണം പഞ്ചായത്തിനു ഒരേഒരു മൃഗാശുപത്രിയാണുള്ളത്— കൊയ്ത്തൂർക്കോണം മൃഗാശുപത്രി. ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത് ടി പഞ്ചായത്തിന്റെ സമീപ പഞ്ചായത്തുകളായ പോത്തൻകോട്, മംഗലപുരം എന്നീ പഞ്ചായത്തുകളുടെ അതിർത്തിയോട്, ചേർന്നു കിടക്കുന്ന മോഹനപുരം എന്ന പ്രദേശത്താണ്. 1960 ൽ വെറ്ററിനറി സബ്സെന്ററിനു വേണ്ടി നിർമ്മിച്ച സർക്കാർ കെട്ടിടത്തിൽ ഈ സെന്റർ അപ്ഗ്രേഡ് ചെയ്ത് 1973 മുതൽ വെറ്ററിനറി ഡിസ്പെൻസറിയായി പ്രവർത്തിച്ചു വരുന്നു സബ്സെന്റർ ഡിസ്പെൻസറിയായി അപ്ഗ്രേഡ് ചെയ്തപ്പോഴും സ്ഥലസൗകര്യമോ, കെട്ടിടസൗകര്യമോവർദ്ധിപ്പിച്ചിട്ടില്ല. 36 വർഷംപഴക്കംചെന്ന ടി കെട്ടിടത്തിന്റെ അവസ്ഥ വളരെ ശോചനീയമാണ്. സ്ഥലസൗകര്യത്തിന്റെ അപര്യാപ്തതയ്ക്കു പുറമേ മേൽക്കൂര നിലം പതിയ്ക്കുന്ന അവസ്ഥയിലാണ്. റീ വയറിംഗ് നടത്തേണ്ട കാലം കഴിഞ്ഞു. ഏതെങ്കിലും മെയിൻറനൻസ് പണി ചെയ്തിട്ട് 10 വർഷത്തിലേറെ ആയി. ഇവിടെ ഒരു മൂത്രപുരപോലും ഇല്ല. ആശുപത്രിയോട് ചേർന്നുള്ള പൈതുകിണർ വർഷങ്ങളേറെയായി വൃത്തിയാക്കിയിട്ട്. ഈ കെട്ടിടവും ചുറ്റുമുള്ള 11 സെൻറ് സ്ഥലവും പൂർണമായും പഞ്ചായത്തിനു കൈമാറിരിക്കുകയാണ്. ടി ആശുപത്രിയുടെ പ്രവർത്തനസമയം എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 8-30 മുതൽ ഉച്ചയ്ക്ക് 2 മണിവരേയും, ഞായറാഴ്ച ഒഴിച്ചുള്ള അവധി ദിവസങ്ങളിൽ രാവിലെ 8-30 മുതൽ ഉച്ചയ്ക്ക് 12 മണിവരേയും ഞായറാഴ്ച ദിവസങ്ങളിൽ രാവിലെ 9 മുതൽ 12 വരേയും ആണ്. ഈ സ്ഥാപനത്തിൽ 4 ജീവനക്കാർ മാത്രമാണുള്ളത് ഒരു വെറ്ററിനറി സർജൻ, ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു അറ്റൻഡർ ഒരു പാർട്ട് ടൈംസ്വീപ്പർ എന്നിവരാണ്.

പാൽ, മൂത്രം രക്തം, ചാണം മുതലായവ പരിശോധിക്കുവാനുള്ള ലാബ് സൗകര്യമില്ല. മൃഗങ്ങളെകിടത്തിപരിശോധിപ്പിക്കുവാനും ചികിത്സിക്കുവാനും ഓപ്പറേഷൻ നടത്തുവാനുമുള്ള യാതൊരു സൗകര്യവും ഈ സ്ഥാപനത്തിലില്ല. കർഷകർക്ക് അത്യാവശ്യമായ സമയങ്ങളിൽ ആശുപത്രിയുമായി ബന്ധപ്പെടുവാൻ ഫോൺ സൗകര്യമില്ല. ടി ആശുപത്രി മുഖേന വളർത്തുമൃഗ

ങ്ങൾക്കുള്ള രോഗപരിശോധനയും ചികിത്സയും അത്യാവശ്യഘട്ടത്തിൽ കർഷകരുടെ വീട്ടുമുറ്റത്ത് നടത്തേണ്ടിവരുന്ന സിസേറിയൻ മുതലായ ഓപ്പറേഷനുകൾ, പശുക്കൾക്കും എരുമകൾക്കുമുള്ള കൃത്രിമബീജസങ്കലനം, വന്ധ്യതാ പരിശോധനാ ക്യാമ്പ് സംഘടിപ്പിക്കലും അതിന്റെ Followup കളും കുളമ്പ്രോഗം, കോഴിവസന്ത– വസൂരി, പേവിഷബാധ എന്നിയ്ക്ക് എതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾ, മൃഗസംരക്ഷണമേളകൾ, മൃഗസംരക്ഷണ വകുപ്പും മറ്റ് അനുബന്ധ ഏജൻസികളും മുഖേന നടത്തുന്ന മൃഗസംരക്ഷണ പദ്ധതികളുടെ നടത്തിപ്പ് എന്നിവയാണ് ഈ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ.

ടി മൃഗാശുപത്രി തിരുവനന്തപുരം ജില്ലയിലെ വെറ്ററിനറി ഡിസ്പെൻസറികളിൽ രോഗചികിത്സ, കൃത്രിമബീജ സങ്കലനം എന്നിവയിൽ മുൻപന്തിയിൽ നിൽക്കുന്നവയിൽ ഒന്നാണ് കഴക്കൂട്ടം ബ്ലോക്കിന്റെ കീഴിൽ വരുന്ന മൃഗാശുപത്രികളിൽ ഒന്നാമത്തേതുമാണ് ടി ആശുപത്രിയുടെ സേവനം അണ്ടൂർക്കോണം പഞ്ചായത്തിലെ കർഷകർക്ക് പുറമേ മംഗലപുരം പോത്തൻകോട് പഞ്ചായത്തിലെ കർഷകരും പ്രയോജനപ്പെടുത്തുന്നു. നിലവിലുള്ള പ്രവർത്തനസമയം. ജീവനക്കാരുടെ എണ്ണം, ആശുപത്രികെട്ടിടം എന്നിവ ഇതിന് അപര്യാപ്തമാണ്. ടി സ്ഥാപനം 24 മണിക്കൂറും പ്രവർത്തിക്കത്തക്കരീതിയിൽ കമ്മ്യൂണിക്കേഷൻ ഫോൺ, ലാബ് മുതലായ സൗകര്യങ്ങളോടുകൂടിയ ഒരു പോളിക്ലിനിക്കായി ഉയർത്തേണ്ടതും കുറഞ്ഞപക്ഷം രണ്ട് ഷിഫ്റ്റ് അതായത്– രാവിലെ 8 മുതൽ 2 വരേയും ഉച്ചയ്ക്ക് 2 മണിമുതൽ രാത്രി 8 മണിവരേയും പൂർണ്ണമായ രീതിയിൽ പ്രവർത്തിക്കുവാൻ വേണ്ട നടപടികളും കൈക്കൊള്ളേണ്ടതുമാണ്. ടി. പോളിക്ലിനിക്കിന് ആവശ്യമായ സൗകര്യത്തോടുകൂടിയ ഒരു പുതിയ കെട്ടിടം അതിനോട് ചേർന്ന് ഡോക്ടർക്ക് താമസിക്കുവാനുള്ളക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കേണ്ടതാണ്.

നിലവിലുള്ള ആശുപത്രി പഞ്ചായത്തിന്റെ ഒരു അതിർത്തിയിൽ സ്ഥിതി ചെയ്യുന്നതിനാൽ ഇതിന്റെ പ്രയോജനം പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും ലഭ്യമാകുന്നില്ല. ആയതിനാൽ പഞ്ചായത്തിന്റെ മധ്യഭാഗത്ത് ഒരു പുതിയ വെറ്ററിനറി ഡിസ്പെൻസറി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്

ടി പഞ്ചായത്തിലുള്ള ഏക ഐ.സി.ഡി.പി ഉപകേന്ദ്രം അണ്ടൂർക്കോണം ക്ഷീരോല്പാദകസഹകരണ സംഘം വക കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ പ്രവർത്തന സമയം മേൽവിവരിച്ച ആശുപത്രി സമയക്രമം തന്നെയാണ്. ഇവിടെ ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നിവരാണ് ജീവനക്കാരായി ഉള്ളത്. പശു, എരുമ എന്നിവയ്ക്കുള്ള കൃത്രിമ ബീജസങ്കലനം, സമയാസമയങ്ങളിൽ നടത്തുന്ന വന്ധ്യതാനിവാരണ ക്യാമ്പുകൾ എന്നിവയാണ് ഈ സ്ഥാപനത്തിൽനിന്നും ലഭിക്കുന്ന സേവനം.

500 പശുക്കൾക്ക് ഒരു ഐ. സി ഡി. പി ഉപകേന്ദ്രം എന്ന നിലയ്ക്ക് നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി മൂന്ന് ഉപകേന്ദ്രങ്ങൾ എങ്കിലും സ്ഥാപിക്കേണ്ടതാണ്. എങ്കിൽ മാത്രമേ കന്നുകാലികൾക്കുള്ള കൃത്രിമബീജ സങ്കലന പദ്ധതി കർഷകർക്ക് പൂർണ്ണമായും പ്രയോജനപ്പെടുകയുള്ളു. ഈ സൗകര്യം നടപ്പിലാക്കുന്നതോടൊപ്പം ലൈസൻസില്ലാത്ത വിത്തുകാളകൾ വളർത്തുന്നത് നിർബന്ധമായും തടയേണ്ടതാണ്. എന്നാൽ മാത്രമേ നമ്മുടെ കന്നുകാലികളുടെ ജനിതഗുണം ഉറപ്പാക്കാൻ പറ്റുകയുള്ളു.

III അണ്ടൂർക്കോണം പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ

1991-92

1 കോഴിവളർത്തൽ–തെറ്റിച്ചിറകോളനി പട്ടികജാതി / പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് പദ്ധതി : ഒരാൾക്ക് 11 കോഴിയും 25 kg. കോഴിതീറ്റയും ചെലവ് : ഒരാൾക്ക് Rs 346/ – നിരക്കിൽ 10 പേർക്ക് മൊത്തം ചെലവ് 3460/–രൂപ

2 കോഴിവളർത്തൽ – പുതുവൻകോളനി പട്ടികജാതി / പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക്

പദ്ധതി : 15 പേർക്ക് ഒരാൾക്ക് 11 കോഴി യും 25 kg. കോഴിതീറ്റയും

ചെലവ് : ഒരാൾക്ക് 346 രൂപ നിരക്കിൽ 15 പേർക്ക് മൊത്തം ചെലവ് 5190/–രൂപ

1992-93

1 ആട് വളർത്തൽ – കറുച്ചിറകോളനി പട്ടിക ജാതി / പട്ടിക വർഗ്ഗത്തിൽ പെട്ടവർക്കും
പദ്ധതി ഒരാൾക്ക് 300/-രൂപ വിലയുള്ള ഒരു ആട്ടിൻ കുട്ടിവീതം 10 പേർക്ക്
ചെലവ് : 3000/– രൂപ

2 കോഴിവളർത്തൽ എം. എൻ. പി. പി സ്കീം പഞ്ചായത്തിൽ പെട്ട എല്ലാവർക്കും.
പദ്ധതി : ഒരാൾക്ക് 3 കോഴികൾ വീതം പകുതി വിലയായ 45/- രൂപ നിരക്കിൽ 302 പേർക്ക്
ചെലവ് : 302 × 45 = 13,590/–രൂപ

1994-95

1 ആട് വളർത്തൽ – പാച്ചിറ കോളനി പട്ടിക ജാതി / പട്ടിക വർഗ്ഗത്തിൽ പെട്ടവർക്ക്
പദ്ധതി : ഒരാൾക്ക് 2810 രൂപ സബ്സി ഡിയായി 2 ആടുകൾ വീതം 5 പേർക്ക്
ചെലവ് : 2810 × 5 = 14,050/ രൂപ

2 കിടാരി വളർത്തൽ – പാച്ചിറ കോളനി പട്ടിക ജാതി / പട്ടിക വർഗ്ഗത്തിൽ പെട്ടവർക്ക്
പദ്ധതി : ഒരാൾക്ക് 2500/–രൂപ സബ്സി ഡിയായി ഒരു കിടാരി വീതം 5 പേർക്ക്
ചെലവ് : 2500 × 5 = 12,500/- രൂപ

1995–96

1 ആട് വളർത്തൽ – അണ്ടൂർക്കോണം പഞ്ചായ ത്തിലെ പട്ടിക ജാതി / പട്ടിക വർഗ്ഗത്തിൽ പെട്ടവർക്ക്

പദ്ധതി : ഒരാൾക്ക് 3510/- രൂപ സബ്സി ഡിയായി 2 കറവആടുകൾ വീതം 7 പേർക്ക്
ചെലവ് : 3510 × 7 = 24,570/– രൂപ

2 കിടാരി വളർത്തൽ - അണ്ടൂർക്കോണം പഞ്ചാ യത്തിലെ പട്ടികജാതി/പട്ടിക വർഗ്ഗത്തിൽ പെട്ടവർക്ക്
പദ്ധതി : ഒരാൾക്ക് 3343 രൂപ സബ്സി ഡിയായി ഒരു കിടാരി വീതം 10 പേർക്ക്
ചെലവ് : 3343 × 10 = 33,430/- രൂപ

പ്രതിരോധ കുത്തിവയ്പുകൾ 1991-96

1 കോഴിവസന്ത, മസൂരി എന്നിവയ്ക്കെതിരെ സൗജന്യ പ്രതിരോധ കുത്തിവയ്പ് എല്ലാ ശനിയാഴ്ച ദിവസവും നടത്തപ്പെട്ടു. വർ ഷത്തിൽ ശരാശരി 2000 കോഴികളെ ഈ കു ത്തിവെയ്പ്പുകൾക്ക് വിധേയമാക്കുന്നു.

2 കന്നുകാലികൾക്ക് കുളമ്പ് രോഗത്തിനെതി രെ സൗജന്യ പ്രതിരോധ കുത്തിവയ്പ് മൃഗാശുപത്രിയിലും പ്രത്യേകം സംഘടിപ്പി ക്കപ്പെട്ട ക്യാമ്പുകളിലും നടത്തപ്പെട്ടു ശരാശ രി ഒരു വർഷം 350നും 400നും ഇടയ്ക്ക് പ്രതിരോധ കുത്തിവയ്പ് നടത്തപ്പെട്ടു.

3 പേവിഷ പ്രതിരോധ കുത്തിവയ്പ്;
മരുന്നിന്റെ പകുതിവില ഈടാക്കികൊണ്ട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്ര ത്യേകം സംഘടിപ്പിക്കപ്പെട്ട ക്യാമ്പുകളിൽ വച്ച് വർഷത്തിൽ ശരാശരി 150–ഉം 1995-96 വർഷത്തിൽ 300ൽ ഏറെ വളർത്തുനായ്ക്കൾ ക്കും പ്രതിരോധ കുത്തിവയ്പ് നൽകി.

1996–97

1 തൊഴുത്ത് നിർമ്മാണം:– അണ്ടൂർക്കോണം പ ഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ വിഭാ ഗങ്ങൾക്ക്.
പദ്ധതി; 1000/- രൂപ സബ്സിഡിയായി 30 പേർക്ക്
ചെലവ്; 1000 × 30 = 30,000 രൂപ

2 മുട്ടക്കോഴി വളർത്തൽ- അണ്ടൂർക്കോണം പഞ്ചായത്തിലെ പട്ടികജാതി / പട്ടികവർഗ വിഭാഗങ്ങൾക്ക്.
പദ്ധതി: 50 രൂപാ വീതം വിലവരുന്ന 4 കോഴികൾ വീതം 40 പേർക്ക്

ചെലവ്: 200 × 40 = 8,000 രൂപ.

3 ആട് വളർത്തൽ–കല്ലുംകര കുളിർനിട്ടിൻക്കര I.H.D.P കോളനി – പട്ടിക ജാതി പട്ടികവർ ഗ്ഗക്കാർക്ക്

പദ്ധതി : ഒരാൾക്ക് 3735 രൂപ സബ്സി ഡിആയി 2 കറവആടുകൾ വീതം 10പേർക്ക്
ചെലവ് : 3735 × 10 = 37,350 രൂപ

രോഗ പ്രതിരോധ കുത്തിവയ്പ് പദ്ധതികൾ

1 കോഴികൾക്ക് വസന്ത, വസൂരിഎന്നിവയ്ക്ക് എതിരെ എല്ലാ ശനിയാഴ്ചയും സൗജന്യ കുത്തിവയ്പ്

2 കുളമ്പ് രോഗത്തിനെതിരെ ചുരുങ്ങിയത് 500 പശുക്കൾക്ക് പ്രതിരോധ കുത്തിവയ്പ്

3 പോവിഷ നിർമ്മാർജന പദ്ധതിപ്രകാരം മരുന്നിന്റെ പകുതിവില ഈടാക്കി ചുരുങ്ങിയത് 50 നായ്ക്കൾക്കു പ്രതിരോധ കുത്തിവയ്പ് നൽകുക

1000/- രൂപ ചെലവാക്കി പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും നോട്ടീസ് വിതരണം നടത്തുകയും ചെയ്യുക.

ഗോരക്ഷാ ക്യാമ്പുകൾ

ഈ വർഷം മൂന്ന് ഗോരക്ഷാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

മൃഗസംരക്ഷണ ക്ലാസുകൾ

പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ വച്ച് കുടുംബശ്രീയുടെ സഹായത്തോടെ പശു വളർത്തൽ, ആട് വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ, മുയൽ വളർത്തൽ എന്നീ വിഷയങ്ങളിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നു. അഭ്യസ്ത വിദ്യരായ യുവതീ യുവാക്കൾക്ക് മൃഗ സംരക്ഷണ മേഖലയിൽ സ്വയംതൊഴിൽ കണ്ടെത്തലിനു സഹായിക്കുകയും കർഷകർക്ക് ശാസ്ത്രീയമായ അറിവ് പകരുകയുമാണ് ഈ ക്ലാസുകളുടെ ലക്ഷ്യം.

IV നടപ്പു പദ്ധതികളുടെ അവലോകനം:-

1 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

നടപ്പു പദ്ധതികളിൽ ഏറ്റവും പ്രാധാന്യ മർഹിക്കുന്ന ഒന്നാണ് ടി പദ്ധതി. ജനിതഗുണ മുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക, ആദ്യ പ്രസവം 30 മാസത്തിനുള്ളിൽ സാധ്യമാക്കുക, ഇൻഷുറൻസ് പരിരക്ഷ നൽകുക തുടങ്ങിയവ ആണ് ലക്ഷ്യങ്ങൾ. ഈ പദ്ധതി ഇപ്പോൾ സമൂഹത്തിലെ താഴേക്കിട വരുമാനക്കാരായ തെരഞ്ഞെടുക്കപ്പെട്ട ഏതാനും കർഷകരുടെ കന്നുകുട്ടികൾക്ക മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ. നമ്മുടെ പഞ്ചായത്തിൽ ഒരു വർഷം ഉദ്ദേശം 500 പശുക്കുട്ടികൾ ജനിക്കുമ്പോൾ ഈ പഞ്ചായത്തിൽ 1994 ൽ തുടങ്ങിയ ടി പദ്ധതിയിൽ നാളിതുവരെ ചെറും 62 പശുക്കുട്ടികൾക്ക് മാത്രമേ ടി പദ്ധതിയുടെ പരിരക്ഷ ലഭിച്ചിട്ടുള്ളൂ. ഇത് തികച്ചും അപര്യാപ്തമാണ്. മുഴുവൻ കന്നുകുട്ടികളേയും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ജനിച്ചു വീഴുന്ന മേൽത്തരം പശുക്കുട്ടികളുടെ ജനിതഗുണം പൂർണ്ണമായും നമുക്ക് പ്രയോജനപ്പെടുത്താനും അതുവഴി പാൽ ഉല്പാദനം ഗണ്യമായി കൂട്ടുവാനും കഴിയും.

2 പോവിഷ നിർമ്മാർജ്ജന പദ്ധതി

ഘട്ടംഘട്ടമായി പോവിഷ നിർമ്മാർജ്ജനം ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സബ്സിഡി നിരക്കിൽ ഇന്ന് ലഭിക്കുന്ന വാക്സിന്റെ അളവ് വളരെ അപര്യാപ്തമാണ്. ലഭിക്കുന്ന സൗകര്യം നാട്ടുകാർ മുഴുവൻ പ്രയോജനപ്പെടുത്തുന്നുമില്ല. പഞ്ചായത്ത് തലത്തിൽ വളർത്തുനായ്ക്കൾക്ക് പോവിഷ പ്രതിരോധ കുത്തിവയ്പും ലൈസൻസും നിർബന്ധമാക്കുകയും ലൈസൻസ് ഇല്ലാത്തതും അലഞ്ഞ് തിരിഞ്ഞ് നടക്കുന്നതുമായ നായ്ക്കളെ നിർബന്ധമായും നശിപ്പിക്കേണ്ടതുമാണ്.

3 കുളമ്പ് രോഗം, കോഴിവസന്ത, വസൂരി തുടങ്ങിയ രോഗ-പ്രതിരോധ കുത്തിവയ്പ് പദ്ധതി:

ഇന്ന് ഇവയ്ക്ക് ലഭ്യമായ ചുരുങ്ങിയ സൗകര്യംപോലും കർഷകർ പ്രയോജനപ്പെടുത്തുന്നില്ല. അക്കാരണത്താൽ രോഗം ബാധിച്ച് വളരെയധികം കന്നുകാലി-പക്ഷി സമ്പത്ത് നമുക്ക് നഷ്ടമായിട്ടുണ്ട്. ഈ പദ്ധതി പ്രയോജനപ്രദമായി നടപ്പിലാക്കുവാൻ വിവിധ സന്നദ്ധ

സംഘടനകളും, പാൽസൊസൈറ്റികളും, വെറ്റിനറി സബ് സെന്റർ, മൃഗാശുപത്രി എന്നിവയുടെ സേവനം ക്രോഡീകരിച്ച് പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ആവശ്യമായ വാക്സിൻ സൗജന്യമായി ലഭിക്കുവാനും അവ ശാസ്ത്രീയമായി സൂക്ഷിക്കുവാനുമുള്ള സംവിധാനം ഉണ്ടാകണം. കർഷക ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കണം. അന്യ സംസ്ഥാനങ്ങളിൽ നിന്നും രോഗം ബാധിച്ച കന്നുകാലികളും നമ്മുടെ പഞ്ചായത്തിൽ വരാതിരിക്കുവാനുള്ള കരുതൽ നടപടികളും കൈക്കൊള്ളേണ്ടതാണ്

4 പ്രത്യേക ഘടക പദ്ധതികൾ:

നാളിതുവരെ നടപ്പിലാക്കിവരുന്ന ടി പദ്ധതികളും നടപ്പിലാക്കപ്പെടുന്ന കോളനികൾക്ക് അനുയോജ്യമായവയോ, കോളനി നിവാസികളുടെ അഭിരുചി, കഴിവ് എന്നിവ കണക്കിലെടുക്കാതെയോ ആണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. അക്കാരണത്താൽ നടപ്പിലാക്കപ്പെട്ട പദ്ധതികളും ഒന്നുംതന്നെ ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ല. മേലിൽ ഇവർക്കായി പദ്ധതികളും നടപ്പിലാക്കുമ്പോൾ അവരുടെ ആവശ്യം, കഴിവ്, അഭിരുചി എന്നിവ കണക്കിലെടുക്കണം. അർഹരായ മുഴുവൻപേർക്കും ആനുകൂല്യം നൽകുവാൻ ഭീമമായ തുക കണ്ടെത്തുവാൻ ബുദ്ധിമുട്ടായതിനാൽ ഇവ ഒരു റിവോംവിംഗ് സ്ക്കീം ആയി നടപ്പിലാക്കുകയാണെങ്കിൽ സാമ്പത്തിക ബാദ്ധ്യത കുറയുകയും വളരെ കൂടുതൽ പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്യുന്നതാണ്. ഉദാഹരണം—ആടുവളർത്തൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ഒരു കറവ ആടിനെ നാം ഇക്കൊല്ലം നൽകുമ്പോൾ ആ ഗുണഭോക്താവ് നിർബന്ധമായും ഒരു ആട്ടിൻ കുട്ടിയെ അടുത്തകൊല്ലം ഈ പദ്ധതിയിലേയ്ക്ക് മടക്കി നൽകണം. എങ്കിൽ നമുക്ക് ആ വർഷം പുതുതായി സാമ്പത്തിക ചെലവ് ഇല്ലാതെ ഒരാൾക്ക് ഒരു ആട്ടിൻ കുട്ടിയെ നൽകുവാൻ കഴിയും.

5 അടുക്കളമുറ്റത്തെ കോഴിവളർത്തൽ :

(എം. എൽ. പി. പി. സ്കീം)

ടി സ്കീം മുഖേന വീട്ടുവളപ്പിൽ മുട്ടകോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുക എന്നതാണ് ഉദ്ദേശം. വീട്ടുവളപ്പിൽ മുട്ടകോഴിവളർത്തൽ വ്യാപകമാക്കുന്നു പക്ഷം നമുക്ക് ഈ മേഖലയിൽ സ്വയം പര്യാപ്തത നേടുവാനും, ആളോഹരി മുട്ടയുടെ ഉപഭോഗം വർദ്ധിപ്പിക്കുവാനും അതുവഴി ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുവാനും ഇതിനു പുറമേ ഒരു ചെറിയ സാമ്പത്തിക ലാഭം എല്ലാ വീടുകളിലും കൈവരിക്കുവാനും കഴിയും.

302 കുടുബങ്ങൾക്കാണ് ഇതുവരെ പഞ്ചവൽസര പദ്ധതിയിൽ 50% വിലയ്ക്ക് 3 കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്തത്. ഇത് തികച്ചും അപര്യാപ്തമാണ്.

ഒരു കുടുംബത്തിന് നൽകുന്ന കോഴിക്കുഞ്ഞുങ്ങളുടെ എണ്ണവും ഒരു വർഷം ഈ പദ്ധതി നടപ്പിലാക്കുന്ന കുടുംബങ്ങളുടെ എണ്ണവും വർദ്ധിപ്പിക്കാനും, താഴ്ന്ന വരുമാനക്കാർക്ക് കോഴികുഞ്ഞുങ്ങളെ സൗജന്യമായി നൽകുവാനും ഉതകുന്ന പദ്ധികളും ആവിഷ്ക്കരിക്കണം. ടി പദ്ധതിക്കു ആവശ്യമായ കോഴികുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ എഗ്ഗർ നഴ്സറികളും നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കണം.

(6) ഗോരക്ഷാ ക്യാമ്പ്:-

നിലവിൽ ഒരു വർഷം 2 ഗോരക്ഷാ ക്യാമ്പുകളും ആണ് നമ്മുടെ പഞ്ചായത്തിൽ സംഘടിപ്പിക്കപ്പെടുന്നത്. ഇത് തികച്ചും അപര്യാപ്തമാണ്. ഓരോ പാൽസൊസൈറ്റിയിലും വർഷത്തിൽ ഒരു ഗോരക്ഷാക്യാമ്പും മൂന്ന് മാസത്തിൽ ഒരിക്കൽഅവയുടെ ഫോളോഅപ് ക്യാമ്പും സംഘടിപ്പിച്ചാൽ മാത്രമേ ഈ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളു. ഇവ സംഘടിപ്പിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ ആവശ്യമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

V പാൽ ഉൽപ്പാദന രംഗം:-

അണ്ടൂർക്കോണം പഞ്ചായത്തിൽ നാല് ക്ഷീരോല്പാദക സഹകരണ സംഘങ്ങളാണുള്ളതു്-

1 അണ്ടൂർക്കോണം ക്ഷീരോല്പാദക സഹകരണസംഘം.
2 രാജീവ്ഗാന്ധി ക്ഷീരോല്പാദക സഹകരണസംഘം.
3 കരിച്ചാറ ക്ഷീരോല്പാദക സഹകരണ സംഘം.
4 പള്ളിപ്പുറം ക്ഷീരോല്പാദക സഹകരണ സംഘം.

ടി സംഘങ്ങളിൽ വർഷത്തിൽ അളക്കപ്പെടുന്ന പാലിന്റെ അളവ് 7,66,500 ലിറ്റർ ആണ്. പഞ്ചായത്ത് അതിർത്തിയിൽ നിന്ന് മറ്റ് പഞ്ചായത്തുകളിലെ ക്ഷീരസംഘത്തിൽ അളക്കപ്പെടുന്ന പാൽ, ഉൽപ്പാദകർ അടുത്തഹോട്ടൽ, വീടുകൾ എന്നിവിടങ്ങളിൽ വിൽക്കുന്ന പാൽ സൈക്കിൾ കച്ചവടക്കാർക്ക് വിൽക്കുന്ന പാൽ ഉൽപ്പാദകരുടെ വീടുകളിൽ ഉപയോഗിക്കുന്ന പാൽ എന്നിവ ഉൾപ്പെടെ ആകെ 11,49,750 ലിറ്റർ പാൽ ആണ്. ഈ പഞ്ചായത്തിൽ ഒരു വർഷം ഉൽപ്പാദിപ്പിക്കുന്നത്. ഇതിന്റെ മൂല്യം പ്രതിവർഷം 1 26,47,250 രൂപയാണ്.

നിലവിലുള്ള കന്നുകാലി സമ്പത്ത് വച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ് ഇവ ചുവടെ ചേർക്കുന്നു.

1 കാലിത്തൊഴുത്ത്:-

ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കപ്പെടുന്നതും ശുചിത്വമുള്ളതുമായ കാലിത്തൊഴുത്തുകളുടെ അഭാവമാണ് അകിടുവീക്കംപോലുള്ള ഉൽപ്പാദനത്തെ ബാധിക്കുന്ന രോഗങ്ങൾ ഉണ്ടാകുവാൻ കാരണം. കൊയ്ത്തൂർക്കോണം മൃഗാശുപത്രിയിലെ ചികിൽസാ കണക്കുകൾ വച്ച് നോക്കുമ്പോൾ പ്രതിവർഷം 20% പശുക്കളെ ഈ അസുഖം ബാധിക്കുന്നു. ഇത് പാൽ ഉൽപ്പാദനം കുറയ്ക്കുവാൻ കാരണമാകുന്നു. ശാസ്ത്രീയമായി നിർമ്മിക്കപ്പെട്ട ശുചിത്വമുള്ള തൊഴുത്തുകൾ ഉൽപ്പാദനേതരോഗങ്ങൾ തടയുവാനും തൻമൂലം ഉൽപ്പാദനത്തിലുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാനും സഹായിക്കുന്നു. തൊഴുത്ത് നിർമ്മാണത്തിന് അനുയോജ്യമായ സാങ്കേതിക വിദ്യ പറഞ്ഞു കൊടുത്തതുകൊണ്ട് മാത്രംപോര നിർമ്മാണത്തിനായി ഒരു ചെറിയ സാമ്പത്തിക സഹായം കൂടി നൽകിയാൽ വിജയകരമായി ഈ പദ്ധതി നടപ്പിലാക്കുവാൻ കഴിയും.

2 തീറ്റച്ചെലവ് കുറയ്ക്കൽ:-

(a) ഇന്ന് വിപണിയിൽ കിട്ടുന്ന കാലിത്തീറ്റകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനുള്ള പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തുക, ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭിക്കുകയാണെങ്കിൽ നിലവിൽ അമിതമായി നൽകേണ്ടിവരുന്ന തീറ്റയുടെ അളവ് കുറയ്ക്കുവാൻ കഴിയും.

(b) ഗുണനിലവാരമുള്ള കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

(c) തീറ്റപ്പുൽക്കൃഷി പ്രോൽസാഹിപ്പിച്ച് കാലിതീറ്റ, വയ്ക്കോൽ എന്നിവയ്ക്ക് ഇന്നു വേണ്ടിവരുന്ന ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിയും. കൂടാതെ പരിവ് പ്രദേശം കൂടുതലുള്ള നമ്മുടെ പഞ്ചായത്തിൽ തീറ്റപ്പുൽക്കൃഷി വ്യാപകമാക്കുന്നതോടെ മണ്ണൊലിപ്പ്, ഉപയോഗ ശൂന്യമായി ഒഴുകിപ്പോകുന്ന മഴവെള്ളം എന്നിവ തടഞ്ഞ് കൃഷിയിടങ്ങൾ സംപുഷ്ടമാക്കുവാൻ കഴിയും.

(d) ഇന്ന് കർഷകൻ കാലികൾക്ക് നൽകുന്ന വയ്ക്കോൽ അതിന്റെ വയറ് നിറയ്ക്കുന്നതല്ലാതെ പോഷകഗുണം ഉള്ളതല്ല എന്നാൽ വയ്ക്കോലിൽ യൂറിയ തളിച്ച്, യൂറിയ സംപുഷ്ടീകരിക്കപ്പെട്ട വയ്ക്കോൽ നൽകുകയാണെങ്കിൽ ഗുണമേൻമ വർദ്ധിപ്പിക്കുവാനും അതുവഴി പാൽ ഉൽപ്പാദനം കൂട്ടുവാനും തീറ്റച്ചെലവ് കുറയ്ക്കുവാനും കഴിയും.

3 പാലിന് ന്യായമായ വില ഉറപ്പുവരുത്തുക:

പാൽ ശേഖരണവും വിതരണവും ഇന്ന് മിൽമ കുത്തകയാക്കി വെച്ചിരിക്കുകയാണ്. ഉൽപാദകന് നൽകുന്ന വിലയും മിൽമ വിതരണം ചെയ്യുന്ന പാലിന്റെ വിലയും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. ഈ അന്തരം കുറച്ചാൽ കർഷകന് മെച്ചപ്പെട്ട വില ലഭിക്കുവാൻ കഴിയും. ഇത് സാധിക്കുന്നില്ലായെങ്കിൽ ഇടനിലക്കാരിൽ നിന്നുള്ള കുത്തക പൊളിക്കാൻ വ്യക്തികളെ നടത്തുന്ന സൈക്കിൾ പാൽ കച്ചവടം പ്രോത്സാഹിപ്പിക്കുക. ഇതുവഴി കർഷകന് മെച്ചപ്പെട്ട വില കിട്ടുവാനും തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ ലഭിക്കുവാനും സാധിക്കും.

4 പാൽ വിപണനം മെച്ചപ്പെടുത്തുക:

നമ്മുടെ പഞ്ചായത്തിൽ 4 പാൽ ഉൽപാദക സംഘങ്ങളാണുള്ളത്. ടി സംഘങ്ങളുടെ കുറവ്മൂലം പല ക്ഷീരകർഷകർക്കും പാൽ വിപണനത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഈ പ്രശ്നം പരിഹരിക്കുവാൻ വാർഡിനൊന്ന് എന്ന രീതിയിൽ സംഘങ്ങൾ രൂപീകരിക്കുക. ഇതുവഴി പാൽ വിപണനരംഗം മെച്ചപ്പെടുത്തുവാനും കുറെ ആളുകൾക്ക് തൊഴിൽ നൽകുവാനും സഹായിക്കും.

5 കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ –

കന്നുകാലികൾക്ക് പെട്ടെന്നുണ്ടാകുന്ന രോഗങ്ങൾമൂലം മരണം സംഭവിക്കുന്നതിനാലും. വന്ധ്യത തുടങ്ങിയ ഉല്പാദനേ രോഗങ്ങൾ ബാധിച്ചും ക്ഷീരകർഷകർക്ക് കനത്ത നഷ്ടം സംഭവിക്കുന്നു. ഇത് നമ്മുടെ പഞ്ചായത്തിന്റെ കാലി സമ്പത്തിനേയും, പാൽ ഉൽപാദനത്തേയും ഗണ്യമായി ബാധിക്കുന്നുണ്ട്. ഈ നഷ്ടം പരിഹരിക്കുന്നതിനായി പഞ്ചായത്തിലെ മുഴുവൻ കന്നുകാലികൾക്കും സബ്സിഡി നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷപദ്ധതി നടപ്പിലാക്കേണ്ടതാണ്

(6) ഇന്നുള്ള കാലിസമ്പത്തിൽ നിന്നും മെച്ചപ്പെട്ട ജനിതഗുണമുള്ള പുതിയൊരു തലമുറ രൂപവൽക്കരിക്കുന്നതിനായി പ്രിമിയം ബ്രീഡ് സെമൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജസങ്കലനത്തിനും ദ്രുത മാറ്റസംവിധാനം നടപ്പിലാക്കുന്നതിനും വേണ്ട പദ്ധതികൾ കൈകൊള്ളേണ്ടതാണ്.

(7) ഇന്ന് നമ്മുടെ പഞ്ചായത്തിൽ ജനിക്കുന്ന മെച്ചപ്പെട്ട ജനിതഗുണമുള്ള കന്നുകുട്ടികളുടെ ആരോഗ്യപരമായ വളർച്ച ഉറപ്പ് വരുത്തുന്നതിനും അതുമൂലം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതിയിൽ മുഴുവൻ കന്നുകുട്ടികളേയും ഉൾപ്പെടുത്തേണ്ടതാണ്.

(8) കറവക്കാരുടെ ശുചിത്വമില്ലായ്മയും അഞ്ജതയുംമൂലം ക്ഷീരകർഷകർക്ക് നഷ്ടം സംഭവിക്കുന്നതായി കണ്ടുവരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഇവർക്ക് വേണ്ട പരിശീലന ക്ലാസുകൾ നടപ്പിലാക്കുന്നപക്ഷം ഇവർമൂലം ഉണ്ടാകുന്ന നഷ്ടം ഗണ്യമായി കുറയ്ക്കുവാൻ കഴിയും.

(9) മൃഗ ചികിത്സാ സൗകര്യം:

ഇന്ന് ടി പഞ്ചായത്തിലുള്ള മൃഗ ചികിൽസാസൗകര്യം മെച്ചപ്പെടുത്തുവാൻ പഞ്ചായത്തിലെ മൃഗ സംരക്ഷണ സ്ഥാപനങ്ങൾ, പഞ്ചായത്തിലെ വെറ്ററിനറി സേവനം എന്നീ ശീർഷകത്തിൽ ഈ റിപ്പോർട്ടിന്റെ ആദ്യ ഭാഗങ്ങളിൽ മുന്നോട്ട് വച്ചിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്. ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ ഒഴിക്കുന്ന ഒരേ ലിറ്റർ പാലിന്റെ വിലയിൽ നിന്ന് മൃഗചികിൽസയ്ക്ക് എന്ന പേരിൽ മിൽമ തുക ഈടാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള ചികിത്സാ സേവനം നാമമാത്ര കർഷകർക്ക് മാത്രമേ ലഭിക്കുന്നുള്ളു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ഈ ഈടാക്കുന്ന തുക ഉപയോഗിച്ച് സൊസൈറ്റികളിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ കന്നുകാലികളെ ചികിത്സിക്കുവാൻ അത്യാവശ്യം വേണ്ട മരുന്നുകൾ സൊസൈറ്റി മുഖേന 50% വിലയ്ക്ക് ലഭ്യമാക്കുന്ന പദ്ധതിക്ക് രൂപം നല്കേണ്ടതാണ്. മൃഗ ചികിത്സാരംഗത്ത് വ്യാജൻമാർ വരുത്തിവയ്ക്കുന്ന നഷ്ടം ഉൻമൂലനം ചെയ്യുവാൻ സർക്കാർ അംഗീകരിച്ചിട്ടുള്ളവർ മാത്രം ചികിത്സാമേഖല കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്തല സംവിധാനം ഏർപ്പെടുത്തുക.

കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുവാനും അതുവഴി പാൽ ഉല്പാദനം കൂട്ടുവാനും ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

1 മിനി ഡയറി യൂണിറ്റുകൾ:-

മൂന്നു പശുക്കൾ അടങ്ങുന്നതാണ് ഈയൂണിറ്റ്. ചെറുകിട നാമമാത്ര കർഷകരേയും കർഷക തൊഴിലാളികളേയും ഉപതൊഴിൽ എന്ന രീതിയിലോ, മുഖ്യതൊഴിൽ എന്ന രീതിലോ, പ്രോൽസാഹനം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ക്ഷീരോൽപ്പാദക സംഘങ്ങൾ, വഴി ധനകാര്യ സ്ഥാപനങ്ങളുടെ വായ്പ ലഭ്യമാക്കി പദ്ധതി ചെലവിന്റെ ഒരു വിഹിതം സബ്സിഡിയായി നൽകി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

2 വനിതാ സംരംഭകർക്ക് പശു വളർത്തൽ:

വീട്ടമ്മമാർക്കും അഭ്യസ്ഥവിദ്യരായ വനിതകൾക്കും ഒരു ഉപതൊഴിൽ എന്ന രീതിയിലോ, മുഖ്യ തൊഴിൽ എന്ന രീതിയിലോ അവരുടെ ഒഴിവ് സമയം ഫലപ്രദമായി വിനിയോഗിച്ച് ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്. ടി പദ്ധതി പ്രോൽസാഹിപ്പിക്കുന്നതിനായി പാൽ സൊസൈറ്റികൾ വഴി വായ്പാ സ്ഥാപനങ്ങൾ മുഖേന ധന സഹായം നൽകേണ്ടതും ചെലവിന്റെ ഒരു ഭാഗം സബ്സിഡിയായി നൽകേണ്ടതുമാണ്.

3 ക്ഷീരമേഖല തൊഴിലാളികൾ:

നമ്മുടെ പഞ്ചായത്തിലെ പല വൻകിട കർഷകരും അവരുടെ സമയ കുറവ് മൂലംകന്നുകാലി രംഗത്തേയ്ക്ക് കടന്നുവരുവാൻ വിമുഖത കാണിക്കുന്നു. എന്നാൽ ഇവർക്ക് മുതൽ മുടക്കുവാനുള്ള ധനശേഷിയും ആവശ്യത്തിന് സ്ഥലവുമുണ്ട്. ഇതിന് പരിഹാരം കാണുന്നതിനായി സാമ്പത്തിക ബുദ്ധിമുട്ടും സ്ഥലകുറവും കാരണം ഈ മേഖലയിലേക്ക് കടന്ന് വരുവാൻ കഴിയാത്ത, എന്നാൽ താല്പര്യമുള്ള യുവാക്കൾക്ക് പശുപരിപാലന രംഗത്ത് വേണ്ട പരിശീലനം നൽകി അങ്ങനെ ഒരു തൊഴിലാളി സമൂഹത്തെ രൂപീകരിക്കുന്ന പക്ഷം ഇവരെ ഉപയോഗിച്ച് വൻകിട കർഷകരെ കന്നുകാലി വളർത്തൽ രംഗത്തേയ്ക്ക് പ്രോൽസാഹിപ്പിക്കാവുന്നതാണ്. ഇതുവഴി കുറച്ച് പേർക്ക് തൊഴിൽ നൽകുവാനും കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുവാനും പാൽ ഉല്പാദനം കൂട്ടുവാനും കർഷകന്റെ മറ്റ് കൃഷി ആവശ്യങ്ങൾക്കായ ജൈവവളം ഉല്പാദിപ്പിക്കുവാനും സാധിക്കുന്നതാണ്.

VI മാംസ ഉല്പാദന രംഗം

നമ്മുടെ പഞ്ചായത്തിൽ മാംസ ഉൽപാദനം സംസ്ക്കരണ–വിതരണ–വിപണന മേഖല അസംഘടിതവും അവഗണിക്കപ്പെട്ടതുമായി നിലകൊള്ളുന്നു. നമ്മുടെ പഞ്ചായത്തിൽ ഒരു അറവ് ശാലയോ അംഗീകൃത അറവ് നടത്തുന്ന സ്ഥലങ്ങളോ ഇല്ലാ എന്നതാണ് സത്യം. എന്നാൽ പല ഭാഗങ്ങളിലും പല സ്ഥലങ്ങളിലുമായി യാതൊരു അംഗീകാരവും ഇല്ലാതെ തികച്ചും പ്രാകൃതവും, ശുചിത്വവുമില്ലാതെയും മൃഗങ്ങളെ അറുത്ത് ഇറച്ചി വില്പന നടത്തുന്നു. അറവ് ചെയ്യപ്പെടുന്ന മൃഗങ്ങളുടെ എണ്ണത്തെക്കുറിച്ചോ, വിൽപ്പനനടത്തുന്ന മാംസത്തിന്റെ അളവിനെക്കുറിച്ചോ വ്യക്തമായ രേഖകളില്ല. എന്നാൽ ശേഖരിക്കപ്പെട്ടകണക്കുകൾ കാണിക്കുന്നത് 3600 ആട്, പശു, എരുമ പോത്ത്, മൂരിക്കുട്ടികൾ ഉൾപ്പെടെ 1920 മാടുകളുംഅറുക്കപ്പെടുന്നു. അങ്ങനെഉല്പാദിപ്പിക്കപ്പെടുന്ന മാംസത്തിന്റെ അളവ് 2,10,006 കിലോഗ്രാം ആണ്. ഇതിന്റെ മൂല്യം 1,16,40,000 രൂപയാണ് ഈ മാംസം അത്രയും വിറ്റഴിക്കപ്പെടുന്നത് റോഡരുകുകളിൽ സ്ഥാപിക്കപ്പെടുന്ന യാതൊരു ശുചിത്വവും ഇല്ലാത്ത മാടകടകൾ വഴിയാണ്. അറുക്കപ്പെടുന്ന മൃഗങ്ങൾ രോഗവിമുക്തമാണോ വിൽക്കപ്പെടുന്നഇറച്ചി ഉപയോഗിക്കത്തക്കതാണോ എന്നുള്ള യാതൊരു പരിശോധനയും നടത്തപ്പെടുന്നില്ല. ഇങ്ങനെ മാംസോല്പാദനത്തിനായി അറുക്കപ്പെടുന്നവയിൽ 70% വും നമ്മുടെ പഞ്ചായത്തിന്റെ പുറത്തുനിന്നും വരുന്നവയാണ്. തന്മൂലം സമ്പത്ത് പുറത്തേയ്ക്ക് ഒഴുകുക വഴി നമ്മുടെ പഞ്ചായത്തിന് വളരെ സാമ്പത്തികനഷ്ടം സംഭവിക്കുകയാണ്. ഈ സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനും ഉപയോഗയോഗ്യമായ മാംസം ഉല്പാദിപ്പിച്ച് സംസ്ക്കരിച്ച് വിതരണം ചെയ്യുന്നതിനും അനുയോജ്യമായ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

1 ശാസ്ത്രീയ അറവുശാല:-

മൃഗങ്ങളെ അറുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു ശാസ്ത്രീയ അറവ്ശാല എങ്കിലും സ്ഥാപിക്കേണ്ടതാണ്. അറുക്കപ്പെടുന്ന മൃഗങ്ങളേയും വിൽപ്പനക്കുള്ള ഇറച്ചിയും പരിശോധിക്കുവാനുള്ള സംവിധാനം ഈ അറവ്ശാലയിൽ ഏർപ്പെടുത്തേണ്ടതാണ് ഇതോടൊപ്പം ഒരു ഉപോൽപ്പന്ന സംസ്ക്കരണശാലയും സ്ഥാപിക്കേണ്ടതാണ്.

2 വിപണനശാലകൾ:-

പഞ്ചായത്ത് ലൈസൻസുള്ള മാംസവിൽപ്പനശാലകൾ വഴി മാത്രം മാംസം വിപണനം നടത്തുവാൻ അനുവദിക്കുക. ഈ വിൽപ്പന ശാലകൾ വഴി ശുചിത്വമുള്ള മാംസം തന്നെയാണ് വിൽക്കുന്നത് എന്ന് പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

3 മാംസോൽപ്പാദന സഹകരണ സംഘങ്ങൾ:-

കർഷകപങ്കാളിത്തത്തോടുകൂടി മാംസോൽപ്പാദന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക. ടി

സ്ഥാപിതമാകുന്ന സംഘങ്ങൾ മാംസോൽപ്പാദനം പ്രോൽസാഹിപ്പിക്കാനും, അവയുടെ വിപണനം ഉറപ്പ് വരുത്തുവാനും കർഷകന് ന്യായമായ വില ലഭിക്കുവാനും സഹായിക്കുന്നതിന് ഉപരി ഏതാനും പേർക്ക് തൊഴിൽ നൽകുന്നതിനും ഉദകുന്നതാണ്, ടി സ്ഥാപനങ്ങൾ വഴി മാംസോൽപ്പാദന വിപണന മേഖലയെക്കുറിച്ച് പരിശീലനം നൽകുന്നതിനും വിജ്ഞാനവ്യാപനം നൽകുന്നതിനും കഴിയും.

4 ആട് വളർത്തൽ:

നമ്മുടെ പഞ്ചായത്തിൽ ആടുകൾ പാൽ ഉൽപ്പാദനത്തിനുപരി മാംസത്തിന് വേണ്ടിയാണ് വളർത്തുന്നത്. ആട്ടിറച്ചിയുടെ ഉപഭോഗവും വളരെ കൂടുതലാണ്. എന്നാൽ അതിനു വേണ്ട ആടുകൾ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നില്ല. പല വീട്ടുവളപ്പിലും ആടുവളർത്തൽ നിലവിലുണ്ടെങ്കിലും ശാസ്ത്രീയമായ കൂടുകളില്ല. ഇവ വളർത്തുന്നരീതിയോ പ്രത്യുൽപ്പാദന സംവിധാനമോ തികച്ചും അശാസ്ത്രീയമാണ്. നല്ലയിനം ആട്ടിൻ കുട്ടികളും ലഭ്യമല്ല. നല്ലയിനം ആട്ടിൽ കുട്ടികളെ ലഭ്യമാക്കുന്നതിനും ആടുവളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും മേൽത്തരം ജനുസുകളിൽപ്പെട്ട മുട്ടനാടുകളെ ലഭ്യമാക്കേണ്ടതാണ്. ഇവയ്ക്ക് ആവശ്യമായ പച്ചില ലഭ്യമാക്കുവാൻ റോഡരികുകളിലും സർക്കാർ പുറംപോക്കുകളിലും, തിച്ചഭൂമിയിലും പ്ലാവ്, സുബാബൂൾ, മുരുക്ക്, ശീമകൊന്ന തുടങ്ങിയ മരങ്ങൾ വച്ച് പിടിപ്പിക്കേണ്ടതാണ് ഈ രംഗത്തേയ്ക്ക് കൂടുതൽ ആൾക്കാരെ ആകർഷിക്കുന്ന വായ്പാപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ മാംസോൽപ്പാദന സഹകരണസംഘം സ്ഥാപിക്കുക വഴി ഇറച്ചിക്ക് ഉൽപ്പാദിപ്പിക്കപ്പെടുന്ന ആടുകളുടെ വിതരണം ഉറപ്പ് വരുത്തുവാനും കർഷകർക്ക് അർഹമായ വില ലഭിക്കുന്നതിനും സഹായിക്കും. ചെറുകിട നാമമാത്രകർഷകർ, കർഷകത്തൊഴിലാളികൾ, പ്രത്യേകിച്ച് സ്ത്രീകൾക്ക് ഈ മേഖല ഒരു മുഖ്യതൊഴിലായോ ഉപതൊഴിലായോ തെരഞ്ഞെടുക്കാവുന്നതാണ്. ഇവർക്ക് ആടുവളർത്തലിനെ കുറിച്ച് അറിവ് പകരുവാൻ പരിശീലനകളാസുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇവരെ ഈരംഗത്തേക്ക് പ്രോത്സാഹിപ്പിക്കുവാൻ വേണ്ട സാമ്പത്തിക സഹായം നൽകേണ്ടതാണ്.

5. പോത്തിൻകുട്ടി/കാളകുട്ടി പരിപാലന പദ്ധതി

പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി പോലെ പോത്തിൻകുട്ടി/കാളകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കണം. ഇതുവഴി ഇവയുടെ പൂർണവളർച്ച ഉറപ്പ് വരുത്തുവനും വിപണന ഭാരം എത്തുന്ന പ്രായം കുറയ്ക്കുവാനും അതു വഴി ടി മേഖല ലാഭകരമാക്കുവാനും മാംസോൽപ്പാദനം വർദ്ധിപ്പിക്കുവാനും സാധിക്കുന്നതാണ്

6 മുയൽ, കാട, കർക്കി, താറാവ് വളർത്തൽ:

ഈ പക്ഷി മൃഗാദികൾ ഇറച്ചിക്കുവേണ്ടി നമ്മുടെ പഞ്ചായത്തിൽ വളർത്തപ്പെടുന്നതായി കാണപ്പെടുന്നില്ല എന്നാൽ വളരെയധികം വരുമാനമുള്ള ഒരു മേഖലയാണിത്. പ്രത്യേകിച്ച് ഒരു ഉപതൊഴിൽ എന്ന രീതിയിൽ സ്ത്രീകൾക്കും മറ്റ് കർഷകർക്കും അവരുടെ ഒഴിവ് സമയം ഉപയോഗിച്ച് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഒരു മേഖലയാണിത്. ആയതിനാൽ ഈ രംഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

7 ബ്രോയിലർ കോഴി വളർത്തൽ:

നമ്മുടെ പഞ്ചായത്തിൽ വളരെയധികം പ്രചരണം ലഭിക്കാത്ത ഒരു മേഖലയാണിത്. എന്നാൽ ഇറച്ചിക്കോഴിയുടെ ഉപഭോഗം വളരെ കൂടുതലാണ്. മുടക്കുമുതലിന്റെ കുറവും ശാസ്ത്രീയമായ പരിപാലനത്തിന്റെ അറിവില്ലായ്മയും ഈ രംഗം പ്രധാനം ചെയ്യുന്ന ജോലി സാദ്ധ്യതയും വരുമാനത്തെക്കുറിച്ചുള്ള അവ്യക്തതയും ആണ് ആൾക്കാരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാതിരിക്കുന്നത്. ഉല്പാദിപ്പിക്കപ്പെടുന്ന ബ്രോയിലർ കോഴികൾക്ക് അർഹമായ വില ലഭിക്കാത്തതും കോഴിത്തീറ്റയുടെ ഗുണനിലവാരമില്ലായ്മയും അമിതവിലയും കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതാകുറവും വൈദ്യുതി ലഭിക്കുവാനുള്ള ബുദ്ധിമുട്ടുമാണ്. ഈ രംഗത്ത് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ. ഇവ പരിഹരിക്കുകയും ഈ രംഗം പ്രോൽസാഹിപ്പിക്കുകയും വഴി നമുക്ക് ഈ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിയുന്നതാണ്. ഈ ലക്ഷ്യം കൈവരിക്കുവാൻ ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

VIII മുട്ട ഉല്പാദന രംഗം:-

മുട്ട ഉല്പാദനത്തിനു് കോഴികളാണു് നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും വളർത്തുന്നതു്. ഉദ്ദേശം 3ലക്ഷം മുട്ടയാണു്വർഷത്തിൽനമ്മുടെ പഞ്ചായത്തിലെ വീട്ടുവളപ്പുകളിൽ ഉല്പാദിപ്പിക്കുന്നത് ഇതിന്റെ മൂല്യം 3ലക്ഷം രൂപയാണു്. ഇതിലധികപങ്കും വീടുകളിൽ തന്നെ ഉപയോഗിക്കുന്നു. ഇതിനുപുറമെ അന്യസംസ്ഥാനങ്ങളിൽ നിന്നു് വരുന്ന ലക്ഷകണക്കിനു് മുട്ടകടകം വഴി വിറഴിക്കപ്പെടുന്നു. ഈ മേഖലയിൽ സ്വയംപര്യാപ്തത നേടുകയാണെങ്കിൽ അന്യസംസ്ഥാനങ്ങളിലേക്കു് ഒഴുകുന്ന നമ്മുടെ സമ്പത്ത് ഇന്നാട്ടിലെ കർഷകരുടെ കൈകളിൽ എത്താൻ സഹായകരമാകും. ഈ മേഖലയിൽ വളർച്ചകൈവരിക്കാൻ താഴെപ്പറയുന്ന പദ്ധതികകം നടപ്പിലാക്കേണ്ടതാണു്.

(1) വീട്ടുമുറ്റത്തെ കോഴി വളർത്തൽ:-

ഏറ്റവും കുറഞ്ഞചെലവിൽ വീടുകളിൽ തന്നെ മുട്ട ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരു പദ്ധിയാണിത് വീട്ടാവശ്യത്തിനുള്ള മുട്ട ലഭ്യത വരുത്തുന്നു. കൃഷണത്തിൽമാംസ്യത്തിന്റെ തോത് ഉയർത്തുന്നു. വീട്ടമ്മമാർക്കു് ഒരുപതൊഴിലും വരുമാനമാർഗ്ഗവും ആകുന്നു. ഇത് പ്രോൽസാഹിപ്പിക്കുവാൻ 60 ദിവസം പ്രായമായ 10 മുട്ട കോഴി കുഞ്ഞുങ്ങളെ വീതം പകുതി വിലക്കോ സൗജന്യമായോ നൽകുണ്ടതാണു്. നമ്മുടെ പഞ്ചായത്തിൽ ഇപ്രകാരം ഉള്ള ആയിരം യൂണിറ്റ് എങ്കിലും വർഷാവർഷം സ്ഥാപിക്കേണ്ടതാണു്.

(2) സ്കൂൾ പൗൾട്രി ക്ലബ്ബുകൾ:-

കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും തൊഴിൽ പരിശീലനവും, കോഴിവളർത്തലിൽ താല്പര്യവും ഉണ്ടാക്കുകയാണു് ലക്ഷ്യംഅഞ്ചു രൂപ അംഗത്വഫീസ് ഈടാക്കിസ്കൂളുകളിൽ പൗൾട്രിക്ലബ്ബുകൾ സ്ഥാപിക്കാവുന്നതും ഇതിൽ അംഗമാകുന്ന മുഴുവൻ കുട്ടികൾക്കും രണ്ടുമാസം പ്രായമായ അഞ്ചുമുട്ടകോഴി കുഞ്ഞുങ്ങളെ വീതം സൗജന്യമായി നൽകുണ്ടതുമാണു്.

(3) എഗ്ഗർ തൊഴിൽസേനകൾ:-

ഗുണമേൻമയുള്ള മുട്ട കോഴികുഞ്ഞുങ്ങളെ നമ്മുടെ പഞ്ചായത്തിൽ തന്നെ മേൽപ്പറഞ്ഞ വിവിധപദ്ധതികൾക്കുമായും ആവശ്യമായകർഷകർക്കുമായി ലഭ്യമാക്കുകയാണു് ഇതിന്റെലക്ഷ്യം. കൂടാതെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ പ്രത്യേകിച്ച്യുവതികൾക്കു് തൊഴിൽ നൽകുവാനും ഈ പദ്ധതി സഹായിക്കും. 250 കോഴികുഞ്ഞുങ്ങളുടെ ഒരു യൂണിറ്റ് എന്നനിലയിൽ ഒരു വാർഡിൽഒരു യൂണിറ്റ് എങ്കിലും സ്ഥാപിക്കേണ്ടതാണു്. ഈയൂണിറ്റുകളിൽ ഒരുദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ വാങ്ങി 60ദിവസം വരെ ശാസ്ത്രീയമായ രീതിയിൽ വളർത്തി വിതരണത്തിനു് തയ്യാറക്കുകയാണു് പദ്ധതി പ്രവർത്തനം,

4 മുട്ട ഉൽപ്പാദന സഹകരണസംഘങ്ങൾ:

മേൽവിവരിക്കപ്പെട്ട പദ്ധതികൾവഴി ഉൽപ്പാദിപ്പിക്കപ്പെടുന്ന മുട്ടയുടെ ശേഖരണവും വിപണനവും ആണു് ഇതുകൊണ്ടു് ഉദ്ദേശിക്കുന്നത്. ഉൽപ്പാദിപ്പിക്കപ്പെടുന്ന മുട്ടയ്ക്കു് വിപണനം ഉറപ്പ്വർദ്ധിച്ചതായി ഈ രംഗം പ്രോൽസാഹിപ്പിക്കുകയാണു് ഇതിന്റെ ലക്ഷ്യം. സ്ത്രീകൾക്കു് മുൻതൂക്കം നൽകികൊണ്ടു് ഈ സംഘങ്ങൾ സ്ഥാപിക്കാവുന്നതാണു്. മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതോടൊപ്പം കൂടുതൽപേർക്കു് തൊഴിൽ നൽകുവാനും ഈ പദ്ധതി സഹായിക്കും. കോഴിമുട്ടകൾക്കു് പുറമേ കോഴിഇറച്ചിയുടെ വിപണനവും ടി സംഘങ്ങൾക്കുനടത്താവുന്നതാണു്.

VIII കാലിത്തീറ്റ കോഴിത്തീറ്റ ഉൽപ്പാദന രംഗം :

1 ഗുണനിലവാരത്തിന്റേയും വിലയുടേയും കാര്യത്തിൽ കാലിത്തീറ്റയ്ക്കും, കോഴിത്തീറ്റയ്ക്കും യാതൊരു നിയന്ത്രണവും ഇല്ലായെന്നതാണു് മൃഗസംരക്ഷണ മേഖല നേരിടുന്ന പ്രശ്നങ്ങളിൽഒന്നു് ഗുണനിലവാരമുള്ളകാലിത്തീറ്റയും കോഴിത്തീറ്റയും നമ്മുടെ പഞ്ചായത്തിൽ തന്നെ ഉൽപ്പാദിപ്പിക്കേണ്ടതും അവ സബ്സിഡിനിരക്കിൽ കർഷകർക്കു് ലഭ്യമാക്കേണ്ടതുമാണു്. എങ്കിൽ മാത്രമേ ഈ മേഖലയിൽ നാം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുകയുള്ളു.

2 നമ്മുടെ കന്നുകാലികൾക്കാവശ്യമായ വയ്ക്കോലിന്റെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നും വരികയാണ്. ഇവ അമിതവിലനൽകി കർഷകൻ വാങ്ങേണ്ടിവരുന്നു എന്നാൽ നമ്മുടെ പഞ്ചായത്തിലെ പാൽ സൊസൈറ്റികളെ ഏകോപിപ്പിച്ച് അവർവഴി വയ്ക്കോൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്യുകയാണെങ്കിൽ ഇന്ന് കർഷകൻ നൽകുന്നതിന്റെ പകുതി വില നൽകിയാൽ മതിയാകും.

3 കർഷകന്റെ വീട്ടുവളപ്പിൽ വയ്ക്കോൽ യൂറിയ സംപുഷ്ടീകരിക്കൽ പദ്ധതി നടപ്പിലാക്കിയാൽ ഗുണമേൻമകൂട്ടുവാനും കാലിതീറ്റയുടെ അളവ് കുറയ്ക്കുവാനും പാൽ ഉൽപ്പാദനം കൂട്ടുവാനും സഹായകരമാകും. ഈ രംഗത്തേയ്ക്ക് കർഷകരെ പ്രോൽസാഹിപ്പിക്കുവാൻ വേണ്ട പരിശീലന പരിപാടികളും ധനസഹായവും നൽകേണ്ടതാണ്.

4 കാലിതീറ്റയുടെ ഉപഭോഗം എത്രകണ്ട് കുറയ്ക്കുവാൻ കഴിയുമോ അത്രകണ്ട ലാഭകരമാക്കുവാൻ കഴിയും. അക്കാരണത്താൽ തന്നെ തീറ്റപ്പുൽ കൃഷി പ്രോൽസാഹിപ്പിക്കേണ്ടതും വ്യാപകമാക്കേണ്ടതുമാണ്. ഇതിലേയ്ക്കാവശ്യമായ ഈ പ്രദേശത്തിന് അനുയോജ്യമായ തീറ്റപ്പുൽ ഇനങ്ങളുടെ നടീൽവസ്തുക്കൾ സൗജന്യമായി ലഭ്യമാക്കേണ്ടതുണ്ട്. പുൽകൃഷി നടത്തുവാൻ ആവശ്യമായ വളം സബ്സിഡി നിരക്കിൽ ലഭ്യമാക്കേണ്ടതും ജലശേചന സൗകര്യത്തിന് പമ്പുസെറ്റുകൾ സ്ഥാപിക്കാൻ സബ്സിഡി നൽകേണ്ടതുമാണ്. ഒഴിഞ്ഞുകിടക്കുന്ന ഭൂമികൾ പുറംമ്പോക്ക് സ്ഥലങ്ങൾ, തെങ്ങിൻ തോപ്പുകൾ, കനാൽ തേടുകൾ എന്നിവയുടെ വരമ്പുകൾ കൃഷിയിടങ്ങളിൽ പിടിപ്പിക്കുന്ന ബണ്ടുകൾ എന്നിവ തീറ്റപ്പുൽകൃഷിക്ക് ഉപയോഗിക്കാവുന്നതാണ് കന്നുകാലി തീറ്റയ്ക്ക് ഉപയോഗിക്കാവുന്ന സുബാബ്ലൂം പോലുള്ള മരങ്ങൾ വഴിയോരങ്ങൾ, സ്കൂൾ ഓഫീസ് വളപ്പുകൾ എന്നിവയിൽ നടേണ്ടതാണ് ഇപ്രകാരം ചെയ്യുന്നപക്ഷം തീറ്റപ്പുല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്.

5 ഇന്ന് കർഷകർ അശാസ്ത്രീയമായ രീതിയിലാണ് അവരുടെ കന്നുകാലികളെ തീറ്റുന്നത് അക്കാരണത്താൽ തന്നെ ലാഭം ഗണ്യമായി കുറയുകയും ചെയ്യുന്നു. ഇത് പരിഹരിക്കുവാൻ കർഷകർക്ക് വേണ്ട ബോധവൽക്കരണം നൽകുവാൻ പാൽ സൊസൈറ്റികൾ, ഗ്രന്ഥശാലകൾ, സന്നദ്ധസംഘടനാ ക്ലബ്ബുകൾ എന്നിവ മുഖേന പരിശീലന ക്ലാസുകൾ ഏർപ്പെടുത്തേണ്ടതാണ്.

IX ഊർജ്ജവും ജൈവ വളവും :

മൃഗ സംരക്ഷണ മേഖല പ്രോൽസാഹിപ്പിക്കുന്നത് വഴി നമ്മുടെ കർഷകർക്ക് കാർഷിക മേഖലയിൽ ആവശ്യമായി വരുന്ന ജൈവവളം ഉപോല്പന്നമായി ലഭിക്കുവാൻ കഴിയും. ഇത് മണ്ണിനെ സംപുഷ്ടമാക്കുകയും രാസ വളത്തിന്റെ ഉപയോഗം കുറയ്ക്കുകയും അതുവഴി കാർഷിക വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ഊർജ്ജത്തിന്റെ ലഭ്യത കുറവാണ് നാം ഇന്ന് അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം കന്നുകാലി വളർത്തൽ വഴി ഉല്പാദിപ്പിക്കപ്പെടുന്ന ചാണകം ഉപയോഗിച്ച് ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുകയാണെങ്കിൽ കർഷകരുടെ അടുക്കളകൾക്ക് ആവശ്യമായ മുഴുവൻ ഊർജവും ഉല്പാദിപ്പിക്കുവാനും അവരുടെ വീടുകളിൽ ഒന്നോ രണ്ടോ വിളക്കുകൾ തെളിയിക്കുവാനും ഇതുവഴി വൈദ്യുതിയുടെ ഉപയോഗം കുറക്കുവാനും പാചകത്തിനാവശ്യമായ മറ്റ് ഊർജ്ജ്രോതസുകളായ വിറക് മണ്ണെണ്ണ ഗ്യാസ് എന്നിവയുടെ ഉപയോഗം കുറക്കുവാനും കഴിയും. ആയതിനാൽ ബയോ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാൻ വേണ്ട വിജ്ഞാന വ്യാപനവും ധനസഹായവും കർഷകർക്ക് ലഭ്യമാക്കുവാൻ ഉതകുന്ന പദ്ധതി നടപ്പിലാക്കണം.

X പേവിഷ നിർമ്മാർജ്ജനം രംഗം:

ലോകത്തിൽ ഓരോ പത്ത് മിനിട്ടിലും ഒരാൾ വീതവും, ഇന്ത്യയിൽ വർഷത്തിൽ കാൽ ലക്ഷം പേരും പേവിഷബാധയേറ്റ് മരിക്കുന്നു. പേവിഷമരണങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുറവാണെങ്കിലും പേവിഷബാധയേറ്റ നായയുടെ കടിയേൽക്കുന്നവരുടേയും, ചികിത്സ എടുക്കുന്നവരുടേയും എണ്ണം വളരെ കൂടുതലാണ്. രോഗം ബാധിച്ച നായ്ക്കളുടെ കടിയേറ്റാണ് പ്രധാനമായും ഈ രോഗം പകരുന്നത്. നമ്മുടെ പഞ്ചായത്തിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളുടെ എണ്ണം വളർത്തുനായ്ക്കളെക്കാൾ വളരെ കൂടുതലാണ്. രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നമുക്ക് കൈവരിക്കണമെങ്കിൽ പേവിഷ നിർമ്മാർജ്ജന പദ്ധതി പൂർണ്ണരൂപത്തിൽ നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്. ഇന്ന് കേരളത്തിൽ പല പഞ്ചായത്തുകളും പേവിഷ വിമുക്തമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. പല പഞ്ചായത്തുകളിലും പേവിഷം നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. നമ്മുടെ പഞ്ചായത്തിനെ ഒരു പേവിഷ നിർമ്മാർജ്ജന പഞ്ചായത്തായി പ്രഖ്യാപിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

വളർത്തു നായ്ക്കൾക്ക് സൗജന്യ നിരക്കിൽ പേവിഷ പ്രതിരോധ കുത്തിവയ്പുകൾ നടത്തുകയും, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളേയും ഔണർഷിപ്പ് ഇല്ലാത്ത വളർത്തു നായ്ക്കളേയും നശിപ്പിക്കാൻവേണ്ട നടപടികൾ കൈക്കൊള്ളുകയും വേണം. ഈ പദ്ധതിയുടെ ഭാഗമായി വളർത്തു നായ്ക്കൾക്ക് വന്ധീകരണ ശസ്ത്രക്രിയ പ്രോത്സാഹിപ്പിക്കണം.

പേവിഷബാധയേറ്റ് മരിക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്ന മൃഗങ്ങളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ വളരെ കൂടുതലാണ്. ഇത് നമ്മുടെ മൃഗസമ്പത്തിനെ ഗണ്യമായി ബാധിക്കുകയും ചെയ്യുന്നു

ആയതിനാൽ കാലിസമ്പത്ത് നേരിടുന്ന ഈ നഷ്ടം ഒഴിവാക്കുവാനും മനുഷ്യനെ ബാധിക്കുന്ന ഈ ഭയാനക രോഗം ഉൻമൂലനം ചെയ്യുവാനും പേവിഷ നിർമ്മാർജ്ജന പദ്ധതിക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്.

ഉപസംഹാരം :

ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യത അനിയന്ത്രിതവിലപാൽ ഉൽപ്പാദകന് കിട്ടുന്ന പാൽ വിലയും ഉൽപ്പാദന ചെലവും തമ്മിലുള്ള അന്തരം, ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാൽ ലഭിക്കാതിരിക്കുക, വിപണനരംഗത്തെ അപര്യാപ്തത, ഭാരിച്ച ചികിൽസാ ചെലവ്, വായ്പ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങൾക്കുള്ള വിമുഖത, ഇൻഷ്വറൻസ് പരരക്ഷയുടെ അപര്യാപ്തത, ചുരുങ്ങുന്ന തീറ്റ പുൽകൃഷി, ഈ മേഖലയിലേയ്ക്ക് കടന്ന് വരുവാനുള്ള അഭ്യസ്തവിദ്യരുടെ വിമുഖത, ആവശ്യത്തിനുള്ള ഗുണമേൻമയുള്ളപക്ഷി മൃഗാദികളുടെ ദൗർലഭ്യം, അശാസ്ത്രീയമായ മാംസ ഉൽപാദന–വിപണനരീതി, വിവിധ ഏജൻസികളിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ആശൂത്രിതമല്ലാതെ കൈകാര്യം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ, സാങ്കേതിക പരിജ്ഞാനം ഇല്ലാത്തവരുടെ മൃഗചികിൽസ അശാസ്ത്രീയമായ മൃഗപരിപാലനം, ഈ മേഖലയിലുള്ള കുറഞ്ഞ വനിതാ പങ്കാളിത്തം കാലാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത മൃഗാശുപത്രി ഉപകേന്ദ്രങ്ങളുടെ കുറവ് വിവിധ മൃഗസംരക്ഷണ പദ്ധതികളുടെ പോരായ്മകൾ, സമഗ്ര പേവിഷ നിയന്ത്രണ നയത്തിന്റെ ആശൂത്രിത തുടർ പരിപാടിയുടെ അഭാവം എന്നിവയാണ് മൃഗസംരക്ഷണമേഖലയിൽ കാണുന്ന പ്രശ്നങ്ങൾ

പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കണം. തീറ്റ പുൽകൃഷി വ്യാപകമാക്കണം. പാൽ വിപണന സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും പാലിന്

അർഹമായ വില ഉറപ്പ് വരുത്തുകയും വേണം. പാൽസൊസൈറ്റിയും ധനകാര്യ സ്ഥാപനങ്ങളും, കർഷകനും ചേർന്ന് കൂട്ട് ഉത്തരവാദിത്വത്തോടെയുള്ള വായ്പാ സംവിധാനം ഉണ്ടാക്കണം. പഞ്ചായത്ത് തലത്തിൽ പക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസിവഴി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കണം. ശാസ്ത്രീയ മൃഗപരിപാലനം നടത്തുവാൻ കർഷകന് വേണ്ടിവരുന്ന ഭാരിച്ച ചെലവിന്റെ ഒരു ഭാഗം ധനസഹായമായി നൽകുക. ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവ് ശാലകൾ രൂപീകരിക്കുകയും ശുദ്ധമായ മാംസ വിതരണ സൗകര്യം ഉറപ്പിക്കുകയും വേണം. വനിതാ സംഘങ്ങളുടെ രൂപീകരണവും പാലിന് എന്നപോലെ മാംസം മുട്ട എന്നിവയ്ക്ക് സഹകരണ സംഘങ്ങൾ സ്ഥാപിക്കുകവഴി വിപണന സാദ്ധ്യത വർദ്ധിപ്പിക്കുവാനും അർഹമായ വില ഉറപ്പ് വരുത്തുവാനും കർഷക പങ്കാളിത്തം ഉറപ്പിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. മൃഗാശുപത്രികളിൽ ആവശ്യമായ മരുന്നുകളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുക. കർഷകന് പാൽ സൊസൈറ്റികൾവഴി 50% വിലയ്ക്ക് മരുന്ന് ലഭ്യമാക്കുക. ചികിൽസാരംഗം രജിസ്ട്രേഷൻ ഉള്ളവർക്ക് മാത്രമായി നിജപ്പെടുത്തുക. വർഗോദ്ധാരണത്തിനു വേണ്ടി കൂടുതൽ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കണം. മൃഗചികിൽസാരംഗം മെച്ചപ്പെടുത്തുകയും മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പിലാക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം. നടപ്പ് പദ്ധതികളുടെ പോരായ്മകൾ പരിഹരിച്ച് കൂടുതൽ കർഷകർക്ക് പ്രയോജനം ലഭിക്കത്തക്കരീതിയിൽ വേണ്ടമാറ്റങ്ങൾ വരുത്തി നടപ്പിലാക്കണം. വ്യഞ്ജന വ്യാപന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. സമഗ്രപേവിഷ നിർമാർജനനയം ഉണ്ടാകുകയും നമ്മുടെ പഞ്ചായത്തിനെ പേവിഷ വിമുക്തമാക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും വേണം. മൃഗസംരക്ഷണ മേഖലയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുകയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ഗ്രാമീണവനിതകളെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിന് ഉതകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കണം.

നമ്മുടെ ഗ്രാമീണ ജനതയുടെ ആഹാരക്രമം പോഷകലഭ്യത, തൊഴിൽ സാധ്യത, വരുമാനവർദ്ധനവ് എന്നിവയുടെ സർവ്വോന്മുഖമായ പുരോഗതിക്ക് സഹായകരമാകുക എന്ന ലക്ഷ്യത്തോടെ ഈ വികസനറിപ്പോർട്ടിൽ വിവരിച്ചിരിക്കുന്ന വിവിധ പദ്ധതികൾ അവ അർഹിക്കുന്ന പ്രാധാന്യം നൽകി നടപ്പിലാക്കുകയാണെങ്കിൽ ഗ്രാമതല ആസൂത്രണത്തിലൂടെയുള്ള നമ്മുടെ ലക്ഷ്യം സാധ്യമാക്കുവാൻ കഴിയും എന്ന ഉത്തമ വിശ്വാസത്തോടെ ഈ റിപ്പോർട്ട് ചുരുക്കുന്നു.

—0—

അണ്ടൂർക്കോണം പഞ്ചായത്ത്

വാർഡ് നമ്പർ I

ഗ്രാമവാസികളുടെ പ്രധാന ആവശ്യങ്ങൾ:

1 മോഹനപുരത്തു (കൊയ്ത്തൂർക്കോണം) നിലവിലുള്ള വെറ്ററിനറി ഹോസ്പിറ്റൽ മുഴുവൻ സമയവും സേവനം ലഭ്യമാക്കുന്ന തരത്തിൽപ്രവർത്തിക്കുന്ന ലാബ്രട്ടറി സൗകര്യത്തോടുകൂടിയ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുക.

2 ഇടിഞ്ഞു പൊളിഞ്ഞു ജീർണ്ണിച്ച അവസ്ഥയിലുള്ള കെട്ടിടം ആധുനിക സൗകര്യങ്ങളോടുകൂടി പുതുക്കി പണിയുക. കൂടാതെ പഞ്ചായത്തിലെ ഏകമൃഗാശുപത്രിയായ **കൊയ്ത്തൂർക്കോണത്ത് ഫോൺ സൗകര്യം** ഏർപ്പെടുത്തുക.

3 പേവിഷബാധ സർവ്വസാധാരണമാകയാൽ, കലേകാലങ്ങളിൽ വളർത്തു നായ്ക്കൾക്ക് പേവിഷബാധക്കെതിരെ പ്രതിരോധകുത്തിവയ്പ്പ് നടത്തുക. കൂടാതെ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള നടപടി വ്യാപകമാക്കുക.

4 അത്യുല്പാദന രീതിയിലുള്ള ബീജസങ്കലനം കന്നുകാലികളിൽ സൗജന്യ രീതിയിൽ ചെയ്തു കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

5 അടുക്കളകോഴിക്കുഞ്ഞ് പ്രതിമാസം അഞ്ച് എണ്ണം വീതം തീറ്റാസഹിതം എല്ലാ വീട്ടമ്മമാർക്കും കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുക.

6 മാടുകൾക്കും കോഴികൾക്കും സർവ്വസാധാരണമായി കണ്ടുവരുന്ന കോഴിവസന്ത, അകിടുവീക്കം. കുളമ്പുരോഗം എന്നിവയ്ക്ക് രോഗപ്രതിരോധ കുത്തിവയ്പ്പ് നടത്തുക.

7 ഓരോ കാലികർഷകനും സബ്സിഡി വ്യവസ്ഥയിൽ തൊഴുത്തും, ജൈവവളം സംഭരിക്കുന്നതിന് വളക്കുഴിയും നിർമ്മിച്ചു കൊടുക്കുക.

8 സബ്സിഡി വ്യവസ്ഥയിൽ കാലികർഷകർക്ക് തീറ്റ നല്കുക.

9 ഈ വാർഡിൽ ക്ഷീരവ്യവസായ സഹകരണ സംഘം സ്ഥാപിച്ച് ക്ഷീരോല്പാദകരുടെ ഇന്നത്തെ പ്രതിസന്ധി പരിഹരിക്കുക.

10 മിൽമയും മറ്റു അനുബന്ധ സ്ഥാപനങ്ങളും പാൽവിലയിൽ ഒരു നിശ്ചിത ശതമാനം പരിശോധനാ ഔഷധം എന്നീ നിലകളിൽ പിടിച്ചു വരുന്നു. ഇതിന്റെ ഗുണം നാളിതുവരെ കർഷകന് ലഭ്യമായിട്ടില്ല ഇത് കർഷകന് ലഭ്യമാക്കാനുള്ള നടപടി അടിയന്തിരമായി ഉണ്ടാക്കണം.

കീഴാവൂർ

വർഡ് നമ്പർ II

1 I. C. D. P സബ്സെന്റർ തിരുവെള്ളൂർ കേന്ദ്രമാക്കി പ്രവർത്തിക്കുക

2 ഒരു പാൽ സൊസൈറ്റി വാർഡ് തലത്തിൽ സ്ഥാപിക്കുക.

3 കാലിതീറ്റകം കുറഞ്ഞ വിലയ്ക്ക് ഗവൺമെന്റിൽ നിന്നും ഏജൻസികളിൽ നിന്നും സംഭരിച്ച് ന്യായവിലയ്ക്ക് കർഷകന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4 കർഷകർക്ക് കന്നുകാലി വളർത്തുന്നതിനും സബ്സിഡി ലോൺ അനുവദിക്കുക.

(ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദനമുള്ള വാർഡാണ് ഇത്)

മാത്രമല്ല നിലവിലുള്ള പാൽ സൊസൈറ്റി ഈ വാർഡിൽ നിന്നും 2 കി: മീ: അകലെയാണ്. ഇത് കർഷകർക്ക് അസൗകര്യമാണ്.

വാർഡ് നമ്പർ III

1 ഈ വാർഡിൽ ഭൂരിഭാഗവും കർഷകരാണ്. ആട്, കോഴി കന്നുകാലികൾ എന്നിവ വളർത്താനുള്ള സാധ്യത ഏറെയുള്ളതിനാൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാപേർക്കും സൗജന്യ നിരക്കിൽ കോഴിയും കന്നുകാലികളും ലഭ്യമാക്കുക.

2 മൃഗസംരക്ഷണ ആശുപത്രിയിലും ബീജസങ്കലന കേന്ദ്രത്തിലും ലാബ്രട്ടറി സൗകര്യം ഏർപ്പെടുത്തുക.

3 ഓരോ ബീജസങ്കലന കുത്തിവയ്പ് കേന്ദ്രവും മൃഗാശുപത്രിയായി ഉയർത്തുക.

4 കന്നുകാലികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

5 കാലികൾക്ക് ആവശ്യമായ മരുന്നുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

6 കോഴി കൃഷിക്ക് വായ്പാസൗകര്യം ഏർപ്പെടുത്തുക.

7 സങ്കരയിനം ആടുകളെ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

8 അണ്ടൂർക്കോണം വാർഡിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സബ്സെന്റർ ഡിസ്പെൻസറി ആയി ഉയർത്തണം.

വാർഡ് നമ്പർ IV

1 I C D P സബ്സെന്റർ വാർഡിൽ സ്ഥാപിക്കണം.

2 ക്ഷീര കർഷകർക്ക് വിത്തും വളവും സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

3 പഞ്ചായത്തിലെ ഓരോ വാർഡിൽ നിന്നും അമ്പത് കർഷകർക്ക് വീതം സബ്സിഡിയിനത്തിൽ കറവമാടുകളെ വാങ്ങാൻ വായ്പ അനുവദിക്കുക.

4 കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ഓരോ വാർഡിലും 50 കന്നുകുട്ടികൾക്ക് സബ്സിഡി വ്യവസ്ഥയിൽ കാലിത്തീറ്റ വിതരണം ചെയ്യുക.

വാർഡ് നമ്പർ V

1 ഈ വാർഡിൽ ഒരു മൃഗാശുപത്രിയോ ബീജ സങ്കലന കുത്തിവയ്പ് കേന്ദ്രമോ ഇല്ലാത്തതിനാൽ ഈ വാർഡ് കേന്ദ്രീകരിച്ച് ഒരു വെറ്റിനറി പോളിക്ലിനിക് സ്ഥാപിക്കുക.

2 കോഴിവസന്ത, അകിടുവീക്കം, കുളമ്പുപനി എന്നിവയ്ക്ക് സൗജന്യമായി രോഗപ്രതിരോധ കുത്തിവയ്പ് സൗജന്യമായി നടത്തുക.

3 പേവിഷബാധ തടയുന്നതിനുവേണ്ടി അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുകയും വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തുകയും ചെയ്യുക.

വാർഡ് നമ്പർ VIII

1 ഈ വാർഡിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുക.

2 കുറഞ്ഞത് രണ്ട് പശുക്കളെങ്കിലും ഉള്ളവർക്ക് ഓരോ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക.

3 കാലിതീറ്റയ്ക്ക് ആവശ്യമായ പുൽവിത്ത് സൗജന്യനിരക്കിൽ കർഷകർക്ക് ലഭ്യമാക്കണം

4 കാലിതൊഴുത്ത് വളക്കുഴി എന്നിവ നിർമ്മിക്കുന്നതിന് സബ്സിഡി നിരക്കിൽ ലോൺ ഏർപ്പെടുത്തുക.

5 എല്ലാ കുടുംബങ്ങൾക്കും കോഴി വളർത്തലിന് വേണ്ടുന്ന സബ്സിഡി ഏർപ്പെടുത്തണം

6 താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട നടപടിവേണം.

7 പുല്ല് ഉൽപ്പന്ന വിപണനകേന്ദ്രം സ്ഥാപിക്കുക.

8 മുയൽ വളർത്തൽ യൂണിറ്റ് തുടങ്ങുന്നതിന് വേണ്ട ധനസഹായം സബ്സിഡി നിരക്കിൽ അനുവദിക്കുക.

9 ഈ വാർഡിൽ വയലിലും കുളങ്ങളിലും മത്സ്യകൃഷി ചെയ്യുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക.

വാർഡ് നമ്പർ IX

1 ഈ വാർഡിൽ പാൽ സൈക്കറി സ്ഥാപിക്കുക കാലി സബ്സിഡിഫാർ ഏർപ്പെടുത്തുക അടുക്കള മുറ്റത്ത് കോഴി വളർത്തലിന് പ്രോത്സാഹനം നടത്തുക.

2 ശാസ്ത്രീയടിസ്ഥാനത്തിൽ ഒരു അറവുശാല സ്ഥാപിക്കുക.

3 പേവിഷ വിമുക്തമാക്കുക.

4 മുട്ട സംഭരണ വിപണന സൗകര്യം ഏർപ്പെടുത്തണം.

വാർഡ് നമ്പർ X

1 ക്ഷീര വ്യവസായ സഹകരണ സംഘം സ്ഥാപിക്കുക,

2 മൃഗങ്ങളെ വളർത്തുന്നതിനുള്ള പുൽപ്പാടം സഹകരണ അടിസ്ഥാനത്തിൽ രൂപികരിക്കണം

3 കാലികർഷകർക്ക് ലോൺസൗകര്യം ഏർപ്പെടുത്തണം.

4 പാലിൽനിന്നും വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം കൊടുക്കുകയും ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുകയും ചെയ്യുക.

വനിതാക്ഷേമം

1991–ലെ സെൻസസ് പ്രകാരം അണ്ടൂർക്കോണം പഞ്ചായത്തിലെ സ്ത്രീ ജനസംഖ്യ 12418 ആണ്. പുരുഷ ജനസംഖ്യയെക്കാൾ 1265 വനിതകൾ കുറവാണ് വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ മുൻതൂക്കം വനിതകൾക്കാണ്. എന്നാൽ സാക്ഷരതാ നിരക്കിൽ പുരുഷന്മാരെക്കാളും പിറകിലാണ് സ്ത്രീകളുടെ സ്ഥാനം.

ദരിദ്ര ഭൂരിപക്ഷത്തിന്റെ ഇടയിൽ കുടുംബത്തിന്റെ ഭാരം മുഴുവൻ പേറേണ്ടിവരുന്നത് സ്ത്രീകളാണെന്നത് അവരുടെ അവസ്ഥ ഗുരുതരമാകുന്നു. കയർ തൊഴിലാളികളും, കർഷക തൊഴിലാളികളും ആയിട്ടുള്ള വനിതകൾ അവരുടെ ജോലി സമയത്തിനുശേഷം കുടുംബത്തിന്റെ മറ്റുജോലികളും കൂടി ചെയ്യേണ്ടിവരുന്ന അവസ്ഥയും ഉണ്ട്. തൊഴിൽ പങ്കാളിത്ത നിരക്ക് പുരുഷന്മാരെക്കാൾ വളരെ താഴ്ന്ന നിലയിലാണ് സ്ത്രീകളുടേത്, ചുരുക്കം സർക്കാർ ജീവനക്കാരും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിൽ ചെയ്യുന്നവരും ബഹുഭൂരിപക്ഷവും, കയർ മേഖലയിലും, കാർഷിക മേഖലയിലും ജോലി എടുക്കുന്നവരുമാണ്. 17–ാളം വനിതകൾ മാത്രമാണ് ചെറുകിട കച്ചവടക്കാരായി ഉപജീവനം നടത്തുന്നത്. വീടുകളും മറ്റും കേന്ദ്രീകരിച്ചുള്ള തയ്യലും, കയർ നൂൽപും മാത്രമാണ് ചെറുകിട വ്യവസായമായി നിലകൊള്ളുന്നത്, വനിതാ സഹകരണ സംഘങ്ങളോ തൊഴിൽ സ്ഥാപനങ്ങളോ ഇല്ല. കറി പൗഡർ നിർമ്മാണം, ചർക്കയിൽ നൂൽനൂൽപ് എന്നീ രംഗത്ത് നാമ മാത്രമായി വനിതകൾ തൊഴിൽ ചെയ്യുന്നുണ്ട്.

സാമൂഹ്യ രാഷ്ട്രീയ രംഗത്ത് ഫലപ്രദമായ വനിതാ മുന്നേറ്റം പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. അഞ്ചോളം വനിതാസമാജങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. അതിൽ പലതും നാമമാത്രമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. രാഷ്ട്രീയ രംഗത്ത് നേതൃത്വപരമായി ചുരുക്കം ചില നേതാക്കൻമാർ ഉയർന്നുവന്നിട്ടുണ്ടെങ്കിലും വനിതാ പ്രവർത്തകരുടെ അഭാവം എല്ലാ രാഷ്ട്രീയ സംഘടനകൾക്കും ഉണ്ട്. തെരഞ്ഞെടുപ്പുകളിൽ മൽസരിക്കാൻ തന്നെ വനിതകൾ താൽപര്യം പ്രകടിപ്പിക്കുവാൻ മുന്നോട്ടു വരുന്നില്ല. പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള മാതൃസംഗമങ്ങൾ പോലും വനിതകളുടെ പങ്കാളിത്തകുറവ് കൊണ്ട് ഫലപ്രദമായി നടക്കുന്നില്ല. ശാസ്ത്ര സാഹിത്യ പരിഷത് പോലുള്ള സംഘടനകളിലൂടെ പൊതു പ്രവർത്തന രംഗത്തേക്ക് കടന്നുവരാൻ വനിതകൾ തയാറാകുന്നുണ്ട് എന്നുള്ളത് മാത്രമാണ് ഏക ആശ്വാസം.

രൂക്ഷമായ തൊഴിലില്ലായ്മ അനുഭവപ്പെടുമ്പോൾ കുറഞ്ഞ വേതന നിരക്ക് സ്ത്രീകൾ നേരിടുന്ന പ്രശ്നമാണ്. സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന കയർ, ചർക്കയിൽ നൂൽനൂൽപ് എന്നിവിടങ്ങളിലെ കൂലി നിരക്ക് പരിശോധിച്ചാൽ ഇത് മനസിലാക്കാവുന്നതാണ്.

പുരുഷ ജനസംഖ്യയെക്കാൾ ആയിരത്തി അഞ്ഞൂറിന് താഴെ നിൽക്കുന്ന സ്ത്രീകളെ വർദ്ധിച്ച തോതിൽ തൊഴിൽരംഗത്തും, പൊതുരംഗത്തും ഉയർത്തികൊണ്ടുവന്നാൽ മാത്രമെ നാം ആഗ്രഹിക്കുന്ന നിലയിൽ വികസനം സാദ്ധ്യമാക്കുവാൻ കഴിയൂ.

നേരിടുന്ന പ്രശ്നങ്ങൾ

1 തൊഴിൽ മേഖലയിലും, വിദ്യാലയങ്ങളിലും സ്ത്രീകൾ അവഗണന നേരിടുന്നു.

2 സാമൂഹ്യ സേവനരംഗത്ത് പ്രവർത്തന സജ്ജരായി കടന്നു വരുന്നില്ല.

3 സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാനുള്ള താൽപര്യമൊ, അറിവൊ സ്ത്രീകൾക്ക് ഇല്ല.

4 തൊഴിൽ രംഗത്ത് നിലവാരം പുലർത്തി പോകുന്നതിനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.

5 സർക്കാർ സഹായ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

6 ബാലവാടികളിലെ അദ്ധ്യാപികമാർക്കും മറ്റു പണിയെടുക്കുന്ന സ്ത്രീകൾക്കും ന്യായമായ കൂലി ലഭിക്കുന്നില്ല.

7 വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തകുറവ്

8 പരമ്പരാഗത വ്യവസായ സംരഭങ്ങൾ ആരംഭിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകാനാവശ്യമായ സഹകരണ സംഘങ്ങളോ ഏജൻസികളോ അടുത്തെങ്ങുമില്ല.

9 വിധവകൾക്കുള്ള പെൻഷൻ പദ്ധതി, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം എന്നിവ അപര്യാപ്തമാണ്.

10 സാമൂഹ്യ സേവന രംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തനസജ്ജരായി മുന്നോട്ടുവരുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ :- (ഗ്രാമസഭയിൽ നിർദ്ദേശിച്ചത് ഉൾപ്പെടെ)

1 പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ വഴി സ്ത്രീകൾക്കുള്ള പരമ്പരാഗത തൊഴിൽ സംരംഭങ്ങൾ ശക്തിപ്പെടുത്തുവാനുള്ള ധനസഹായം നൽകുക.

2 എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങളും, അംഗൻ വാടികളും രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് പഞ്ചായത്ത് അംഗങ്ങൾവഴി നിർദ്ദേശം നൽകുക

3 റെഡിമെയ്ഡ്, കാലി വളർത്തൽ, കോഴി വളർത്തൽ നേന്ത്രക്കായ ചിപ്സ്, ചക്ക, മാങ്ങ, പഴം എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള സ്കാഷ്, കറിപൗഡർ, പപ്പടം യൂണിറ്റുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് വനിതാ യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.

4 അടുക്കളതോട്ടം, കൂൺകൃഷി, ഓർക്കിഡ്, മുല്ലപ്പൂ ഔഷധ തോട്ടം എന്നിവയിൽ പരിശീലനം നൽകി വാർഡ് തലത്തിൽ കൃഷി ആരംഭിക്കുക.

5 വിറ്റഴിക്കുന്നതിന് വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക.

6 വനിതകൾക്കായി സോപ്പ് നിർമ്മാണ യൂണിറ്റുകൾ വാർഡുതലത്തിൽ ആരംഭിക്കുക.

7 പഞ്ചായത്തിൽ ഒരു വനിതാ I.T.I സ്ഥാപിച്ച് തെരഞ്ഞെടുക്കപ്പെടുന്ന വനിതകൾക്ക് പരിശീലനം നൽകുക.

8 സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി, സാമൂഹ്യക്ഷേമ പദ്ധതികൾ എന്നിവ ഉദാരവൽക്കരിക്കുക.

9 വിധവകളായ വനിതകൾക്കുവേണ്ടി പാർപ്പിട പദ്ധതിക്ക് രൂപം നൽകുക.

10 തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്ക് മൂത്രപ്പുരയും, കക്കൂസും നിർബന്ധമായും നിർമ്മിക്കുക.

11 സ്ത്രീകൾ പൊതുരംഗത്ത് വരുന്നതിനുവേണ്ടി സർക്കാർ ഏജൻസി വഴി ആവശ്യമായ ബോധവൽക്കരണം നടത്തുക.

12 ജോലിക്കുപോകുന്ന സ്ത്രീകളുടെ കുട്ടികളെ പാർപ്പിക്കുവാൻ സെൻറുകൾ ആരംഭിച്ച് ആയമാരെ നിയമിക്കുക.

വിദ്യാഭ്യാസം

ആമുഖം

ഒരു നൂറ്റാണ്ടിന് മുമ്പ് തന്നെ ഈ പ്രദേശത്ത് ഒരു വിദ്യാലയം പ്രവർത്തിച്ചിരുന്നു എന്ന യാഥാർത്ഥ്യം ആധുനിക ജനസമൂഹത്തിന്റെ മനസ്സിൽ അത്ഭുതമുളവാക്കുന്നുണ്ടാകാം. ഈ നാട്ടിലെ വിദ്യാഭ്യാസ പാരമ്പര്യത്തിന്റെ അടിസ്ഥാന ശിലയായിരുന്നു ആ വിദ്യാലയം. കണിയാപുരം ഗവൺമെൻറ് അപ്പർ പ്രൈമറി സ്കൂൾ ഇന്ന് സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു അത് പ്രവർത്തിച്ചിരുന്നത്. മാതൃഭാഷയിലൂടെ മാത്രം അദ്ധ്യാപനം നടത്തിയിരുന്ന ആ സ്ഥാപനത്തിൽ അന്ന് നിലവിലിരുന്ന ഉന്നത ബിരുദമായ മലയാളം ഹയർ പരീക്ഷ ജയിച്ച് പുറത്തുവരുന്നവർക്ക് അദ്ധ്യാപകരായി ജോലി കിട്ടുക നിഷ്പ്രയാസമായ ഒരു കാര്യമായിരുന്നു. എന്നാൽ യാഥാസ്ഥിതിക കുടുംബങ്ങളിൽ നിന്നും വിദ്യാഭ്യാസത്തിനെത്തുന്നവരിൽ പലരും പ്രത്യേകിച്ച് പെൺകുട്ടികൾ ജോലിക്ക് പോകുന്നത്

തറവാടിന്റെ അന്തസിന് ചേർന്നതല്ലെന്ന് കരുതി ഉദ്യോഗ നിയമനങ്ങൾക്കെതിരെ മുഖം തിരിക്കുന്നവരായിരുന്നു. വിജ്ഞാന സമ്പാദ്യമായിരുന്നു അന്ന് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വിദ്യാർത്ഥികൾ ഗുരുജനങ്ങളെ ഭയഭക്തി ബഹുമാനങ്ങളോടെയാണ് കണ്ടിരുന്നത്. മാതൃഭാഷയിൽ അപാര പണ്ഡിതന്മാരായിരുന്ന അന്നത്തെ അദ്ധ്യാപകരുടെ ക്ലാസുകളിലെ അനുഭവങ്ങൾ, അവരുടെ ശിഷ്യഗണങ്ങളിൽപ്പെട്ട, ഇന്ന് ജീവിച്ചിരിക്കുന്ന വന്ദ്യവയോധികരായവരുടെ മനസിൽ ഒളിമങ്ങാതെ അവശേഷിക്കുന്നുണ്ടാകും.

ഒന്നുമുതൽ ഒൻപത് വരെയുള്ള ക്ലാസുകളായിരുന്നു അന്ന് നിലവിലുണ്ടായിരുന്നത്. ഏഴ്, എട്ട്, ഒൻപത് ക്ലാസുകളിൽ ആഴ്ചയിൽ രണ്ടോ, മൂന്നോ പീരേഡ് ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചിരുന്നു. ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുവാൻ യോഗ്യതയുള്ള അദ്ധ്യാപകർ അന്ന് തീരെ കുറവായിരുന്നു. രാജഭരണകാലത്ത് രാജ്യ കാര്യങ്ങൾ നിശ്ചയിച്ചിരുന്നത് രാജാവ് നിയമിക്കുന്ന ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യർ എന്ന ദിവാന്റെ ഭരണപരിഷ്ക്കാരമെന്ന നിലയിൽ മലയാളം സ്കൂളുകളിൽ എട്ടും ഒൻപതും ക്ലാസുകൾ വേണ്ടെന്നുള്ള വിജ്ഞാപനമുണ്ടായി. പിന്നീട് ഏഴാം ക്ലാസിൽ ഒരു പൊതു പരീക്ഷയുമായി മലയാളം സ്കൂളുകൾ പ്രവർത്തിച്ചിരുന്നു. ഹയർ പരീക്ഷയും പൊതു പരീക്ഷയായിട്ടായിരുന്നു നടത്തി വന്നിരുന്നത്.

ഈ കാലഘട്ടത്തിൽ തന്നെ ഈ പ്രദേശത്ത് പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് ചില പ്രൈവറ്റ് വിദ്യാലയങ്ങൾ പ്രവർത്തിച്ചിരുന്നു, സമുദായത്തിലെ പ്രമാണിമാർ നടത്തിയിരുന്ന ഇത്തരം വിദ്യാലയങ്ങൾ ഗ്രാന്റ് പള്ളിക്കൂടങ്ങൾ എന്നാണറിയപ്പെട്ടിരുന്നത്. ഈ പ്രദേശത്ത് പ്രവർത്തിക്കുന്ന ചില സർക്കാർ പ്രൈമറി വിദ്യാലയങ്ങൾ ഈ ഗ്രാന്റ് പള്ളിക്കൂടങ്ങളുടെ രൂപ പരിണാമങ്ങളാണ്.

ഈ പ്രദേശത്തിന്റെ സമീപ പ്രദേശങ്ങളായ കഴക്കൂട്ടം, മുരുക്കുംപുഴ, പുതുക്കുറിച്ചി തുടങ്ങിയ സ്ഥലങ്ങളിൽ ഇക്കാലത്ത് സ്വകാര്യ വ്യക്തികൾ നടത്തുന്ന ചില ഇംഗ്ലീഷ് പ്രൈമറി വിദ്യാലങ്ങൾ ഉണ്ടായിരുന്നു. സർക്കാരിന്റെ അംഗീകാരത്തോടെ അവർ തന്നെ കുട്ടികളിൽ നിന്ന് ഫീസ് വാങ്ങി അതുകൊണ്ട് അദ്ധ്യാപകർക്ക് ശമ്പളം നൽകി നടത്തി വന്നിരുന്ന ഇത്തരം വിദ്യാലയങ്ങളിൽ ചിലതെല്ലാം ഇപ്പോൾ ഹൈസ്ക്കൂളുകളും യു. പി. സ്ക്കൂളുകളുമായി പ്രവർത്തിക്കുന്നുണ്ട്.

മലയാളം ഏഴാം ക്ലാസ് പാസാകുന്ന വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കാൻ ഇത്തരം വിദ്യാലയങ്ങളെ ആശ്രയിക്കേണ്ടി വന്നു. പ്രിപ്പാറട്ടറി, ഫസ്റ്റു ഫാം, സെക്കൻറ് ഫാം, തേഡ് ഫാം എന്നീ പേരുകളിലറിയപ്പെട്ടിരുന്ന നാല് ക്ലാസുകൾ ഇത്തരം വിദ്യാലയങ്ങളിലുണ്ടായിരുന്നു. മലയാളം ഏഴാം ക്ലാസ് പാസാകുന്ന ഒരു കുട്ടിക്ക് ഈ വിദ്യാലയത്തിലെ സെക്കൻറ് ഫാം ക്ലാസിൽ ചേർന്ന് പഠിക്കാനേ അനുവാദമുണ്ടായിരുന്നുള്ളു. മാതൃഭാഷയോടൊപ്പം ഇംഗ്ലീഷിനും ഇത്തരം സ്ക്കൂളുകളിൽ പ്രാധാന്യം നൽകിയിരുന്നു. തേഡ് ഫാമിൽ പൊതുപരീക്ഷ നടത്തിയിരുന്നു. ഈ പരീക്ഷ ജയിക്കുന്നവർക്ക് തുടർന്ന് പഠിക്കാൻ ഈ പ്രദേശത്തോ പരിസരങ്ങളിലോ ഹൈസ്ക്കൂളുകൾ ഉണ്ടായിരുന്നില്ല. യാഥാസ്ഥിതികരായിട്ടും ഉന്നത വിദ്യാഭ്യാസം നേടുകയെന്ന ഉത്കൃഷ്ടമായ ചിന്ത അന്നത്തെ യുവജനങ്ങളിൽ എന്തു ത്യാഗവും സഹിക്കാനുള്ള കരുത്ത് പകർന്നു. തിരുവനന്തപുരത്ത് എസ്. എം. വി. ഹൈസ്ക്കൂളും ആറ്റിങ്ങലിൽ ഒരു ഹൈസ്ക്കൂളും മാത്രമായിരുന്നു അവർക്ക് തുടർന്ന് പഠിക്കാൻ ലഭ്യമായിരുന്ന സ്ഥാപനങ്ങൾ. ഒട്ടും യാത്രാ സൗകര്യങ്ങളില്ലാത്ത അക്കാലത്ത് യുവജനങ്ങൾ കാൽനടയായി തിരുവനന്തപുരത്തോ ആറ്റിങ്ങലോ പോയി പഠിച്ചിരുന്നു എന്ന് കേൾക്കുമ്പോൾ ഇന്നത്തെ വിദ്യാർത്ഥികൾക്ക് അവിശ്വസനീയമായി തോന്നാം. വിദ്യാഭ്യാസത്തെ അത്രയേറെ വില മതിച്ചിരുന്ന ഒരു തലമുറയായിരുന്നു അന്നത്തെ വിദ്യാർത്ഥി സമൂഹം. അങ്ങനെകഷ്ടപ്പെട്ടു പഠിച്ച് ഔദ്യോഗിക രംഗങ്ങളിലെത്തിയവരാണ് പിൽക്കാലത്ത് പേരുകേട്ട അദ്ധ്യാപകരും വക്കീലൻമാരും ഡോക്ടറൻമാരും എൻജിനീയർമാരും സാംസ്ക്കാരിക സാഹിത്യ നായകൻമാരുമൊക്കെയായി അറിയപ്പെട്ടത്. സമൂഹത്തോട് ആത്മാർത്ഥമായ പ്രതിബദ്ധത കാട്ടിയിരുന്ന ആ തലമുറ സ്വാർത്ഥ താൽപര്യങ്ങൾ വച്ചുപ്പുലർത്തുന്നവരോ അഴിമതിക്കാരോ ആയിരുന്നില്ല.

മലയാളം സ്കൂളുകൾ അപ്രത്യക്ഷമായതോടെ ഈ പ്രദേശത്ത് ആറു പ്രൈമറി സ്കൂളുകൾ അവശേഷിച്ചു ഒരു ഹൈസ്കൂളിന്റെ അഭാവം യുവജനങ്ങളുടെ വിദ്യാഭ്യാസത്തിന്റെ വഴിത്താരയിൽ മാർഗ്ഗ തടസം സൃഷ്ടിച്ചു. ഈ ഘട്ടത്തിലായിരുന്നു. തൊട്ടടുത്ത

കഠിനംകുളം പഞ്ചായത്തിൽ ഒരു ക്രിസ്ത്യൻ സ്വകാര്യ ഹൈസ്കൂൾ നിലവിൽ വന്നത്. അവിടെ പെൺകുട്ടികൾക്ക് പ്രവേശനം നിഷേധിച്ചിരുന്നു.(ഇന്ന് ആൺകുട്ടികളും പെൺകുട്ടികളും പടിക്കുന്ന ഒരു വിദ്യാലയമാണത്. കണിയാപുരം സെൻറ്വിൻറ്സൻറ് ഹൈസ്കൂൾ

ഈ സ്ഥിതിവിശേഷം പ്രയോജനപ്പെടുത്തിക്കൊണ്ടായിരുന്നു. ഇന്നത്തെ കണിയാപുരം മുസ്ലീം ഹൈസ്ക്കൂളിന് രൂപം നല്കാൻ ഇന്നാട്ടിലെ കയർ വ്യവസായ പ്രമുഖനും പൊതുകാര്യ പ്രസക്തനുമായ ശ്രീമാൻ. അഹമ്മദ്കുഞ്ഞ്ലബ്ബ രംഗപ്രവേശം ചെയ്തത്. ന്യൂനപക്ഷ സമുദായ മുസ്ലീങ്ങൾക്ക് അവരുടെ പെൺകുട്ടികളെ ഉപരിപഠനത്തിനയക്കാൻ അവസരം ലഭിക്കുന്നില്ലെന്നും ഈ ദുഃസ്ഥിതിക്കൊരു പരിഹാരമെന്ന നിലയിൽ ഈ പ്രദേശത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പഠിക്കുവാനായി ഒരു സ്ക്കൂൾ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് അന്നത്തെ ദിവാനായ സർ സി. പി. രാമസ്വാമി-അയ്യർക്ക് നിവേദനം നൽകി. കാര്യസാദ്ധ്യത്തിനായി ന്യൂനപക്ഷ സമുദായമെന്ന ന്യായം ഉന്നയിച്ചുവെങ്കിലും അദ്ദേഹം ഇന്നാട്ടിലെ എല്ലാ സമുദായത്തിലെയും കുട്ടികളുടെ വിദ്യാഭ്യാസത്തെ മുന്നിൽ കണ്ടുക്കൊണ്ടായിരുന്നു കരുക്കൾ നീക്കിയത്. അഞ്ചും ആറും ക്ലാസുകൾ ഒരേ വർഷം തന്നെ അനുവദിച്ചുത്തരവായി. 1947-ൽ കണിയാപുരം മുസ്ലീം ഹൈസ്ക്കൂൾ സ്ഥാപിതമായി.

ഈ ഹൈസ്ക്കൂളിന്റെ ആവിർഭാവവും ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ രംഗത്തെ പരിപോഷിപ്പിക്കുവാൻ കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളത്. ഇന്നാട്ടിലെ പെൺകുട്ടികൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസ യോഗ്യത നേടാനും പിൻതലമുറയെ ആ വഴിക്ക് നയിച്ച് വിദ്യാ സമ്പന്നമായ കുടുംബങ്ങൾ സൃഷ്ടിക്കുവാനും ഈ ഹൈസ്ക്കൂൾ കാരണമായിത്തീർന്നു.

ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാകുമ്പോൾ കോളേജ് പഠനത്തിന് തയ്യാറാകുന്ന ഒട്ടേറെ യുവജനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. തലസ്ഥാന നഗരിയിലെ കോളേജുകളിലും തുമ്പ സെൻറ് സേവിയേഴ്സ് കോളേജിലും ആറ്റിങ്ങൽ ചെമ്പഴന്തി, കാര്യവട്ടം എന്നീ സ്ഥലങ്ങളിലെ കോളേജുകളിലും ഉപരി പഠനം നടത്തുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിന് തയ്യാറാകുന്നവരും കുറവല്ല.

അണ്ടൂർക്കോണം പഞ്ചായത്തിലെ വിദ്യാലയങ്ങൾ:-

I ഗവൺമെൻറ് സ്കൂളുകൾ

1 എൽ. പി. എസ്. ആലുംമുട്

2 എൽ. പി. എസ്. അണ്ടൂർക്കോണം

3 എൽ. പി. എസ്. കരിച്ചാറ

4 എൽ. പി. എസ്. പള്ളിപ്പുറം

5 എൽ. പി. എസ്. തിരുവെള്ളൂർ

6 യു. പി. എസ്. കണിയാപുരം

II എയിഡഡ് സ്കൂളുകൾ

1 മുസ്ലീം ഹൈസ്ക്കൂൾ ഫോർ ബോയിസ് കണിയാപുരം.

2 മുസ്ലീം ഹൈസ്ക്കൂൾ ഫോർ ഗേൾസ്, കണിയാപുരം.

III അൺ എയിഡഡ് സ്ക്കൂളുകൾ

1 ശ്രീ സത്യാനന്ദജ്യോതി ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, പള്ളിപ്പുറം.

2 ബി. പി. എം. ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, കാരമൂട്.

ലോവർ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്നവർ	2065 കുട്ടികൾ
അപ്പർ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്നവർ	1521 കുട്ടികൾ
ഹൈസ്ക്കൂൾ ക്ലാസുകളിൽ പഠിക്കുന്നവർ	1683 കുട്ടികൾ
മൊത്തം വിദ്യാർത്ഥികൾ—	5269

ഇവരിൽ 248 പേർ അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നു.

സർക്കാർ ചെലവിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം വിശദമായി പട്ടിക I A-ൽ കൊടുത്തിരിക്കുന്നു.

പട്ടിക I A

സ്റ്റാൻഡേർഡ്	1			2			3			4			5			6			7			8			9			10			ആകെ		
ക്രമ നമ്പർ. സ്കൂളിന്റെ പേര്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1 Govt. L.P.S ആലുംമുട്	26	32	58	32	34	66	35	38	73	30	35	65																			123	139	262
2 Govt.L.P.S അണ്ടൂർക്കോണം	33	38	71	30	37	67	44	31	75	38	33	71	31	34	65																176	173	349
3 Govt L.P.S കരിച്ചാറ	16	28	44	37	38	75	33	25	58	20	34	54																			106	125	231
4 Govt L.P.S പള്ളിപുറം	15	30	45	23	29	52	29	26	55	23	24	47	32	31	63																122	140	262
5 Govt L.P.S തിരുവെള്ളൂർ	37	35	72	36	43	79	35	32	67	36	43	79																			144	153	297
6 Govt U.P.S കണിയാപുരം	62	56	118	78	58	136	71	55	126	76	88	164	76	69	145	80	75	155	68	84	152										511	485	996
7 മുസ്ലീം ഹൈസ്കൂൾ ഫോർ ബോയിസ്, കണിയാപുരം													104	104	170	170	191	191	307	307	275	275	242	242	1289		1289						
8 മുസ്ലീം ഹൈസ്കൂൾ ഫോർ ഗേൾസ്, കണിയാപുരം														111	111	178	178	187	187	300	300	292	292	267	267	1335		1335					
ആകെ	189	219	408	236	239	475	247	207	454	223	257	480	243	245	488	250	253	503	259	271	530	307	300	607	275	292	567	242	267	509	2471	2550	5021

5021 വിദ്യാർത്ഥികളിൽ 987 പേർ പട്ടിക ജാതി വിഭാഗത്തിൽ ഉള്ളവരാണ്. 508 ആൺ കുട്ടികളും 479 പെൺകുട്ടികളും. മൊത്തം വിദ്യാർത്ഥികളുടെ 20 ശതമാനത്തിൽ കൂടുതൽ പട്ടിക ജാതി വിദ്യാർത്ഥികളുണ്ട്, നമ്മുടെപഞ്ചായത്തിൽ.

പട്ടിക ജാതിയിൽപ്പെട്ട വിദ്യാർത്ഥികളും കൂടുതലുള്ള വിദ്യാലയങ്ങളാണ് കരിച്ചാറ എൽ. പി. എസും, തിരുവെള്ളൂർ എൽ. പി. എസും ക്ലാസ് തിരിച്ചുള്ള എണ്ണം പട്ടിക I B ൽ.

പട്ടിക I B

പട്ടിക ജാതി വിദ്യാർത്ഥികൾ സ്റ്റാൻഡേർഡ് തിരിച്ച്

സ്റ്റാൻഡേർഡ്	ആൺ	പെൺ	ആകെ
1	33	39	72
2	55	46	101
3	57	36	93
4	49	55	104
5	48	35	83
6	47	47	94
7	53	57	110
8	72	57	129
9	44	56	100
10	50	51	101
ആകെ	508	479	987

പഠന നിലവാരം

ആറ് സ്ക്കൂളുകളിലെ 3–ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന കുട്ടികളുടെ പഠന നിലവാര പട്ടിക താഴെ കൊടുത്തിരിക്കുന്നു.

3–ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന മൊത്തംകുട്ടികൾ	454
30 ശതമാനത്തിന് താഴെ മാർക്ക് വാങ്ങിയ കുട്ടികൾ	136
30 നും 40 നും ഇടയ്ക്ക് മാർക്ക് വാങ്ങിയവർ	94
40 നും 50 ,,	87
50 നും 60 ,,	72
60 നുമേൽ ,,	65

40 ശതമാനത്തിന് താഴെ മാർക്ക് വാങ്ങിയ കുട്ടികൾ പകുതിയിൽ കൂടുതലുണ്ട്.

പട്ടിക I C

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	30% താഴെ	30–40	40–50	50–60	60% മേൽ	ആകെ
1	L P S അണ്ടൂർക്കോണം	15	24	16	13	7	75
2	L P S ആലുംമൂട്	15	23	13	18	4	73
3	L P S തിരുവെള്ളൂർ	18	2	16	6	25	67
4	L P S പള്ളിപ്പുറം	20	10	5	5	15	55
5	L P S കരിച്ചാറ	15	15	18	10	–	58
6	U P S കണിയാപുരം	53	20	19	20	14	126
		136	94	87	72	65	454

തോറ്റു പഠിക്കുന്നവർ

2–ാം സ്റ്റാൻഡേർഡ് മുതൽ 9–ാം സ്റ്റാൻഡേർഡ്വരെയുള്ളകുട്ടികളിൽതോറ്റു പഠിക്കുന്നവർ 273 പേർ. 148 ആൺകുട്ടികളും 125 പെൺകുട്ടികളും അവരിൽ പട്ടികജാതി വിഭാഗത്തിൽ 71 പേരുണ്ട്. 35 ആൺകുട്ടികളും 36 പെൺകുട്ടികളും ക്ലാസ് തിരിച്ചുള്ള കണക്ക് പട്ടിക I D യിൽ.

പട്ടിക I D

സ്റ്റാൻഡേർഡ്	പട്ടിക ജാതി			മറ്റുള്ളവർ			ആകെ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
2	4	1	5	17	6	23	21	7	28
3	2	5	7	11	15	26	13	20	33
4	1	4	5	13	9	22	14	13	27
5	5	3	8	18	7	25	23	10	33
6	4	1	5	12	9	21	16	10	26
7	5	4	9	16	10	26	21	14	35
8	11	10	21	12	17	29	23	27	50
9	3	8	11	14	16	30	17	24	41
ആകെ	35	36	71	113	89	202	148	125	273

പഠിത്തം നിർത്തിപ്പോയവർ

പഠിത്തം മതിയാക്കിപ്പോയവർ 81 ആണ്. 59 ആൺകുട്ടികളും 22 പെൺകുട്ടികളും. പട്ടികജാതി വിഭാഗത്തിൽ ഇത്തരക്കാരുടെ എണ്ണം 20 14 ആൺകുട്ടികളും 6 പെൺകുട്ടികളും മറ്റുള്ളവരുടെ എണ്ണം 61. ക്ലാസ് തിരിച്ചുള്ള എണ്ണം പട്ടിക I E യിൽ

പട്ടിക 1 E

ക്ലാസ്	S. C.			മറ്റുള്ളവർ			ആകെ
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	1	3	1	2	3	6
2	0	1	1	2	4	6	7
3	2	0	2	0	0	0	2
4	0	0	0	3	0	3	3
5	1	0	1	1	1	2	3
6	0	0	0	2	1	3	3
7	1	0	1	5	2	7	8
8	4	2	6	10	2	12	18
9	2	2	4	13	4	17	21
10	2	0	2	8	0	8	10
	14	6	20	45	16	61	81

ഈ പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളിലെ എസ്. എസ്. എൽ. സി. പരീക്ഷ വിജയ ശതമാനം, നാലുവർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക 1 F

എസ്. എസ്. എൽ. സി. വിജയം

സ്ക്കൂളിന്റെ പേര്	1992–93	93–94	94–95	95–96
മുസ്ലീം ഹൈസ്ക്കൂൾ ഫോർ ബോയിസ്, കണിയാപുരം.	28%	35%	26%	30%
മുസ്ലീം ഹൈസ്ക്കൂൾ ഫോർ ഗേൾസ്, കണ്ണിയാപുരം.	40%	41%	40%	37%

സംസ്ഥാന വിജയ ശതമാനത്തിലും താഴെയാണ് നമ്മുടെ ഹൈസ്ക്കൂളുകളിലെ വിജയശതമാനം അടുത്തുള്ള രണ്ട് അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളുകളും 100% വിജയം നേടിക്കൊണ്ടിരിക്കുന്നു. പ്രീ-പ്രൈമറി മുതൽ പത്താം സ്റ്റാൻഡേർഡ് വരെ ഒരേ സ്ക്കൂളിൽ പഠിക്കാനവസരമുള്ളതുകൊണ്ട് അദ്ധ്യാപകർക്ക് വിദ്യാർത്ഥികളെ അടുത്തറിയാനും അവരുടെ കഴിവു മനസിലാക്കാനും കുറവുകളും പരിഹരിക്കാനും കൂടുതൽ അവസരം ലഭിക്കും.

വിദ്യാർത്ഥികളുടെ എണ്ണത്തിൽ വരുന്ന വ്യത്യാസം

ഓരോ വർഷം കഴിയുന്തോറും നമ്മുടെ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ വരുന്ന വ്യത്യാസമറിയുന്നതിന് 1992–93 മുതൽ 1996–97 വരെയുള്ള വർഷങ്ങളിലെ കണക്ക് പട്ടിക I G യിൽ കൊടുത്തിരിക്കുന്നു.

പട്ടിക I G യിൽ

സ്ക്കൂൾ വർഷം	വിദ്യാർത്ഥികൾ	വിദ്യാർത്ഥിനികൾ	ആകെ	വ്യത്യാസം
1992–93	2825	2690	5515	
1993–94	2780	2800	5580	65 പേർ കൂടുതൽ
1994–95	2648	2629	5277	303 പേർ കുറവ്
1995–96	2618	2614	5232	45 പേർ കുറവ്
1996–97	2471	2550	5021	211 പേർ കുറവ്

1992–93 ലെ അദ്ധ്യയന വർഷത്തിൽ ഈ പഞ്ചായത്തിലെ ഗവൺമെൻറ്, എയിഡഡ് സ്ക്കൂളുകളിലെ കുട്ടികളുടെ എണ്ണത്തെ അപേക്ഷിച്ച് 65 പേർ കൂടുതലാണ് 93–94 സ്ക്കൂൾവർഷത്തിൽ. എന്നാൽ തുടർന്നുള്ള മൂന്ന് വർഷങ്ങളിലും കുട്ടികളുടെ എണ്ണത്തിൽ കുറവ് കാണുന്നു. ഗുണനിലവാരം കൂടിയതെന്നു പൊതുവെ കരുതി വരുന്ന വിദ്യാലയങ്ങളിലേക്ക് തങ്ങളുടെ കുട്ടികളെ ചേർത്ത് പഠിപ്പിക്കാനുള്ള രക്ഷാകർത്താക്കളുടെ താൽപര്യമാകാം ഒരു കാരണം. സർക്കാർ ചെലവിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് നിലവാരതകർച്ച ഉണ്ടാവുകയാണെങ്കിൽ രണ്ട് തരത്തിലുള്ള ഭീമമായ നഷ്ടമാണ് നമുക്കുണ്ടാകുന്നത്. (1) വിദ്യാലയങ്ങളുടെ പ്രവർത്തനത്തിന് ഗവൺമെൻറ് ചെലവാക്കുന്ന ഭീമമായ തുക. ഈ വർഷം (1996–97) ഇവിടെയുള്ള 5021 കുട്ടികളുടെ വിദ്യാഭ്യാസത്തിനായി എട്ട് വിദ്യാലയങ്ങളിലൂടെ സർക്കാർചെലവഴിക്കുന്നതുക എത്രയെന്ന് അറിയുക. അത് എത്രത്തോളം ഫലവത്താക്കാൻ നമുക്ക്കഴിയുന്നുവെന്ന് ചിന്തിക്കുക. പൂർണ്ണമായും ഫലപ്പെടുത്താനുള്ള വഴികളും കണ്ടെത്തുക. (2) സ്വകാര്യ വിദ്യാലയങ്ങളിലേക്ക് തങ്ങളുടെ കുട്ടികളെ അയച്ചു പഠിപ്പിക്കേണ്ടി വരുന്നതിലൂടെ ആണ്ടുതോറും രക്ഷാകർത്താക്കൾക്ക് ചെലവാകുന്നതുക രണ്ടുതരത്തിലുള്ള നഷ്ടവും നമ്മുടേതുതന്നെ. സർക്കാർ ചെലവിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളും ആരായുമ്പോൾ ആദ്യം ചിന്തിക്കുന്നത് 'ഇന്ന് നമ്മുടെ സ്ക്കൂളുകൾ എങ്ങനെ'? എന്നായിരിക്കും.

നമ്മുടെ സ്ക്കൂളുകളുടെ ഇന്നത്തെ സ്ഥിതി

1 ഗവ: എൽ. പി. എസ്. ആലുംമൂട്

262 കുട്ടികളും പഠിക്കുന്നു. 8 അദ്ധ്യാപകരുണ്ട്. സ്ക്കൂൾ കാമ്പസിൻെറ വിസ്തീർണ്ണം 50 സെൻറ്, കളിസ്ഥലമായി പത്ത് സെൻറോളം കൂട്ടികളും പ്രയോജനപ്പെടുത്തുന്നു. രണ്ടു വശത്തു മതിലില്ല. കെട്ടിടത്തിനു ചോർച്ചയുണ്ട്, ചുവരിൽ പൊട്ടലുണ്ട്. മെയിൻറനൻസ് ഈ വർഷം നടന്നിട്ടില്ല. ഏഴ് ക്ലാസ് ഡിവിഷനുണ്ട്. കെട്ടിടത്തിൽ നാലു മുറിയും ഒരു ഹാളുമുണ്ട്. മുറികളും രണ്ടെണ്ണമെങ്കിലും അധികമായി വേണം. കെട്ടിടം കെട്ടാൻ സ്ഥലമുണ്ട്. കുടിവെള്ള സംവിധാനം ഇല്ല. ഒരു ക്ലാസിനാവശ്യമായ ഡെസ്ക്കുകളേ ഉള്ളൂ. 35 ഡെസ്ക്കു കൂടി വേണം. പത്തു ബഞ്ചും 2 അലമാരയും ആവശ്യമാണ്. സ്റ്റാഫ്റൂം ഇല്ല.

2 ഗവ: എൽ. പി. എസ്. അണ്ടൂർക്കോണം

349 കുട്ടികളും പഠിക്കുന്നു. 13 അദ്ധ്യാപകരുണ്ട്. 50 സെൻറ് സ്ഥലമുണ്ട്. കളി സ്ഥലമില്ല. പ്രാവിൻറെ ശല്യംകാരണം ഓഫീസ് മുറിയിലിട്ടിട്ടുള്ള തട്ടുപൊളിച്ചു മാറണം ക്ലാസ് ഡിവിഷനുകളും പത്തെണ്ണമുണ്ട്. പതിനൊന്ന് മുറിയുണ്ട്. മൂത്രപ്പുര ഒരെണ്ണമേ ഉള്ളൂ. കക്കൂസ് ഇല്ല. കൂടുതൽ താഴ്ചയുള്ള കിണർ ഉണ്ട്. സ്റ്റാഫ്റൂമില്ല. 56 ഡെസ്ക്കും 8 കസേരയും ഒരലമാരയും വേണം.

3 ഗവ: എൽ. പി. എസ്, കരിച്ചാറ

231 കുട്ടികളും പഠിക്കുന്നു. 8 അദ്ധ്യാപകർ ഉണ്ട്. 45 സെൻറ് സ്ഥലമുണ്ട്. കളി സ്ഥലമില്ല. ഈ വർഷം മെയിൻറനൻസ് നടന്നിട്ടില്ല. ഓട് പൊട്ടി ചോർച്ചയുണ്ട്. ക്ലാസ് ഡിവിഷൻ ഏഴെണ്ണം. ഒരു മുറിയും ഒരു ഹാളും ഏഴ് മുറിയാക്കി തിരിച്ചിട്ടുണ്ട്. ക്ലാസ്മുറി ഒരെണ്ണമെങ്കിലും അധികം വേണം. കെട്ടിടം കെട്ടാൻ സ്ഥലമുണ്ട്. കുടിവെള്ള സംവിധാനം ഇല്ല. വൈദ്യുതീകരിച്ചിട്ടില്ല. സ്റ്റാഫ്റൂമില്ല. 30 ഡെസ്ക്ക്, 20 ബെഞ്ച്, 4 മേശ, 5 കസേര, ഒരു വലിയ അലമാര എന്നിവ ആവശ്യമാണ്.

4 ഗവ: എൽ. പി. എസ്. പള്ളിപ്പുറം

262 കുട്ടികളും പഠിക്കുന്നു. 10 അദ്ധ്യാപകർ ഉണ്ട്. 50 സെൻറ് സ്ഥലമുണ്ട്. 20 സെൻറോളം കളിസ്ഥലമാക്കിയിരിക്കുന്നു. ഫർണിച്ചർ റിപ്പയർ ചെയ്യാനുണ്ട്. 8 ക്ലാസ് ഡിവിഷൻ. രണ്ട് കെട്ടിടം പത്ത് മുറി കെട്ടിടം കെട്ടാൻ സ്ഥലമുണ്ട്.

5 ഗവ: എൽ. പി. എസ്. തിരുവെള്ളൂർ

297 കുട്ടികളും പഠിക്കുന്നു. 10 അദ്ധ്യാപകർ ഉണ്ട്. 58 സെൻറ് സ്ഥലം ഉണ്ട്. കളി സ്ഥലമില്ല. ചുറ്റും മതിലില്ല. ഈ വർഷം മെയിൻറനൻസ് നടന്നിട്ടില്ല. മുൻവശത്തുള്ള കെട്ടിടത്തിലായിരുന്നഓഫീസ് മുറി നന്നാക്കാനുണ്ട്. 8 ക്ലാസ് ഡിവിഷനുണ്ട്, പുതിയ കെട്ടിട്ടത്തിനു സ്ഥലമുണ്ട്. രണ്ടു മൂത്രപ്പുര വേണം. രണ്ടു കക്കൂസ് ഉണ്ടെങ്കിലും ഉപയോഗശൂന്യമാണ്. ആഴമുള്ള ഒരു കിണറുണ്ട്. വൈദ്യുതീകരിച്ചിട്ടില്ല, സ്റ്റാഫ്റൂമില്ല 60 ഡസ്ക്ക്, 10 ബെഞ്ച്, 3 മേശ, 5 കസേര, ഒരുവലിയ അലമാര, മാപ്പ് സ്റ്റാൻറ് എന്നിവ ആവശ്യമുണ്ട്.

6 ഗവ: യു. പി. എസ്. കണിയാപുരം:-

996 കുട്ടികളും പഠിക്കുന്നു 31 അദ്ധ്യാപകരുണ്ട് രണ്ടുപേരെ കൂടി നിയമിക്കാനുണ്ട്. 1 ഏക്കർ 50 സെൻറ് സ്ഥലമുണ്ട്. 50 സെൻറ് സ്ഥലം കളിസ്ഥലമാക്കിയിട്ടുണ്ട്. ചുറ്റും മതിൽ അവിടവിടെ പൊളിഞ്ഞുകിടക്കുന്നു. 26 ക്ലാസ് ഡിവിഷൻ ഉണ്ട്, 42 മുറിയുണ്ട്. കെട്ടിടം കെട്ടാൻ സ്ഥലമുണ്ട്. 2 മൂത്രപ്പുരയുണ്ട് 2 എണ്ണം കൂടി വേണം. 135 ഡസ്ക്കും 50 ബെഞ്ചും 20 മേശയും 25 കസേരയും വലിയ അലമാരയും വേണം.

7 മുസ്ലീം ഹൈസ്ക്കൂൾ ഫോർ ബോയിസ്, കണിയാപുരം.

എയിഡഡ് സ്ക്കൂൾ 1289 ആൺകുട്ടികളും പഠിക്കുന്നു. 31 ക്ലാസ് ഡിവിഷൻ 45 അദ്ധ്യാപകരുണ്ട്. 4 ഏക്കർ സ്ഥലമുണ്ട്. 2 ഏക്കർ കളിസ്ഥലമാണ്. കളി സ്ഥലത്തിൻറെ ചുറ്റും മതിൽ ഇടിഞ്ഞുപോയി. ഫർണിച്ചർ റിപ്പയർ ചെയ്യാനുണ്ട്. മുറികൾ സ്ഥിരം 11, അർദ്ധസ്ഥിരം 38, മൂത്രപ്പുര 2 എണ്ണംകൂടി വേണം 100 ഡസ്ക്ക് 100 ബെഞ്ച് 10 മേശ 15 കസേര ഒരു അലമാര ഒരുസ്റ്റാൻറ് എന്നിവ വേണം.

8 മുസ്ലീം ഹൈസ്ക്കൂൾ ഫോർ ഗേൾസ്, കണിയാപുരം.

എയിഡഡ് സ്ക്കൂൾ 1335 പെൺകുട്ടികളും പഠിക്കുന്നു. 51 അദ്ധ്യാപകരുണ്ട്. ഒരാൾ ദീർഘകാല അവധിയിലാണ്. 1 ഏക്കർ 75 സെൻറ് സ്ഥലമുണ്ട് കളിസ്ഥലമില്ല. 32 ക്ലാസ് ഡിവിഷനുണ്ട്. 46 ക്ലാസ് മുറിയുണ്ട് 3 മൂത്രപ്പുര കൂടി വേണം 1 കക്കൂസ് ഉപയോഗശൂന്യമാണ്. 15ഡസ്ക്ക് 15ബെഞ്ച് 4 മേശ 10 കസേര എന്നിവ ആവശ്യമാണ്.

കളിസ്ഥലത്തിൻറെ കുറവ് പല പ്രൈമറി സ്ക്കൂളുകളിലുമുണ്ട്. അറ്റകുറ്റപ്പണികളും യഥാസമയം നടത്താത്ത പല സ്ക്കൂളുകളുമുണ്ട്. ഒരു കക്കൂസ് പോലുമില്ലാത്ത പള്ളിക്കൂടമുണ്ട്. പ്രൈമറി സ്ക്കൂളുകളിൽ പൊതുവേകാണുന്ന ഒരു കുറവ് ഒന്നോ രണ്ടോ ക്ലാസ് മുറിയിൽ മാത്രമേ ഡസ്ക്കുകളും ഉള്ളൂ എന്നതാണ്. മറ്റുള്ള ക്ലാസുകളിലെ കുട്ടികളും

തറയിൽ ഇരുന്നാണ് എഴുതുന്നത്. സംഗീത ഉപകരണങ്ങളുള്ള സ്ക്കൂളുകളിൽ സംഗീതാദ്ധ്യാപകരില്ല. അദ്ധ്യാപക രക്ഷാകർത്തൃ സംഘടന സജീവമായ പള്ളിപ്പുറം എൽ. പി. സ്ക്കൂളിൽ PTA യുടെ ചെലവിൽ സംഗീതാദ്ധ്യാപനം നടത്താൻ ആലോചനയുള്ളതായി അറിയുന്നു. ക്ലാസ് മുറികളിൽ ഉപയോഗിക്കാൻ കഴിയുന്ന പഠനഉപകരണങ്ങളുടെകുറവ് പല പ്രൈമറി സ്ക്കൂളുകളിലുണ്ട്. ശാസ്ത്ര പാഠങ്ങൾ പഠിപ്പിക്കുന്നതിന് സഹായിക്കുന്ന ഉപകരണങ്ങളോ പരീക്ഷണങ്ങൾ നടത്താനുള്ള സൗകര്യമോ പ്രൈമറി സ്കൂളുകളിലില്ല. പ്രൈമറി ക്ലാസുകളെ അവഗണിച്ചിട്ട് നടത്തുന്ന വിദ്യാഭ്യാസ പരിശ്രമങ്ങൾ ഒരിക്കലും വിജയിക്കുകയില്ല. 10–ാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ വിജയശതമാനം കൂട്ടാനുള്ള വിദ്യാഭ്യാസ പോഷണ പരിപാടികൾ വിജയിക്കാത്തതിനു കാരണമതാണ്.

നമ്മുടെ സ്ക്കൂളുകളിലെ ആധുനികപഠനസൗകര്യങ്ങൾ

പട്ടിക I H

സ്ക്കൂളിന്റെ പേര്	ലൈബ്രറി	ലബോറട്ടറി	പഠനോപകരണങ്ങൾമാപ്പുകൾചാർട്ടുകൾആവശ്യത്തിനുണ്ട്/ഇല്ല	ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ: റേഡിയോ	ടേപ്പ് റിക്കോർഡർ	TV സെറ്റ്	VCR/VCP	സിനിമാപ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ബ്ലാക്ക് ബോർഡ്: ഉള്ളത്	ആവശ്യം
L. P. S. ആലുംമൂട്	X	X	Y	X	X	X	X	X	X	X	X	7	7
L. P. S. അണ്ടൂർക്കോണം	X	X	Y	X	X	X	X	X	X	X	X	10	10
L. P. S. കരിച്ചാറ	X	X	X	X	X	X	X	X	X	X	X	7	7
L. P. S. പള്ളിപ്പുറം	Y	X	Y	X	X	X	X	X	X	X	X	8	8
L. P. S. തിരുവെള്ളൂർ	Y	X	X	Y	Y	X	X	X	X	X	X	8	8
U. P. S. കണിയാപുരം	Y	Y	X	X	X	X	X	X	X	X	X	26	26
M. H. S. ഫോർ ബോയിസ്	Y	Y	Y	Y	Y	Y	X	X	X	X	X	31	31
M. H. S. ഫോർ ഗേൾസ്	Y	Y	Y	Y	X	X	X	X	X	X	X	32	34

ഉണ്ട് Y ഇല്ല X

ഉച്ചക്കഞ്ഞി കുടിക്കുന്ന കുട്ടികൾ :–

എൽ. പി. വിഭാഗത്തിലും യു. പി. വിഭാഗത്തിലുമായി മൊത്തം 3338 കുട്ടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവരിൽ 1687പേർ ഉച്ചക്കഞ്ഞികുടിക്കുന്നവരാണ്. 5 പ്രൈമറി സ്ക്കൂളുകളിലും ഒരു അപ്പർപ്രൈമറി സ്ക്കൂളിലും രണ്ട് ഹൈസ്ക്കൂളിലെ അപ്പർപ്രൈമറി വിഭാഗത്തിലും പഠിക്കുന്ന കുട്ടികളുടെ കണക്കാണിത്. സ്ക്കൂൾ തിരിച്ചുള്ള എണ്ണം പട്ടിക 2–ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

ക്രമ നമ്പർ.	സ്ക്കൂളിന്റെ പേര്	ആകെ കുട്ടികൾ	ഉച്ചക്കഞ്ഞി കുടിക്കുന്ന കുട്ടികൾ
1	എൽ. പി. എസ്. ആലുംമൂട്	262	145
2	,, അണ്ടൂർക്കോണം	349	190
3	,, കരിച്ചാറ	231	190
4	,, തിരുവെള്ളൂർ	297	190
5	,, പള്ളിപ്പുറം	262	150
6	യു. പി. എസ്. കണിയാപുരം	996	430
7	മുസ്ലീം ഹൈസ്ക്കൂൾ ഫോർ ബോയിസ് കണിയാപുരം (U P വിഭാഗം)	463	240
8	മുസ്ലീം ഹൈസ്ക്കൂൾ ഫോർ ഗേൾസ്, കണിയാപുരം (U P വിഭാഗം)	476	152
		3338	1687

അർഹരായ കുട്ടികൾക്ക് എല്ലാം ഉച്ചക്കഞ്ഞി കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഹൈസ്ക്കൂളുകളിൽ യു. പി. വിഭാഗത്തിലുള്ള കുട്ടികൾ ഉച്ചയ്ക്ക് കഞ്ഞി കുടിക്കുമ്പോൾ ഹൈസ്ക്കൂൾ വിഭാഗത്തിലുള്ള കുട്ടികളിൽ ചിലർ വിശന്നുവലഞ്ഞിരിക്കുകയാണ്. വിശന്നിരിക്കുന്ന എല്ലാ സ്ക്കൂൾ കുട്ടികൾക്കും ഈ പദ്ധതിയുടെ സഹായം കിട്ടുന്നതിന് ഉത്തരവാദപ്പെട്ടവർ ഉത്സാഹിക്കണം.

ഗവൺമെൻ് സ്ക്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക് പട്ടിക 3–ൽ

പട്ടിക 3

ഗവൺമെൻറ് സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

പഞ്ചായത്തിലെ ആകെ അദ്ധ്യാപകർ	ഗവൺമെൻ് സ്ക്കൂളിലെ അദ്ധ്യാപകർ	ശതമാനം	പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികൾ	ഗവൺമെൻ് സ്ക്കൂളിലെ വിദ്യാർത്ഥികൾ	ശതമാനം
195	80	41	5269	2397	45.5

എല്ലാ വിദ്യാലയങ്ങളിലും P T A പ്രവർത്തിക്കുന്നുണ്ട്. സജീവമാണെന്നാണ് അറിയുന്നത്. ഈ വർഷം എത്ര യോഗം ചേർന്നു ? എന്തെല്ലാം തീരുമാനിച്ചു. തീരുമാനങ്ങൾ എത്രത്തോളം നടപ്പിലാക്കിയിട്ടുണ്ട്? 95-96സ്ക്കൂൾ വർഷത്തിൽ നിലനിന്നിരുന്ന P T A യുടെ സംഭാവനയെന്ത് ? ഓരോ സ്ക്കൂളിലെയും അദ്ധ്യാപക രക്ഷാകർത്തൃ സമിതി സ്വയം ചോദിക്കേണ്ട ചോദ്യങ്ങളാണിവ. പ്രൈമറിതലത്തിലുള്ള കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും ആരോഗ്യ സംരക്ഷണത്തിനും തെളിഞ്ഞ ബുദ്ധിക്കും കാരണമായിത്തീരേണ്ടതെന്നാണ് മാതൃസംഗമം.

പട്ടിക 4

അദ്ധ്യാപക രക്ഷാ കർത്തൃ സമിതി യോഗങ്ങൾ

ക്രമ നമ്പർ.	സ്ക്കൂളിന്റെ പേര്	മാതൃസംഗമം സജീവമാണോ	PTA സജീവമാണോ	ക്ലാസ് റൂം PTA കൂടി പ്രവർത്തിക്കും	അനുബന്ധ പരിപാടികൾ
1	LPS ആലുംമൂട്	സജീവം	സജീവം	ഇല്ല	വിദ്യാജ്യോതി-ആഴ്ചയിൽ 4 ദിവസം
2	LPS അണ്ടൂർക്കോണം	അല്ല	സജീവം	ഇല്ല	വിദ്യാജ്യോതി സ്ക്കൂൾ വികസന സമിതിയുണ്ട്
3	LPS കരിച്ചാറ	അല്ല	സജീവം	ഇല്ല	,,
4	LPS പള്ളിപ്പുറം	സജീവം	സജീവം	ഇല്ല	,,
5	LPS തിരുവെള്ളൂർ	സജീവം	സജീവം	ഇല്ല	,,
6	UPS കണിയാപുരം	അല്ല	സജീവം	ഇല്ല	—
7	മുസ്ലീം ഹൈസ്ക്കൂൾ ഫോർ ബോയിസ് കണിയാപുരം	സജീവം	സജീവം	പ്രവർത്തിക്കുന്നു	—
8	മസ്ലീം ഹൈസ്ക്കൂൾ ഫോർ ഗേൾസ് കണിയാപുരം	സജീവം	സജീവം	പ്രവർത്തിക്കുന്നു.	—


ഒന്നാംക്ലാസിൽ പഠിക്കേണ്ടകാര്യങ്ങൾ മുഴുവൻ (100%) പഠിച്ച കുട്ടിതന്നെയായിരിക്കണം രണ്ടാം ക്ലാസിലേക്ക് പോകേണ്ടത്. ഇന്ന് അങ്ങനെയാണോ ? അല്ല. വർഷാവസാന പരീക്ഷയ്ക്ക് ഓരോ വിഷയത്തിനും 100% മാർക്ക്വാങ്ങി രണ്ടാം ക്ലാസിലേക്ക് സന്തോഷത്തോടെ നടന്നുകയറുന്ന കുട്ടികളായിരിക്കണം നമ്മുടെ സങ്കല്പം. അതുസാധിക്കണമെങ്കിൽ പ്രീപ്രൈമറിക്ലാസുകൾ പ്രൈമറിസ്ക്കൂളിനോടുചേർന്ന് ഉണ്ടാകണം നഴ്സറി സ്ക്കൂളുകൾ ചെയ്യേണ്ടത്. കുട്ടികളെ ഒന്നാം ക്ലാസിൽ പഠിക്കാൻ പ്രാപ്തിയുള്ളവരാക്കിത്തീർക്കുകയാണ് പ്രീപ്രൈമറി സ്ക്കൂളുകളുടെ പ്രാധാന്യം ഇക്കാര്യത്തിലാണ്.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺ എയിഡഡ് സ്ക്കൂളുകൾ

നമ്മുടെ പഞ്ചായത്തിൽ രണ്ട് അൺഎയിഡഡ് സ്ക്കൂൾ ഉണ്ട്. ശ്രീസത്യാനന്ദ ജ്യോതി ഇംഗ്ലീഷ് മീഡിയം സ്ക്കൂളും BPM ഇംഗ്ലീഷ് മീഡിയം സ്ക്കൂളും.

പട്ടിക 5

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	സ്റ്റാൻഡേർഡ് I			II			III			IV			ആകെ
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	ശ്രീ സത്യാനന്ദ ജ്യോതി ഇംഗ്ലീഷ് മീഡിയംസ്ക്കൂൾ പള്ളിപ്പുറം.	9	9	18	7	6	13	1	4	5	—	—	—	36
2	BPM ഇംഗ്ലീഷ് മീഡിയം കാരമൂട്. സ്ക്കൂൾ,	34	30	64	27	24	51	30	26	56	29	12	41	212
	ആകെ	43	39	82	34	30	64	31	30	61	29	12	41	248



ആലുംമൂ് L. P. G. S.



പായ്ച്ചിറ ശിശുമന്ദിരം.

നഴ്സറി സ്കൂളുകൾ

1 **ഗ്രാമോദ്ധാരണം നഴ്സറി സ്കൂൾ പള്ളിപ്പുറം** രജി: നമ്പർ. 767/90

40 കുട്ടികൾ, ടീച്ചർ 1, ആയ 1.
നാട്ടുകാർ നിർമ്മിച്ച കെട്ടിടം NES ബ്ലോക്ക് ഏറ്റെടുത്തു. ഇപ്പോഴും പഞ്ചായത്തിൽ നിന്നോ ബ്ലോക്കിൽ നിന്നോ ഗ്രാൻറ് ലഭിക്കുന്നില്ല. കുട്ടികളിൽ നിന്ന് ഈടാക്കുന്ന ഫീസാണ് വരുമാനം.

2 **പ്രിയദർശിനി നഴ്സറി സ്കൂൾ, തെറ്റിച്ചിറ.**

കുട്ടികൾ 30, ടീച്ചർ 1, ആയ 1.
സ്വന്തമായി കെട്ടിടം ഇല്ല വാടക കെട്ടിടത്തിൽ നടത്തുന്നു. കുട്ടികളിൽനിന്നും ഈടാക്കുന്ന ഫീസാണ് വരുമാനം പഞ്ചായത്തിൽ നിന്നോ ബ്ലോക്കിൽ നിന്നോ ഗ്രാൻറ് ലഭിക്കുന്നില്ല. '96 ഓഗസ്റ്റു വരെ പോഷകാഹാര വിതരണമുണ്ടായിരുന്നു. ഇപ്പോഴം അതുകിട്ടുന്നില്ല.

3 **കസ്തൂർബാ നഴ്സറി സ്കൂൾ, തിരുവെള്ളൂർ.**

കുട്ടികൾ 40, ടീച്ചർ 1. ആയ 1 കെട്ടിടം NES ബ്ലോക്കിൻെറ കീഴിൽ നാട്ടുകാർ നിർമ്മിച്ച കെട്ടിടമാണ്. സ്ഥാപിച്ചിട്ട് 21 വർഷമായി കെട്ടിടം ശോചനീയ അവസ്ഥയിൽ. പഞ്ചായത്ത് ഒരു പ്രാവശ്യം മെയിൻറനൻസ് നടത്തിയിട്ടുണ്ട്.പോഷക ആഹാര വിതരണം മുമ്പുണ്ടായിരുന്നു. ഇപ്പോഴം ബ്ലോക്കിൽ നിന്നും അത് ലഭിക്കുന്നില്ല. പഞ്ചായത്ത്—ബ്ലോക്കിൽനിന്ന് ഗ്രാൻറ് ലഭിക്കുന്നില്ല.

4 **ഉഷസ് നഴ്സറി, പള്ളിപ്പുറം.**

കുട്ടികൾ-35 ടീച്ചർ -1കെട്ടിടം സ്വന്തമായി ഇല്ല, ഗ്രൻറ് ഒന്നും ലഭിക്കുന്നില്ല. വരുമാനം കുട്ടികളിൽ നിന്നുള്ള ഫീസ്.

5 **BM നഴ്സറി സ്കൂൾ, അണ്ടൂർക്കോണം**

കുട്ടികൾ 25, ടീച്ചർ 1 ഗ്രാൻെറാന്നും ലഭിക്കുന്നില്ല. വരുമാനം കുട്ടികളിൽ നിന്നുള്ള ഫീസ്.

6 **അൻവർ നഴ്സറി സ്കൂൾ കണിയാപുരം**

കുട്ടികൾ—40, ടീച്ചർ—1, ആയ—1.
കെട്ടിടം—സ്വന്തം. വരുമാനം—കുട്ടികളിൽ നിന്നുവാങ്ങുന്ന ഫീസ്.

7 **ബ്രൈറ്റ് നഴ്സറി സ്കൂൾ, മലമേൽപറമ്പ്:-**

കുട്ടികൾ—32, ടീച്ചർ—1, ആയ—1.
വരുമാനം—കുട്ടികളിൽ നിന്നും വാങ്ങുന്ന ഫീസ്, കെട്ടിടം—സ്വന്തം.

8 **Praby Nursery**-1988-ൽ സ്ഥാപിച്ചു.

കുട്ടികൾ—20, ടീച്ചർ—1, ആയ—1.
കെട്ടിടം—സ്വന്തം
ഗ്രാൻറ് ലഭിക്കുന്നില്ല,
വരുമാനം—കുട്ടികളിൽ നിന്നു വാങ്ങുന്ന ഫീസ്.

9 **സൺ ഫ്ളവർ നഴ്സറി സ്കൂൾ**

കുട്ടികൾ—23, ടീച്ചർ—1
വരുമാനം—കുട്ടികളിൽ നിന്നുള്ള ഫീസ് സ്വന്തമായി കെട്ടിടമുണ്ട്.

10 **പഞ്ചായത്ത് നഴ്സറി സ്കൂൾ, പാച്ചിറ.**

കുട്ടികൾ—28, ടീച്ചർ—1, ആയ—1.
പഞ്ചായത്തിൻെറ മേൽ നോട്ടത്തിൽ കുട്ടികളിൽ നിന്ന് ഫീസ് ഈടാക്കുന്നു.

അണ്ടൂർക്കോണം പഞ്ചായത്തിലെ പതിനൊന്ന് ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവ ചർച്ചക്ക് വിധേയമായി. ഓരോ വാർഡിലും തനതായ ഒട്ടേറെപ്രശ്നങ്ങൾ ഉണ്ടെങ്കിലും പൊതുവായി പരാമർശിക്കപ്പെട്ട പ്രശ്നങ്ങൾ താഴെ പറയും വിധം ക്രോഡീകരിക്കാം.

പ്രശ്നങ്ങൾ:—

1 ഔപചാരിക വിദ്യാഭ്യാസത്തെ സമ്പുഷ്ടമാക്കാൻ സഹായകമായ പ്രീ പ്രൈമറി വിദ്യാഭ്യാസം അവഗണിക്കപ്പെടുന്നു.

2 മിക്ക സ്കൂളുകളിലും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനു സഹായിക്കുന്ന

ഉപയോഗയോഗ്യമായ പഠനോപകരണങ്ങളില്ല.

3 ചുറ്റുമതിൽ, കളിസ്ഥലം, കുടിവെള്ളം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളും പല വിദ്യാലയങ്ങളിലും ഇല്ല.

4 വിദ്യാർത്ഥികളിൽ നിലവാരത്തകർച്ചയും അക്ഷര പരിജ്ഞാനക്കുറവും കാണപ്പെടുന്നു.

5 S. S. L. C. പരീക്ഷ ജയിച്ച കുട്ടികൾക്ക് തുടർന്ന് പഠിക്കുന്നതിന് അകലെയുള്ള കോളേജുകളെ ആശ്രയിക്കേണ്ടി വരുന്നു. കോളേജ് അഡ്മിഷൻ ചുരുക്കം ചിലർക്കേകിട്ടാറുള്ളൂ. തുടർന്ന് തൊഴിലുകളും പഠിക്കാനുള്ള സൗകര്യവുമില്ല.

6 ചില വിദ്യാലയങ്ങളും—തിരുവെള്ളൂർ LPS അണ്ടൂർക്കോണം L P S, പള്ളിപ്പുറം L P S കരിച്ചാറ L P S, അപ്പ്ഗ്രേഡ് ചെയ്യാത്തതിനാൽ ഉണ്ടാകുന്ന യാത്രാക്ലേശം പഠന നിലവാരത്തെ ബാധിക്കുന്നു.

7 പള്ളിച്ചവീട്, പാച്ചിറ എന്നീ വാർഡുകളിലുള്ള കുഞ്ഞുങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് അകലെയുള്ള പ്രൈമറി സ്കൂളിൽ പോകേണ്ടതായിവരുന്നു.

8 പല പ്രൈമറി സ്കൂളും കെട്ടിടങ്ങളും മുറികളായിതിരിച്ചിട്ടില്ല. 'തട്ടി' വച്ചെങ്കിലും ക്ലാസ് മുറികൾ വേർതിരിക്കാതിരിക്കുന്നത് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയാസമുണ്ടാക്കുന്നു.

9 അംഗൻവാടി, ബാലവാടി, ജനവിദ്യാകേന്ദ്രം തുടങ്ങിയവ പല വാർഡുകളിലും ഇല്ല.

10 സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് സ്കൂൾ യൂണിഫോമും പാഠപുസ്തകങ്ങളും യഥാസമയം വാങ്ങാൻ കഴിയുന്നില്ല.

11 തിരുവെള്ളൂർ എൽ. പി. എസ്; കരിച്ചാറ എൽ. പി. എസ് എന്നീ സ്കൂളുകൾ വൈദ്യുതീകരിച്ചിട്ടില്ല.

12 വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് ആവശ്യമായ ബെഞ്ചും ഡസ്ക്കും ഇല്ല.

13 വിദ്യാലയങ്ങളിലെ അറ്റകുറ്റ പണികൾ യഥാസമയം ചെയ്യുന്നില്ല.

14 സമർത്ഥരായ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അംഗീകാരം കിട്ടുന്നില്ല.

15 യഥാസമയം പാഠപുസ്തകങ്ങൾ കിട്ടുന്നില്ല.

16 അൺ എയിഡഡ് സ്കൂളുകൾ സ്ഥാപിക്കുന്നത് കാരണം ഗവൺമെൻറ് സ്കൂളുകൾ അവഗണിക്കപ്പെടുന്നു.

17 നിരക്ഷരരെ സാക്ഷരരാക്കാനുള്ള ഫലവത്തായ ശ്രമങ്ങൾ നടക്കുന്നില്ല. .നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസ സൗകര്യം ലഭിക്കുന്നില്ല.

18 വിദ്യാലയങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്ന, ഉയർന്ന ക്ലാസിലെ കുട്ടികളിൽപോലും നിലനിൽക്കുന്ന നിരക്ഷരത നിർമാർജ്ജനം ചെയ്യാൻ, വിദ്യാലയങ്ങളിലോ, പുറത്തോ പദ്ധതിയില്ല.

19 അദ്ധ്യാപകരെ അനവസരത്തിൽ സ്ഥലം മാറ്റുന്നു.

20 കലാ കായിക പ്രവർത്തനങ്ങൾ സ്കൂളിൽ ചുരുങ്ങിച്ചുരുങ്ങി വരുന്നു. ജില്ലാ സംസ്ഥാന മത്സരരംഗങ്ങളിൽ നമ്മുടെ കുട്ടികൾ പിന്നിലായി പോകുന്നു.

21 അനൗപചാരിക വിദ്യാഭ്യാസ മേഖല നിർജ്ജീവമാണ്.

22 ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കേന്ദ്രീയ വിദ്യാലയത്തിൽ, ഇവിടെ ഉള്ള കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നില്ല.

23 സാമൂഹ്യ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം.

24 സ്പെഷ്യൽ അദ്ധ്യാപകരുടെ എണ്ണം കുറഞ്ഞ് കുറഞ്ഞുവരുന്നു.

ഗ്രാമസഭകളിൽ പ്രശ്നങ്ങളും ഉയർത്തുന്നതോടൊപ്പം ധാരാളം നിർദ്ദേശങ്ങളും ഉയർന്ന് വന്നിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1 എല്ലാ പ്രാഥമിക വിദ്യാലയങ്ങളോടും അനുബന്ധിച്ച് പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക

2 മൂന്ന് വയസുമുതൽ അഞ്ചുവയസ് വരെ എല്ലാ കുഞ്ഞുങ്ങൾക്കും പ്രീ പ്രൈമറി വിദ്യാഭ്യാസം നൽകുക.

3 പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ സംരക്ഷണ സമിതി രൂപീകരിക്കുക. അതിന്റെ ഭാഗമായി ഓരോ വിദ്യാലയത്തിനും വിദ്യാലയ സംരക്ഷണ സമിതി രൂപീകരിക്കുക. പഞ്ചായത്തിന്റെ സഹായ സഹകരണത്തോടെ സംരക്ഷണസമിതിയുടെപ്രവർത്തനഫലമായി ഓരോ വിദ്യാലയത്തിന്റെയും ഭൗതിക സൗകര്യവും പഠന സൗകര്യവും മെച്ചപ്പെടുത്താൻ ശ്രമിക്കുക.

4 അദ്ധ്യാപക രക്ഷാകർത്തൃ സമിതി, മാതൃരക്ഷാകർത്തൃ സമിതി എന്നിവ മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടി വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുക.

5 അദ്ധ്യായനത്തിൽ പിന്നിലായിപ്പോകുന്ന കുട്ടികളെ കണ്ടെത്തി അതിനുള്ള കാരണം മനസിലാക്കി അവരെ കൂടി മുന്നിലേക്ക് കൊണ്ടുവരാൻ അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുക.

6 അദ്ധ്യാപക നിയമനവും സ്ഥലം മാറ്റവും അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ നടത്തുക.

7 വിദ്യാലയങ്ങളുടെ അറ്റകുറ്റ പണികൾ യഥാസമയം നടത്തുക.

8 ഓരോ വാർഡിലും ഓരോ അംഗൻവാടി മഹിളാ സമാജം, ബാലവാടി, ജനവിദ്യാകേന്ദ്രം എന്നിവ സ്ഥാപിച്ച് ജനക്ഷേമകരമായി പ്രവർത്തിപ്പിക്കുക.

9 4–ാം വാർഡിലെയും 5–ാം വാർഡിലെയും കൊച്ചുകുട്ടികൾക്ക് സൗകര്യപ്രദമായ സ്ഥാനത്ത് പ്രൈമറി സ്ക്കൂൾ സ്ഥാപിക്കുക.

10 പഞ്ചായത്ത് പരിധിക്കുള്ളിൽ ഒരു ജൂനിയർ കോളേജ് സ്ഥാപിക്കുക. കോളേജിനുള്ള സ്ഥല സൗകര്യം ഈ പഞ്ചായത്തിൽ തന്നെ ഉണ്ട്.

11 പഞ്ചായത്ത് പരിധിക്കുള്ളിൽ ഒരു സാങ്കേതിക വിദ്യാലയം സ്ഥാപിക്കുക.

12 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്ക്കൂൾ യൂണിഫോമും, പാഠപുസ്തകങ്ങളും പഞ്ചായത്തിൽ നിന്ന് നല്കുക.

13 ഗ്രന്ഥശാലകളുടെ നിലമെച്ചപ്പെടുത്തി സാംസ്ക്കാരിക കേന്ദ്രങ്ങളാക്കി മാറ്റുക.

14 വിദ്യാലയങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം.

15 അർഹരായ കുട്ടികൾക്ക് തന്നെയാണ് ഉച്ചക്കഞ്ഞി നല്കുന്നതെന്ന് ഉറപ്പ് വരുത്തണം.

16 ഉയർന്നനിലവാരം പുലർത്തുന്ന അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും അംഗീകാരം നൽകണം.

17 പഞ്ചായത്ത്, സ്ക്കൂൾ കോംപ്ലക്സ് ആസൂത്രണം ചെയ്യണം.

18 സ്ക്കൂൾ വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ പി. ടി. എ. സാമൂഹിക സാംസ്ക്കാരിക പ്രവർത്തകർവിദ്യാഭ്യാസ രംഗത്തെ പ്രസിദ്ധരായ വ്യക്തികൾ എന്നിവരെ പങ്കെടുപ്പിച്ച് കൊണ്ട് ഓരോ വിദ്യാലയത്തിലും ഏകദിന ക്യാമ്പുകൾ നടത്തി വിദ്യാഭ്യാസ രംഗം സജീവമാക്കണം.

19 സ്ക്കൂൾ കുട്ടികളിൽ നിലനിൽക്കുന്ന നിരക്ഷരത നിർമാർജ്ജനം ചെയ്യാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.

20 അദ്ധ്യായനത്തോടൊപ്പം കളികളിലും കായിക കലാ വിനോദങ്ങളിലും സജീവമായി ഏർപ്പെടാനുള്ള അവസരം വിദ്യാർത്ഥികൾക്ക് അതാത് വിദ്യാലയങ്ങളിൽ നൽകണം.

21 സാംസ്ക്കാരിക നായകൻമാർ, കലാരംഗത്തെ പ്രതിഭകൾ തുടങ്ങിയവരെ വിദ്യാ

ലയങ്ങളിൽ കൊണ്ട് വന്ന് കുട്ടികളോട് ഇടപെടാനും സംസാരിക്കാനുമുള്ള അവസരം സൃഷ്ടിക്കുന്നതുമൂലം കുട്ടികളിൽ വായനാശീലം വളർത്താനും അറിവിന്റെ ഉറവിടങ്ങൾ അന്വേഷിച്ചു പോകാനുമുള്ള ആഗ്രഹം ജനിപ്പിക്കുവാൻ കഴിയും.

ഓരോ സ്ക്കൂളും നാടിന്റെ സാമൂഹിക സാംസ്ക്കാരിക കേന്ദ്രമായി മാറണം. സ്വഭാവ ശുദ്ധിയുള്ള, മനുഷ്യത്വത്തെ മാനിക്കുന്ന, സാമൂഹ്യ പ്രതിബദ്ധതയുള്ള യുവതലമുറയെ വാർത്തെടുക്കുകയെന്നതാവണം നമ്മുടെ ലക്ഷ്യം. വ്യക്തികളുടെ നിസ്വാർത്ഥ സേവനത്തിന്റെ—ത്യാഗത്തിന്റെ നേട്ടങ്ങളാണ് സാമൂഹ്യ പുരോഗതിക്കടിസ്ഥാനമെന്നുള്ള ബോധം അവർക്കുണ്ടാകണം.

വിദ്യാഭ്യാസ രംഗം മറ്റെല്ലാരംഗങ്ങളെയും അപേക്ഷിച്ച് മുഖ്യമായതാണ്. അതിന്റെ വികസനം മറ്റു മേഖലകളുടെ വികസനത്തിന് ഊർജ്ജം പകരും. ഇന്ന് നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കൂട്ടായ ശ്രമം തന്നെ വേണം.

വിഷയം

"ഊർജ്ജം"

വൈദ്യുതി

അണ്ടൂർക്കോണം പഞ്ചായത്തിൽ കണിയാപുരം ഇലക്ട്രിക് സെക്ഷൻ നിലവിൽ വന്നിട്ട് 25—ഓളം വർഷങ്ങളായി. ഈ പഞ്ചായത്തിലെ ഉപഭോക്താക്കൾ വൈദ്യുതി ചാർജ്ജ് അടക്കുന്നതിന് ഒഴികെയുള്ള മറ്റ് എല്ലാ കാര്യങ്ങൾക്കും മംഗലപുരത്തുള്ള മേജർ ഇലക്ട്രിക് സെക്ഷൻ ഓഫീസിനെ ആശ്രയിക്കേണ്ട അവസ്ഥയിലാണിന്ന് ഈ സ്ഥിതി ഗ്രാമവാസികൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. കണിയാപുരം ഇലക്ട്രിക് സെക്ഷന്റെ പരിധിയിലുള്ള ഉപഭോക്താക്കളുടെ എണ്ണം ഏകദേശം 10000 (പതിനായിരം)-ത്തിൽ അധികം കവിഞ്ഞിട്ടുണ്ട്. ഉപഭോക്താക്കളുടെ എണ്ണം 5000 (അയ്യായിരം)—ത്തിൽ കവിഞ്ഞാൽ മേജർ സെക്ഷൻ ഓഫീസ് സ്ഥാപിക്കുവാനുള്ള വ്യവസ്ഥയുണ്ട്. അതിനാൽ കണിയാപുരം ഇലക്ട്രിക് സെക്ഷൻ ഓഫീസ് മേജർ സെക്ഷൻ ഓഫീസായി ഉയർത്തേണ്ടത് അത്യാവശ്യമാണ്.

അണ്ടൂർക്കോണത്ത് സ്ഥിതി ചെയ്യുന്ന 220kv സബ് സ്റ്റേഷനിൽ നിന്നുമാണ് പഞ്ചായത്തിലെ ഗ്രാമ പ്രദേശങ്ങളിൽ വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ എണ്ണവും ഉപഭോക്താക്കളുടെ എണ്ണവും പരിശോധിച്ചാൽ എല്ലാ ട്രാൻസ്ഫോർമറുകളും അധിക ഭാരം വഹിക്കുന്നതായിക്കാണാം.

ഗാർഹിക മേഖലയിലാണ് കൂടുതൽ വൈദ്യുതി ഉപഭോക്താക്കൾ ഉള്ളത്. കാർഷിക മേഖലയിൽ വൈദ്യുതി ലഭിക്കുന്നതിന് വേണ്ടി അപേക്ഷ നൽകി വർഷങ്ങളോളം കാത്തിരുന്നാൽ മാത്രമേ വൈദ്യുതി കണക്ഷൻ ലഭിക്കുകയുള്ളൂ. ഈ മേഖലയിൽ ധാരാളം അപേക്ഷകർ ഇനിയുമുണ്ട്.

നിലവിലുള്ള വൈദ്യുതി കണക്ഷന്റെ ഇനം തിരിച്ചുള്ള പട്ടിക (1) താഴെ കൊടുക്കുന്നു.

1	ഗാർഹികം	—	3386
2	വ്യാപാരം	—	644
3	കാർഷികം	—	350
4	വ്യാവസായികം	—	55

പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ പ്രധാന പ്രശ്നം കുറഞ്ഞ വോൾട്ടേജാണ്. മിക്ക ഭാഗങ്ങളിലും വൈദ്യുതി ലൈനുകൾക്ക് സമീപത്തായി സ്ഥിതി ചെയ്യുന്ന മരങ്ങളും മറ്റും കാറ്റടിക്കുമ്പോൾ ലൈനിൽ വീണും, കമ്പികൾ തമ്മിൽ തട്ടിയും കൂടെ കൂടെ ഫീസുപോയി ദിവസങ്ങളോളം വൈദ്യുതി ഇല്ലാതാകുന്ന അവസ്ഥ നിത്യസംഭവമാണ്. ട്രാൻസ് ഫോർമറുകളുടെ സ്ഥാനം പുനർ ക്രമീകരിക്കുകയും, ലൈനുകളിൽ തൊട്ടു കിടക്കുന്ന മരക്കൊമ്പുകൾ മുറിച്ചുമാറ്റുകയും ചെയ്താൽ വൈദ്യുത പ്രസര നഷ്ടം ഒരളവുവരെ ഒഴിവാക്കാൻ കഴിയുന്നതാണ്. പ്രേക്ഷണ സംവിധാനത്തിന്റെ അകരാറും,

ട്രാൻസ് ഫോർമറുകളുടെ അധിക ഭാരവും, ലൈനുകളുടെ ദൈർഘ്യവും വൈദ്യുതി നഷ്ടത്തിന് കാരണങ്ങളാണ്.

കണിയാപുരം ഇലക്ട്രിക് സെക്ഷനു കീഴിലുള്ള പഞ്ചായത്ത് പരിധിയിലെ ട്രാൻസ് ഫോർമറുകളുടെ എണ്ണം.

പട്ടിക–(2) താഴെകൊടുക്കുന്നു.

1	അണ്ടൂർക്കോണം	7	കണിയാപുരം
2	പറമ്പിൽപാലം	8	കരിച്ചാറ
3	ആനൂർപള്ളി	9	C R P No. 1
4	പള്ളിപ്പുറം	10	C R P No. 2
5	ആലുംമൂട്	11	വട്ടപ്പറങ്കിമാവ്
6	മിനി ഇൻഡസ്ട്രീസ്	12	ടെലഫോൺ എക്സേഞ്ച്

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയെങ്കിലും പല പ്രദേശങ്ങളിലും ഇനിയും വൈദ്യുതി ചെന്നെത്തിയിട്ടില്ല.

കീഴാവൂർ വാർഡിലെ മരുതറഭാഗം, പായച്ചിറ വാർഡിൽ പ്ലാവറ, തുപ്പെട്ടിയിൽ, പണയിൽ പ്രദേശം, കൂരാവീട് പ്രദേശം, പാണ്ടിവിള, തളിയിൽ ക്ഷേത്രത്തിന്റെ പടിഞ്ഞാറ് ഭാഗം, ആനൂർപള്ളിയുടെ വടക്കുഭാഗത്തുകൂടി വയലിലേക്ക് പോകുന്ന ഭാഗം, പള്ളിച്ചിവീട് വാർഡിൽ. ''ആദിവാസി കേന്ദ്രം'' എന്ന പേരിൽ അറിയപ്പെടുന്ന കുറക്കോട്. തലൈക്കോട് പ്രിയദർശിനി റോഡ് ഭാഗം, കാട്ടിൽ കുഴിവിള കോളനി, വിളയിൽ ഏരിയ, പുതുവൽ കോളനി, പള്ളിപ്പുറം ഏലാ റോഡ് എന്നിവിടങ്ങളിലും, കരിച്ചാറ വാർഡിൽ പണ്ടാരക്കരിയിലും. വലിയവീട് വാർഡിൽ കണ്ടൽ കിണറുവിളാകം, കരിച്ചാറ പള്ളിനട മുതൽ തോട്ടിൻകര ഏരിയാവരെയുള്ള പ്രദേശം, കരിച്ചാറക്കടവ്, ചിറ്റുപറമ്പ് പ്രദേശം, കൊടുമൂല കുമ്പത്ത് കോളനി തുടങ്ങിയ പ്രദേശങ്ങളാണ് ഇനിയും വൈദ്യുതി ചേരാനുള്ള പ്രദേശങ്ങൾ.

നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ് ഫോർമറുകൾ സ്ഥാപിച്ച് ലൈനുകൾക്ക് ആവശ്യമായ മാറ്റംവരുത്തി പുനഃ സംവിധാനം ചെയ്യേണ്ടതുണ്ട്.

ട്രാൻസ് ഫോർമറുകൾ ആവശ്യമുള്ള സ്ഥലങ്ങൾ പട്ടിക (3) താഴെ ചേർക്കുന്നു.

1	വാർഡ് II	തിരുവെള്ളൂർ
2	വാർഡ് XI	കണിയാപുരം ലിങ്ക് റോഡിൽ നമ്പ്യാർകുളം

പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും ഇനിയും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല. പ്രധാനമായും ദേശീയ പാതയിൽ വെട്ടുറോഡുമുതൽ കുറക്കോട് വരെയുള്ള ഭാഗത്ത് ഇതുവരെയും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല. പഞ്ചായത്തിലെ മറ്റു റോഡുകളുടെ നടപ്പാതകളുടെയും സ്ഥിതി ഇതുതന്നെയാണ് തെരുവുവിളക്കുകൾ ഉള്ള ഭാഗങ്ങളിൽ വളരെക്കാലമായി ബൾബുകൾ ഇല്ലാതെയും മറ്റും കത്താത്ത അവസ്ഥയാണ്. പഞ്ചായത്തിൽ ഏകദേശം 900–ത്തോളം തെരുവുവിളക്കുകൾ ഉണ്ട്. സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതിമാസം 6992 രൂപ 50 പൈസ അടയ്ക്കുന്നു. 1996 ഒക്ടോബർ വരെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ചെലവായ തുക 63066 രൂപയാണ്.

തൻവർഷത്തിൽ കണിയാപുരം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും കൊടുത്ത കണക്ഷന്റെ എണ്ണം പട്ടിക (4) ൽ താഴെ ചേർക്കുന്നു.

ഓഡിനറി	62
O. T. P.	6
O. Y. E. C.	154

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം പട്ടിക (5)ൽ താഴെ ചേർക്കുന്നു.

ഓഡിനറി	175	2–4–94
O. T. P.	4	21–10–95
O Y E C.	58	30–7–96

പഞ്ചായത്തിൽ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ മൂന്ന് (3) എണ്ണമുണ്ട് വിവരങ്ങൾ പട്ടിക (6) ൽ ചേർക്കുന്നു.

1. അപ്പോളോ ഹരിജൻ കോളനി
2. ശ്രീപാദം ഹരിജൻ കോളനി
3. കട്ടച്ചിറക്കോണം I H D P കോളനി

ഹരിജൻ കോളനികളിലെ പല വീടുകളും സൗജന്യമായി വൈദ്യുതീകരിച്ചെങ്കിലും ഇനിയും കണക്ഷൻ ലഭിച്ചിട്ടില്ല.

വിറക്

അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് വിറകാണ് പ്രധാനമായും ഉപയോഗിക്കുന്നത്. പള്ളിപ്പുറം CRP ക്യാമ്പ് വരുന്നതിന് മുൻപ് വരെ പഞ്ചായത്തിനുള്ളിലെ ഗ്രാമ വാസികളും ഈ പ്രദേശത്ത് നിന്നും സൗജന്യമായി ധാരാളം വിറകുകളും ശേഖരിച്ചിരുന്നു. അതുപോലെയുള്ള വിശാലമായ ഭൂപ്രദേശങ്ങളും ഇന്ന് ഇല്ലാത്തതിനാൽ വിറക് സൗജന്യമായി സംഭരിക്കാൻ ഇന്ന് ഗ്രാമ വാസികൾക്ക് കഴിയുന്നില്ല. തെങ്ങ് കൃഷി പഞ്ചായത്തിൽ വ്യാപകമായി ഉള്ളതിനാൽ തെങ്ങുകളെയാണ് ഇന്ന് വിറകിനുവേണ്ടി പ്രധാനമായും ആശ്രയിക്കുന്നത്. ഇതിനെ മാത്രം ആശ്രയിക്കുന്നതിനാൽ ഗ്രാമ വാസികൾക്ക് വിറക് സുലഭമായി ലഭിക്കുന്നില്ല. അതിനാൽ ഇന്ന് വിറകിന് വലിയ വില നൽകേണ്ടിവരുന്നു. ന്യൂനപക്ഷം വരുന്ന ഗ്രാമ വാസികളും മാത്രമേ ഇന്ന് പാചകത്തിനായി ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നിവ ഉപയോഗിക്കുന്നുള്ളു.

ദക്ഷത കൂടിയ അടുപ്പുകളും പഞ്ചായത്തിൽ ഭാഗികമായി മാത്രമേ ഗ്രാമവാസികളും ഉപയോഗിക്കുന്നുള്ളു. ഇത്തരം അടുപ്പുകളെപ്പറ്റിയുള്ള ബോധവൽക്കരണമില്ലായ്മയാണ് അതിനു കാരണം. മാത്രമല്ല ഇത്തരം അടുപ്പുകളുടെ കേടുപാടുകളും തീർക്കുന്നതിനു ആവശ്യമായ പരിശീലനം സിദ്ധിച്ച ആളുകാരോ, പ്രവർത്തകരോ ഇല്ല.

വീടുകളിലെ ഇന്ധന ഉപയോഗത്തിന്റെ പട്ടിക (8) താഴെ ചേർക്കുന്നു.

1	വിറക്	–	8953
2	പുകയില്ലാത്ത അടുപ്പ്	–	200
3	ഗ്യാസ്	–	50
4	മണ്ണെണ്ണ സ്റ്റൗ	–	250
5	ഇലക്ട്രിക് സ്റ്റൗ	–	10
6	ഗോബർ ഗ്യാസ്	–	Nil

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും ഇനിയും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല. മാത്രമല്ല വൈദ്യുതി എത്തിയിട്ടുള്ള ഭാഗങ്ങളിൽ പല വീടുകളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

2 പഞ്ചായത്തിലെ പല ഭാഗങ്ങളിലും തെരുവ് വിളക്കുകളും ഇല്ല ഉള്ളവ വളരെക്കാലമായി ബന്ധുകളും ഇല്ലാതെയും മറ്റും കാത്താത്ത അവസ്ഥയിലാണ്.

3 പഞ്ചായത്തിൽ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം വളരെ വർദ്ധിച്ചിട്ടും ഇതുവരെയും ഒരു മേജർ ഇലക്ട്രിക് സെക്ഷൻ ഓഫീസ് പഞ്ചായത്ത് പ്രദേശത്ത് ഇല്ല. മാത്രമല്ല പഞ്ചായത്ത് പ്രദേശം മുഴുവൻ ഒരു സെക്ഷൻ ഓഫീസിന്റെ കീഴിലല്ല.

4 പ്രേഷണവിതരണ നഷ്ടം സംഭവിക്കുന്നു വർദ്ധിച്ചുവരുന്ന വോൾട്ടേജ് കമ്മി, വൈദ്യുതിയുടെ ലഭ്യതയിൽ തുടർച്ചയില്ലായ്മ.

5 വൈദ്യുതി ജീവനക്കാരുടെ സേവനം തൃപ്തികരമല്ല എന്ന അഭിപ്രായം ഗ്രാമ സഭയിൽ നിന്നും ഉയർന്നുവന്നു.

6 ആഡംബരങ്ങൾക്കും, അലങ്കാരങ്ങൾക്കുമായി വൈദ്യുതി ദുർവിനിയോഗം ചെയ്യുന്നു.

7 ഇന്ന് നിലവിലുള്ള പവർകട്ട് (രാത്രികാലങ്ങളിൽ പ്രത്യേകിച്ച് 6 മുതൽ 9 വരെ) കഴിവതും ഒഴിവാക്കണമെന്ന നിർദ്ദേശം ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്നു.

8 എല്ലാ ഹരിജൻ കോളനികളും പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടില്ല.

9 കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

10 വിറക് ക്ഷാമം രൂക്ഷമാണ്. മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ എന്നിവ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഗ്യാസ് കണക്ഷനു അപേക്ഷിച്ച് 5 വർഷം കഴിഞ്ഞാലും കണക്ഷൻ ലഭിക്കുന്നില്ല.

സാധ്യതകൾ

1 പഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ അടിയന്തിരമായി തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

(a) പഞ്ചായത്ത് പ്രദേശത്ത് ദേശീയ

പാതയായ വെട്ടുറോഡ് ജംഗ്ഷൻ മുതൽ കുറക്കോട് വരെയുള്ള ഭാഗങ്ങളിൽ പേപ്പർ ലാമ്പുകളും സ്ഥാപിക്കുക.

(b) കണിയാപുരം ബസ്ഡിപ്പോയിലും പരിസരങ്ങളിലും പ്രകാശമേറിയ വിളക്കുകളും സ്ഥാപിക്കുക.

(c) പഞ്ചായത്തിനുള്ളിലെ പ്രധാന ബസ് സ്റ്റോപ്പുകളിലും ജംഗ്ഷനുകളിലും ട്യൂബ് ലൈറ്റുകളും സ്ഥാപിക്കുക.

(d) **വാർഡ് I വെള്ളൂർ**

(1) ഗാന്ധി സ്മാരകം മുതൽ വാട്ടർ ടാങ്ക് വരെയുള്ള റോഡ്

(2) ആനായിക്കോണം തടം

(e) **വാർഡ് (III) അണ്ടൂർക്കോണം**

(1) പറമ്പിൽപാലം ആമ്പല്ലൂർ റോഡ്

(2) പള്ളിയാപറമ്പ് തടം

(f) **വാർഡ് IV പാച്ചിറ**

(1) C. R. P. കല്ലുപാലം ലിങ്ക് റോഡ്

(2) പള്ളിപ്പുറം മുതൽ കല്ലുപാലം വരെയുള്ള P W D റോഡ് ഒഴികെയുള്ള എല്ലാ റോഡുകളിലും, നടപ്പാതകളിലും.

(g) **വാർഡ് V പള്ളിച്ചവീട്**

(1) പള്ളിപ്പുറം മുതൽ കുറക്കോട് വരെയുള്ള ദേശീയപാത

(2) സി. ആർ. പി. കല്ലുപാലം ലിങ്ക് റോഡിൽ നിന്നും തെക്ക് പടിഞ്ഞാറോട്ട് തിരിഞ്ഞുപോകുന്ന കുന്നുംപുറത്ത് റോഡ്

(h) **വാർഡ് VI കരിച്ചാറ**

(1) അപ്പോളോ കോളനിയിലെ എല്ലാറോഡുകളും

(2) അഞ്ചേക്കർ തോട്ടുംമുഖം റോഡ്

(3) സി. ആർ. പി. ലൈനിൽ നിന്നും പണ്ടാരക്കരി വരെയുള്ള റോഡ്

(4) അപ്പോളോ കോളനിയിൽ നിന്നും കരിച്ചാറ ശ്രീപാദം കോളനി വരെ

(5) മൈതാനിയിൽ നിന്നും C R P റോഡ് അവസാനിക്കുന്ന C R P പോസ്റ്റ് ഓഫീസ് ജംഗ്ഷൻ വരെയുള്ള ഭാഗം

(6) മൈതാനിയിൽ ട്രാൻസ്ഫോർമർ ഇരിക്കുന്ന ഭാഗം

(7) മൈതാനി ജംഗ്ഷനിലും, റെയിൽവേ ക്രോസിംഗിലും വേപ്പർ ലാമ്പോ, ട്യൂബ് ലൈറ്റോ സ്ഥാപിക്കുക

(i) **വാർഡ് VII പള്ളിപ്പുറം**

(1) C R P ജംഗ്ഷൻ മുതൽ ആലുംമൂട് വരെയുള്ള ദേശീയപാതയിൽ സ്ട്രീറ്റ് ലൈറ്റും പ്രധാനപ്പെട്ട ജംഗ്ഷനുകളായ C R P മുഴുത്തിരിയാവട്ടം, പള്ളിപ്പുറം, ആലുംമൂട്, കണിയാപുരം ബസ് ഡിപ്പോയുടെ പരിസരം എന്നിവിടങ്ങളിൽ പ്രകാശമേറിയ ലൈറ്റുകളും സ്ഥാപിക്കുക

(2) താമരക്കുളം റോഡ്

(3) വാർഡിൽ തെരുവുവിളക്കുകളും ഇല്ലാത്ത മറ്റ് ഇടവഴികളും

(j) **വാർഡ് VIII വലിയവീട്**

(1) പ്രധാനപ്പെട്ട റോഡുകളിലും പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ട്യൂബ് ലൈറ്റുകളും സ്ഥാപിക്കുക

(k) **വാർഡ് IX തെക്കേവിള**

പുതുതായി നിർമ്മിച്ച എല്ലാ റോഡുകളിലും, സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിക്കുക

വാർഡ് X ആലുംമൂട്

കുന്നിനകം വെട്ടുറോഡ് സ്ട്രീറ്റ്ലൈറ്റ്

(1) ശ്മശാനത്തിനും ഹൈസ്ക്കൂളിനും ഇടയ്ക്കുള്ള ഇടവഴി)

(2) വെട്ടുറോഡ് പിള്ളവീട്റോഡ്
(3) വെട്ടുറോഡ് മുത്താരമ്മൻ ക്ഷേത്രനടയിൽ നിന്ന് ആരംഭിച്ച് മുസ്ലീം ഹൈസ്ക്കൂൾ വഴി ആലുംമൂട്ടിലേക്ക് പോകുന്ന റോഡ്
(4) വല്ലുവിളാകം റോഡ്

(m) വാർഡ് XI കണിയാപുരം ഠൗൺ

1 ജീനിയസ് കോളേജ് നടയിൽ നിന്നും NH–ൽ ഇറങ്ങുന്ന റോഡ്.
2 കണിയാപുരം നമ്പ്യാർകുളംലിങ്ക്റോഡ്
3 കണിയാപുരം ജംഗ്ഷനിൽസ്ഥിരമായി വപ്പേർലാമ്പ് സ്ഥാപിക്കുക.

2 താഴെപ്പറയുന്ന സ്ഥലങ്ങളിൽ സിംഗിൾ ഫെയിസി ലൈൻ ത്രീ ഫെയിസ് ലൈൻ ആക്കുക.

1 വെള്ളൂർ ഗാന്ധി സ്മാരകംമുതൽ പ്പാവറ വരെയുള്ളത്.
2 കൊട്ടോട്ടുകോണം തടത്തിൽ നിന്നും ആരംഭിക്കുന്ന ലൈൻ.
3 തെറ്റിച്ചിറ നിന്നും ആരംഭിക്കുന്ന കമുകറഭാഗത്തേക്കുള്ള ലൈൻ.
4 കണിയാപുരത്ത് നിന്നും NH–ൽ ചേരുന്ന കണിയാപുരം മുളക്കൽ വിളാകം ലൈൻ.

3 ഇനിയും വൈദ്യുതി എത്തിച്ചേരാത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

4 കണക്ഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ളവർക്ക് എത്രയും വേഗം കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടകം സ്വീകരിക്കുക. മാത്രമല്ല കണക്ഷൻ ലഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിന് പരിഹാരം കാണുക.

5 എല്ലാ ഹരിജൻ കോളനികളിലും വൈദ്യുതി എത്തിക്കുക

6 ഹരിജനങ്ങൾക്കും, സാധുക്കൾക്കും സൗജന്യമായി വീടുകൾ വൈദ്യുതികരിക്കുന്നതിന് ധനസഹായം നൽകുകയും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയും ചെയ്യുക.

7 വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

8 പ്രേക്ഷണ വിതരണ രംഗത്തെ നഷ്ടം കുറയ്ക്കുന്നതിന് ലൈനുകളുമായി ബന്ധപ്പെട്ടുകിടക്കുന്ന മരകൊമ്പുകളും മറ്റും കാലാകാലങ്ങളിൽ മുറിച്ചുമാറ്റുന്നതിനും മറ്റും പ്രാദേശികതലത്തിൽ സംവിധാനം ഉണ്ടാക്കുക.

9 കണിയാപുരം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മേജർ സെക്ഷൻ ഓഫീസാക്കി ഉയർത്തുക.

10 ബോർഡ് ജീവനക്കാർ സാമൂഹ്യബാധ്യത നിറവേറ്റാൻ തയ്യാറാവുകയും അതിനുതകുന്ന തരത്തിൽ ആ മേഖലയെ ക്രമീകരിക്കുകയും ചെയ്യുക.

11 പഞ്ചായത്ത് പ്രദേശത്തെ NH–യിലും പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളിലും പ്രധാന ബസ് സ്റ്റോപ്പുകളിലും വേപ്പർ ലാംബുകൾ സ്ഥാപിക്കുക.

12 താഴ്ന്ന വോൾട്ടേജിൽ താരതമ്യേന കൂടിയ പ്രകാശം പ്രദാനം ചെയ്യുവാൻ ശേഷിയുള്ള ബൾബുകൾ പഞ്ചായത്തുവക പൊതുമാർക്കറ്റിൽ കൂടി വിതരണം ചെയ്യുക.

13 ആഡംബരത്തിനും, അലങ്കാരത്തിനും വേണ്ടി വൈദ്യുതി ദുർവ്യായം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ഭവിഷ്യത്തിനെക്കുറിച്ച് ഉപഭോക്താക്കളെ ബോധവാൻമാരാക്കുക.

14 നിശ്ചിത അളവിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് സർചാർജ്ജ് ഏർപ്പെടുത്തുകയും അതിന്റെ തോത് ആനുപാതികമായി ഉയർത്തുകയും ചെയ്യുക.

15 സൂര്യപ്രകാശം, കാറ്റാടിയന്ത്രം എന്നിവ ഉപയോഗിച്ചുള്ള ഊർജ്ജ ലഭ്യതയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക.

16 പഞ്ചായത്തിലെ സമ്പന്നൻമാരുടെ വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുത ഉപകരണങ്ങൾ പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് ബോധവാൻമാരാക്കുക.

17 സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുവാനുള്ള സാങ്കേതികവിദ്യ താൽപ്പര്യമുള്ള വരെ പരിശീലിപ്പിക്കുക.

18 20 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ വൈദ്യുതി നൽകിയിരുന്ന പദ്ധതി പുനഃ സ്ഥാപിക്കുക.

19 പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും ഇപ്പോഴും തടികൊണ്ടുള്ള പോസ്റ്റുകൾ കാണാം. ഇവയിൽ പലതും ദ്രവിച്ച് ഏത് നിമിഷവും നിലം പതിക്കാമെന്ന അവസ്ഥയിലാണ്. ഇത് വലിയ അപകടം വിളിച്ചുവരുത്തുന്നതരത്തിലാണ് സ്ഥിതി ചെയ്യുന്നത് ഇത്തരം പോസ്റ്റുകൾ വകുപ്പ് ഉദ്യോഗസ്ഥൻ പോലും കണ്ടില്ലെന്ന ഭാവംനടിക്കുകയാണ്. ആയതിനാൽ ഇത്തരത്തിലുള്ള പോസ്റ്റുകൾ മാറ്റിപകരം കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

20 വിവിധയിനംദരിദ്രകുടിയടുപ്പുകൾ

(a) പരിഷത്ത് അടുപ്പുകൾ എന്ന പേരിലുള്ള പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിലേക്കായി ഊർജ്ജ വിഭാഗത്തിന്റെ പ്രാഥമിക പ്രവർത്തനമായി പഞ്ചായത്തിൽ അടുപ്പ് സർവ്വേകൾ നടത്തുക.

(b) പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുക.

(c) അടുപ്പിന്റെ മോൾഡ് നിർമ്മിക്കുക അതിന് ആവശ്യമായ സിമൻറ് പൈപ്പുകൾ നിർമ്മിക്കുക തുടങ്ങിയ തൊഴിൽ മേഖലകൾ വികസിപ്പിക്കുക.

(d) അടുപ്പിന്റെ മോൾഡ് നിർമ്മിക്കുന്നതിനാവശ്യമായ മണ്ണ് നമ്മുടെ പഞ്ചായത്തിൽ നിന്നും കണ്ടെത്താമോ എന്ന് പരിശോധിക്കുക.

21 തരിശു പ്രദേശങ്ങളിൽ വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ച് വിറകിന്റെ ലഭ്യത വർദ്ധിപ്പിക്കുക. വിറക് വിൽപ്പനക്കായ് പൊതുകേന്ദ്രം പഞ്ചായത്തിന്റെ കീഴിൽ ആരംഭിക്കുകയും കുറഞ്ഞ നിരക്കിൽ ഗ്രാമവാസികൾക്ക് വിറക് ലഭ്യമാക്കുകയും ചെയ്യുക

22 **നൂതൻ സ്റ്റൗ:**—മണ്ണെണ്ണ കുറച്ച് ദക്ഷത കൂടുതൽ നൽകുന്ന സ്റ്റൗവുകൾ “അനെർട്ടിൽ” നിന്നും ലഭ്യമാക്കുക.

23 കോംപാക്ട് ഫ്ളൂസൈൻ ലാമ്പുകൾ (C F L) പഞ്ചായത്ത് ഓഫീസ് വഴി വില്പന നടത്തുവാനുള്ള നടപടിയുണ്ടാക്കുക. പഞ്ചായത്തിലുള്ള എല്ലാ വീടുകളിലും പ്രസ്തുത ലാംമ്പുകൾ സബ്സിഡി നിരക്കിൽ റേഷൻ കടകൾ വഴി വിതരണം ചെയ്യുക.

24 **ബയോഗ്യാസ് പ്ലാൻറുകൾ:—**

1 ബയോഗ്യാസ് പ്ലാൻറുകളിൽ നിന്നും ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള വാതകം ലഭ്യമാക്കുവാനുള്ള പദ്ധതി നടപ്പിലാക്കുക.

2 പ്രസ്തുത പ്ലാൻറുകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം താൽപ്പര്യമുള്ളവർക്ക് നല്കുക.

3 പള്ളിപ്പുറം C R P ക്യാമ്പിൽ നിന്നും സീവേജ് പൈപ്പ് വഴി പുറത്തേക്ക് വിടുന്ന വിസർജ്ജ്യ വസ്തുക്കൾ ഉപയോഗിച്ച് പ്ലാൻറുകൾ സ്ഥാപിച്ചാൽ C. R. P. F. ന് അകത്തുള്ള ഊർജ്ജ ആവശ്യങ്ങൾക്കും അതിന് ചുറ്റുമുള്ള പ്രദേശങ്ങളിലെ ഊർജ്ജ ആവശ്യങ്ങൾക്കും ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്.

25 **ഘർഷണ രഹിത ഫുഡ് വാൽവുകൾ**

ഇത്തരം വാൽവുകൾ ഉപയോഗിച്ച് വെള്ളം പമ്പുചെയ്താൽ വൈദ്യുതി ലാഭം ഉണ്ടാക്കാം. അതിനാൽ പ്രസ്തുത ഫുഡ് വാൽവുകൾ പഞ്ചായത്ത് പൊതുവിതരണ കേന്ദ്രം വഴി “അനെർട്ടിന്റെ” സഹായത്തോടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

1 വലിയവീട് വാർഡിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

2 കണ്ടൽ റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

3 കാരമൂട്ടിൽ നിന്നും CRP ക്യാമ്പിലേയ്ക്കുള്ള റോഡിലുള്ള പോസ്റ്റിൽ സ്ട്രീറ്റ് ലൈറ്റ് ഇടണം.

4 സി. ആർ. പി. ക്യാമ്പിൽ നിന്നും ആനതാഴ്ചിറയിലേക്കുള്ള പോസ്റ്റിൽ സ്ട്രീറ്റ് ലൈറ്റ് ഇടണം.

5 കിളിത്തട്ടിൽ ദേവി ക്ഷേത്രത്തിന്റെ വടക്കുവശത്തുള്ള റോഡിലുള്ള പോസ്റ്റിൽ സ്ട്രീറ്റ് ലൈറ്റ് ഇടണം.

6 കിളിത്തട്ടിൽ ക്ഷേത്രത്തിൽ നിന്നും കക്കാട്ടുമഠം ക്ഷേത്രത്തിലേക്ക് പോകുന്ന റോഡിൽ ഊളൻ വഴി ഇടവഴിയിലുള്ള പോസ്റ്റിൽ സ്ട്രീറ്റ് ലൈറ്റ് ഇടാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

സഹകരണം വിഭവ സമാഹരണം

ആമുഖം

സഹകരണം

കേരളത്തിൽ സഹകരണ പ്രസ്ഥാനം പ്രചാരം സിദ്ധിച്ചത് രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആരംഭത്തോടു കൂടിയാണ്. കാർഷിക രംഗങ്ങളിൽ വികസനം ലക്ഷ്യമാക്കി കൊണ്ട് ആസൂത്രണം ചെയ്യപ്പെട്ട ഒന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ ഇൻഡ്യയിൽ ബഹുഭൂരിപക്ഷം വരുന്ന ചെറുകിട/ഇടത്തരം കൃഷിക്കാർക്ക് അടിസ്ഥാന സൗകര്യങ്ങളായ ജലസേചനം വിത്ത്, വളം കീടനാശിനി എന്നിവ ലഭ്യമാക്കാൻ കഴിഞ്ഞുവെങ്കിലും, സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യമായി ഒന്നാം പദ്ധതിയിൽ നടത്താൻ കഴിഞ്ഞിരുന്നില്ല. കർഷകരുടെ പ്രശ്നങ്ങൾ സഹകരണാടിസ്ഥാനത്തിൽ എങ്ങനെ ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കാമെന്ന് പഠിക്കുന്നതിന് വേണ്ടി വി. എൻ. മേത്ത അദ്ധ്യക്ഷനായി 1952 ൽ ഒരു Rural credct survey കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കാർഷിക രംഗത്തെ വായ്പാ സംവിധാനം പ്രശ്നങ്ങൾ പരിഹാരം എന്നീ വിഷയങ്ങളെക്കുറിച്ച് പഠിച്ച് പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശുപാർശ ഇൻഡ്യയിലെ ഗ്രാമങ്ങളിലുള്ള ചെറുകിട/ഇടത്തരം കർഷകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കാൻ വേണ്ടി സഹകരണാടിസ്ഥാനത്തിൽ ഗ്രാമീണ സേവന സഹകരണ സംഘങ്ങളും ഭൂവികസന സഹകരണ ബാങ്കുകളും രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്. എന്നുള്ളതായിരുന്നു. ഇൻഡ്യയിലെ ചെറുകിട കർഷകർക്ക് ഹ്രസ്വകാല കാർഷിക വായ്പയും, മറ്റ് കാർഷിക ബന്ധ സഹായങ്ങളും ലഭ്യമാക്കാൻ വേണ്ടി ഓരോ സംസ്ഥാനത്തിലുള്ള ഓരോ സംസ്ഥാന സഹകരണ ബാങ്കും. ഓരോ റവന്യൂ ജില്ലയിലും ജില്ലാ സഹകരണ ബാങ്കും, ഗ്രാമം അല്ലെങ്കിൽ പഞ്ചായത്ത് പ്രവർത്തന പരിധിയായി ഓരോ സർവ്വീസ് സഹകരണ സംഘവും രൂപീകരിച്ച് പ്രവർത്തിപ്പിക്കുക എന്നുള്ളതായിരുന്നു ഇതിൽ പ്രധാനം. ഗ്രമീണ സർവ്വീസ് സഹകരണ ബാങ്കിലൂടെ ഗ്രാമത്തിലെ ചെറുകിട കർഷകർക്ക്, കൃഷിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലസേചനം, അത്യുല്പാദനശേഷിയുള്ള വിത്ത്, വളം, കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതോടൊപ്പം വളരെ അത്യാവശ്യ ഘടകമായ സാമ്പത്തിക സഹായവും (ഹ്രസ്വകാല) ലഭ്യമാക്കുക എന്നുള്ളതായിരുന്നു ലക്ഷ്യം. വാണിജ്യ നാണ്യവിളകളും കൃഷിയിലേർപ്പെട്ടിരിക്കുന്ന ചെറുകിട കർഷകർക്ക് ധനസഹായവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കുന്നതിനുവേണ്ടി, താലൂക്കടിസ്ഥാനത്തിൽ ഭൂവികസന ബാങ്കുകളും, അവയുടെ ഫെഡറേഷൻ എന്ന നിലക്ക് സംസ്ഥാന തലത്തിൽ സംസ്ഥാന ഭൂവികസനബാങ്കുകളും സ്ഥാപിക്കേണ്ടതാണ്. എന്ന 1962–ലെ ചൈനീസ് ആക്രമണത്തിനുശേഷം ഉപഭോക്തൃ വസ്തുക്കളുടെ വിതരണത്തിലുണ്ടായ ദൗർലഭ്യവും, വിലക്കയറ്റവും, പൂഴ്ത്തിവയ്പും ഇൻഡ്യയിലെ സാധാരണ ജനങ്ങൾക്ക് അനിർവചനീയമായ ബുദ്ധിമുട്ടുകളും ജീവിത ക്ലേശങ്ങളും സൃഷ്ടിച്ചു. ഈ പ്രശ്നം ഇൻഡ്യാ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ ദുഃസ്ഥിതിക്ക് ഒരു പരിഹാരംഉണ്ടാക്കുന്നതിനുവേണ്ടി. ഭാരത്തിലുടനീളം സംസ്ഥാനതലത്തിൽ സഹകരണ ഉപഭോക്തൃ ഫെഡറേഷനും ജില്ലാടിസ്ഥാനത്തിൽ ജില്ലാ ഉപഭോക്തൃ സഹകരണ സംഘവും ഗ്രാമതലത്തിൽ പ്രാഥമിക ഉപഭോക്തൃ സഹകരണസംഘവും രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ് എന്ന് ഈ പ്രശ്നം പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ നിയോഗിക്കപ്പെട്ട കമ്മിറ്റി നൽകിയ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ദേശീയ സഹകരണ വികസന ഫെഡറേഷൻ പദ്ധതി ആവിഷ്ക്കരിക്കുകയും ഈ പദ്ധതി 1963 മുതൽ പ്രാവർത്തികമാക്കുകയും ഉണ്ടായി. ഇതുപോലെ വ്യവസായ രംഗത്ത് സഹകരണ സ്ഥാനപങ്കും രൂപീകരിച്ചു. വ്യാവസായിക ഉല്പാദന രംഗത്തും പ്രവർത്തനം വിപുലീകരിക്കുകയുണ്ടായി. ഇൻഡ്യയിൽ എട്ടാം പഞ്ചവത്സര പദ്ധതി വരെയുള്ള ആസൂത്രണ പ്രവർത്തനങ്ങളുടെ ഫലമായി, കൃഷി, വ്യവസായം, കാർഷികോല്പന്നങ്ങളുടെ ഉല്പാദനം മൃഗസംരക്ഷണം, ക്ഷീരോല്പാദനം, ഉപഭോക്തൃ മേഖലയിൽ, ശേഖരണം, വിതരണം, വിദ്യാഭ്യാസം,

സാംസ്ക്കരികം, വനിതാക്ഷേമം, ഭവനനിർമ്മാണം, എന്നിങ്ങനെ ജനജീവിതവുമായി ബന്ധപ്പെട്ട എല്ലാമേഖലകളിലും സഹകരണം വ്യാപിച്ചു. സ്ഥാപനങ്ങളും രൂപീകരിക്കപ്പെടുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

കേരള സംസ്ഥാനത്ത് ഇന്ന് എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനം വ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. കാർഷിക വായ്പാ മേഖലയിലും വ്യാവസായിക ഉൽപ്പാദക മേഖലയിലും പ്രവർത്തിക്കുന്ന കേരളത്തിലെ സഹകരണ സ്ഥാപനങ്ങളും ഇന്നു മറ്റു സംസ്ഥാനങ്ങളിലുള്ള ഇതര സഹകരണ സ്ഥാപനങ്ങളുടെ മുൻപന്തിയിലാണ്.

അണ്ടൂർക്കോണം പഞ്ചായത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഞ്ചവത്സര പദ്ധതികളും പ്രാവർത്തികമാക്കുന്നതിന് വളരെ മുമ്പുതന്നെ നിലനിന്നിരുന്നുവെന്ന ചരിത്രം വ്യക്തമാക്കുന്നു. പഞ്ചവത്സര പദ്ധതികളിലൂടെയുള്ള ആസൂത്രണം വരുന്നതിനു മുമ്പും, ഈ പ്രദേശത്ത് പരസ്പര സഹായ സഹകരണ സംഘങ്ങളും വായ്പ്പാ രംഗത്തും നെയ്ത്തിനാവശ്യമായ നൂൽ വിതരണ രംഗത്തും പ്രവർത്തിച്ചിരുന്നുവെന്നു ചരിത്രം വ്യക്തമാക്കുന്നു. സ്വാതന്ത്ര്യം കൈവരുന്നതിനുമുമ്പുതന്നെ ബ്രിട്ടീഷ് ഭരണകാലത്തെ സഹകരണ സംഘം നിയമത്തിൻ കീഴിൽ (അതായത് 1921–ലെ സഹകരണ നിയമം). പള്ളിപ്പുറം പരസ്പര സഹായ സഹകരണ സംഘം പള്ളിപ്പുറം വിനിയോജക സഹകരണ സംഘം എന്നിങ്ങനെയുള്ള സഹകരണ സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നുവെന്ന് കാണാവുന്നതാണ്. പഞ്ചവത്സര പദ്ധതികളിലൂടെയുള്ള വികസന ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൻമേൽ പുരാണപരിമിതമായ പ്രവർത്തനങ്ങളും മാത്രമുള്ള സംഘങ്ങൾക്ക് നിലനിൽപില്ലാതായി ഈ സംഘങ്ങളും ലിക്വിഡേറ്റ് ചെയ്യപ്പെടുകയോ ഗ്രാമീണസേവന സഹകരണ സംഘങ്ങളുമായി മാറ്റപ്പെടുകയോ ആണ് ചെയ്തത്.

ഒന്നു മുതൽ എട്ടാം പദ്ധതിവരെയുള്ള കാലയളവിൽ രൂപീകരിക്കപ്പെട്ട് ഇപ്പോഴും പ്രവർത്തിച്ചുവരുന്ന വിവിധ രീതിയിലുള്ള സഹകരണ സംഘങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

1 **വായ്പാ സഹകരണസംഘങ്ങൾ :–**

സർവ്വീസ് സഹകരണസംഘം

(a) **അണ്ടൂർക്കോണം സർവ്വീസ് സഹകരണ ബാങ്ക്**

അണ്ടൂർക്കോണം പഞ്ചായത്തുമുഴുവനും പ്രവർത്തന മേഖലയാണ്. വിവിധ ആവശ്യങ്ങൾക്കുള്ള വിവിധ ഇനങ്ങളിലുള്ള വായ്പകളും, വായ്പേതര പ്രവർത്തനങ്ങളായ ഉപഭോക്തൃ സാധനങ്ങളുടെ ക്രയ വിക്രയ, കൊപ്രാ, കശുവണ്ടി എന്നിവകളുടെ സംഭരണവും വിലസ്ഥിരതയും അംഗങ്ങളുടെ നിക്ഷേപ പ്രവണതയെ പ്രോത്സാഹിപ്പിക്കുമാറ് നിക്ഷേപ സമാഹരണം, ചിട്ടി ബിസിനസ് എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു. കണിയാപുരം ഠൗൺ, ആലുംമൂട് എന്നീ വാർഡുകളും സ്ഥിര കേന്ദ്രമായ ആലുംമൂട് ജംഗ്ഷനിൽ ഒരു ബ്രാഞ്ച് പ്രവർത്തിച്ചു വരുന്നു.

2 **മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ**

(a) **തിരു:താലൂക്ക് മാർക്കറ്റിംഗ് സഹകരണസംഘം**

ഈ പഞ്ചായത്ത് ഉൾപ്പെടെ തിരുവനന്തപുരം താലൂക്ക് മുഴുവനും പ്രവർത്തന പരിധിയായുള്ള ഒരു മാർക്കറ്റിംഗ് സഹകരണ സംഘം ആണ്. ഈ താലൂക്കിൽ പ്രവർത്തിക്കുന്ന എല്ലാ സർവ്വീസ് സഹകരണസംഘങ്ങളിലേയും അംഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളും കൂടാതെ സംഘത്തിലെ വ്യക്തിയംഗങ്ങൾ ഉൽപാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളും ശേഖരിച്ച് മൊത്തമായി വിപണനം നടത്തുകയെന്നതാണ് ഈ സംഘത്തിന്റെ പ്രവത്തർന രീതി. കൂടാതെ അംഗങ്ങൾക്കും പൊതു ജനങ്ങൾക്കും ആവശ്യമായ ഉപഭോക്തൃ ഉൽപന്നങ്ങൾ വാങ്ങി വിൽപന നടത്തുകയെന്നത് പ്രവർത്തന ലക്ഷ്യങ്ങളിൽ ഒന്നാണ്.

സംഘം ഇപ്പോൾ കൊപ്രാ സംഭരണവും, ഉപഭോക്തൃ ഉൽപന്നങ്ങളായ ഫാൻ, മിക്സി, ഫ്രിഡ്ജ്, ടി.വി., തയ്യൽ മെഷീൻ, ഗ്രൈൻഡർ മുതലായവയുടെ വിപണനവും നടത്തുന്നു.

3 **കയർ സഹകരണ സംഘങ്ങൾ** (വ്യവസായ വകുപ്പിൻ കീഴിൽ)

(a) കണിയാപുരം കയർ വ്യവസായ സഹകരണ സംഘം (d) നമ്പർ. 46

(b) കരിച്ചാറ കയർ വ്യവസായ സഹകരണ സംഘം

(c) കണ്ടൽ കയർ വ്യവസായ സഹകരണ സംഘം cvcs No. 707

പരമ്പരാഗത കുടിൽ വ്യവസായമായ കയറിന്റെ ഉൽപ്പാദനം, പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ പഞ്ചായത്തിലെ കായലോര പ്രദേശങ്ങളിലാണ് മേൽപ്പറഞ്ഞ മൂന്ന് സംഘങ്ങളുടെയും പ്രവർത്തന മേഖല കഠിനംകുളം കായലിന്റെ തീരപ്രദേശങ്ങളിലാണ്. ഈ പഞ്ചായത്തിലെ കയർ തൊഴിലാളികളിൽ ഏകദേശം 25% പേർക്ക് മാത്രമേ ഈ മുന്ന് സംഘങ്ങളിലായി അംഗത്വം നൽകാൻ കഴിഞ്ഞിട്ടുള്ളൂവെന്ന് കാണാവുന്നതാണ്. ശേഷിച്ചവർ പ്രൈവറ്റ് മേഖലയിൽ, ജോലി തേടിയിരിക്കുകയാണ്.

(d) കയർ മാകിംഗ് സഹകരണസംഘം കണിയാപുരം കയർ മാകിംഗ് & മാറ്റിംഗ് സഹകരണസംഘം

തിരുവനന്തപുരം ജില്ല പ്രവർത്തന കേന്ദ്രമായുള്ള കയർ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും മാത്രമായുള്ള സഹകരണസംഘമാണിത്. ഈ സംഘം കഴിഞ്ഞ കുറെവർഷങ്ങളായി പ്രവർത്തന രഹിതമാണ്. ഈ സംഘത്തിന്റെ ഒരു പ്രൊഡക്ഷൻ സെന്റർ തീ പിടിച്ചു നശിച്ചുപോയ ശേഷമാണ് ഇത് പ്രവർത്തനരഹിതമായിട്ടുള്ളത്.

4 ക്ഷീരോല്പാദക സഹകരണസംഘങ്ങൾ

(ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു.) (ആനന്ദ് മാതൃകയിലുള്ളവ)

(a) അണ്ടൂർക്കോണം ക്ഷീരോൽപ്പാദക സഹകരണ സംഘം (Apcos)

1962 മുതൽ ക്ഷീര വ്യവസായ സഹകരണ സംഘം എന്ന നിലയിൽ അണ്ടൂർക്കോണം വില്ലേജ് പ്രവർത്തന മേഖലയായി രൂപീകരിക്കപ്പെടുകയും 1984 വരെ പാരമ്പര്യ ക്ഷീര വ്യവസായ സഹകരണ സംഘമായി പ്രവർത്തിക്കുകയും ചെയ്തു. 1984 നു ശേഷം ആനന്ദ് മാതൃകയിൽ ക്ഷീരോൽപാദക സഹകരണ സംഘമായി ഇതിനെ രജിസ്റ്റർ ചെയ്യുകയും അങ്ങനെ ഈ സംഘം ഇപ്പോൾ ആനന്ദ് പാറ്റേൺ സഹകരണ സംഘമായി പ്രവർത്തിക്കുകയുമാണ്

(b) രാജീവ് ഗാന്ധി മെമ്മോറിയൽ ക്ഷീരോല്പാദക സഹകരണസംഘം

ആനന്ദ് മാതൃകയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്ഷീരോല്പാദക സഹകരണസംഘമാണിത്. അണ്ടൂർക്കോണം പഞ്ചായത്തിൽ പള്ളിച്ചവീട്വാർഡ് പ്രധാനമായും പ്രവർത്തന മേഖലയായി ഈ സംഘം പ്രവർത്തിച്ചുവരുന്നു.

c) പള്ളിപ്പുറം C. R. P. സെൻറർ ക്ഷീരോല്പാദകസഹകരണ സംഘം (Apcos)

ഈ ഗ്രാമപഞ്ചായത്തിലെ 1, 2, 4, 5, 6 എന്നീ വാർഡുകളിൽ പ്രവർത്തിക്കുന്ന ആനന്ദ് മാതൃകയിലുള്ള ക്ഷീരോല്പാദക സഹകരണ സംഘമാണ് 1995–ൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള ഒരു സംഘമാണ്.

d) പള്ളിപ്പുറം ക്ഷീരവ്യവസായസഹകരണ സംഘം Ltd. No. T. 105

പള്ളിപ്പുറം വില്ലേജ് മുഴുവൻ പ്രവർത്തന പരിധിയിലുംപ്പെടുത്തി, 1960–ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ക്ഷീര വ്യവസായ സഹകരണ സംഘമാണ്. 1982 വരെ ഈ സംഘം പ്രവർത്തിച്ചിരുന്നു. അതിന് ശേഷം പ്രവർത്തന രഹിതമാവുകയും ഇപ്പോൾ ലിക്വിഡേഷനെ അഭിമുഖീകരിക്കുകയുമാണ്.

5 വ്യവസായ സഹകരണ സംഘങ്ങൾ (കുടിൽ വ്യവസായം)

a) കരിച്ചാറ ചൂരൽ വ്യവസായ സഹകരണ സംഘം

പട്ടികജാതി/വർഗ്ഗ വിഭാഗത്തിലുള്ള അംഗങ്ങൾക്ക് മാത്രമായി രൂപീകരിക്കപ്പെട്ട ഒരു സംഘമാണിത്. ചൂരൽ കൊണ്ടുള്ള ഗൃഹോപകരണങ്ങൾ, അലങ്കാര വസ്തുക്കൾ, ഫർണിച്ചർ എന്നിവ നിർമ്മിച്ച് വിപണനം നടത്തുക എന്നതാണ് ഈ സംഘത്തിന്റെ പ്രധാന ലക്ഷ്യം. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതിയിൽപ്പെട്ട അംഗങ്ങൾക്ക് മാത്രമേ ഇതിൽ അംഗത്വം ലഭിക്കുന്നതിനർഹതയുള്ളു. 1962 മുതൽ പ്രവർത്തിച്ച് വന്നിരുന്ന ഈ സംഘത്തിന്, 8–ാം പഞ്ചവത്സര പദ്ധതിക്കാലത്താണ് പ്രവർത്തനത്തിൽ വിപുലീകരണം ഉണ്ടായിട്ടുള്ളത്.

6 സാമൂഹ്യ ക്ഷേമ സഹകരണ സംഘങ്ങൾ

a) തിരുവനന്തപുരം താലൂക്ക് സൈക്കിൾ റിപ്പയർ തൊഴിലാളി ക്ഷേമ സഹകരണ സംഘം

1993–ൽ രൂപീകരിക്കപ്പെട്ട ഈ സംഘം ഈ പഞ്ചായത്തിൽ ഉൾപ്പെട്ട കണിയാപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ സൈക്കിൾ റിപ്പയർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് മാത്രമേ ഈ സംഘത്തിൽ അംഗത്വത്തിനർഹതയുള്ളൂ.

പ്രശ്നങ്ങൾ

1 കാർഷികവും കാർഷികേതരവുമായ വായ്പ ഈ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളിലെയും അംഗങ്ങൾക്ക് ലഭ്യമാക്കാൻ തക്കവണ്ണം ഫണ്ട് ലഭ്യമാക്കാനും നിക്ഷേപം സ്വരൂപിക്കാനും അതിനുവേണ്ട പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കാനും ഇന്ന് നിലവിലുള്ള സംഘത്തിന്റെ പരിമിതമായ പ്രവർത്തനം കൊണ്ട് കഴിയുന്നില്ല.

2 ഇപ്പോൾ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്ക് കാർഷികവും കാർഷികേതരവുമായ വായ്പകൾ ലഭ്യമാക്കുന്നതിന് വേണ്ടി വർഷം തോറും കൃഷിയ്ക്ക് ലിമിറ്റഡ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ജില്ലാ സഹകരണ ബാങ്കിന് സമർപ്പിച്ചാൽ തന്നെയും, ആവശ്യാനുസരണം വായ്പ നൽകാനോ, യഥാസമയം നൽകാനോ ജില്ലാ ബാങ്കിന് കഴിയുന്നില്ല. ജില്ലാ ബാങ്ക് സ്വരൂപിക്കുന്ന നിക്ഷേപത്തിന്റെ ഒരു നിശ്ചിത ശതമാനം മാത്രം പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക് വായ്പയായി നൽകുക എന്ന കർശന നിയമം നിലനിൽക്കുന്നത് കൊണ്ടാണ് ഈ പ്രയാസത്തിനുകാരണം.

3 ആവശ്യമായ കർഷകർക്ക് യഥാസമയം സംഘങ്ങളിൽ അംഗത്വം ലഭിക്കാൻ കഴിയാത്ത ഒരു പരിസ്ഥിതി എല്ലാ കാലങ്ങളിലും നിലനിൽക്കുന്നു.

4 കാർഷികആവശ്യങ്ങൾക്ക് സബ്സിഡിയോടുകൂടിയ വായ്പകളുടെ എണ്ണം വളരെ കുറവാണ്. ചെറുകിട കർഷകർക്ക് വിവിധ വിളകളുടെ കൃഷിക്ക് സഹായകമായ രീതിയിൽ, സബ്സിഡിയോടുകൂടിയ വായ്പ ലഭ്യമാക്കേണ്ടതാണ്.

5 ഈ പഞ്ചായത്തിൽ ഉപഭോക്തൃ മേഖലയിൽ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല. എന്നത് ഒരു ദുഃഖസത്യമാണ്. നിത്യോപയോഗ സാധനങ്ങളുടേയും, മറ്റ് ഗൃഹോപകരണങ്ങളുടെയും വിപണനത്തിന് വളരെയേറെ സാധ്യതകളുള്ള ഈ പഞ്ചായത്തിൽ ആളുകൾ നിത്യോപയോഗ സാധനങ്ങൾക്കും, മറ്റ് ഗൃഹോപകരണങ്ങൾക്കും പ്രൈവറ്റ് വ്യാപാര കേന്ദ്രങ്ങളെ സമീപിക്കുന്നു.

6 സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ നോട്ടുബുക്കുകൾ, പേന, പെൻസിൽ, കടലാസ് മുതലായ സ്റ്റേഷനറി സാധനങ്ങൾ വിൽപന നടത്തുന്ന സഹകരണസ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇപ്പോൾ പ്രവർത്തിക്കുന്ന മറ്റ് സഹകരണ സ്ഥാപനങ്ങൾ സ്കൂൾ/കോളെജ് വിദ്യാർത്ഥികൾക്കാവശ്യമായ സാധനങ്ങൾ വിപണനം നടത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല.

7 വിവിധ മേഖലയിൽ തൊഴിൽ/സാങ്കേതിക പരിശീലനം നേടിയ യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനും, ചെറുകിട വ്യവസായ രംഗത്ത് പുരോഗതി ഉണ്ടാകുന്നതിനും സഹായകമായ വിധത്തിൽ ചെറുകിട/കുടിൽ വ്യവസായ സഹകരണ സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

8 കയർ മേഖലയിൽ എല്ലാ തൊഴിലാളികൾക്കും അംഗത്വം നൽകാനും തൊഴിൽ നൽകാനും ഇന്ന് പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങൾക്ക് കഴിയുന്നില്ല. ഇപ്പോൾ പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങൾക്ക് ഒരു വർഷത്തിൽ ആറ് മാസമെങ്കിലും തൊഴിൽ നൽകാൻ കഴിയുന്ന വിധത്തിൽ ആവശ്യമായ അസംസ്കൃത സാധനമായ പച്ച തൊണ്ട് ശേഖരിക്കാൻ കഴിയുന്നില്ല.

9 കയർ ഉൽപന്നങ്ങളുടെ നിർമ്മാണം ഈ പഞ്ചായത്തിൽ സഹകരണ മേഖലയിൽ നിലവിലില്ല. കയർ ഉൽപന്നങ്ങളുടെ നിർമാണത്തിൽ വൈവിദ്യമുള്ള തൊഴിലാളികൾ. ഈ രംഗത്തുള്ള പ്രൈവറ്റുടമയെ തൊഴിലിനായി ആശ്രയിക്കുന്നു. കയർ ഉൽപന്നങ്ങളുടെ വിപണനത്തിൽ ഏറെ സാധ്യതകളുള്ള പഞ്ചായത്തിൽ ആ രംഗത്ത് പ്രവർത്തിക്കാൻ സഹകരണസ്ഥാപനങ്ങൾ നിലവിലില്ല.

10 പഞ്ചായത്തിലെ പാവപ്പെട്ടവരും സാധ രണക്കാരുമായ ആളുകൾക്ക് പാർപ്പിടങ്ങളു ണ്ടാക്കാൻ ധന സഹായം നൽകുന്നതിന് ഭവ നനിർമ്മാണ/വായ്പാ സഹകരണ സ്ഥാപന ങ്ങൾ നിലവിലില്ല. പാവപ്പെട്ടവർ സർക്കാരി ന്റെ കീഴിൽ പ്രവർത്തിക്കുന്ന D. R.D.Aപോ ലുള്ള ഏജൻസികളെ ഇക്കാര്യത്തിൽ ആശ്ര യിക്കേണ്ടിയിരിക്കുന്നു. സ്ഥിര വരുമാനക്കാ രായ സാധാരണ ജനങ്ങൾ Hudco, L I C മറ്റുവാണിജ്യ ബാങ്കുകളുടെ കീഴിൽ പ്രവർ ത്തിക്കുന്ന ഭവന നിർമ്മാണ വായ്പാ ഏജൻ സികളേയും സമീപിക്കേണ്ടിയിരിക്കുന്നു.

11 പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സർ ക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ കീഴിൽ മരാമത്ത്, ട്രാൻസ്പോർട്ടേഷൻ എ ന്നീ രംഗങ്ങളിൽ ധാരാളം തൊഴിൽ സാധ്യതക ളുണ്ട്. ഈ തൊഴിൽ സാധ്യതകൾ ഈ പഞ്ചാ യത്തിലെ അഭ്യസ്ത വിദ്യരായവർക്കും അല്ലാ ത്തവരുമായ യുവജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന വിധത്തിൽ ഒരുസഹകരണ സ്ഥാപ നം ഈ വിഭാഗം തൊഴിൽ രഹിതരെ ഉൾപ്പെടു ത്തി രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

സാധ്യതകൾ:-

1 കാർഷിക വായ്പകളും കാർഷികേതര വായ്പകളും ആവശ്യാനുസരണം പഞ്ചായത്തി ലെ എല്ലാ കുടുംബങ്ങൾക്കും ലഭ്യമാകത്തക്ക വിധം, പ്രവർത്തനം പഞ്ചായത്തിലെ എല്ലാ ഭാഗത്തും എത്തിക്കാൻ കഴിയുന്ന വിധത്തിൽ ഇന്ന് പ്രവർത്തിക്കുന്ന അണ്ടൂർക്കോണംസർവ്വീ സ് സഹകരണ ബാങ്കിന്റെ ശാഖകൾ വിവി ധ കേന്ദ്രങ്ങളിൽ ആരംഭിക്കണം. പ്രധാനപ്പെട്ട സ്ഥലങ്ങളായ കരിച്ചാറ (മൈതാനി) പായ് ച്ചിറ, അണ്ടൂർക്കോണം, കൊയ്ത്തൂർക്കോണം, എന്നീ ജംഗ്ഷനുകളിൽ ആരംഭിക്കാവുന്നതാ ണ്. ഈ ബ്രാഞ്ചുകളിൽകൂടി, നിക്ഷേപ സ മാഹരണം, ചിട്ടിബിസിനസ്, ഉപഭോക്തൃ ഉല്പന്നങ്ങളുടെ ക്രയ വിക്രയം, കൊപ്രാസം ഭരണ വിപണനം, Students Store എന്നിവ നടത്താവുന്നതും, ആ ബ്രാഞ്ചിന്റെ പ്ര വർത്തന മേഖലയിൽ താമസിക്കുന്ന കുടുംബ ങ്ങൾക്ക് സേവനം നൽകാവുന്നതുമാണ്. അ ല്ലാത്തപക്ഷം പഞ്ചായത്തിന്റെ തെക്കേവിള വാർഡ് 6–ാം നമ്പർ (കരിച്ചാറ)വാർഡ് XI–ാം നമ്പർ (കണിയാപുരം) ഔൺ വാർഡ് എന്നീ വാർഡുകൾ പ്രവർത്തന മേഖലയാക്കി ഒരു പ്രത്യേക സർവ്വീസ് സഹകരണസംഘം രൂ പീകരിക്കുകയോ ചെയ്യേണ്ടതാണ്.

2 മധ്യകാല, ദീർഘകാല കാർഷിക വായ് പകളും കാർഷികേതര രംഗങ്ങളിൽ [Non Farmseetor] പഞ്ചായത്തിലെ കുടുംബങ്ങൾ ക്ക് നിക്ഷേപിക്കാൻ ആവശ്യമായ ധനസ ഹായം നൽകുന്നതിനും ഇന്നുപ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രാഥമിക കാർഷിക വിക സന ബാങ്കിന്റെ ഡബ്സെൻറർ, പഞ്ചായത്തി ലെ പ്രധാനപ്പെട്ട കേന്ദ്രമായ കണിയാപുരത്ത് ആരംഭിക്കാവുന്നതാണ്.

മേൽപ്പറഞ്ഞവിധത്തിൽ സർവ്വീസ് സഹക രണ ബാങ്കിന്റെ ബ്രാഞ്ചുകൾ/തിരു:പ്രാഥമിക കാർഷിക വികസന ബാങ്കിന്റെ സബ്സെൻറർ എന്നിവ രൂപീകരിക്കാൻ ആവശ്യമായ നടപടി കളും, ധന സഹായവും ഉണ്ടാകണം.

ജില്ലാ ബാങ്കിൽ സ്വരൂപിക്കുന്ന നിക്ഷേ പങ്ങളുടെ നിശ്ചിത ശതമാനം മാത്രമുള്ള കാർഷിക/കാർഷികേതര വായ്പാരംഗങ്ങളിലു ള്ള വിനിയോഗത്തിന്റെ അനുപാതം കൂട്ടുന്ന നിന് നടപടി ഉണ്ടാകണം. ഉദാഹരണത്തിന്നി ക്ഷേപങ്ങളുടെ 40% മാത്രം വായ്പയായി പ്രാ ഥമിക സഹകരണ സംഘങ്ങൾക്ക്, ജില്ലാസ ഹകരണ ബാങ്ക് അനുവദിക്കുന്ന സമ്പ്രദായം മാറ്റി 60% ആക്കി ഉയർത്തണം.

3 സംഘത്തിൽ യോഗ്യരായ അംഗങ്ങൾക്ക് എ ക്കാലത്തും അംഗത്വം പ്രയാസം കൂടാതെ ലഭി ക്കാൻ അവസരം ഉണ്ടാകണം.

4 പഞ്ചായത്തിൽ നെല്ല്, മരിച്ചീനി, ഇഞ്ചി കുരു, മഞ്ഞൾ, കുരുമുളക് എന്നീ വിവിധ വിളകളുടെ കൃഷിക്കാവശ്യമായ വായ്പകൾ നൽകുമ്പോൾ, വിത്ത്, വളം, കീടനാശിനി, കാർഷികോപകരണങ്ങൾ, ജലസേചനത്തിനു ള്ള പമ്പ് സെറ്റ് സ്പ്രേയർ എന്നീ രംഗങ്ങ ളിൽ കർഷകർ മുടക്കേണ്ടതുകയുടെ, 33 ശതമാനമെങ്കിലും സബ്സിഡിത്തുകയായി,വ രുമാനഭേദമെന്യ എല്ലാ കർഷകർക്കും നൽകാൻ പദ്ധതി ഉണ്ടാകണം. ആയതു സഹകരണ സ്ഥാപനങ്ങൾ മുഖാന്തിരം തന്നെ നൽകണം.

5 പഞ്ചായത്തിൽ ഉള്ള കുടുംബങ്ങൾക്ക്, നിത്യോപയോഗ സാധനങ്ങളും, ഗൃഹോപകര ണങ്ങളും, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവകളും മിതമായവിലയ്ക്ക് നൽകാൻ കഴിയുന്ന വിധത്തിൽ ഒരു കേന്ദ്ര ഉപഭോക്തൃ സഹകരണ സംഘവും, അതിന്റെ ചില്ലറ വില്പന കേന്ദ്രങ്ങളുടെ ഒരു ശൃംഖല പ്രധാ

നപ്പെട്ട കേന്ദ്രങ്ങളിൽ ആരംഭിക്കുകയുംവേണം.

6 തൊഴിൽ പരിശീലനം നേടിയിട്ടുള്ള ടെയിലറിംഗ് തൊഴിലാളികളെ അംഗങ്ങളാക്കി, ഒരു ഗാർമെൻറ് മാകിംഗ് സഹകരണ സംഘം പഞ്ചായത്തിലെ പ്രധാനകേന്ദ്രം ആസ്ഥാനമാക്കി ആരാഭിക്കാവുന്നതാണ്. ഈ സംഘം മുഖേന, ബ്രയിസിയേഴ്സ്, ഷർട്ടുകൾ, പാൻറുകൾ, ചുരിദാർ, മാക്സി, മുതലായവ നിർമ്മിച്ച് വിപണനം നടത്താവുന്നതാണ്.

7 ഈ പഞ്ചായത്തിൽ ഇപ്പോൾ നെയ്ത്തു പരിശീലനം ലഭിച്ച കുടുംബങ്ങൾ ചുരുങ്ങിയ തോതിലെങ്കിലുമുണ്ട്. ഇവരെ ഉൾക്കൊള്ളിച്ച് ഒരു ഹാൻഡ്ലൂം വേവ്സ് സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

8 കയർ തൊഴിലാളികൾക്ക് എല്ലാ അംഗത്വം നൽകി, ഇന്ന് പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വികസിപ്പിക്കാവുന്നതാണ്. കയർ തൊഴിലാളികൾക്ക് വർഷത്തിൽ 6 മാസമെങ്കിലും തൊഴിൽ ലഭിക്കത്തക്കവണ്ണം അസംസ്കൃത സാധനമായ പച്ചത്തൊണ്ട് തുറന്ന കമ്പോളത്തിൽ മത്സരിച്ച് വാങ്ങി ശേഖരിക്കാൻ സംഘങ്ങൾക്ക് കഴിയത്തക്കവണ്ണം തൊണ്ട് വില വ്യത്യാസമായി വരുന്ന തുക സബ്സിഡിയായി നൽകണം. ഇന്നുള്ള സബ്സിഡി 165/ രൂപാ എന്ന തോത് ഉയർത്തണം.

9 കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സഹകരണ സംഘം രൂപീകരിച്ച്, പ്രവർത്തിപ്പിക്കണം. ഈ രംഗത്ത് തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള പരിശീലന കേന്ദ്രവും ഈ സഹകരണ സ്ഥാപനത്തിൻെറ കീഴിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.

10 കർഷകരുടെ വിവിധ കാർഷിക ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തി, പഞ്ചായത്തിലെ കർഷക കുടുംബങ്ങൾക്ക് വരുമാനം ഉണ്ടാക്കിക്കൊടുക്കുന്നതിന് ഇപ്പോൾ പ്രവർത്തിക്കുന്ന മാർക്കറ്റിംഗ് സഹകരണ സംഘത്തിൻെറ സബ് ഡിപ്പോകൾ പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ആരംഭിക്കാവുന്നതാണ്. സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ, സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ എന്നീ കേന്ദ്ര സംഘങ്ങളിൽ നിന്നും ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കാവുന്നതാണ്.

11 പഞ്ചായത്തിൽ പ്രധാന കേന്ദ്രങ്ങളിൽ കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ ഉൾക്കൊള്ളിച്ച് പൗൾട്രി ഫാമിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. അണ്ടൂർക്കോണം, പായ്ചിറ, കീഴാവൂർ, കരിച്ചാറ, പള്ളിപ്പുറം കണിയാപുരം, കൊയ്ത്തൂർക്കോണം എന്നീ സ്ഥലങ്ങളിൽ ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. ഈ സംഘങ്ങളുടെ കീഴിൽ ഇറച്ചിക്കോഴി, മുട്ട എന്നിവയുടെ വിപണനവും ഏറെടുത്ത് നടത്താവുന്നതാണ്.

12 കണിയാപുരം ഠൗൺവാർഡിലും തെക്കേവിള വാർഡിലും, ആലുംമൂട് വാർഡിലും തിരുവെള്ളൂർ ഉൾപ്പെടുന്ന വാർഡിലും പശു എരുമ എന്നീ കറവമാടുകളുടെ വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷക കുടുംബങ്ങളെ ഉൾക്കൊള്ളിച്ചു ആനന്ദ് മാതൃകയിലുള്ള ക്ഷീരോല്പാദകരുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ചു പ്രവർത്തിപ്പിക്കാവുന്നതാണ്.

13 സാങ്കേതിക പരിശീലനം നേടിയിട്ടുള്ള തൊഴിലാളികളെ അംഗങ്ങളാക്കി, റബ്ബർ ചപ്പലുകൾ തുകൾ സഞ്ചികൾ ചെരുപ്പുകൾ, പ്ലാസ്റ്റിക്കു ഉപയോഗിച്ചു വിവിധ വ്യാവസായികഉല്പന്നങ്ങൾ, ഗൃഹോപകരണങ്ങൾ അലങ്കാര വസ്തുക്കൾ ഇവകൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുള്ള ഒരു കേന്ദ്ര ചെറുകിട വ്യവസായ സഹകരണ സംഘം പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളും സ്ഥാനമാക്കി രൂപീകരിച്ചു പ്രവർത്തിപ്പിക്കാവുന്നതാണ്.

14 പഞ്ചായത്തിൽ വിവിധ മരാമത്തു ജോലികൾ, പ്ലംബിംഗ് ജോലികൾ, കയറ്റിറക്കു ജോലികൾ ചരക്കു ഗതാഗത ജോലികൾ എന്നിങ്ങനെ വിവിധ ജോലികൾ ഏറെടുത്തു നടത്തുന്നതിന് സാങ്കേതിക വിദഗ്ദ്ധരേയും സാധാരണ തൊഴിലാളികളേയും ഉൾപ്പെടുത്തി ലേബർ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

15 പഞ്ചായത്തിലെ കുടുംബങ്ങൾക്ക് പാർപ്പിടങ്ങളുണ്ടാക്കുന്നതിനും അവരെ സഹായിക്കുന്നതിന് ഭവന നിർമ്മാണ/വായ്പാ സഹകരണസംഘങ്ങൾ പഞ്ചായത്ത് ഒട്ടാകെ പ്രവർത്തനമേഖലയായി ഉൾക്കൊള്ളിച്ച ഒരു ഭവന നിർമ്മാണ/വായ്പാ സഹകരണ സംഘം രൂപീ

കരിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്. ഈ സംഘം ഭവന നിർമ്മാണത്തിനും വസ്തുവാങ്ങുന്നതിനും ദീർഘകാല വായ്പകളും അനുവദിക്കുക, ഭൂമി വിലയ്ക്കെടുത്ത് ഫ്ളോട്ടുകളായി തിരിച്ച് അതിൽ വിവിധ നിലവാരത്തിലുള്ള ഭവനങ്ങളും നിർമ്മിച്ച് ഫ്ളോട്ടും വീടും കൂടി വായ്പയായി നൽകുക. ഇവയിലേതെങ്കിലുമോ, രണ്ടും കൂടിയോ ഏറെടുത്തു നടത്താവുന്നതാണ്. ഈ സംഘത്തിന്റെ കീഴിൽ വീട് നിർമ്മിക്കുന്നതിനാവശ്യമായ സാധന സാമഗ്രികളും മൊത്തമായി വാങ്ങി മിതമായ ലാഭത്തിൽ അംഗങ്ങൾക്ക് വിൽക്കുന്ന പ്രവർത്തനവും നടത്താവുന്നതാണ്.

16 പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായി വിവിധ ഉദ്ദേശലക്ഷ്യങ്ങളും ഉൾക്കൊള്ളിച്ച് പഞ്ചായത്തിൽ ഒന്നോഅധിലതികമോ സംഘങ്ങളും രൂപികരിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്.
17 വനിതകളുടെ ക്ഷേമത്തിനും വിവിധ ഉദ്ദേശലക്ഷ്യങ്ങളും ഉൾക്കൊള്ളിച്ച് പഞ്ചായത്തിലെ രണ്ടോ മൂന്നോ വാർഡുകൾക്ക് ഒരു സംഘം എന്ന തോതിൽ വനിതാക്ഷേമ സഹകരണ സംഘങ്ങളും രൂപീകരിക്കാവുന്നതാണ്.

18 പഞ്ചായത്തിൽ പ്രിൻറിംഗ് സംബന്ധമായ ജോലികളിൽ പ്രാവീണ്യം നേടിയിട്ടുള്ള സാങ്കേതിക തൊഴിലാളികളെ ഉൾക്കൊള്ളിച്ച് പ്രിൻറിംഗ് സഹഹകരണ സംഘങ്ങളും രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.
19 സഹകരണാടിസ്ഥാനത്തിൽ നഴ്സറിസ്ക്കൂളും സ്ഥാപിച്ച് പ്രവർത്തിക്കുന്നതിനും പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് പാസായിട്ടുള്ള അദ്ധ്യാപകരെ ഉൾക്കൊള്ളിച്ച് ട്രൈയിനേഡ് നഴ്സറി സ്ക്കൂൾ ടീച്ചേഴ്സ് സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്.

20 കരിച്ചാറ നിലവിലുള്ള ചൂരൽവ്യവസായ സഹകരണ സംഘത്തിൽ ചൂരൽപ്പണി അറിയുന്ന എല്ലാ പട്ടികജാതി സമുദായങ്ങൾക്കും അഗംത്വം നൽകേണ്ടതാണ്. ഇക്കാര്യം ഗ്രാൻറ് അനുവദിക്കുന്ന വേളയിൽ ഉറപ്പുവരുത്തേണ്ടതാണ്.

അണ്ടൂർക്കോണം റസിഡൻഷ്യൽ വെൽഫയർ സഹകരണ സംഘം റ.നി. 1327

ഈ പഞ്ചായത്തിൽ അണ്ടൂർക്കോണം വാർഡിനെ കേന്ദ്രീകരിച്ച് പ്രവർത്തിച്ച് വരുന്ന സംഘമാണ് 1996 മെയ്മാസം ഉൽഘാടനം ചെയ്ത അണ്ടൂർക്കോണം റസിഡൻഷ്യൽസർവ്വീസ് സഹകരണ സംഘം. പുതിത ഈ സംഘം വഴി അണ്ടൂർക്കോണം വാർഡും മറ്റുള്ള പ്രദേശത്തുള്ള ജനങ്ങൾക്ക് വായ്പ കൊടുക്കുന്നു. കടം തീർക്കാൻ, ലോഡ് അടിക്കാൻ,സൈക്കിൾ ചെറുകിട കച്ചവടക്കാർക്ക് ലോൺ, തയ്യൽ മെഷീൻ വാങ്ങാൻ, കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്ക് എന്നീ വിധത്തിലുള്ള വായ്പകളും ജനങ്ങൾക്ക് കൊടുക്കുന്നു.

ഈ സംഘം ചെറിയ ചെറിയ ചിട്ടികളും നടത്താനും, കാർഷിക മേഖലയിൽ വായ്പകളും നല്കാനുമുള്ള അനുവാദം ഗവൺമെൻറിൽ നിന്നും വാങ്ങി കൊടുക്കേണ്ടതാണ്. ഈ സംഘത്തിന്റെ കീഴിൽ കൊപ്രാ മേഖലയായ പ്രദേശമായതിനാൽ കൊപ്രാ സംഭരണം അനുവാദം കൂടി കൊടുക്കേണ്ടതാണ്. മാത്രമല്ല ഈ സംഘം കൂടുതൽ വിപുലീകരിക്കുന്നതിന് അടുത്ത പഞ്ചായത്തായ കഴക്കൂട്ടം പഞ്ചായത്തിന്റെ മരുപ്പൻകോട് വാർഡും, അണ്ടൂർക്കോണം പഞ്ചായത്തിലെ പായ്ച്ചിറ വാർഡും ഇതിൽ ഉൾപ്പെടുത്തി ഒരു വലിയ സഹകരണ സംഘം ആക്കി തീർക്കേണ്ടതാണ്.

അണ്ടൂർക്കോണം വാർഡിൽ കാഷ്യൽ സഹകരണ സംഘം രജിസ്റ്റർ ചെയ്യേണ്ടതാണ്. കാരണം ഈ ഭാഗത്ത് ധാരാളം കശുമാവ് ഉള്ളതിനാൽ കശുവണ്ടി സംഭരിച്ച് ഈ സംഘം നടത്താൻ കഴിയും. അതിന്റെ പേരിൽ ധാരാളം സ്ത്രീകൾക്ക് തൊഴിൽ നൽകാൻ കഴിയുന്നതാണ്.

വിഭവ സംഹരണം:-

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് സ്പെഷ്യൽഗ്രേഡായി പ്രവർത്തിക്കുകയാണ്.ഈ പഞ്ചായത്തിൽ കോർപ്പറേഷൻ/മുനിസിപാലിറ്റികളിൽ ബാധകമാക്കിയിട്ടുള്ള പ്രകാരം കെട്ടിട നിർമാണ ചട്ടങ്ങൾ 1–1–1991 മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിൽ നെൽകൃഷി പ്രധാനപ്പെട്ട ഒന്നാണ്. പള്ളിപ്പുറം ഏലായാണ് പ്രധാനപ്പെട്ട നെൽപാടം. മങ്ങാട്ട് ഏല, ആമ്പല്ലൂർ ഏല, അണ്ടൂർക്കോണം ഏല എന്നീ ചെറുകിട കൃഷി ഏലാകളും നിലവിലുണ്ട്. ഈ ഗ്രാമ പഞ്ചായത്തിലെ കർഷക തൊഴിലാളികളിൽ ഭൂരിപക്ഷവും പട്ടിക ജാതിയിൽ പെട്ടവരാണ്. മറ്റു സമുദായങ്ങളിൽ ഉൾപ്പെട്ടവർ വളരെ പരിമിതമായേ കർഷക തൊഴിലാളികളായുള്ളൂ. പരമ്പരാഗത/കുടിൽ വ്യവസായമായ കയർ മേഖലയിൽ എല്ലാ വിഭാഗങ്ങളിലും പെട്ട സ്ത്രീ

പുരുഷ തൊഴിലാളികളും പണിയെടുക്കുന്നു. കാർഷിക രംഗത്തും കയർ വ്യവസായ രംഗത്തും പ്രവർത്തിക്കുന്ന മൊത്തം തൊഴിലാളികളിൽ ഏതാണ്ട് 50% താഴെ മാത്രം വരുന്ന ആളുകളും ദിവസക്കൂലി അടിസ്ഥാനത്തിൽ മറ്റു തൊഴിൽ രംഗത്തും ചെറുകിട കച്ചവട രംഗത്തും പ്രവർത്തിക്കുന്നു. സ്ഥിര വരുമാനക്കാരായ തൊഴിലാളികളും വളരെ കുറവാണ്

കേരളത്തിലെ ഇതര ഭാഗങ്ങളിലെന്നതുപോലെ ഈ പഞ്ചായത്തിലേയും ജനങ്ങളും നേരിടുന്ന പ്രധാന പ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിലന്വേഷകരുടെ എണ്ണവും തൊഴിലിനു വേണ്ടി മറുനാടുകളിലേക്ക് പോകുന്നവരുടെ എണ്ണവും വർദ്ധിച്ചു വരുന്നു. ഏതെങ്കിലും അഭ്യസ്തവ്യദ്യരായ ചുരുക്കംചിലയുവാക്കളും, വ്യാപാരരംഗത്തും, കാർ/ആട്ടോ ഡ്രൈവർ തൊഴിലാളികളായും, മിനിവ്യവസായ യൂണിറ്റിലെതൊഴികളായും പ്രവർത്തി എടുക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിന്റെ വിവിധയിനങ്ങളിലുള്ള നികുതി വരുമാനം, സർക്കാർ ഗ്രാന്റ്, നിക്ഷേപം, ഫണ്ടുകളും പലവക എന്നവിവിധ ശാഖകളിലായി കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ വരവിനങ്ങളും താഴെ പട്ടിക1—ൽ ചേർക്കുന്നു.

പട്ടിക 2—ൽ ഭരണം പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം, ജലവിതരണം ഇലക്ട്രിസിറ്റി, മറ്റിനങ്ങളും എന്നീ വിവിധ ശാഖകളിലായുള്ള കഴിഞ്ഞ മൂന്ന് വർഷത്തെ ചെലവും ചേർക്കുന്നു.

പട്ടിക- (1) വരവ്

ക്രമനമ്പർ.	ഇനം	1993—94		1994—95		1995—96	
1	കെട്ടിട നികുതി	181180	65	190565	25	136253	85
2	തൊഴിൽ നികുതി	118200	00	142865	00	87735	00
3	പരസ്യ നികുതി	1301	30	4790	30	1418	40
4	പ്രദർശന നികുതി	1824	00	2180	00	2186	00
5	വസ്തുകൈമാറ്റ നികുതി	351195	00	208003	00	146403	00
6	ലൈസൻസ് ഫീസ്	8271	00	8282	00	6219	00
7	വിനോദ നികുതി	37225	00	37200	00	37200	00
8	അധിക വിനോദ നികുതി	22800	00	22800	00	22800	00
9	സ്റ്റാൾ വാടക	3925	00	3380	00	3054	00
10	ചന്ത വരവ്	53162	00	57453	00	41700	00
11	ലേലങ്ങൾ	58093	00	8269	00	4520	00
12	കെട്ടിട നിർമ്മാണ ലൈസൻസ്	23208	00	20991	00	24205	00
13	സെയിൽസ് ടാക്സ്	7994	80	1146	75	1075	75
14	ലൈറ്റിംഗ് ഗ്രാന്റ്	10000	00	—		—	
15	25% ഡ്യൂട്ടി	150000	00	150000	00	205792	00
16	വി. ആർ. എം. ഗ്രാന്റ്	26258	00	25548	00	16040	00
17	വി. ടി. സി. ഗ്രാന്റ്	49878	00	23000	00	88434	00
18	എം. ഐ. ഗ്രാന്റ്	8971	00	8971	00	9971	00
19	ഉപധിരഹിതഫണ്ട്	197060	00	275500	00	289490	00
20	ബേസിക് ടാക്സ് ഗ്രന്റ്	—		16609	00	—	
21	കുഴൽ കിണർ ഗ്രാന്റ്	—		—		30000	00
22	മറ്റ് വരവ്	29574	90	37019	95	33772	15
	ആകെ	1340121	65	1244573	25	1188269	15

പട്ടിക (2) ചെലവ്


ക്രമനമ്പർ.	ഇനം	1993–94	1994–95	1995–96
1	ഭരണപരം	539596 85	612751 00	674466 75
2	പൊതുമരാമത്ത്	307378 00	478809 80	329852 50
3	വിദ്യാഭ്യാസം	37070 65	29137 95	17557 25
4	ആരോഗ്യം	7893 20	5394 00	12787 00
5	ജലവിതരണം	—	50000 00	4704 00
6	കറണ്ട് ചാർജ്ജ്	92660 00	101181 00	94084 00
7	കെ. എസ്. ആർ. ടി. സി.	—	420450 00	—
8	മറ്റിനങ്ങൾ	22842 40	28465 80	91854 40
	ആകെ	1007441 10	1726189 50	1225305 80

എല്ലാ ഇനങ്ങളിലുമായി പഞ്ചായത്തിന്റെ 1995–96-ലെ ആകെ വരവ് 1188269–15 ആണ് തൻ വർഷത്തെ ആകെ ചെലവ് 1225305–80 ആണ്. ആകെ വരുമാനത്തിന്റെ 103% മൊത്തം ആണ് ചെലവ്.


ഈ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്ന ചെറിയ കെട്ടിടം, പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ വിപുലീകരണം വന്നതോടുകൂടി വർദ്ധിച്ചുവന്ന സ്റ്റാഫിനെ ഉൾക്കൊള്ളാനും റിക്കാർഡുകൾ ഉൾക്കൊള്ളാനും കഴിയാതെവരുകയും അതിന്റെ അടിസ്ഥാനത്തിൽ ഈപഞ്ചായത്തിന് തനതായി ഒരു കെട്ടിടവും അനുബന്ധമായി ഒരു ഷോപ്പിംഗ് കോംപ്ലക്സും പണിയണമെന്ന് 1996–ൽ നിലവിൽ വന്ന ഭരണസമിതിക്ക് മുൻപ് നിലവിലിരുന്ന ഭരണസമിതി തീരുമാനിക്കുകയും ആ ഭരണസമിതി ഭാഗികമായി ആ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. പഞ്ചായത്തിന്റെ ആഫീസ് ഇപ്പോൾ പഞ്ചായത്തിന്റെ സ്വന്തം ഭൂമിയിൽ ഭാഗികമായി നിർമ്മാണം പൂർത്തിയാക്കപ്പെട്ട അണ്ടൂർ–ക്കോണം ഗ്രാമപഞ്ചായത്ത് ആഫീസ് കം ഷോപ്പിംഗ് കോംപ്ലക്സിലാണ് പ്രവർത്തിക്കുന്നത്.



ഹോമിയോ ഡിസ്പെൻസറി, കരിപ്പൂര.



പ്രാഥമിക ആരോഗ്യകേന്ദ്രം, അണ്ടൂർക്കോണം



പഞ്ചായത്ത് ജല സംഭരണി

അണ്ടൂർക്കോണം പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനവും, കുടിവെള്ള പ്രശ്നവും

സംബന്ധിച്ചുള്ള റിപ്പോർട്ട്

പതിനൊന്ന് വാർഡുകളും അടങ്ങുന്ന അണ്ടൂർക്കോണം പഞ്ചായത്തിലെ ആകെ ജനസംഖ്യ ഉദ്ദേശം 32000—ത്തോളം ഉള്ളതായിട്ടാണ് സ്ഥിതി വിവരകണക്കുകളിൽ നിന്നും ലഭ്യമാക്കുന്നത്.

ഈ ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ സന്തുലിതമായ സാമാന്യ ജീവിതത്തിന് പരിഹരിക്കപ്പെടേണ്ട പല പ്രശ്നങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പ്രാധാന്യമായിട്ടുള്ളത് ആരോഗ്യ പരിപാലനവും, ശുദ്ധജല ലഭ്യതയുമാണ്. ഈ രംഗത്ത് ഗ്രാമ പഞ്ചായത്തിൽ പേരെടുത്തുപറയാവുന്ന ചില സ്ഥാപനങ്ങളും ഉണ്ടെങ്കിലും, അവകളെല്ലാം തന്നെ തൃപ്തികരമായ നിലയിലല്ല പ്രവർത്തിച്ചു വരുന്നത്. അണ്ടൂർക്കോണത്ത് ഒരു പ്രൈമറി ഹെൽത്ത് സെൻറും, അവയുടെ കീഴിൽ അഞ്ച് സബ് സെൻറുകളും, വിവിധ വാർഡുകളിലായി പ്രവർത്തിച്ചുവരുന്നു. എന്നാൽ മൂന്ന് സബ് സെൻറുകൾക്ക് സ്വന്തമായി കെട്ടിടമില്ലാത്തതും, എല്ലാ സബ് സെൻറുകളിലും ആവശ്യത്തിന് മരുന്നോ, അത്യാവശ്യം വേണ്ട ജീവനക്കാരോ ഇല്ലാത്തതും ആകുന്നു. അണ്ടൂർക്കോണം ഹെൽത്ത് സെൻററിൽ ജീവനക്കാർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സുകൾ ഇല്ലാത്തതിനാൽ അത്യാഹിത സ്വഭാവത്തിൽ അവിടെ വരുന്ന രോഗികൾക്ക് തത്സമയം അത്യാവശ്യ ചികിത്സ ലഭിക്കുന്നതിന് തക്കവണ്ണം ഹെൽത്ത് സെൻററിൻെറ സേവനം ലഭ്യമല്ലാത്ത അവസ്ഥയാണ്. അതുപോലെ പഞ്ചായത്തിൻെറ 1—ാം വാർഡിൽ ഒരു ആയൂർവേദ ഡിസ്പെൻസറിയും, 8—ാം വാർഡിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും, പഞ്ചായത്തിലെ ജനങ്ങളുടെ തൃപ്തികരമായ ആരോഗ്യ പരിപാലനത്തിനു് ഉതകുന്ന വിധത്തിലല്ല അവകളുടെയും പ്രവർത്തനങ്ങളും നടന്നുവരുന്നത്. ആവശ്യത്തിനുള്ള മരുന്നോ, ജീവനക്കാരോ, ആവശ്യംവേണ്ട സ്ഥലസൗകര്യങ്ങളോടു കൂടിയ സ്വന്ത കെട്ടിടങ്ങളിലോ അല്ല പ്രവർത്തിച്ചുവരുന്നത്. ജനങ്ങൾക്ക് ആവശ്യം വേണ്ട വിധത്തിലുള്ള സേവനങ്ങളും ലഭ്യമാകണമെങ്കിൽ ആവശ്യത്തിനുവേണ്ട ജീവനക്കാരും, രോഗികളെ കിടത്തി ചികിത്സിക്കാൻ തക്കവണ്ണം ബെഡ്കളോടുകൂടിയ ആശുപത്രികളായി, ഈ രണ്ടു സ്ഥാപനങ്ങളും വികസിപ്പിക്കേണ്ടതത്യാവശ്യമാണ്. കൂടാതെ മലേറിയാ, ക്ഷയം, കോളറാ തുടങ്ങിയ പകർച്ച വ്യാധികളും ഉണ്ടാകാതെയിരിക്കുന്നതിനു് വേണ്ട പ്രതിരോധപരമായ ചികിത്സാ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്ന തോടുകൂടി അവയുടെ സുഗമമായ പ്രവർത്തനത്തിനു് ആവശ്യം വേണ്ട ഹെൽത്ത് വിസിറേറന്മാരുടെ സേവനവും ഉണ്ടാകേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ ഇന്ന് സംസ്ഥാനത്തൊട്ടാകെ തന്നെ ഗ്രാമതലത്തിൽ ശ്രദ്ധിക്കപ്പെടാതെ അവഗണിക്കപ്പെട്ടു കിടക്കുന്നതും, തന്നിമിത്തം ജനങ്ങളുടെ ആരോഗ്യത്തിനു് ഒരളവുവരെ ഹാനികരമായിട്ടുള്ളതുമായ ശുചീകരണ പ്രവർത്തനം വളരെ ശ്രദ്ധയോടും, പ്രാധാന്യത്തോടും കൂടി പദ്ധതി പ്രവർത്തനങ്ങളോടൊപ്പം നടത്തേണ്ടതാണ്. അവയിൽ പ്രധാനമായും നടപ്പാക്കേണ്ടത്, പഞ്ചായത്തിൻെറ വികസന പ്രവർത്തനത്തിൻെറ ഭാഗമായി എല്ലാ ഭവനങ്ങളിലും:—

1 കക്കൂസുകൾ സ്ഥാപിക്കുക

2 കൊതുക് നശീകരണ പ്രവർത്തനം ഊർജ്ജിതമാക്കുക.

3 ഭവനങ്ങളിലും, പൊതുമാർക്കറ്റുകളിലും കുന്നുകൂടുന്ന ചപ്പുചവറുകൾ ചീഞ്ഞ് പരിസര മലിനീകരണത്തിനും, കൊതുകുകൾ മുട്ടയിട്ട് പെരുകാതെയിരിക്കുന്നതിനുമായി, അവ കമ്പോസ്റ്റ് ചിറ്റുകൾ ഉണ്ടാക്കി സംസ്ക്കരിക്കുന്നതിനു് വേണ്ട പദ്ധതികളും ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുക.

കുടിനീർ ജലത്തിൻെറ ലഭ്യതയാണ് ആരോഗ്യപരിപാലനത്തെ പോലെ തന്നെ ഏറ്റവും അത്യാവശ്യമായി പരിഹരിക്കപ്പെടേണ്ടതാണ്. ഇന്ന് അണ്ടൂർക്കോണം പഞ്ചായത്തിലെ ഏക ശുദ്ധജല വിതരണ പദ്ധതി വാട്ടർ

അതോറിറ്റിയുടെ നിയന്ത്രണത്തിലും ചുമതലയിലും നടത്തി വരുന്ന ആനതാഴ്ചിറ ശുദ്ധജല പദ്ധതി മാത്രമാണ്. അതിന്റെ പ്രവർത്തനം ഇന്ന് ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും ആവശ്യത്തിനുള്ള ജലം വിതരണം ചെയ്യുവാൻ കഴിവില്ലാത്ത ഒരുഅപൂർണ്ണ പദ്ധതിയായിട്ടാണ് തീർന്നിട്ടുള്ളത്. പഞ്ചായത്തിലെ മുഴുവൻ ശുദ്ധജല ഉപഭോഗത്തിന്റെ കണക്ക് തിട്ടപ്പെടുത്തി ഈ പദ്ധതി വികസിപ്പിക്കേണ്ടതാണ്.

ഈ ഗ്രാമപഞ്ചായത്തിലെ 32000–ത്തോളം വരുന്ന ജനസംഖ്യയിൽ പ്രായാടിസ്ഥാനത്തിലുള്ള ആകെ ദമ്പതിമാർ കണക്ക് താഴെ പറയുന്ന പ്രകാരമാണ്.

1 സ്ത്രീയുടെ പ്രായക്രമം

(a) 15—19—146
(b) 20—24—490
(c) 25—29—653
(d) 30—34—803
(e) 35—39—703
(f) 40—44—433
ആകെ—3228

2 അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ.

(a) 1 കുട്ടി 417 (b) 2 കുട്ടികൾ 152 (c) 2–ൽ കൂടുതൽ കുട്ടികൾ 1535

3 കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ.

		താല്ക്കാലികം	സ്ഥിരമായിട്ടുള്ള	ആകെ
(a)	1 കുട്ടി	310	5	315
(b)	2 കുട്ടികൾ	177	882	1059
(c)	2-ൽ കൂടുതൽ കുട്ടികൾ	199	1251	1450
		686	2138	2824

4 സ്ഥായിയായ രോഗബാധിതർ

(a)	രക്ത സമ്മർദ്ദം	735
(b)	പ്രമേഹം	186
(c)	ക്യാൻസർ	9
(d)	കുഷ്ഠം	2
(e)	ക്ഷയം	70
(f)	ഹൃദ്രോഹം	10
	ആകെ	1012

5 (a) ഒരുവയസിൽ താഴെയുള്ള കുട്ടികളുടെ എണ്ണം. 266

(b) പ്രതിരോധ കുത്തിവയ്പ്പ് നടത്തിയവർ 266

6 ആകെ ഗർഭണികൾ 198

7.3 അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ശാപിള്ളജനനം
1	2	3	4
1993–94	270	—	—
1994–95	259	—	—
1995–96	237	—	—

7.4 അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായു ജന്യരോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1	2	3	4	5
1993–94	444	13	—	
1994–95	450	12	1	
1995–96	432	17	4	

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച വിവിധ വിഭാഗം രോഗികളുടെ സ്ഥിതി വിവര കണക്ക്

വർഷം	രോഗങ്ങളെ സംബന്ധിച്ച വിവരം (പ്രതിവർഷം)							
	ഇൻപേഷ്യൻറ് എണ്ണം	ഔട്ട്പേഷ്യൻറ് എണ്ണം	ത്വക്ക് രോഗം	വാതരോഗം (എല്ലാവിഭാഗവും)	പകർച്ച വ്യാധികൾ	വിഷചികിത്സ (പാമ്പുവിഷം)	മറ്റുള്ള രോഗങ്ങൾ	ആകെ
1992–'93	–	56177	200	570	318	–	55089	
1993–'94	687	60514	180	880	257	–	59197	
1994–'95	321	60128	78	1250	263	–	58537	
1995–'96	103	62814	190	1120	253	–	61251	
ആകെ	1121	239633	648	3820	1091	–	234074	

വാർഡുകളിൽ ആരോഗ്യ പരിപാലനവും ശുദ്ധ ജലവിതരണവും സംബന്ധിച്ച് പഞ്ചായത്തുതലത്തിൽ നടത്തേണ്ട വികസന പ്രവർത്തനങ്ങൾ

1 വാർഡ് നമ്പർ I (വെള്ളൂർ)

ഈ പഞ്ചായത്തിലെ ഏക ആയുർവേദ ഡിസ്പെൻസറി ഈ വാർഡിലാണ് സ്ഥിതി ചെയ്യുന്നത് ഇവിടെ ആവശ്യത്തിനുള്ള മരുന്നും മറ്റ് സൗകര്യങ്ങളുമില്ല. ആശുപത്രി, കിടക്കകളുള്ള വാർഡുകൾ കൂടി അനുവദിച്ച് ഒരു ആയുർവേദ ആശുപത്രിയായി വികസിപ്പിക്കേണ്ടതാണ്. അണ്ടൂർക്കോണം അലോപ്പതി പ്രൈമറി ഹെൽത്ത് സെൻറർ ഇവിടെ നിന്ന് അഞ്ച് കിലോ മീറ്ററോളം ദൂരെ സ്ഥിതി ചെയ്യുന്നതിനാൽ പി. എച്ച്. സെൻറിൻറെ ഒരു സബ് സെൻറർ ഈ വാർഡിൽ സ്ഥാപിക്കുകയും ഒരു ഡോക്ടറുടെയും ഹെൽത്ത് വിസിറ്റർമാരുടെയും സ്ഥിരമായ സേവനം ഈ സെൻറിൽ ഉണ്ടാകേണ്ടതാണ്. ആശുപത്രി പരിസരത്തുള്ള കിണറിൽ ആശുപത്രി കോമ്പൗണ്ടിലുള്ള വൃക്ഷങ്ങളിൽ നിന്ന് ഇലകൾ കൊഴിഞ്ഞ് വീണ് ജലം അശുദ്ധമായി കൊണ്ടിരിക്കുകയാണ്. ആയതിനാൽ കിണറിൻറെ പരിസരത്തുള്ള വൃക്ഷങ്ങൾ മുറിച്ച് മാറ്റി കിണറിലെ ജലം മലിനമാകാതെ ശ്രദ്ധിക്കേണ്ടതാണ്. ഈ വാർഡിൽ സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം ജില്ലയിലെ ഏറ്റവും വിസ്തൃതി കൂടിയ ആനതാഴ്ചിറ ശുദ്ധജല പദ്ധതി ഈ വാർഡിലെയും പഞ്ചായത്തിലെ തന്നെ മറ്റ് പ്രദേശങ്ങളിലേക്കും ആവശ്യമായ ശുദ്ധജല വിതരണത്തിന് ഉപയുക്തമായ രീതിയല്ല പദ്ധതിയുടെ പ്രവർത്തനം. ആയതിനാൽ ഈ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും ഭാവിയിൽ പോലും ഉണ്ടാകാവുന്ന വർദ്ധിച്ച ശുദ്ധജല വിതരണത്തിൻറെ ആവശ്യത്തെ കണക്കാക്കി പദ്ധതി വികസിപ്പിച്ച് ഒരു ശുദ്ധീകരണ പ്ലാൻറ് സ്ഥാപിച്ച് ജലം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഈ വാർഡിലെ തന്നെ കക്കാട്ടുമഠം കുളം കൂടുതൽ താഴ്ത്തി പമ്പ്സെറ്റ് സ്ഥാപിച്ചും ശുദ്ധ ജലം ലഭ്യമാക്കാവുന്നതാണ്. അതുപോലെ ഈ വാർഡിലെ പൊതുകിണറുകൾ പലതും സമീപ പ്രദേശമായ മംഗലപുരത്തെ, കളിമൺ ഖനനം നിമിത്തം ഭൂഗർഭ ജലത്തിൻറെ ലവൽ താഴുന്നതുകൊണ്ട് ജലം വേനൽക്കാലത്ത് വറ്റിപ്പോകുന്നതാണ്. ആയതിനാൽ ഇതിനെരു പരിഹാരം കണ്ടെത്തി കിണറുകൾ കുറെക്കൂടി താഴ്ത്തി പൊതുജനങ്ങളുടെ ആവശ്യത്തിനായി സജീകരിക്കേണ്ടതാണ്.

ഈ പ്രദേശത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്ന ജനങ്ങൾക്ക് പഞ്ചായത്തിൻറെ ആഭിമുഖ്യത്തിൽ സൗജന്യമായ കക്കൂസുകൾ നിർമ്മിച്ച് കൊടുക്കേണ്ടതും പകർച്ചവ്യാധികൾ പരത്തുന്ന കൊതുകുകളുടെ വർദ്ധിതമായ വളർച്ച തടയുന്നതിന് വേണ്ട പദ്ധതികളും പ്രവർത്തി പദത്തിൽ കൊണ്ടുവരേണ്ടതാണ്. അത് പോലെ തന്നെ പഞ്ചായത്തിലെ എല്ലായിടത്തും ഉള്ള വീടുകളിൽ കക്കൂസുകളിലെ ഗ്ലാസ് പൈപ്പുകളിന് മുകളിൽ കൊതുക് പുറത്തേക്ക് വമിക്കാതിരക്കുവാൻ വലകൊണ്ട് പൊതിയണം, പഞ്ചായത്തിലെ എവിടെ ഏങ്കിലും ഒരു സ്റ്റാർ ഹൗസ് സ്ഥാപിച്ച് വഴിയോര അറവുശാലകൾ തടഞ്ഞ് ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകുന്ന ഇത്തരം മേഖലകളുടെ പ്രവർത്തനം തടയണം.

2 വാർഡ് II (കീഴാവൂർ)

ഈ വാർഡിൽ അണ്ടൂർക്കോണം പ്രൈമറി ഹെൽത്ത് സെൻറിനോടനുബന്ധിച്ച് ഒരു മാതൃശിശു സംരക്ഷണ കേന്ദ്രം (Matirnity and ChilbHealth Centre) സ്ഥാപിച്ച് ഒരു ANM

നഴ്സിനെ നിയമിച്ച് ഈ വാർഡിലെ സ്ത്രീകളുടെയും, കുഞ്ഞുങ്ങളുടെയും ആരോഗ്യത്തിന് സംരക്ഷണം നൽകേണ്ടതാണ്. കൂടാതെ **P H** സെൻററിലെ ഡോക്ടറുടെ സന്ദർശന പരിശോധനയും ഉണ്ടാകുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് നിർദേശം നൽകുന്നതിന് പഞ്ചായത്തിൽ നിന്നും ശ്രമിക്കേണ്ടതാണ്. കമ്പോസ്റ്റ് പിറ്റുകളും നിർമ്മിച്ച് ചപ്പുചവറുകളും നിറച്ച് പരിസര ശുചീകരണം നടത്തുന്നതിനും, ഈ പ്രദേശങ്ങളിൽ എല്ലാ വീടുകളിലും കക്കൂസുകളും നിർമ്മിക്കുവാൻ പഞ്ചായത്തിൽ നിന്ന് വേണ്ട ധന സഹായം ലഭ്യമാക്കണം. കൊതുക് നിർമ്മാർജന പരിപാടി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കേണ്ടതാണ്.

ആനതാഴ്ചിറയിൽ നിന്ന് ഇപ്പോൾ ഇവിടെ കിട്ടുന്നപൈപ്പുവെള്ളം ആവശ്യത്തിന് ലഭിക്കാത്തതിനാൽ ഇരവൂർക്കോണത്ത് ചിറയിലെ വെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമായി ഉപയോഗപ്പെടുത്തുവാൻ വേണ്ട സംവിധാനം ഉണ്ടാകേണ്ടതാണ് കൂടാതെ കുഴൽക്കിണർ സമ്പ്രദായം ഇവിടെ നടപ്പിലാക്കേണ്ടതാണ്. അതുപോലെ ഈ വാർഡിൽ ഇപ്പോൾപൈപ്പ്ലൈൻ ഇല്ലാത്തഭാഗങ്ങളിൽ പൈപ്പ്ലൈൻ നീട്ടുകയും അതുവഴി ആവശ്യമായ ശുദ്ധ ജലം എത്തിക്കുവാൻ വേണ്ട നടപടികളും സ്വീകരക്കണം. ഈ വാർഡിൽ നിലവിലുള്ള പഞ്ചായത്തു കിണറുകളും കുഴിച്ചു ജലം ലഭ്യമാക്കുകയും വീടുകളിൽ കിണറുകളും കുഴിക്കുന്നതിന് ധന സഹായം ലഭ്യമാക്കുകയും വേണം.

3 വാർഡ് III (അണ്ടൂർക്കോണം)

ഈ പഞ്ചായത്ത് പ്രദേശത്തെയും സമീപത്തുള്ള മറ്റ് പഞ്ചായത്തുകളിൽ നിന്നും ദിനം പ്രതി 500ൽ കൂടുതൽ രോഗികളും ചികിത്സക്കായി അണ്ടൂർക്കോണം പ്രൈമറി ഹെൽത്ത് സെൻററിൽ വരുന്നുണ്ട്. ഒരു പ്രൈമറി ഹെൽത്ത് സെൻററിനെ സംബന്ധിച്ചിടത്തോളം കുറഞ്ഞത് മൂന്ന് ഡോക്ടർമാരുടെയും അതനുസരിച്ച നഴ്സുകളും, ഫാർമസിസ്റ്റ്, അറൻറർമാർ ഹെൽത്ത് വിസിറ്റർമാർ തുടങ്ങിയവരുടെ സേവനം അത്യാവശ്യമാണ്. അതുപോലെ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളും ഉണ്ടായിരിക്കേണ്ടതാണ്. അതുപോലെ ആവശ്യത്തിന് വേണ്ട മരുന്നുകളും ലബോറട്ടറിസൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഈ സെൻററിനെ സംബന്ധിച്ചിടത്തോളം ജീവനക്കാർക്കുള്ള ക്വർട്ടേഴ്സുകളില്ലാത്തതിനാൽ ഇവിടെ വരുന്ന രോഗികൾക്ക് മുഴുവൻ സമയ ശുശ്രൂഷ ലഭിക്കുന്നില്ല. ഒരു ലബോറട്ടറി ഉണ്ടായിരുന്നത് പുത്തൻതോപ്പ് ഹെൽത്ത് സെൻററിലേക്ക് കൊണ്ടുപോയി. ഇതിനാൽ ലാബിൻെറ സേവനം ഇപ്പോൾ ലഭ്യമല്ല. ഇരുപത്തിനാല് കിടക്കകളുള്ള ഒരു പ്രസവ വാർഡ് ഉൾപ്പെടുന്ന ഈ സെൻററിൽ ഗർഭിണികൾക്ക് ആവശ്യം വേണ്ട പ്രാഥമിക ചികിത്സ പോലും ഇന്ന് കിട്ടുന്നില്ല. ആയതിനാൽ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകളും നിർമ്മിച്ചും, കൊണ്ടു പോയ ലാബ് തിരിച്ചുകൊണ്ട് വന്ന് അതിന് വേണ്ട ടെക്നീഷ്യനെ നിയമിച്ച് ആവശ്യത്തിനുള്ള മരുന്നുകളും ലഭ്യമാക്കിയും ഈ ആശുപത്രി യഥാർത്തത്തിലുള്ള ഒരു പ്രാഥമികാരോഗ്യ കേന്ദ്രമായി പൂർത്തീകരിക്കേണ്ടതാണ്. അതിന് പഞ്ചായത്തിൻെറ നേതൃത്വത്തിൽ ബന്ധപ്പെട്ട അധികൃതരെ സമീപിച്ച് ആശുപത്രി വികസിപ്പിക്കേണ്ടതാണ്.

അണ്ടൂർക്കോണം വാർഡിൽ 90% കിണറുകളിലും വെള്ളമില്ലാത്ത സ്ഥിതിയാണ് ഉള്ളത്. അണ്ടൂർക്കോണം ജംഗ്ഷനിലെ ബ്ലോക്കു നിർമ്മിച്ച കിണറിൽ ആവശ്യമുള്ള വെള്ളം ഉണ്ടെങ്കിലും കാലാകാലങ്ങളിൽ കിണറിലെ വെള്ളം ശുദ്ധീകരിക്കാത്തതിനാൽ അശുദ്ധമായ നിലയിലാണ്. ഈ കിണർ വൃത്തിയാക്കി വെള്ളം രോഗാണു വിമുക്തമാക്കി പമ്പുസെറ് സ്ഥാപിച്ച് ടാങ്കുകെട്ടി ജലം ശേഖരിച്ച് പൈപ്പ്ലൈൻവഴി വിതരണംചെയ്താൽ ഈ വാർഡിലെ ഭൂരിഭാഗം പ്രദേശത്തും ശുദ്ധജല ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. കൂടാതെ 1957-ൽ വാർഡിൻെറ വടക്കേയറ്റത്തുള്ള, കുരങ്ങറുത്താൻമൂല, തോട്ടിൽ (തെറിയാർ) കുഴൽകിണർ പദ്ധതിയെപറ്റി ഒരു സർവ്വേ നടത്തിയിട്ടുള്ളതും ആ റിപ്പോർട്ട് സർക്കാരിന് പോയിട്ടുള്ളതുമാണ്. ആ പദ്ധതി വീണ്ടും നടപടിയിൽ വരുത്തി പ്രവർത്തനത്തിൽ കൊണ്ടുവന്നാൽ ഇവിടത്തെ ശുദ്ധജല ദൗർലഭ്യം തീരുന്നത് കൂടാതെ സമീപപ്രദേശങ്ങളിലെ സ്ഥലങ്ങളിലേക്ക് ശുദ്ധജലം സുലഭമായി വിതരണം നടത്താവുന്നതാണ്. ലക്ഷംവീട് കോളനിയിലെ പഞ്ചായത്ത്കിണറും ശുദ്ധീയാക്കിയാൽ കോളനി പ്രദേശത്തുള്ളജലദൗർലഭ്യം പരിഹരിക്കുവാൻ സാധിക്കാവുന്നതാണ്.

ആശുപത്രിയിലെ ചപ്പു ചവറുകളും മറ്റു ഉപയോഗ ശൂന്യമായ വസ്തുക്കളും കത്തിച്ചു കളയുവാൻ തക്ക സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. അതു പോലെ അണ്ടൂർ—ക്കോണം മാർക്കറ്റിനകത്ത് കുന്നുകൂടുന്ന ചപ്പു ചവറുകളും നിമിത്തം പരിസരം വളരെ

വൃത്തി കീനമായി കിടക്കുകയാണ് അതിനാൽ അവ ശാസ്ത്രീയമായി നശിപ്പിക്കുന്നതിന് തക്ക നടപടികളും സ്വീകരിക്കേണ്ടതാണ്. അണ്ടൂർക്കോണം ജംഗ്ഷനു സമീപമുള്ള റോഡിനു ഇരുവശത്തും ഓട നിർമ്മിച്ചു റോഡു വശങ്ങളിൽ കെട്ടി കിടക്കുന്ന മലിനജലം ദൂരെ ഒഴുക്കി കളയുന്നതിന് വേണ്ട നടപടി ഉണ്ടാകണം സാമ്പത്തിക മായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് കക്കൂസുകളും നിർമ്മിച്ചു കൊടുക്കുന്നതിനു വേണ്ട നടപടികളും സ്വീകരിക്കണം.

4 വാർഡ് നമ്പർ IV (പായ്ച്ചിറ)

അണ്ടൂർക്കോണം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനത്തെ വിപുലപ്പെടുത്തി അതായത് ആശുപത്രി ജീവനക്കാർക്കുള്ള താമസ സൗകര്യത്തിനായി ക്വാർട്ടേഴ്സുകളും നിർമ്മിച്ചും, ചികിൽസാരംഗത്ത്, രോഗനിർണ്ണയത്തിനു രക്തം, കഫം, മലം, മൂത്രം തുടങ്ങിയവ പരിശോധിച്ചു രോഗങ്ങളുടെ നിർണ്ണയജനത്തിനു ആധുനികങ്ങളായ ലാബോട്ടറി സൗകര്യങ്ങളും ഏർപ്പെടുത്തുകയും വേണം. ഈ വാർഡിൽ ജനസാന്ദ്രത ഏറിയ ഭാഗത്ത്, ഈ ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ ഒരു സബ്—സെൻറർ തുടങ്ങേണ്ടതും മുഴുവൻ സമയത്തും പ്രവർത്തിക്കുന്ന ഒരു ഡ്യൂട്ടി നഴ്സിന്റെ സേവനം ഏർപ്പെടുത്തുകയും ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ആരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള ഡോക്ടർമരുടെ പരിശോധനാ സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്. തിരുവെള്ളൂരിൽ പ്രവർത്തിക്കുന്ന ആയുർവേദാശുപത്രിയുടെ, ഒരു സെൻറർ കൂടി ഈ വാർഡിൽ സ്ഥാപിക്കേണ്ടതത്യാവശ്യമാണ്.

ഈ വാർഡിൽ വളരെയേറെ ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ വിശിഷ്യാ കോളനിപ്രദേശങ്ങളിൽ കോളറ, മലേറിയ തുടങ്ങിയ പകർച്ച വ്യാതികൾ പടർന്നു പിടിക്കാൻ സാദ്ധ്യതയുള്ളതിനാൽ പ്രതിരോധ പരമായ മരുന്നുതളി, കൊതുകുനിർമ്മാർജ്ജന പ്രവർത്തനങ്ങൾ തുടങ്ങിയവ കാലാ കാലങ്ങളിൽ നടത്തുന്നതിന് സംവിധാന മേർപ്പെടുത്തേണ്ടതും അതിനായി സ്ഥിരമായി പൊതുജനാരോഗ്യവിഭാഗം ജീവനക്കാരെ നിയമിക്കുന്നതിന് പഞ്ചായത്തധികൃതർ ബന്ധപ്പെട്ട പൊതുജനാരോഗ്യ അധികൃതരെ അറിയിക്കേണ്ടതാണ്. അതുപോലെ കക്കൂസുകളില്ലാത്ത സാധുജനങ്ങൾക്ക് സൗജന്യമായി അവരുടെ പാർപ്പിടങ്ങളിൽ സൗജന്യമായി കക്കൂസുകൾ നിർമ്മിച്ച് കൊടുക്കുന്നതിന് ശ്രമിക്കേണ്ടതാണ് ഈ വാർഡിൽമാത്രം പരിഹരിക്കപ്പെടേണ്ട ഒന്നല്ലായെങ്കിലും ഇവിടെ വളരെ പ്രയാസമുണ്ടാക്കുന്ന ഒരു പ്രശ്നമാണ്. പേവിഷബാധയേറ്റനായ്ക്കളിൽ നിന്നുള്ളശല്യം. വർഷംതോറും ധാരാളം ആളുകൾ പേ,ബാധിച്ച നായ്ക്കളുടെ കടിയേറ്റ് പബ്ലിക്ക് ഹെൽത്ത് ലബോറട്ടറിയിൽ ചികിൽസക്കായി സമീപിക്കുന്നുണ്ട്. അതിനാൽ അലഞ്ഞു നടക്കുന്ന നായ്ക്കളെ കാലാ കാലങ്ങളിൽ കൊല്ലുന്നതിനായി പഞ്ചായത്തധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

ഈ വാർഡിലെ ശുദ്ധജല ഉപഭോഗത്തെ സംബന്ധിച്ചുള്ള ഉറവിടം ഒന്ന് ആനതാഴ്ചിറ പദ്ധതിയിൽനിന്നുള്ളതും, രണ്ടാമതായി സ്ഥലത്തെ കിണറുകളെ ആശ്രയിച്ചുമാണ്.ആനതാഴ്ചിറ പദ്ധതിയിൽ നിന്നുള്ള പൈപ്പുലൈൻ ഈവാർഡിൽ ചിലപ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ടാപ്പുകളിൽ നിന്ന് മിക്കസന്ദർഭങ്ങളിലും ലഭിക്കുന്നത് എക്കൽ അടങ്ങിയതും നല്ലരീതിയിൽ ശുദ്ധീകരിക്കാത്തതുമായ ജലമാണ്. അതുതന്നെ വേനൽക്കാലത്ത് മിക്ക ഭാഗങ്ങളിലും ലഭിക്കുന്നില്ല. അതിനാൽ ആനതാഴ്ചിറ പദ്ധതിഇൗ പഞ്ചായത്തിലെ മുഴുവൻജനങ്ങളുടെയും ശുദ്ധജല ആവശ്യം കണക്കിലെടുത്ത് ജലസംഭരണശേഷി വർദ്ധിപ്പിച്ച് ജലം ശുദ്ധി ചെയ്ത് എല്ലാ പ്രദേശങ്ങളിലും ജല വിതരണം സാധ്യമാകത്തക്കവണ്ണം പൈപ്പുലൈനുകളും ക്രമീകരിച്ച് സ്ഥാപിച്ചും, വിതരണ ശൃംഖലയിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന അറകുറപണികളും പരിഹരിക്കുവാൻ തക്കവണ്ണം ജലവിതരണ വകുപ്പിന്റെ ഒരു മേഖലാ ആഫീസ് ഈ പഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും ഭാഗത്ത് സ്ഥാപിക്കേണ്ടതുമാണ്.

അതുപോലെ ഈ വാർഡിലെ പൊതുകിണറുകളുടെ അറകുറപണികളും തീർത്ത് അവയിലും എല്ലാ വീടുകളിലും ഉള്ള കിണറുകളിലും യഥാസമയങ്ങളിലും അണുനാശിനികളും ഇട്ട് ജലശുദ്ധീകരണം നടത്തുന്നതിന് പൊതുജനാരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം ഉണ്ടാകേണ്ടതാണ്

വാർഡ് നമ്പർ 5 (പള്ളിച്ചവിട്)

ഈ വാർഡിൽ ഭൂരിപക്ഷം ഭാഗവും കോളനി പ്രദേശങ്ങളും വളരെ ജനതിരക്കുള്ള പ്രദേശവും ആയതുകൊണ്ട് ആരോഗ്യ പരമായി വളരെശ്രദ്ധിക്കപ്പെടേണ്ടതാണ് കോളനി പ്രദേ

ശങ്ങളിൽ മിക്കതും ചേരിപ്രദേശങ്ങളും ആകയാൽ പരിസര മലിനീകരണം ഒരു അതിർത്തിവരെ ബാധിക്കത്തക്കവിധം ചപ്പുചവറുകളുടെ കൂമ്പാരം പലയിടങ്ങളിലും കുന്നുകൂടുകയും അത് ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകത്തക്ക രീതിയിൽ ഉള്ള സ്ഥിതിവിശേഷമാണ്. ആയതിനാൽ പൊതുസ്ഥലങ്ങളിൽ പലഭാഗത്ത് ചപ്പുചവറുകളും സുരക്ഷിതമായി നിക്ഷേപിക്കുവാൻ തക്കവണ്ണം വീപ്പകളും (Dust Bin) സ്ഥാപിക്കേണ്ടതാണ്.
ഈ പ്രദേശങ്ങളിൽ കെട്ടിനിൽക്കുന്ന മലിനജലങ്ങളിലും തൊട്ടടുത്ത സി.ആർ.പി.എഫ്. ക്യാമ്പിലെ തുറസായ മലിനജല ശേഖരണിയിലും വൻതോതിൽ കൊതുകുകളും മുട്ടയിട്ട് പെരുകുന്ന സ്ഥിതി വിശേഷം വളരെ നാളുകളായി പല അധികൃത കേന്ദ്രങ്ങളിലും ഇവിടെ പൊതുജനങ്ങളും പരാതിപ്പെട്ടിട്ടും യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. ആയതിനാൽ സി. ആർ. പി. എഫ്. ക്യാമ്പിലെ മലിനജല സംഭരണി തുറസായിടാതെ കവർ ചെയ്യുകയും, കോളനികളിലും മറ്റുമുള്ളമലിനജലംകെട്ടിനിൽക്കുന്ന പ്രദേശങ്ങളിലും കൊതുനാശകീടനാശിനികളും തളിച്ചും കൊതുകിന്റെ വർദ്ധനവ് തടഞ്ഞ് ഈ പ്രദേശത്തുള്ളവരെ മലമ്പനി, കോളറ തുടങ്ങിയ പകർച്ച വ്യാധികളിൽ നിന്ന് രക്ഷിക്കുന്നതിൽ വേണ്ട ആരോഗ്യ സംവിധാനം ഉണ്ടാക്കേണ്ടതാണ്. അതുപോലെ ഈ പ്രദേശങ്ങളിൽ സൗജന്യമായി എല്ലാവീടുകളിലും കക്കൂസുകളും നിർമ്മിച്ച് കൊടുക്കേണ്ടതാണ്. കോളനി പ്രദേശങ്ങളും ആകയാൽ പരിസര ശുചീകരണം, ആരോഗ്യരക്ഷ എന്നീ കാര്യങ്ങളിൽ കാലാകാലങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ച് ബോധവൽക്കരണ പരിപാടികളും നടത്തേണ്ടതാണ്. അതുപോലെ രോഗത്തിനായാലും രോഗ പ്രതിരോധ രംഗത്ത് സൗജന്യമായ ചികിത്സാ സംമ്പ്രദായങ്ങളും കാലാകാലങ്ങളിൽ ഇവിടെ ചെയ്യേണ്ടതാണ്.

ഈ പ്രദേശത്തെ ജനങ്ങളും അവരുടെ ശുദ്ധജല ആവശ്യങ്ങളും നേരിടുന്നതു സ്ഥലത്തുള്ള കിണറുകളിൽ നിന്നും സമീപത്തുള്ള ആനതാഴ്ചിറ ശുദ്ധജലവിതരണ പദ്ധതിയുമാണ്.

കിണറുകളിൽ വർഷത്തിൽ രണ്ടു മൂന്നു മാസം കഴിഞ്ഞാൽ ജലവിതാനം താഴ്ന്നുപോകുന്നതിനാൽ കിണറിനെ ആശ്രയിച്ചുള്ള ജല ഉപയോഗം വളരെ ബുദ്ധിമുട്ടിലാണ്. ആയതിനാൽ കിണറുകളും കഴിവുള്ളടത്തോളം ജല വിതാനം സ്ഥിരമായി കിട്ടുന്നതുവരെ താഴ്ത്തുന്നതിനും സൗജന്യ നിരക്കിൽ പുതിയ കിണറുകളും കുഴിക്കുന്നതിനും പഞ്ചായത്തിന്റെയും മറ്റുയിതര വകുപ്പുകളുടെയും ഏകോപിച്ചുള്ള സഹായ സഹകരണങ്ങളും ഉണ്ടാകേണ്ടതുമാണ്,

ആനതാഴ്ചിറ പദ്ധതിയിൽ നിന്നും പൈപ്പുകളും ഈ ഭാഗത്തുണ്ടെങ്കിലും വേനൽക്കാലങ്ങളിൽ ഇവയിൽ നിന്നും പൊതുജനങ്ങൾക്കും ആശ്രയിക്കുവാൻ തക്കരീതിയിൽ ജലം ലഭിക്കുന്നുമില്ല. പലപ്പോഴും ലഭിക്കുന്ന ജലം നല്ലരീതിയിൽ ശുദ്ധീകരിച്ചതുമല്ല. എന്നാൽ ആനതാഴ്ചിറ പദ്ധതി വിപുലപ്പെടുത്തുകയാണെങ്കിൽ ഈ പ്രദേശങ്ങളിലെ ജല ദൗർലഭ്യം പരിഹരിക്കുന്നതുമാണ്.

6 വാർഡ് നമ്പർ VI (കരിച്ചാറ)

അണ്ടൂർക്കോണം പഞ്ചായത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള ഒരു വാർഡാണ് കരിച്ചാറ അപ്പോളോ കോളനി, അഞ്ചേക്കർ കോളനി, ഇവയിൽ അടങ്ങുന്ന ഈ വാർഡിലെ ആരോഗ്യ പ്രശ്നം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. വർഷകാലങ്ങളിൽ ചേരി പ്രദേശങ്ങളായ ഈ കോളനികളിൽ മലിന ജലം ഒലിച്ചുവന്നു തൊട്ടടുത്ത താഴ്ന്ന പ്രദേശങ്ങളിൽ ചപ്പുചവറുകളുമായി കെട്ടികിടന്ന് കൊതുകുകളും മുട്ടയിട്ട് പെരുകുകയും അത് പരിസരമുള്ള ജനങ്ങൾക്ക് കോളറ, മലമ്പനിതുടങ്ങിയ പകർച്ച വ്യാധികൾക്ക് കാരണമാകുന്നു. അതുപോലെ ഈ വാർഡിൽ തന്നെസ്ഥിതി ചെയ്യുന്ന സി. ആർ. പി. എഫ് ക്യാമ്പിന്റെ മെയിൻ ബ്ലോക്കിലുള്ള ബാരക്കു കവാർട്ടേഴ്സുകളും ഇവകളിൽ നിന്നുള്ള മലിന ജലവും, കക്കൂസുകളും, കുളിമുറികളും എന്നിവകളിൽ നിന്നുള്ള മൂത്രം അടങ്ങുണ മലിന ജലം സെൻറിന്റെ കിഴക്കുവശത്ത് തുറസായ ഒരു വലിയ ജലാശയം എന്നപോലെ ടാങ്കിൽ സ്റ്റോറാക്ക് ചെയ്യുകയും അവയിൽ നിന്ന് നിർഗമിക്കുന്ന തോടുപോലുള്ള ഈ മലിനജല പ്രവാഹം മുഴുത്തിരിയാവട്ടം ഏലായിലെ കൃഷിക്കും സ്ഥലവാസികളുടെ സ്നാനത്തിനും ഉപയോഗിച്ചുവന്ന ചാക്യാർ ചിറയിലും അതിനോടനുബന്ധിച്ചുള്ള തോടിലും തുറന്നുവിട്ടു വൻതോതിലുള്ള പരിസര മലിനീകരണത്തിന് കാരണമായിട്ടുള്ളതും ഈ ടാങ്കിൽ വൻതോതിൽ കൊതുകുകളും മുട്ടയിട്ടുപെരുകി എല്ലാ കാലങ്ങളിലും സമീപ വാസികൾക്ക് ഇവയിൽ നിന്ന് നിത്യമായി ശല്യം ഉണ്ടായി

കൊണ്ടിരിക്കുകയാണ്, കൂടാതെ ഈ ടാങ്കിൽ നിന്നുള്ള മലിനജലം നീരുറവകളായി കിഴക്ക് ഭാഗത്തുള്ള സ്ഥലവാസികളുടെ കിണറുകളിൽ ചെന്നുചേരുകയും ഈ പ്രദേശത്തെ ഏക ശുദ്ധജല ഉപാധികളായ കിണറുകളും മലിനമാക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഇതിനെ സംബന്ധിച്ചു തദ്ദേശ വാസികളും പല പ്രാവശ്യവും ബന്ധപ്പെട്ട അധികൃതർക്ക് നിവേദനങ്ങളും നൽകിയിട്ടുണ്ടെങ്കിലും യാതൊരു പരിഹാരങ്ങളും നാളിതുവരെ ഉണ്ടായിട്ടില്ല. ഈ ടാങ്കു കോൺക്രീറു സ്ലാബുകളും കൊണ്ടു അടച്ചു മൂടുകയും ഇതിൽ നിന്ന് നിർഗളിക്കുന്ന മലിനജലം വൻ പൈപ്പു കുഴലുകളിലൂടെ കൊണ്ടുപോയി സമീപത്തുള്ള കഠിനംകുളം കായലിൽ ഉൾഭാഗത്ത് നിക്ഷേപിക്കുകയോ അല്ലാത്തപക്ഷം മറു ഭാഗങ്ങൾക്ക് ഹാനികരമാകാത്ത രീതിയിൽ ശാസ്ത്രീയമായി ശുദ്ധീകരിച്ചു ആ ജലവും ഉപയോഗപ്രദമായി വിനിയോഗിക്കുന്നതിനുള്ള സംവിധാനം സി. ആർ. പി. എഫ് ക്യാമ്പ് ഒരു കേന്ദ്രഭരണ വകുപ്പുആയതുകൊണ്ട് കേന്ദ്ര ഗവൺമെൻറിനെ കൊണ്ടുതന്നെ വേണ്ട നടപടികളും എടുപ്പിക്കേണ്ടതാണ്. ഈ പ്രദേശത്തെ വർദ്ധിതമായ കൊതുകിൻെറ ശല്യം നേരിടുന്നതിന് ആരോഗ്യ വകുപ്പിൻെറ മേൽനോട്ടത്തിൽ ആവശ്യമായ മരുന്നുതളി നടത്തുന്നതിൽ സ്ഥിരമായ സംവിധാനം ഉണ്ടാക്കേണ്ടതാണ്. മുൻപ്രഞ്ഞ കോളനി പ്രദേശങ്ങളിൽ ആവശ്യത്തിനുള്ള കക്കൂസുകളും ഇല്ലാത്തതിനാൽ ഈ പ്രദേശത്തെ ജനങ്ങളിൽ ഭൂരിഭാഗവും തുറസായ സ്ഥലങ്ങളിൽ റോഡുകളുടെ ഓരത്തും ആണ് മലമൂത്ര വിസർജനം നടത്തിവരുന്നത് തൻനിമിത്തം പരസരത്തുള്ള മലിനീകരണം മാത്രമല്ല അന്തരീഷ വായുവിൽ പോലും ഈ മലിനീകരണം വ്യാപിച്ചിട്ടുള്ളതാണ്. ഇവിടെ അണ്ടൂർക്കോണം പ്രാഥമിക ആരോഗ്യത്തിൻെറ കീഴിലുള്ള ഒരു സബ്സെൻറർ കരിച്ചാറ ഉണ്ടെങ്കിലും അവിടെ വേണ്ട ജീവനക്കാരോ, പൊതുജനാരോഗ്യം വകുപ്പ് ഉദ്യോഗസ്ഥരുടെ സന്ദർശനങ്ങളോയില്ല. ആയതിനാൽ ഈ സബ് സെൻററിൻെറ പ്രവർത്തനം ആവശ്യംവേണ്ട ജീവനക്കാരെ നിയമിച്ചും അത്യാവശ്യം വേണ്ട മരുന്നുകളും സ്റ്റോക്ക് ചെയ്തു ജനങ്ങളുടെ രോഗാവസ്ഥകൾക്ക് പ്രതിവിധികളും ഉണ്ടാകേണ്ടതും ഇവിടെ കൂടെകൂടെ പൊതുജനാരോഗ്യത്തിൻെറ പ്രാധാന്യത്തെ പറ്റി ബോധവൽക്കരണ ക്ലാസുകളും നടത്തി ജനങ്ങളെ ബോധവാൻമാരാക്കേണ്ടതാണ്.

ഈ വാർഡിലെ ജനങ്ങളുടെ ശുദ്ധജല ഉപഭോഗത്തിൻെറ പ്രധാന ഘടകം കിണറുകളിൽ നിന്നുള്ള ജലമാണ്. എന്നാൽ വേനൽകാലത്തോടുകൂടി ഈ വാർഡിലെ ഭൂരിഭാഗം പ്രദേശത്തുള്ള കിണറുകളിലെ ജലംവറ്റി പോകുന്നതാകുന്നു. ആയതിനാൽ കിണറുകളെ ആശ്രയിച്ചുള്ള ശുദ്ധ ജലാവശ്യം പരികൃതമാകുന്നില്ല. ഈ അടുത്ത കാലത്തായി ഈ പഞ്ചായത്തിലെ ആനതാഴ്ച്ചിറ പദ്ധതിയിൽ നിന്നുള്ള പൈപ്പു ലൈനുകളും ഇവിടെ എതാനും ചില പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിൽ കിട്ടുന്ന ജലം ശരിയായ രീതിയിൽ ശുദ്ധീകരണം നടത്തിയതോ ആവശ്യത്തിന് എല്ലാ കാലത്തും ലഭിക്കുന്നുമില്ല. എന്നാൽ ഈ വാർഡിൽ പല ഭാഗത്തും ഭൂഗർഭ ജലം ലഭിക്കാൽ വളരെ സാധ്യതയുള്ളതാണ്. അതിനാൽ ഈ ജലത്തെ അനുസ്യൂതമായ പദ്ധതികളും കൊണ്ട് ചൂഷണം ചെയ്ത് ടാങ്കുകളിൽ സൂക്ഷിച്ച് ജല വിതരണത്തെ ശൃംഖലയിലേക്ക് വിടേണ്ടതാണ്. പൊതു കിണറുകളും നവീകരിച്ച് അവകളിലെ ജലവും ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. പ്രദേശങ്ങളിലെ ജല ലഭ്യത സൗകര്യമനുസരിച്ച് കുഴൽ കിണറുകളും സ്ഥാപിക്കാനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

7 വാർഡ് നമ്പർ VII (പള്ളിപ്പുറം)

ഈ വാർഡിൽ കൊതുക് നിർമാർജ്ജന പ്രവർത്തനം ഊർജിതപ്പെടുത്തിയും എല്ലാ പ്രദേശങ്ങളിലും D.D.T തുടങ്ങിയ കീട നാശക മരുന്നുകളും തളിക്കുന്നതിനും വേണ്ട സംവിധാനം ഉണ്ടാകേണ്ടതാണ്. കക്കൂസുകളില്ലാത്ത സാധു ജനങ്ങൾക്ക് സൗജന്യ കക്കൂസുകളും അനുവദിക്കുക. അണ്ടൂർക്കോണം പ്രാഥമികാരോഗ്യം കേന്ദ്രം വിപുലപ്പെടുത്തി ആവശ്യം വേണ്ട ഡോക്ടർമാരുടെയും പൊതുജനാരോഗ്യ വിഭാഗം ജീവനക്കാരെയും നിയമിച്ചു. ഈ പ്രദേശത്തെ കൂടി ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് വേണ്ടതുചെയ്യുക.

ആനതാഴ്ചിറ പദ്ധതി വിപുലീകരിച്ച് ശുദ്ധീ ചെയ്ത ജലം ഈ പ്രദേശത്തെയും ആവശ്യത്തിന് അനുസരിച്ച് വിതരണം ചെയ്യുന്നതിന് സത്വര പരിഹാരങ്ങളും ഉണ്ടാകേണ്ടതാണ്.

8 വാർഡ് നമ്പർ VIII (വലിയവീട്)

ഈ വാർഡിൽ ഒരു ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ച് വരുകയാണ് ഇപ്പോഴും അവിടെ സമീപിക്കുന്ന രോഗികൾക്ക്

ആവശ്യാനുസരണമുള്ള മരുന്നുകൾ കൂടുതൽ ലഭ്യമാക്കുകയും രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളോടുകൂടി ആവശ്യംവേണ്ട ജീവനക്കാരെ നിയമിച്ച് ഇതൊരു ആശുപത്രിയായി ഉയർത്തേണ്ടതാണ്.

ഈ വാർഡ് കായൽ പ്രദേശത്തിന് സമീപം ആയതുകൊണ്ട് വേനൽക്കാലങ്ങളിൽ തൊണ്ട് അഴുക്കൽ പ്രദേശങ്ങളിലുള്ള ജലം മലിനമാകുമ്പോൾ അവിടെ കൊതുകുകൾ മുട്ടയിട്ടു പെരുകി ഈ പ്രദേശത്തെ ജനങ്ങൾക്ക് അവ സ്ഥിരമായ ഭീക്ഷണിയായി തുടരുന്നു. അതുപോലെ വേനൽകാലങ്ങളിൽ കായലിനും കടലിനുമിടക്ക് പൊഴിയിടുന്നതിനാൽ കായലിലെ വെള്ളം ഈ പ്രദേശങ്ങളിലെ താഴ്ന്ന പ്രദേശങ്ങളെവെള്ളത്തിനടിയിലാക്കുകയും അവയും കൊതുകുകളുടെ ശല്യം വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നു. ഇങ്ങനെപെരുകുന്ന ജലം സൗകര്യമായ നിർഗമന മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് നിർഗളിപ്പിക്കേണ്ടതും കൊതുകുകളുടെ വർദ്ധനവിന് സ്ഥിരമായിമരുന്ന് തളിക്കാൻ ഏർപ്പെടുത്തുന്നതിന് വേണ്ട നടപടിസ്വീകരിക്കേണ്ടതാണ്. ഇവിടെയും സൗജന്യമായി കക്കൂസുകൾ പൊതുജനങ്ങൾക്ക് നിർമ്മിച്ച് കൊടുക്കേണ്ടതാണ്. ഈ പഞ്ചായത്ത് പ്രദേശത്തെ മറ്റുപ്രദേശത്തെ അപേക്ഷിച്ച് ശുദ്ധജല ലഭ്യതയുടെ കാര്യത്തിൽ വളരെ പ്രയാസങ്ങൾ അനുഭവപ്പെടുന്ന ഒരുമേഖലയാണ്. ഇവിടെയുള്ള കിണറുകളിൽ ഇന്നുലഭിക്കുന്ന ജലം ഓരുകലർന്ന അശുദ്ധജലമാണ്. അതിനെ ശാസ്ത്രീയമായ അടിസ്ഥാനത്തിൽ ശുദ്ധീകരിക്കുന്നതിന് വേണ്ട സ്ഥിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

9 വാർഡ്നമ്പർ IX (തെക്കേവിള)

ഈ വാർഡിൽ പൊതുജനാരോഗ്യ വകുപ്പിന്റെ കീഴിൽ ഒരു സബ്സെൻറർ സ്ഥാപിച്ച് അവിടെ വേണ്ട ജീവനക്കാരെയും മരുന്നുകളും ലഭ്യമാക്കേണ്ടതാണ്. കക്കൂസുകൾ പഞ്ചായത്തു ലവലിൽ സൗജന്യനിരക്കിൽ കൂടുതൽ സ്ഥാപിക്കണം. കൊതുകുനിവാരണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. ഈ വാർഡിലുള്ള കല്ലുംകര കോളനിയിൽ ശുദ്ധജലത്തെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ട് അനുഭവിച്ചുവരുന്നഭാഗമാണ്. ഇവിടെയുള്ള ജനങ്ങൾ വളരെ ദൂരം സഞ്ചരിച്ചാണ് തലച്ചുമടായി കുടിവെള്ളം ശേഖരിക്കുന്നത്. ആയതിനാൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഈ പ്രശ്നത്തെസംബന്ധിച്ചിടത്തോളം സത്വരമായി ഒരുശുദ്ധജല വിതരണപദ്ധതി ആവിഷ്കരിച്ച് നടപ്പിൽ വരുത്തേണ്ടതാണ് നിലവിലുള്ള കിണറുകൾ ശുചീകരിക്കുകയും പൈപ്പുലൈനുകൾ കൂടുതലായി ദീർഘിപ്പിക്കേണ്ടതുമാണ്.

10 വാർഡ് നമ്പർ X (ആലുംമൂട്)

ഈ വാർഡിൽ ഒരു ഗവൺമെൻറ് ആശുപത്രിയോ, ഒരു സബ്സെൻറരോ നിലവിലില്ലാതാകുന്നു. തൻനിമിത്തം ഈ വാർഡിൽ ജനങ്ങൾ ആരോഗ്യപരമായആവശ്യങ്ങൾക്ക് വളരെ ദൂരെ സ്ഥിതിചെയ്യുന്ന അണ്ടൂർക്കോണം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആശ്രയിച്ച്വരുന്നത്. ഒരു ആയൂർവേദ ഡിസ്പൻസറിഉള്ളതും ഒന്നാം വാർഡായ വെള്ളൂരിൽ, ഒരു ഹോമിയോപ്പതി ഡിസ്പ്പെൻസറി ഉള്ളത് 8–ാം വാർഡായ വലിയവീട് വാർഡിലാണ്. ഇവിടെത്തെ സ്ഥലവാസികൾക്ക് വളരെ വിദൂരത്തിൽ സ്ഥിതി ചെയ്യുന്ന മേൽപ്പറഞ്ഞ കേന്ദ്രങ്ങളിൽ പോയി രോഗശമനം നടത്തുന്നതിന് വളരെ ബുദ്ധിമുട്ടാണ് ആയതിനാൽ കൂടുതലായി ഒരു ആയൂർവേദ ഡിസ്പൻസറിയോ അഥവാ ഒരു ഹോമിയേ ഡിസ്പെൻസറിയോ ഈ വാർഡിൽ സ്ഥാപിക്കേണ്ടതാണ്. ഈ വാർഡിൽ ആലുംമൂട് ജംഗ്ഷന് സമീപ ഒരു പബ്ലിക്ക്മാർക്കറ്റുണ്ട്. എന്നിരുന്നാലും അനതികൃതമായി പബ്ലിക്ക് റോഡായ നാഷണൽ ഹൈവേയുടെ പരിസരത്ത് ജനങ്ങൾ എപ്പോഴും വൻനിരയായി നിൽക്കുന്ന സ്ഥലങ്ങളിൽ പോലും മത്സ്യ വിപണനവും കശാപ്പുശാലകളും നടത്തിവരുന്നു. തൻനിമിത്തം വളരെ ദുർഗന്ധ പൂരിതമായ പരിസര മലിനീകരണം നടന്നുവരുന്നതുമാകുന്നു. ആയതിനാൽ ഇങ്ങനെയുള്ള വഴിയോര മത്സ്യക്കച്ചവടവും ഇറച്ചിക്കച്ചവടവും അടിയന്തര പരമായി നിർത്തൽ ചെയ്യേണ്ടതും പൊതു മാർക്കറ്റിൽ തന്നെ അവകൾ പ്രവർത്തിപ്പിക്കേണ്ടതുമാണ് ആലുംമൂട് ജംഗ്ഷനോടനുബന്ധിച്ച് ഒരു പബ്ലിക്ക്കമ്പാർട്ട് സ്റേഷൻ ആത്യാവശ്യമാണ്.

പൊതു മാർക്കറ്റിലും കടകളിൽ നിന്നുമുള്ള ചപ്പുചവറുകൾ കൃത്യമായി പൊതു ജനങ്ങൾക്ക് ശല്യമില്ലാത്ത സുരക്ഷിത സ്ഥാനങ്ങളിലോക്ക് നിക്ഷേപിക്കുന്നതിന് വേണ്ട സ്ഥിര നടപടികൾ സ്വീകരിക്കേണ്ടതും മാർക്കറ്റ് എല്ലാദിവസവും വൃത്തിയാക്കി കൃമിനാശിനികളായ മരുന്നുകൾ തളിക്കേണ്ടതും നടപടികൾ കൈകൊള്ളേണ്ടതുമാണ്. ഈ വാർ

ഡിൽ കക്കൂസുകൾ പഞ്ചായത്തിന്റെയും പൊതു ജനാരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവശ്യം വേണ്ടയിടങ്ങളിൽ സൗജന്യമായി നിർമ്മിച്ചു കൊടുക്കേണ്ടതാണ്.

ആനതാഴ്ചിറ ശുദ്ധ ജലവിതരണ പദ്ധതിയിൽ നിന്നുള്ള പൈപ്പു ലൈനുകൾ ഇവിടെയും ദീർഘിപ്പിച്ചിട്ടുണ്ടെങ്കിലും ജലം ആവശ്യത്തിന് മറ്റുള്ളയിടങ്ങളിൽ ലഭിക്കുമ്പോൾ തന്നെ വളരെ ഉയർന്ന പ്രദേശമായ കുന്നിനകവും പരിസര പ്രദേശങ്ങളിലും ജലം ലഭിക്കുന്നില്ല. ആയതിനാൽ ആനതാഴ്ച്ചിറ പദ്ധതി വിപുലീകരിച്ചും ഈ ഭാഗത്തും ശുദ്ധജലം സുഗമമായി ലഭിക്കത്തക്കവണ്ണം സംഭരണ ടാങ്കിന്റെ ഉയരം വർദ്ധിപ്പിക്കോണ്ടതാണ്. അതുപോലെ പൊതുകിണറുകൾ സ്ഥിരമായി ജലം ലഭിക്കത്തക്കവണ്ണം താഴ്ച വർദ്ധിപ്പിച്ച് ജലം ശുദ്ധീകരണ നടപടികളും സ്വീകരിച്ച് ഈ വാർഡിലെ സ്ഥിരമായ ജലദൗർലഭ്യം പരിഹരിക്കേണ്ടതാണ്.

11 വാർഡ് നമ്പർ XI (കണിയാപുരം ഠൗൺ)

ഈ വാർഡിൽ ആരോഗ്യപരമായി സംരക്ഷണ പ്രവർത്തനങ്ങൾ ആവശ്യമായ തോതിൽ നടക്കുന്നില്ല. ആരോഗ്യ സംരക്ഷണത്തെ കുറിച്ചും പരിസര ശുചീകരണത്തെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി പൊതുജനാരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ സർവ്വെകളും ചർച്ചാ ക്ലാസുകളും മെഡിക്കൽ ക്യാമ്പുകളും നടത്തേണ്ടതാണ്. ഈ വാർഡിലുള്ള മിഡ് വൈഫറി സെന്ററിന്റെ കെട്ടിടം തന്നെ കേടായി തീർന്നിരിക്കുന്നതും വൈദ്യുതി വിതരണവും തകരാറിലായതും ആണ്. ആ അറ്റകുറ്റപണികൾ സത്വരമായിതീർത്തത്. വൈദ്യുതി വിതരണം ശരിയായി പുനഃസ്ഥാപിച്ചും ഇരുപത്തിനാലു മണിക്കൂറും ഈ സെൻറർ പ്രവർത്തന യുക്തമാക്കതക്ക വിധം ആവശ്യമുള്ള ജീവനക്കാരെയും, മരുന്നുകളും, അത്യാവശ്യം വേണ്ട ഉപകരണങ്ങളും സജ്ജമാക്കേണ്ടതാണ്. ഈ വാർഡിലുള്ള കടകളിൽ നിന്നും വീടുകളിൽ നിന്നുമുള്ള ചപ്പുചവറുകൾ അലക്ഷ്യമായി തുറസായ സ്ഥലങ്ങളിൽ നിക്ഷേപിച്ചു വരുന്നതും വർഷകാലങ്ങളിൽ റോഡിലും പരസരത്തും മലിനജല നിർഗമന സാദ്ധ്യതയില്ലാത്തതിനാൽ പല ഭാഗങ്ങളിലും വെള്ളം കെട്ടികിടന്ന് കൊതുകുകൾ മുട്ടയിട്ട് പെരുകികൊണ്ടിരിക്കുന്നതും കോളറ, മലമ്പനി തുടങ്ങിയ പകർച്ചവ്യാധികൾ ജനങ്ങളുടെ ഇടയിൽ ഉണ്ടാക്കുന്നതിന് കാരണമായികൊണ്ടിരിക്കുന്നു. പഞ്ചായത്ത് ആസ്ഥാനംതന്നെ സ്ഥിതി ചെയ്യുന്ന ഈ വാർഡിൽ ഇങ്ങനെ അലക്ഷ്യമായി ഒരു സ്ഥിതി വിശേഷം ഉണ്ടായികൊണ്ടിയിരിക്കുന്നത് സത്വരമായി പരിഹരിക്കണം. കടകളിൽ നിന്നും വീടുകളിൽ നിന്നുമുള്ള ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള ഒരു പൊതുസ്ഥാനം കണ്ടെത്തേണ്ടതും മലിനജലം കെട്ടികിടക്കാതെ നിർഗമിച്ചുപോകുന്നതിന് ഓടകൾ നിലവിലുള്ളടത്ത് അപ്പൊഴപ്പോഴുണ്ടാകുന്ന തടസങ്ങൾ കാലാകാലങ്ങളിൽ നീക്കിയും, ഓടകൾ ഇല്ലാത്ത ഭാഗത്ത് പുതിയതായി ഓടകൾ നിർമ്മിച്ച് മലിനജലം സൗകര്യമായ ഭാഗത്തേക്ക് ഒഴുക്കി കളയുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

ഈ വാർഡിൽ കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ സബ്സിഡി നിരക്കിൽ കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുന്നതിനും, കീടനാശിനികൾ കാലകാലങ്ങളിൽ തളിക്കുന്നതിനും നിശ്ചിത സമയങ്ങളിൽ അവ ചെയ്യേണ്ടതാണ്.

മറ്റു വാർഡുകളിലെ പോലെ തന്നെ ഈ വാർഡിലും കുടിവെള്ളത്തിന് ബുദ്ധിമുട്ടു അനുഭവിക്കുന്ന പ്രദേശമാണ്. പൊതുകിണറുകൾ കൂടുതൽ നിർമ്മിച്ചും ആനതാഴ്ചിറ പദ്ധതിയിൽ നിന്നുള്ള ശുദ്ധജല വിതരണം വിപുലീകരിച്ച് ഈ വാർഡിൽ കൂടുതൽ കണക്ഷനുകൾ അനുവദിക്കേണ്ടതാണ്. ചാലിൽ പ്രദേശത്ത് ശുദ്ധജല വിതരണത്തിൽ വളരെ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതും അതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ക്ഷേമ പ്രവർത്തനങ്ങളും, പാർപ്പിടവും

പഞ്ചായത്ത് മേഖലയിലെ 50 ശതമാനത്തോളം ജനവിഭാഗം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ്. അവരുടെ ഉന്നമനത്തിനായി സർക്കാർ കാലാകാലങ്ങളിലും മറ്റും നടപ്പിലാക്കുന്ന പദ്ധതികളും ദരിദ്ര ജനവിഭാഗങ്ങളുടെ ഇടയിൽ വേണ്ടത്ര എത്തുന്നില്ല എന്നുള്ളതാണ് ഈ രംഗത്തെ ഏറ്റവും വലിയ വികസന പ്രശ്നമായി നിലനിൽക്കുന്നത്. ഇത് പരിഹരിച്ചാൽ മാത്രമെ ഈ രംഗത്തെ പ്രതിസന്ധി പൂർണ്ണമായി പരിഹരിക്കുവാൻ കഴിയൂ.

അവലോകനം:-

8–ാം പഞ്ചവത്സര പദ്ധതി കാലത്ത് ഒട്ടേറെ സാമൂഹ്യക്ഷേമ പദ്ധതികളും പഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുകയുണ്ടായി ഓരോന്നായി താഴെ ചേർക്കുന്നു.

I. R. D. P. സർവ്വെ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം:-

വാർഡ് നമ്പർ.	ആകെ കുടുംബങ്ങളുടെ എണ്ണം	SC/ST	സാമ്പത്തിക സഹായം ലഭിച്ചവരുടെ കുടുംബം	ഇതിൽ SC/ST	ദാരിദ്ര്യ രേഖക്ക് മുകളിൽ എത്തിയ കുടുംബങ്ങളും	ആകെ കുടുംബം
1	2	3	4	5	6	7
1	184	30	92–93	25	37	184
2	288	49	39			288
3	131	06	93–94	23	43	131
4	118	25	43			118
5	124	48	94–95	28	48	124
6	146	136	48			146
7	93	01	95–96	18	36	93
8	70	26	36			70
9	161	43	96–97	16	40	161
10	154	19	40			154
11	5	–				5
ആകെ	1474	383	207	121	207	1474

ഗ്രാമീണ കൈ തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങളും നൽകുന്ന പദ്ധതി.

വാർഡ്	സഹായം ലഭിച്ചവരുടെ എണ്ണം
1	32
2	53
3	42
4	28
5	36
6	63
7	21
8	13
9	28
10	37

93–94
5

94–95
4

95–96
1



സിറിയൻ കാത്തലിക് ചർച്ച്, പള്ളിപ്പുറം.

കംപററിയതുമാണ്. ആയതിനാൽ അവർക്ക് ഉപകാരപ്രദമായ രീതിയിൽ വീടുകളുടെക്കേടു പാടുകളും തീർക്കാൻ പഞ്ചായത്തിൽ നിന്നും തീരുമാനം ഉണ്ടാകണം. വികലാംഗരായ 40 ഓളം പേർ ഭവനങ്ങളില്ലാതെ കഴിയുന്നവരാണ്. ഇവർക്ക് ഭവനം നിർമ്മിച്ച് നൽകണം.

അണ്ടൂർക്കോണം വാർഡിലെ താഴെക്കിടയിലുള്ള ജനങ്ങളും പ്രത്യേകിച്ച് ലക്ഷം വീട്ടുകാർക്ക് പ്രാഥമിക ആവശ്യങ്ങളും നിർവ്വഹിക്കാൻ കഴിയാതെ വരുന്നതിനാൽ പ്രസ്തുത ആവശ്യങ്ങളും നിറവേറുന്നതിനുവേണ്ടി മല മൂത്ര വിസർജ്ജനയിടങ്ങളും പബ്ലിക്കായി നിർമ്മിക്കുന്നതിനുള്ള നടപടി പഞ്ചായത്തിൽ നിന്ന് സ്വീകരിക്കണം.

ലക്ഷം വീട്ടിൽ താമസിക്കുന്ന മുഴുവൻ ആളുകാർക്കും അവരവരുടെ വീടുകളിൽ കക്കൂസ് നിർമ്മിക്കുന്നതിനുള്ള സഹായം പഞ്ചായത്തിൽ നിന്ന് ലഭിക്കണം. ഈ വാർഡിലെ ഓല മേഞ്ഞിട്ടുള്ള മുഴുവൻ ആളുകൾക്കും വർഷംതോറും ഓലമേയുന്നതിനുള്ള ധനസഹായം ലഭിക്കണം. സ്വന്തമായി വീട് വയ്ക്കാൻ നിവർത്തിയില്ലാത്ത വിവിധ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ഗ്രാന്റ് അനുവദിപ്പിക്കുക.

ക്ഷേമ പ്രവർത്തനങ്ങൾ

ഈ വാർഡിൽ രണ്ട് അംഗൻവാടികളും തുടങ്ങണം. അതിന് വേണ്ടുന്ന സാമ്പത്തിക സഹായങ്ങളും അനുവദിക്കുക. ഈ വാർഡിലെ അന്ധരായ ആളുകൾക്ക് യാത്രക്ക് സഹായകമായ ഉപകരണങ്ങളും ഉപജീവിതത്തിനാവശ്യമായ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് ഇവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ഈ വാർഡിലെ വിദ്യാഭ്യാസമുള്ള വനിതകൾക്കായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. വിദ്യാഭ്യാസമുള്ള വനിതകളെ സംഘടിപ്പിച്ച് കൊണ്ട് അംഗൻവാടികളും തയ്യൽ സ്ക്കൂളുകളും ആരംഭിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ഈ വാർഡിൽ താമസിക്കുന്ന 60 വയസ് കഴിഞ്ഞ കർഷകർ, വിധവകൾ, കയർ, പാറ എന്നീ തൊഴിലാളികൾക്ക് അതാത് പെൻഷൻ അർഹതപ്പെട്ട എല്ലാവർക്കും കിട്ടത്തക്ക രീതിയിലുള്ള നടപടി സ്വീകരിക്കണം. വികലാംഗർക്കും പെൻഷൻ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

പാർപ്പിടം

വാർഡ് 4 : ഈ വാർഡിൽ ഒരു സെന്റ് ഭൂമിപോലും ഇല്ലാത്തവർക്ക് 4 സെന്റ് വസ്തു എങ്കിലും കിട്ടത്തക്ക രീതിയിൽ ഉള്ള നടപടി പഞ്ചായത്തിൽ നിന്ന് സഹായിക്കണം. അഞ്ച് സെന്റ് വസ്തു ഉള്ളു എങ്കിലും, വീട് ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കൂടാതെ വീട് നിർമ്മിക്കാൻ 25000 രൂപ വരെ ഉപാധിരഹിത ധനസഹായമായി നൽകാൻ ആവശ്യപ്പെടുന്നു, വീട് ഉണ്ടായിരുന്നാലും ഓല മേയാനോ അറ്റകുറ്റ പണികൾ ചെയ്യാനോ കഴിയാത്തവർക്ക് ധനസഹായം അനുവദിക്കണം. 1 സെന്റ് വസ്തു പോലും ഇല്ലാത്തവരെ ലക്ഷംവീട്ടിൽ ഉൾപ്പെടുത്തണം.

ക്ഷേമ പ്രവർത്തനം

പായ്ച്ചിറയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് നഴ്സറി സ്ക്കൂളിന്റെ ശോചനീയാവസ്ഥ പരിഹരിക്കുക. ട്രെയിനിംഗ് ഉള്ള അധ്യാപകരേയും ആയെയും നിയമിക്കുക. പി. ടി. എ. രൂപീകരിക്കുക, കളിക്കോപ്പുകൾ നന്നാക്കുക, ജീവനക്കാർക്ക് മതിയായ വേതനം നൽകുക. കുട്ടികൾക്ക് ലഘുഭക്ഷണം നൽകുക. ഇതിനാവശ്യമായ നടപടി സ്വീകരിക്കുക.

കീഴാവൂർ കേന്ദ്രമാക്കി ഒരു അംഗനവാടി സ്ഥാപിക്കുക. പറമ്പിപാലം കേന്ദ്രമാക്കി ഒരു അംഗനവാടി സ്ഥാപിക്കുക, പാറ തൊഴിലാളികൾക്ക് ഇൻഷ്വറൻസും, ക്ഷേമനിധിയും നടപ്പിലാക്കുക. തെങ്ങ് കയറ്റ തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും നടപ്പിലാക്കുക.

കയർ തൊഴിലാളി കർഷക തൊഴിലാളി എന്നിവർക്ക് യോഗ്യതയുള്ളവർക്ക് അതാത് പെൻഷൻ അനുവദിക്കുക. വിധവ, വികലാംഗ, അന്ധ, വാർദ്ധക്യകാല എന്നിവർക്ക് അതാത് പെൻഷൻ അനുവദിക്കുക.

വികലാംഗർ, അന്ധർ, എന്നിവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

പാർപ്പിടം

വാർഡ് 5 : ഈ വാർഡിൽപ്പെട്ട നിർദ്ധന വിഭാഗത്തിന് സ്വന്തമായി ഭൂമിയും പാർപ്പിടവും നൽകുക.

നിർദ്ധനരും സ്വന്തമായി ഭൂമിയുള്ളവർക്കും വീട് വയ്ക്കാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക. നിർദ്ധനരായ കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭിക്കണം. മുമ്പ് ഭവന നിർമ്മാണത്തിനു വായ്പ ലഭിച്ചവർക്കും ഗ്രാൻറ് ലഭിച്ചവർക്കും പിന്നോക്കം നിൽക്കുന്ന എല്ലാമത വിഭാഗത്തിൽപെട്ടവർക്കും വീടിൻെറ അറ്റകുറ്റ പണികൾക്ക് സാമ്പത്തിക സഹായം ലഭിക്കണം.. ഓല മേഞ്ഞ വീടുകൾക്ക് വർഷംതോറും ഓല മേയുന്നതിനുള്ള സാമ്പത്തിക സഹായം നൽകണം

ക്ഷേമ പ്രവർത്തനം

ഈ വാർഡിലെ പാറ പൊട്ടിച്ച് മെറ്റിലാക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധിയും ഇൻഷ്വറൻസും ഏർപ്പെടുത്തുക. ഈ വാർഡിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രിയദർശിനി റെഡിമെയ്ഡ് ഗാർമെൻറ് മേക്കിംഗ് സംഘത്തിൽ കൂടുതൽ തയ്യൽ തൊഴിലാളികളെ നിയമിക്കുകയും തൊഴിൽ ഉറപ്പ് വരുത്തുകയും ചെയ്യുക.

ഈ വാർഡിലെ കയർ തൊഴിലാളികൾ കർഷക തൊഴിലാളികൾ തെങ്ങ് കയറ്റ തൊഴിലാളി എന്നിവർക്ക് കിട്ടികൊണ്ടിരിക്കുന്ന പെൻഷൻ വർദ്ധിപ്പിക്കുക. 60 വയസ് തികഞ്ഞ മുഴുവൻ തൊഴിലാളികൾക്കും അതാത് പെൻഷൻ കിട്ടുന്ന രീതിയിലുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിധവാ പെൻഷൻ, അന്ധന്മാരുടെ പെൻഷൻ, വികലാംഗപെൻഷൻ എന്നിവ കിട്ടേണ്ടതായ ആൾക്കാർക്ക് ലഭ്യമാവുകയും ചെയ്യണം.

പാർപ്പിടം

വാർഡ് 6 :—ഈ വാർഡിൽ കൂടുതലും ഹരിജനങ്ങൾ താമസിക്കുന്ന പ്രദേശമാണ് വീടില്ലാത്ത മുഴുവൻ ഹരിജനങ്ങൾക്കും വീടും കക്കൂസ് ഇല്ലാത്ത മുഴുവൻ ഹരിജനങ്ങൾക്കും കക്കൂസും നിർമ്മിക്കുന്നതിനുള്ള നടപടി പഞ്ചായത്തിൽ നിന്നും സ്വീകരിക്കണം.. ഹരിജനങ്ങളിൽപ്പെടാത്ത പാവപ്പെട്ടവരായ മുഴുവൻ ആൾക്കാർക്കും ഗ്രാൻറായി വീട് അനുവദിക്കണം ഈ വാർഡിൽ മുഴുവൻ പാവപ്പെട്ടവർക്കും കക്കൂസ് നിർമ്മിക്കുന്നതിനുള്ള നടപടി പഞ്ചായത്തിൽ നിന്നും ഉണ്ടാകണം.

കഴിഞ്ഞ കാലങ്ങളിൽ സർക്കാർ ഗ്രാൻറായി അനുവദിച്ച വീടുകൾ സ്വന്തമായി കെട്ടിയ വീടുകൾ ഇപ്പോൾ താമസിക്കാൻ ബുദ്ധിമുട്ടുള്ള അവസ്ഥയിലാണ്. കാരണം ചുവരുകൾ ഇടിഞ്ഞും, പൊളിഞ്ഞും ഓട് നഷ്ടപ്പെട്ടും കഴുക്കോൽ ഉത്തരങ്ങൾ ദ്രവിക്കുകയും ഉള്ള വീടുകൾ ഉണ്ട്. ഇങ്ങനെ കിടക്കുന്ന വീടുകൾക്ക് പുതിയതായി വീട് വയ്ക്കാനുള്ള ഗ്രാൻറ് അനുവദിക്കുകയോ അല്ലെങ്കിൽ കോളനി വീടുകൾ പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഈ വാർഡിൽ താമസിക്കുന്ന ഭൂമി ഇല്ലാത്ത ആൾക്കാർക്ക് 4 സെൻറ് ഭൂമിയെങ്കിലും നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഈ വാർഡിൽ ഓലമേഞ്ഞ വീടുകളിൽ താമസിക്കുന്ന മുഴുവൻ ആൾക്കാർക്കും വർഷംതോറും ഓല മേയുന്നതിനുള്ള ഗ്രാൻറ് അനുവദിക്കണം പട്ടിക ജാതിയിൽപ്പെട്ട ആൾക്കാർക്കും ഗ്രാൻറ് അനുവദിക്കണം.

ക്ഷേമ പ്രവർത്തനങ്ങൾ

ഈ വാർഡിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ടി. വി. കമ്പോസ്റ്റ് പ്രവർത്തന രഹിതമായി കിടക്കുകയാണ് ഈ പഴയ ടി. വി. സെറ്റ് മാറ്റി പുതിയ ടി. വി. തന്ന് തുടർന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ശിശുക്കൾക്കായി പോഷകാഹാര കേന്ദ്രം സ്ഥാപിക്കണം ഇവർക്ക് പ്രതിരോധ ചികിത്സാ സൗകര്യങ്ങൾക്കുള്ള നടപടിയുണ്ടാക്കേണ്ടതാണ്.

അപ്പോളോ കോളനിയിലും, അഞ്ചേക്കർ തോപ്പിനകത്തും ഓരോ നഴ്സറി സ്കൂൾ വീതം നിർമ്മിക്കണം. ഈ വാർഡിൽ ഒരു കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കണം. അപ്പോളോ കോളനിയിൽ ഒരു പൊതുശ്മശാനം സ്ഥാപിക്കണം.

ഈ വാർഡിൽ ഒരു കുടുംബക്ഷേമ കേന്ദ്രം ഉണ്ട്. അതിൻെറ പ്രവർത്തനം രണ്ട് ദിവസം പകൽമാത്രമേയുള്ളൂ ഈ പ്രവർത്തന രീതി മാറ്റി ദിവസവും പകലും രാത്രിയും പ്രവർത്തിക്കുന്നതിന് ഒരു ഡോക്ടറും, ഒരു നഴ്സും വേണ്ടുന്ന സ്റ്റാഫ് ഉൾപ്പെടെ 25 കിടക്കകൾ ഉള്ള ഒരു ആശുപത്രിയാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഈ വാർഡിൽ ഒരു വൃദ്ധ സദനം വളരെ അത്യവശ്യമാണ്. ആയതിനാൽ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്

കരിച്ചാറ എന്ന സ്ഥലത്തും പ്രത്യേകിച്ചും അപ്പോളോ കോളനിയിലും കുടുംബങ്ങളിലെ നിത്യപ്രശ്നങ്ങൾക്ക് വഴി തെളിയിക്കുകയും കുട്ടികളുടെ വിദ്യാഭ്യാസത്തിനു പോലും തടസം നിൽക്കുന്ന രൂക്ഷമായ മദ്യ കച്ചവടം അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഈ വാർഡിൽ പ്രവർത്തന രഹിതമായി കിടക്കുന്ന മഹിളാസമാജം പുനഃരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഏറ്റവും കൂടുതൽ ഹരിജനങ്ങൾ താമസിക്കുന്ന ഈ പ്രദേശത്ത് ഇവരുടെ കുട്ടികളുടെ ഉന്നമനത്തിനായി ഒരുബാലവാടി സ്ഥാപിക്കണം.

കരിച്ചാറ മൈതാനി ജംഗ്ഷനിൽ പുതിയ ഒരു T V കമ്മ്യോസ്ക് സ്ഥാപിക്കണം.

മിശ്രവിവാഹം ചെയ്തവർക്ക് പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിക്കുക. ബുദ്ധിമാന്ദ്യം സംഭവിച്ച ആൾക്കാർക്ക് ധനസഹായം പഞ്ചായത്തിൽ നിന്നും ലഭിക്കണം.

നടന്നുപോകാൻ ബുദ്ധിമുട്ടുള്ള വികലാംഗർക്ക് വീൽചെയർ പഞ്ചായത്തുവഴി വിതരണം ചെയ്യണം.

അന്ധരായവർക്കും, വികലാംഗർക്കും സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

പാറപൊട്ടിച്ച് ചല്ലിയാക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധിയും ഇൻഷ്വറൻസും ഏർപ്പെടുത്തുക.

കയർ തൊഴിലാളി, കർഷക തൊഴിലാളി, തെങ്ങുകയറ്റ തൊഴിലാളി, എന്നിവർക്ക് 60 വയസ് കഴിഞ്ഞ മുഴുവൻ തൊഴിലാളികൾക്കും പെൻഷൻ കിട്ടത്തക്കവിധത്തിൽ നടപടി സ്വീകരിക്കുക.

വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ, വികലാംഗ പെൻഷൻ അർഹതയുള്ള മുഴുവൻ ആൾക്കാർക്കും ലഭിക്കുക.

വികലാംഗർക്കും അന്ധൻമാർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

60 വയസ് കഴിഞ്ഞ ചൂരൽ തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുക.

പ്രസവാനുകൂല്യം എല്ലാ ഗർഭിണികൾക്കും ലഭിക്കണം.

ചെറുപ്പക്കാരായ യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുക.

പാർപ്പിടം

വാർഡ് 7 :—ഈ വാർഡിൽ താമസിക്കുന്ന പാവപ്പെട്ടവരായ മുഴുവൻ ആൾക്കാർക്കും വീട് വയ്ക്കാനുള്ള ഗ്രാൻറ് അനുവദിക്കുക. ഭൂമി ഇല്ലാത്തവർക്ക് 4 സെൻറ് ഭൂമിയെങ്കിലും കിട്ടത്തക്കവിധത്തിൽ നടപടി സ്വീകരിക്കുക. ഓല മേഞ്ഞ വീടുകളിൽ താമസിക്കുന്നവർക്ക് വർഷംതോറും ഓല മേയുന്നതിനുള്ള ധനസഹായം ലഭിക്കുക. കേടുപാടു പറ്റിയ വീടുകൾക്ക് അറ്റകുറ്റപണികൾക്കായുള്ള നടപടി സ്വീകരിക്കുക. ഈ വാർഡിൽ കക്കൂസ് ഇല്ലാത്ത പാവപ്പെട്ടയാൾക്കാർക്ക് കക്കൂസ് നിർമ്മിക്കുന്നതിനുള്ള ധനസഹായം ലഭിക്കണം.

ക്ഷേമ പ്രവർത്തനങ്ങൾ

അഭ്യസ്ഥ വിദ്യരായ ചെറുപ്പക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. കൈതൊഴിൽ അഭ്യസിച്ച യുവതീ യുവാക്കൾക്ക് അവരവരുടെ തനതായ വരുമാനത്തിന് ആവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കുക. വനിതകൾക്കായി തയ്യൽ തൊഴിലിനായി സഹകരണ സംഘങ്ങൾ ഉണ്ടാക്കി അവരുടെ സാമ്പത്തികനില ഉയർത്തുക. ഇതിനാവശ്യമായ നടപടി സ്വീകരിക്കണം

വാർദ്ധക്യകാല പെൻഷൻ വിധവാ പെൻഷൻ എന്നിവ യോഗ്യതയുള്ള മുഴുവൻ ആൾക്കാർക്ക് കിട്ടത്തക്ക വിധത്തിൽ നടപടി സ്വീകരിക്കണം. കയർ തൊഴിലാളി, കർഷക തൊഴിലാളി പെൻഷൻ അർഹതയുള്ള മുഴുവൻ

തൊഴിലാളികൾക്കും ലഭിക്കണം വികലാംഗർ, അന്ധൻമാർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും പെൻഷൻ ലഭിക്കണം ഇവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടിയും സ്വീകരിക്കണം പാവപ്പെട്ടവരായ മുഴുവൻ ആൾക്കാർക്കും ആനുകൂല്യം ലഭിക്കണം.

പാർപ്പിടം

വാർഡ് 8 :— ഭൂമി ഇല്ലാത്ത മുഴുവൻ പാവപ്പെട്ടവരായ ആൾക്കാർക്കും പ്രത്യേകിച്ച് പട്ടികജാതിക്കാർക്ക് 4 സെൻറ് ഭൂമിയെങ്കിലും കിട്ടത്തക്കവിധത്തിൽ നടപടി സ്വീകരിക്കണം

പട്ടികജാതിയിൽപ്പെടാത്ത മുഴുവൻ പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനുള്ള ഗ്രാൻറ് അനുവദിക്കണം.

ഈ വാർഡിൽ താമസിക്കുന്ന മുഴുവൻ ഹരിജനങ്ങൾക്കും വീട് വയ്ക്കുന്നതിനുള്ള ഗ്രാൻറ് അനുവദിക്കണം.

ഓലമേഞ്ഞ വീടുകളിൽ താമസിക്കുന്ന മുഴുവൻ ഹരിജനങ്ങൾക്കും വർഷംതോറും ഓലമേയുന്നതിനുള്ള ധനസഹായം ലഭിക്കണം പട്ടിക ജാതിയിൽപ്പെടാത്ത മുഴുവൻ പാവപ്പെട്ടവർക്കും ഈ ആനുകൂല്യം ലഭിക്കണം.

കക്കൂസ് ഇല്ലാത്ത മുഴുവൻ പാവപ്പെട്ടവർക്കും, പട്ടികജാതിക്കാർക്കും കക്കൂസ് നിർമ്മിക്കുന്നതിനുള്ള ഗ്രാൻറ് അനുവദിക്കണം,

ക്ഷേമ പ്രവർത്തനങ്ങൾ

കയർ തൊഴിലാളികളും, കയർഫാക്ടറികളുംഉള്ള ഈ വാർഡിൽ അംഗൻവാടികൾ സ്ഥാപിക്കണം. കരിച്ചാറ ഇന്ദിരാഗാന്ധി മഹിളാ സമാജം 1981 വരെ നിലനിന്നു. ഇപ്പോൾ പ്രവർത്തനരഹിതമാണ്. ഈ സമാജം തുടർന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

അഭ്യസ്ത വിദ്യരായ യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം, ഈ വാർഡിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം. ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കണം.

കയർ തൊഴിലാളി, കർഷക തൊഴിലാളി തെങ്ങ് കയറ്റ തൊഴിലാളി എന്നീ തൊഴിലാളികൾക്ക് അർഹതയുള്ള മുഴുവൻ പേർക്കും പെൻഷൻ ലഭിക്കണം

വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവർക്കും അർഹതയുള്ള മുഴുവൻ ആൾക്കാർക്കും ലഭിക്കണം വികലാംഗർ അന്ധൻമാർ ബുദ്ധിമാന്ദ്യം സംഭവിച്ചവർ ഇവർക്കും അർഹതയുള്ള മുഴുവൻ ആൾക്കാർക്കും പെൻഷൻ ലഭിക്കണം വികലാംഗർ അന്ധൻമാർ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

പാർപ്പിടം

വാർഡ് 9 :—ഈ വാർഡിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ ആൾക്കാർക്കും പട്ടിക ജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും ഉദ്ദേശം 40—ാളം കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് കൊടുക്കണം അതിനുവേണ്ട നടപടി പഞ്ചായത്തിൽ നിന്നും സ്വീകരിക്കണം. അതുപോലെ കേടുപാടുകൾ സംഭവിച്ചിട്ടുള്ള 50—ാളം വീടുകൾ ഉണ്ട്. അത് പുതുക്കി പണിയുന്നതിനും നടപടി സ്വീകരിക്കണം.

കക്കൂസ് ഇല്ലാത്ത പാവപ്പെട്ടവരായ മുഴുവൻ ആളുകൾക്കും പട്ടിക ജാതിക്കാർക്കും കക്കൂസ് നിർമ്മിക്കുന്നതിന് ഗ്രാൻറ് ലഭിക്കണം.

ഓലമേഞ്ഞ വീടുകളിൽ താമസിക്കുന്ന പാവപ്പെട്ടവരായ മുഴുവൻ ആളുകൾക്കും വർഷംതോറും ഓലമേയുന്നതിനുള്ള ധനസഹായം ലഭിക്കണം.

ക്ഷേമ പ്രവർത്തനങ്ങൾ

ഈ വാർഡിൽ ഒരു നെഴ്സറി സ്കൂൾ നിർമ്മിക്കണം നിർദ്ധനരായ കുട്ടികൾക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഒരു T. V. കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കണം ഇതിനുവേണ്ട നടപടി പഞ്ചായത്തിൽ നിന്നും ലഭിക്കണം. അഭ്യസ്ഥരായ യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം തയ്യൽ ജോലി പഠിച്ചിട്ടുള്ള വനിതകൾക്ക് തയ്യൽ യൂണിറ്റുകൾ ആരംഭിക്കണം വിദ്യാഭ്യാസം ഇല്ലാത്തവർക്ക് സാക്ഷരതാ ക്ലാസുകൾ ആരംഭിക്കണം. അംഗൻവാടി സ്ഥാപിക്കണം.

ഇവിടത്തെ പൊതു സ്മശാനത്ത് പ്രതികൂല കാലാവസ്ഥയാകുന്ന അവസരങ്ങളിൽ സ്മശാനത്തിനകത്തു നിൽക്കൽ ബുദ്ധിമുട്ടുണ്ട്. ആയതിനാൽ സ്മശാനത്തിൽ ഒരു ഷെഡ് നിർമ്മിക്കുന്നതിനുവേണ്ട നടപടിയുണ്ടാകണം.

കയർ തൊഴിലാളി, കർഷക തൊഴിലാളി മറ്റല്ലാതൊഴിലാളികൾക്കും അർഹതയുള്ള മുഴുവൻ പേർക്കും പെൻഷൻ ലഭിക്കണം. വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ വികലാംഗർ, അന്ധൻമാർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ എന്നീ അർഹതയുള്ള മുഴുവൻ ആൾക്കും ലഭിക്കണം. വികലാംഗർക്കും, അന്ധൻമാർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഒരു ബാലവാടി നിർമ്മിക്കണം പൊതുമന്ദിരം നിർമ്മിക്കണം കുട്ടികൾക്കും ഗർഭിണികൾക്കും പോഷകാഹര കേന്ദ്രം നിർമ്മിക്കണം. മറ്റ് ആവശ്യമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതിക്കുള്ള നടപടിയുണ്ടാകണം.
കയർ തൊഴിലാളി പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ അർഹതയുള്ള മുഴുവൻ ആൾക്കാർക്കും ലഭിക്കണം വികലാംഗർ അന്ധൻമാർ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ള ആളുകൾക്കും സ്വയം തൊഴിൽ കണ്ടെത്തുകയും അർഹതയുള്ള മുഴുവൻ ആളുകൾക്കും ലഭിക്കണം.

പാർപ്പിടം

വാർഡ് 11 : സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായ ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള സർക്കാർ അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതങ്ങളിൽ തുക ലഭ്യമാക്കി വിതരണം നടത്തേണ്ടതാണ്. ഭൂമി ഇല്ലാത്ത മുഴുവൻ ആളുകൾക്കും ഭൂമി കിട്ടത്തക്ക രീതിയിലുള്ള നടപടി സ്വീകരിക്കണം. വീടില്ലാത്ത മുഴുവൻ ആൾക്കാർക്കും വീട് വയ്ക്കുന്നതിനുള്ള ഗ്രാൻറ് അനുവദിക്കണം പാവപ്പെട്ട മുഴുവൻ ആൾക്കാർക്കും കക്കൂസ് നിർമ്മിക്കണം ഹരിജൻ സമുദായത്തിൽപ്പെട്ട മുഴുവൻ ആൾക്കാർക്കും വീടും കക്കൂസും നിർമ്മിക്കുന്നതിനുള്ള ഗ്രാൻറ് അനുവദിക്കണം.

പാവപ്പെട്ട വീടുകളിൽ സൗജന്യമായി വാട്ടർ കണക്ഷകൻ കൊടുത്ത് കുടി വെള്ളം നൽകുക. വീടുകളിൽ സൗജന്യ ഇലക്ട്രിക് കണക്ഷൻ നൽകുക.

ഓലകെട്ടിയ വീടുകളിൽ താമസിക്കുന്ന ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് ഓലമേയുന്നതിനുള്ള ഗ്രാൻറ് അനുവദിക്കണം.

ഓലമേഞ്ഞ പട്ടിക ജാതിക്കാരുടെ വീടുകൾ ഓലമേയുന്നതിന് ഗ്രാൻറ് ലഭിക്കണം.

ചാലിൽ ലക്ഷം വീടുകളുടെ അവസ്ഥ ശോചനീയമാണ്. ചുവരുകൾ പിളർന്ന് മേൽക്കൂരയുടെ തടികൾ ദ്രവിച്ച് ഓടുകൾ പൊട്ടിതകർന്ന നിലയിലാണ്. 14 വീടുകളിലായി 28 കുടുംബങ്ങൾ താമസിച്ചുവരുന്നു ഈ കുടുംബങ്ങൾക്ക് ഈ ലക്ഷംവീട്ടിൽ താമസിക്കാൻ ഭയമാണ്. ആയതുകൊണ്ട് ഈ വീടുകളുടെ അറ്റകുറ്റപണി തീർത്തു ബലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ലക്ഷം വീടുകളിൽ താമസിക്കുന്ന യഥാക്രമം പുരയിടത്തിന്റെ വിസ്തീർണ്ണം അളന്ന് അതിരുതിരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

ക്ഷേമ പ്രവർത്തനങ്ങൾ

ൗൺ വാർഡിൽപ്പെട്ട വികലാംഗർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി സാമ്പത്തിക സഹായം നൽകുക.
കയർ മേഖലയായ ഈ പ്രദേശത്ത് രണ്ട് ബാലവാടികൾ സ്ഥാപിക്കുക.

കയർതൊഴിലാളി പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വിധവാപെൻഷൻ, വാർദ്ധക്യകാലപെൻഷൻ എന്നിവ അർഹതയുള്ള മുഴുവൻ ആൾക്കാർക്കും ലഭിക്കണം അന്ധൻമാർ, വികലാംഗർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ എന്നിവർക്കും അർഹതയുള്ള മുഴുവൻ പേർക്കും ലഭിക്കണം. ഇവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണം. ഈ വാർഡിൽ കിട്ടേണ്ടതായ ക്ഷേമ പ്രവർത്തനത്തിനുള്ള ആനുകൂല്യങ്ങളും ലഭിക്കേണ്ടതാണ്.

ചാലിൽ ടി. വി. കവിയോസ്കിന് സമീപമുള്ള സ്ഥലത്ത് സിമൻറ് ബഞ്ചുകൾ സ്ഥാപിച്ച് ടി. വി. ഇരുന്ന് കാണുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

പാർപ്പിടം

വാർഡ് 10 :—ഈ വാർഡിൽ താമസിക്കുന്ന എല്ലാ വിഭാഗം ജനങ്ങളും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ്. മിക്ക കുടുംബങ്ങൾക്കും ശരിശായ പാർപ്പിടം ഇല്ലാത്തവരാണ്. മിക്ക വീടുകളിലും കക്കൂസ് ഇല്ലാത്തതുമാണ്. പ്രത്യേകിച്ച് 20—ൽ പരം ഹരിജനങ്ങൾ താമസിക്കുന്ന ഏരിയായും ആണ്. ഇതേവരെയും ഇവർക്ക് യാതൊരുആനുകൂല്യങ്ങളും ലഭിച്ചിട്ടില്ല. ആയതിനാൽ ഈ ദ്വീപിൽ താമസിക്കുന്ന ഇവർക്ക് യഥേഷ്ടം കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

ദാരിദ്ര രേഖക്കുതാഴെയുള്ള എല്ലാവർക്കും വീടും കക്കൂസും ലഭിക്കണം ഹരിജൻ സമുദായത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും വീടും കക്കൂസും ലഭിക്കണം കേടുപാട് പറ്റിയ വീടുകൾക്ക് അറ്റകുറ്റ പണിക്കുള്ള ധനസഹായം ലഭിക്കണം ഓലമേഞ്ഞ വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് വർഷംന്തോറും ഓല മേയുന്നതിനുള്ള ധനസഹായം ലഭിക്കണം ഹരിജൻ സമുദായത്തിൽപ്പെട്ട മുഴുവൻ ആൾക്കാർക്കും ഓലമേയുന്നതിനുള്ള ഗ്രാൻറ് ലഭിക്കണം.

ക്ഷേമ പ്രവർത്തനങ്ങൾ

അഭ്യസ്തവിദ്യരായ യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കണം. പാവപ്പെട്ട കുടുംബങ്ങൾക്ക് കുടിവെള്ളത്തിനുവേണ്ടി കിണർ കുഴിക്കുന്നതിനുള്ള സഹായം അനുവദിക്കുക.

★

പട്ടികജാതി-പട്ടികവർഗ്ഗ വികസനം

ആമുഖം

ഈ പഞ്ചായത്തിലെ 11 വാർഡുകളിലായി 1037 പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നു. ഇതിൽ 707 കുടുംബങ്ങൾ 11 അംഗീകൃത പട്ടികജാതി കോളനിയിലും 237 കുടുംബങ്ങൾ അംഗീകരിച്ചിട്ടില്ലാത്ത പട്ടികജാതി സങ്കേതങ്ങളിലും 93 കുടുംബങ്ങൾ സങ്കേതമല്ലാതെയും വിവിധ വാർഡുകളിലായി വസിക്കുന്നു. ഈ പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 4443 ആകുന്നു. ഇതിൽ 2206 പുരുഷൻമാരും 2221 സ്ത്രീകളുമാണ്. 1013 കുടുംബങ്ങളിലായി താമസിക്കുന്ന പട്ടികജാതിയിൽ പുലയർ, തണ്ടാർ, മണ്ണർ, പരവർ, സാംബവർ, പാണർ, തുടങ്ങിയ 6 സമുദായങ്ങൾ ഉൾപ്പെടുന്നു. ഒരു കാലഘട്ടത്തിൽ ജന്മിമാരുടെ കൃഷിയിടങ്ങൾ സൂക്ഷിക്കുന്നതിനായി ജന്മിമാരുടെ കൃഷിഭൂമിയിലും വയലേലകൾക്ക് അരികിലും അടുക്കുടി കിടന്നിരുന്ന ഈ വിഭാഗം പിൽക്കാലത്ത് ജന്മിയുടെ ഭൂമിയിൽ അവർ ചൊരിഞ്ഞ വിയർപ്പിന്റെ വിലപോലും ലഭിക്കാതെ മറ്റ് പ്രദേശങ്ങളിലേക്ക് സ്ഥലമാറ്റം ചെയ്യപ്പെടുകയുണ്ടായി ഇത്തരത്തിൽ പലായനം ചെയ്യപ്പെട്ട കുടുംബങ്ങളാണ് ഇന്ന് പള്ളിപ്പുറം, ശ്രീപാദം, കരിപ്പാറ അപ്പോളോ കോളനി ആനതാഴ്ചിറ, തെറ്റിച്ചിറ എന്നീ കോളനികളിൽ താമസിക്കുന്നത്.

പട്ടികജാതിക്കാരും പരമ്പരാഗത തൊഴിലുകളും

അലക്ക് തൊഴിൽ മണ്ണാർ സമുദായക്കാരുടെയും തെങ്ങുകയറ്റം തണ്ടാർ സമുദായക്കാരുടെയും ചൂരൽപണി, ചുണ്ണാമ്പ് നിർമ്മാണം ഇവ പരവർ സമുദായത്തിന്റെയും, മുളപ്പണി (കുട്ട-വട്ടിനെയ്ത്ത്) സാമ്പവർ സമുദായത്തിന്റെയും പാരമ്പരാഗത തൊഴിലുകൾ ആയിരുന്നു. ഇതിൽ ചുണ്ണാമ്പു നിർമ്മാണം ഇപ്പോൾ ഈ പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായി. തെങ്ങ് കയറ്റത്തിൽ ഇപ്പോൾ എല്ലാവിഭാഗം ജനങ്ങളും ഏർപ്പെടുവാൻ തുടങ്ങി ചൂരൽ, മുള ഓടക്കുഴൽ എന്നീ അസംസ്കൃത സാധനങ്ങളുടെ ലഭ്യതയില്ലായ്മ ചൂരൽപ്പണി, കുട്ട-വട്ടി നെയ്ത്ത് എന്നീ പാരമ്പര്യ തൊഴിലുകൾ മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയാത്ത ഒരവസ്ഥയിൽ ചെന്ന് എത്തിച്ചു. ഡ്രൈ ക്ലീനിംഗ് കമ്പനികളുടെ കടന്നുകയറ്റവും വാഷിംഗ് മിഷിയനുകളുടെ ആഗമനവും അലക്ക് തൊഴിലാളികളെ പട്ടിണിയിലാക്കി.

തൊഴിൽ രംഗങ്ങളിൽ പട്ടികജാതിക്കാരിൽ ഏറ്റവും പ്രശ്നം നിലനിൽക്കുന്നത് പുലയസമുദായക്കാരിൽ ആണ്. ഈ സമുദായക്കാർക്ക് പരമ്പരാഗതമായ തൊഴിൽ ഇല്ലാത്തതിനാൽ അവരുടെ ജീവിതം കാർഷികതൊഴിലിനേയും കയർ തൊഴിലിനേയും ആശ്രയിച്ചിരിക്കുന്നു. കൃഷിഭൂമി നികത്തി മണിമാളികകൾ പണിയുന്നത് ഈ പഞ്ചായത്തിൽ ഒരു നിത്യസംഭവമായി മാറികൊണ്ടിരിക്കുന്നു. ഇത് പട്ടികജാതിയിൽ പുലയ സമുദായക്കാരുടെ തൊഴിലില്ലായ്മയുടെ ആക്കം കൂട്ടുകയുണ്ടായി. കൂടാതെ കയർ മേഖലയിൽ അപ്പോഴ് അപ്പോഴ് ഉണ്ടാക്കുന്ന സ്തംഭനാവസ്ഥയും ഈ വിഭാഗത്തെ തൊഴിലില്ലാത്തവരായി മാറ്റികൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ പാരമ്പര്യമായി ഏർപ്പെട്ടിരുന്ന തൊഴിൽമേഖലയുടെ തകർച്ച ഈ വിഭാഗത്തിലെ ചെറുപ്പക്കാർ ലോഡിംങ്ങ് തൊഴിലിലേക്കും മേസൻ പാറപ്പണി എന്നീ ജോലികളിലേക്ക് മാറിയതിനാൽ ഈ വിഭാഗം അനുഭവിച്ചിരുന്ന നിത്യപട്ടിണി ഒരു അളവ് വരെ പരിഹരിക്കാൻ സഹായിച്ചു.

സമൂഹ്യ പശ്ചാത്തലം

കഴിഞ്ഞ നൂറാണ്ടിൽ അയിത്തവും ഉച്ചനീചത്വവും അതിശക്തമായി നിലനിന്നിരുന്ന ഒരു പ്രദേശമാണിത്. കണിയാപുരം എന്ന സ്ഥലത്ത് അടിമകമ്പോളം ഉണ്ടായിരുന്നതായും അയിത്തം അതിഭീകരമായി നിലനിന്നിരുന്നതിനാൽ ഇതിനെതിരെയായി പ്രക്ഷോപസമരം നയിച്ച സാമൂഹ്യ പരിഷ്കർത്താവും മഹാനുമായ ശ്രീ അയ്യൻകാളിക്ക് കണിയാപുരത്ത വച്ച് ജന്മിമാരുമായി ഏറ്റുമുട്ടേണ്ടി വന്നതായും ചരിത്രരേഖയുണ്ട് ഇത് അയിത്തത്തിനും ഉച്ചനീചത്വത്തിന് എതിരായി വളരെയധികം പ്രവർത്തനങ്ങളും പ്രക്ഷോഭസമരങ്ങളും പണ്ടുകാലം മുതൽ ഈ പഞ്ചായത്തിൽ നടത്തിയിട്ടുണ്ട് എന്ന് സൂചിപ്പിക്കുന്നു. ഈ പഞ്ചായത്തിൽ അയിത്തത്തിനും ഉച്ചനീചത്വത്തിനും എതിരായി നടത്തിയ ത്യാഗോജ്ജ്വലമായ സമരങ്ങൾക്കും ധീരമായപോരാട്ടങ്ങൾക്കും നേതൃത്വം നൽകിയതിൽ സരസ്വതിശ്രീ കല്ലുവരമ്പിൽ ഇളയൻ, മലമേൽപ്പുറമ്പിൽ കൊച്ചുപ്പി, തിട്ടയിൽകാളി കുറക്കോട് കിളിയൻ എന്നീ നേതാക്കൻമാരുടേയും ഇന്ന് ജീവിച്ചിരിപ്പുള്ള ശ്രീ കുഴിയിൽ ഇളയൻ, ശ്രീ. പാച്ചിറ അപ്പുതൻ എന്നിവരുടെ പ്രവർത്തനങ്ങൾ പ്രത്യേകം സൂചിപ്പിക്കുന്നതോടൊപ്പം ഈ സമരങ്ങൾക്ക് സഹായങ്ങൾ ചെയ്ത് കൊടുക്കുകയും നേതൃ

തപ്പെടുത്തുകയും ചെയ്ത ദേശസ്നേഹികളായ ഇതര സമുദായ അംഗങ്ങളേയും നന്ദിയോടെ സ്മരിക്കുന്നു. 21-ാം നൂറ്റാണ്ടിലേക്ക് കുതിക്കുന്ന ഈ കാലഘട്ടത്തിലും ഈ പഞ്ചായത്തിലെ പല സ്ഥലങ്ങളിലും ഉച്ചനീചത്വം മറ്റു രൂപങ്ങളിൽ ചെറിയൊരു അളവിലെങ്കിലും നിലനിൽക്കുന്നു എന്നുള്ള കാര്യം തർക്കമറ്റതാണ്. പ്രത്യേകിച്ച് സംബോധനാ രംഗത്ത് നിന്നും ഉച്ചനീചത്വം മാറിയിട്ടില്ല. മറ്റ് സമുദായങ്ങളിലെ ഒരു കുട്ടിയോ ചെറുപ്പക്കാരനോ പട്ടികജാതിയിലെ വളരെ പ്രായം ചെന്ന ഒരാളെ എടാ എന്നും പേര് വിളിച്ചും സംബോധന ചെയ്യുന്ന രീതി ഉച്ചനീചത്വം നിലനിൽക്കുന്നു എന്നുള്ളതിന് പ്രകടമായ ഉദാഹരണമാണ്. ഇത് ഈ പഞ്ചായത്തിലുടനീളം കാണപ്പെടുകയും ചെയ്യുന്നു. ഇത് പക്ഷേ സമഗ്രമായ വികസനത്തിന് വിഘാതമായി ഭവിക്കും. സ്വാതന്ത്ര്യവും സൗഹൃദത്തിലൂന്നിയതുമായ ഒരു സംബോധനാരീതി വളർത്തിയെടുക്കേണ്ടി ഇരിക്കുന്നു. സാമൂഹ്യ സാംസ്കാരിക കലാരംഗങ്ങളിൽ നിന്നും പട്ടികജാതിക്കാരന് അർഹമായ സ്ഥാനം ലഭിക്കുന്നില്ല അവരുടെ സർഗവാസനകളെ പരിപോഷിപ്പിക്കുവാൻ പ്രത്യേകം സംവിധാനങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. രാഷ്ട്രീയ രംഗങ്ങളിൽ അർഹമായ സ്ഥാനങ്ങൾ നല്കാതെ പട്ടികജാതിക്കാരനെ അപ്രധാന കോണുകളിലേക്ക് തള്ളി തഴയപ്പെടുന്നു. എന്നാൽ വികസന കാര്യത്തിൽ പരസ്പര സഹകരണത്തിലൂടെ പ്രവർത്തിക്കുവാൻ ഈ പഞ്ചായത്തിൽ കഴിയും എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

പട്ടികജാതി കോളനികളും അവയുടെ സ്ഥാനവും.

ഈ പഞ്ചായത്തിൽ പട്ടികജാതിക്കാർ തിങ്ങി പാർക്കുന്ന 11 അംഗീകൃത കോളനികളും 11 അംഗീകരിക്കാത്ത സെറ്റിൽ മെന്റ് കോളനികളും ഉണ്ട്. ഈ കോളനികളുടെ പേരും അവയുടെ സ്ഥാനവും ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കോളനിയുടെ പേര്	കോളനി സ്ഥിതി ചെയ്യുന്ന വാർഡ്	കോളനി സ്ഥിതി ചെയ്യുന്ന സ്ഥലം
1	പുതാന കോളനി	I	ആനതാഴ്ച്ചിറയ്ക്ക് വടക്ക് വശം മോഹനപുരം ആനതാഴ്ച്ചിറ റോഡിന് തെക്ക് വശം.
2	തൊറിച്ചിറ വെസ്റ്റ്	II	കാവുവിള ജംഗ്ഷന് തെക്കും ചേമ്പാലതടത്തിന് വടക്കും
3	തിരുവെള്ളൂർ	II	M L. A. റോഡിന് പടിഞ്ഞാറും തിരുവെള്ളൂർ ഏലായ്ക്കു കിഴക്കും.
4	പാച്ചിറ	IV	തളിയത്ത് ഏലായ ക്ക് കിഴക്കും പാണ്ടിവിള റോഡിന് പടിഞ്ഞാറും പാച്ചിറ അമ്പലറോഡിന് ഇരുവശവും
5	പള്ളിപ്പുറം ശ്രീപാദം	V	N. H. 47-ന് പടിഞ്ഞാറും ഊറുകുഴിക്ക് കിഴക്കും C. R. P. ക്യാമ്പിന് തെക്കും.
6	പള്ളിപ്പുറം പുതുവൽ	V	N H. 47ന് കിഴക്കും ക്രിസ്ത്യൻ പള്ളിക്ക് വടക്കും കല്ലുപാലം ലിങ്ക് റോഡിന് തെക്കും.
7	കട്ടച്ചിറകോണം	V	കീഴാവൂർ ഏലായ്ക്കുപടിഞ്ഞാറും C. R. P. ക്യാമ്പിന് കിഴക്കും കല്ലറ ക്ഷേത്രത്തിന് തെക്കും
8	അപ്പോളോ അംബേദ്കർ ഗ്രാമം	VI	C R. P. ക്യാമ്പിന് പടിഞ്ഞാറും ചിറയിൻകീഴ് റോഡിന് കിഴക്കും.
9	തോപ്പിനകം അഞ്ചേക്കർ	VI	ചിറയിൻകീഴ് റോഡിന് വടക്ക് കിഴക്ക് C. R. P. ക്യാമ്പിന് തെക്ക്.
10	പരക്കരി കരിച്ചിറ	VII	റെയിൽവെ ലൈനിന് പടിഞ്ഞാറ് പരക്കരി ക്ഷേത്രത്തിന് സമീപം.

11	കല്ലുങ്കര	IX	റെയിൽവെ സ്റ്റേഷന് പടിഞ്ഞാറ് മലമേൽ പറമ്പ് റോഡിന് കിഴക്ക്.

അതിർത്തികൾ

1	ആനതാഴ്ചിറലക്ഷം വീട്	I	ആനതാഴ്ചിറക്ക് വടക്ക്. കാരമൂട് റോഡിന് കിഴക്ക്.
2	അണ്ടൂർക്കോണം-ലക്ഷംവീട്	III	അണ്ടൂർക്കോണം റോഡിന് തെക്ക്. കുടമുറ്റം മുസ്ലീം പള്ളിക്ക് പടിഞ്ഞാറ്.
3	കൂരവേട് പുതുവൽ	IV	ആനൂർ മുസ്ലീം പള്ളിക്ക് വടക്കും. കല്ലുപാലം ജംഗ്ഷന് തെക്കും. പാച്ചിറ അമ്പലം റോഡിന് ഇരുവശവും.
4	കാട്ടിൽകുഴിവിള	V	N. H. 47 ന് കിഴക്ക്.
5	തലക്കോണം കുറക്കോട്	V	N. H റോഡിന് കിഴക്കും. ആനതാഴ്ച്ചിറയ്ക്ക് പടിഞ്ഞാറും.
6	മുഴുത്തിരിയാവട്ടം മരുപ്പൻകോട്	VI	N. H റോഡിന് പടിഞ്ഞാറും. C. R. P ക്യാമ്പിന് തെക്കും
7	പണ്ടാറക്കരി	VI	CRP ക്യാമ്പിന് പടിഞ്ഞാറുവശം
8	കുളിനീറ്റിക്കരിമലമേൽ പറമ്പ്	IX	റെയിൽവെ ലൈനിന് പടഞ്ഞാറും പടിഞ്ഞാറും മുക്ക് ഏലക്ക് കിഴക്കും കണിയാപുരംകാവേട്ട് മുക്ക് റോഡിന് ഇരുവശവും.
9	മണക്കാട്ട് വിളാകം	X	മുസ്ലീം ഹൈസ്കൂളിന് കിഴക്കും വടക്കും ഭാഗത്ത്.
10	ചാലിൽലക്ഷംവീട്	XI	റെയിൽവെ ലൈനിന് പടിഞ്ഞാറും മങ്ങാട്ടുവഴി തോടിന് കിഴക്കും.
11	ആലുംമൂട്കുന്നിനകം	X	ആലുംമൂട് ഏലക്ക് കിഴക്കും തെറ്റിയാറിന് പടിഞ്ഞാറും.

കോളനികളുടെ പാർപ്പിട സൗകര്യത്തിന്റെ അവസ്ഥ

ക്രമ നമ്പർ	കോളനിയുടെ പേര്	മൊത്തം കുടുംബങ്ങൾ	മൊത്തം വീടുകൾ	വാസയോഗ്യമായ വീടില്ലാത്ത കുടുംബം	സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബം
	അംഗീകൃത കോളനി				
1	പൂതാന കോളനി	13	13	1	
2	തെറ്റിച്ചിറ വെസ്റ്റ്	60	50	30	10
3	തിരുവെള്ളൂർ	20	20	15	
4	പാച്ചിറ	60	35	11	25
5	പള്ളിപ്പുറം ശ്രീപദം	64	44	10	20
6	പള്ളിപ്പുറം പുതുവൽ	45	29	10	16
7	കട്ടച്ചിറകോണം	40	20	10	20
8	അപ്പോളോ അംബേദ്കർഗ്രാമം	279	200	80	79
9	തോപ്പിനകം അഞ്ചേക്കർ	50	50	5	
10	പരക്കരി–കരിച്ചിറ	31	18	10	13
11	കല്ലുകര	45	35	15	10
	മറ്റുസങ്കേതങ്ങൾ				
12	ആനതാഴ്ച്ചിറ ലക്ഷംവീട്	15	10		5
13	അണ്ടൂർകോണംലക്ഷംവീട്	15	10		5
14	കൂരാവീട് പുതുവൽ	28	23	6	5
15	കാട്ടിൽ കുഴിവിള	24	15	13	9
16	തലക്കോണം–കുറക്കോട്	28	21	16	7
17	മുരുത്തിരിയാവട്ടം	14	12	11	2
18	മരുപ്പൻകോട് പണ്ടാരക്കരി	15	7	6	8
19	കുളിർനീറ്റിക്കരി മലമേൽപറമ്പ്	50	45	10	5
20	മണക്കാട്ടു വിളാകം	11	9	5	2
21	ലക്ഷംവീട് ചാലിൽ	13	10		3
22	ആലുംമൂട്, കുന്നിനകം	24	16	14	8

കോളനികളിലെ ഭൗതിക സൗകര്യങ്ങളുടെ അവസ്ഥ

ക്രമനമ്പർ	കോളനിയുടെ പേര്	ഭൗതീകസൗകര്യങ്ങളുടെ അവസ്ഥ			വൈദ്യുതി
		റോഡ്	കുടിവെള്ളം പൈപ്പ് കണക്ഷൻ	പൊതു കിണർ	
1	പുതിയ കോളനി	മെറ്റൽറോഡുണ്ട്	പൈപ്പ് കണക്ഷനുണ്ട്	2	കോളനിക്കുള്ളിൽ എത്തിയിട്ടുണ്ട്
2	തെറ്റിച്ചിറ വെസ്റ്റ്	—do—	—do—		—do—
3	തിരുവെള്ളൂർ	മണ്ണ് റോഡ് നിലവിലുണ്ട്.	—do—		—do—
4	പാച്ചിറ	അപ്പ് റോഡ് ഇല്ല	—do—	1	—do—
5	പള്ളിപ്പുറം ശ്രീപാദം	റോഡുണ്ട്	—do—	4	—do—
6	പള്ളിപ്പുറംപുതുവൽ	—do—	—do—	2	—do—
7	കട്ടഞ്ചിറക്കോണം	കുണ്ടും കുഴിയും നിറഞ്ഞ മണ്ണ് റോഡ് നിലവിലുണ്ട്	—do—	2	—do—
8	അപ്പോളോ അമ്പേദ്കർ ഗ്രാമം	റോഡുണ്ട്	—do—	7	—do—
9	തോപ്പിനകം അഞ്ചേക്കർ	—do—	—do—	1	—do—
10	പരക്കരി കരിച്ചിറ	—do—	—do—		—do—
11	കല്ലിങ്കര	—do—	പൈപ്പ് കണക്ഷനില്ല	1	—do—
12	ലക്ഷംവീട് ആനതാഴ് ചിറ	—do—	പൈപ്പ് കണക്ഷനുണ്ട്	1	—do—
13	ലക്ഷംവീട് അണ്ടൂർകോണം	—do—	—do—	1	—do—
14	കുരാവീട് പുതുവൽ	—do—	—do—	2	—do—
15	തലക്കോണംകുറക്കോട്	മണ്ണ് റോഡ് നിലവിലുണ്ട്	—do—		കോളനിക്കുള്ളിൽ വൈദ്യുതി എത്തിയിട്ടില്ല
16	കാട്ടിൽ കുഴിവിള	റോഡ് നിലവിലില്ല	പൈപ്പ് കണക്ഷൻഇല്ല		—do—
17	മുഴിത്തിരിയാവട്ടം മരുപ്പൻകോട്	—do—	—do—		—do—
18	പണ്ടാറക്കരി	മണ്ണ് റോഡുണ്ട്	—do—		—do—
19	കുളിർനീറ്റിക്കരി മലമേൽപറമ്പ്	—do—	—do—		വൈദ്യുതി ഉണ്ട്
20	മണക്കാട്ട് വിളാകം	—do—	പൈപ്പ് കണക്ഷൻ ഉണ്ട്		—do—
21	ചാലിൽ ലക്ഷംവീട്	—do—	—do—	1	—do—
22	ആലുംമൂട്കുന്നിനകം	മണ്ണ് റോഡുണ്ട്	പൈപ്പ് കണക്ഷൻഇല്ല		—do—

കോളനികളിലെ കക്കൂസ് സൗകര്യങ്ങളുടെ വിവരം

ക്രമ നമ്പർ	കോളനിയുടെ പേര്	നിലവിലുള്ള ആകെ വീടുകളം	ഇതിൽ കക്കൂസ് നിലവിലുള്ള വീടുകളം	കക്കൂസ് നിലവിൽ ഇല്ലാത്ത വീടുകളം	വീടും കക്കൂസും നിലവിൽ ഇല്ലാത്ത കുടുംബങ്ങളം	കക്കൂസ് നിലവിൽ ഇല്ലാത്ത ആകെ കുടുംബങ്ങളം
1	ഭൂതരനകോളനി	13	3	10	-	10
2	തെറ്റിച്ചിറവെസ്റ്റ്	50	15	85	10	45
3	തിരുവെള്ളൂർ	20	5	15	-	15
4	പാച്ചിറ	35	25	10	25	35
5	പള്ളിപ്പുറം ശ്രീപാദം	44	-	44	20	64
6	പള്ളിപ്പുറം പുതുവൽ	29	12	17	16	33
7	കുട്ടച്ചിറകോണം	20	8	12	20	32
8	അപ്പോളോ അമ്പേദ്കർഗ്രാമം	200	135	65	79	144
9	തോപ്പിനകംഅംബേദ്കർ	50	35	15	-	15
10	പരക്കരി-കരിച്ചാറ	18	20	11	13	24
11	കല്ലുങ്കര	35	15	20	10	10
12	ആനതാഴ്ചിറ ലക്ഷംവീട്	10	4	6	5	11
13	അണ്ടൂർക്കോണം ലക്ഷംവീട്	10	5	5	5	10
14	കുരാവീട്-പുതുവൽ	23	11	12	5	17
15	കാട്ടിൽ കുഴിവിള	15	-	15	9	24
16	തലകോണം-കുറക്കോട്	21	-	21	7	28
17	പണ്ടാറ കരി	7	-	7	8	15
18	മുഴുതീരിയാവട്ടം-മരിപ്പംകോട്	12	-	12	2	14
19	കുളനീർറ്റികരി-ഇലമേൽപ്പറമ്പ്	45	30	15	5	20
20	മണക്കാട്ട് വിളാകം	9	6	3	2	5
21	ലക്ഷംവീട്ചാലിൽ	10	7	3	3	6
22	ആലുംമൂട്കുന്നിനകം	16	2	14	8	22

പ്രശ്നങ്ങൾ

1 പാർപ്പിടം:-

പട്ടികജാതികാരുടെ ഇടയിൽ ഏറ്റവും പ്രധാനമായി നിലനിൽക്കുന്ന ഒന്നാണ് പാർപ്പിട പ്രശ്നം. വിവിധ കോളനികളിലും അല്ലാതെയും ഈ പഞ്ചായത്തിൽ അധിവസിക്കുന്ന 1037 പട്ടികജാതി കുടുംബങ്ങളിൽ 454 കുടുംബങ്ങൾക്ക് മാത്രമണ് വാസയോഗ്യമായ വീടുള്ളത്. 312 കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് വച്ച് നൽകേണ്ടിയിരിക്കുന്നു. പിന്നീട് ഉള്ള 267 കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള സ്വന്തം സ്ഥലമില്ല. കൂട്ടുകുടുംബം എന്ന് വിശേഷിപ്പിക്കാൻ കഴിയിലെങ്കിലും പല വീടുകളിലും സ്ഥല പരിമിതിമൂലം രണ്ടിൽ കൂടുതൽ കുടുംബങ്ങൾ ഒരുമിച്ച് താമസിക്കേണ്ടി വരുന്ന സ്ഥിതിവിശേഷമാണ് ഉള്ളത്. ഈ ഇടുങ്ങിയ ജീവിത സാഹചര്യം ഈ വിഭാഗത്തിന്റെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ വളർച്ചയെ വളരെയധികം പ്രതികൂലമായി ബാധിക്കുന്നു. പാർപ്പിട പ്രശ്നം രൂക്ഷമായി നിലനിൽക്കുന്ന കോളനികളുടേയും കോളനികൾ അല്ലാത്ത പ്രദേശങ്ങളുടേയും വിവരം ഇതോടൊപ്പം ചേർക്കുന്നു

ക്രമ നമ്പർ	കോളനിയുടെ പേര് / വാർഡ് നമ്പർ	സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത കുടുംബങ്ങൾ	വാസയോഗ്യമായ വീട് ഇല്ലാത്ത കുടുംബങ്ങൾ
1	ഭൂതാനകോളനി	-	1
2	തെറ്റിച്ചിറവെസ്റ്റ്	10	30
3	തിരുവെള്ളൂർ	-	15
4	പാച്ചിറ	25	11
5	പള്ളിപ്പുറം ശ്രീപാദം	20	10
6	പള്ളിപ്പുറം പുതുവൽ	16	10
7	കട്ടച്ചിറകോണം	20	10
8	അപ്പോളോ അമ്പേദ്കർഗ്രാമം	79	80
9	തോപ്പിനകംഅംബേദ്കർ	-	5
10	പരക്കരി-കരിച്ചിറ	13	10
11	കല്ലുകര	10	15
12	ആനതാഴ്ചിറ ലക്ഷംവീട്	5	-
13	അണ്ടൂർക്കോണം ലക്ഷംവീട്	5	-
14	കൂരാവീട്-പുതുവൽ	5	6
15	കാട്ടിൽ കുഴിവിള	9	13
16	തലകോണം-കുറക്കോട്	7	16
17	പണ്ടാര കരി	8	6
18	മുഴുതിരിയാവട്ടം-മരിപ്പംകോട്	2	11
19	കുളനീർറാകരി-മലമേൽപ്പറമ്പ്	5	10
20	മണക്കാട്ട്വിളാകം	2	5
21	ലക്ഷംവീട്ചരലിൽ	3	-
22	വാർഡ് നമ്പർ I	-	3
	,, II	5	8
	,, IV	-	4
	,, V	-	5
	,, VI	5	6
	,, VII	-	3
	,, VIII	-	3
	,, IX	-	3
	,, X	5	3
23	ആലുംമൂട്കുന്നിനകം	8	

2 കുടിവെള്ളം:-

കുടിവെള്ള ക്ഷാമം നിലനിൽക്കുന്നത് കൂരാവീട് പുതുവൽ, കാട്ടിൽ കുഴിവിള, മുഴുത്തിരിയാവട്ടം-മരുപ്പൻകോട്, പണ്ടാരകരി എന്നീ കോളനികളിൽആണ്. ഈകോളനികളിൽ പൈപ്പ് കണക്ഷൻ എത്തിയിട്ടില്ല, മതിയായ പൊതു കിണറുകളും ഇല്ല. ഇപ്പോൾ പൈപ്പ് കണക്ഷൻ നിലവിലുള്ള കോളനികളിൽ മതിയായരീതിയിൽ വെള്ളം ലഭിക്കുന്നില്ല. ലഭ്യമാകുന്ന വെള്ളത്തിൽ ചെളി കലങ്ങി വരുന്നതായും ചില ദിവസങ്ങളിൽ അനുഭവപ്പെടുന്നു. വിവിധ കോളനികളിലായി 21 പൊതുകിണറുകൾ ഉണ്ട്. ഇതിൽ ഭൂരിപക്ഷംകിണറുകളും വേനൽകാലമാകുമ്പോൾ വറ്റി വരണ്ടുപോകുന്നു. ഇത് ഈ മേഖലയിൽ നിലനിൽക്കുന്ന ഒരു പ്രശ്നമാണ്.

3 വൈദ്യുതി

തലകോണം കുറക്കോട്, കാട്ടിൽ കുഴിവിള, മുഴുതിരിയാവട്ടം മരുപ്പൻകോട്, പണ്ടാരകരി എന്നീ കോളനികളിൽ വൈദ്യുതി കണക്ഷൻ ഇനിയും എത്തിയിട്ടില്ല. വൈദ്യുതി കണക്ഷൻ എത്തിയിട്ടുള്ള കോളനികളിൽ കോളനിക്ക് ഉള്ളിൽ തന്നെ പല സ്ഥലങ്ങളിലേക്കും കണക്ഷൻ വ്യാപിച്ചിട്ടില്ല. പാച്ചിറ കോളനി, പള്ളിപ്പുറം പുതുവൽ, കൂരാവീട്, പുതുവൽ തുടങ്ങിയ കോളനികളിൽ കോളനിക്ക് ഉള്ളിൽ തന്നെ പല സ്ഥലങ്ങളിലേക്കും വൈദ്യുതി എത്തിയിട്ടില്ല. പട്ടികജാതിക്കാരുടെ വീട് വൈദ്യുതീകരണം വലിയൊരു പ്രശ്നമായി നിലനിൽക്കുന്നു. വിവിധ കോളനികളിലായി 220 വീടുകളും വിവിധ വാർഡുകളിലായി കോളനികളിൽ അല്ലാത്ത 64 വീടുകളും ചേർത്ത് പട്ടികജാതിക്കാരുടെതായി 284 വീടുകളും ഇപ്പോൾ വയറിംഗ്

നടത്താത്തതായുണ്ട്. വയറിംഗ് നടത്താനുള്ള വീടുകളുടെ കോളനി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. കണക്ഷൻ എടുക്കാൻ 35 മീറ്ററിനുള്ളിൽ ആയിരിക്കണം ദൂരം എന്നുള്ള നിയമം മൂലം പലർക്കും കണക്ഷൻ എടുക്കാൻ കഴിയുന്നില്ല.

വയറിംഗ് നടത്താനുള്ള വീടുകളുടെ കണക്ക്

കോളനികളുടെ പേര്	വയറിംഗ് നടത്താനുള്ള വീടുകളുടെ എണ്ണം
തെറ്റിച്ചിറവെസ്റ്റ്	10
തിരുവെള്ളൂർ	12
പാച്ചിറ	12
പള്ളിപ്പുറം ശ്രീപാദം	10
പള്ളിപ്പുറം പുതുവൽ	10
കുട്ടച്ചിറകോണം	6
അപ്പോളോ അമ്പേദ്കർഗ്രാമം	25
തോപ്പിനകം അംബേദ്കർ	20
പരക്കരി-കരിച്ചാറ	10
കല്ലുങ്കര	15
കൂരാവീട്-പുതുവൽ	10
കാട്ടിൽ കുഴിവിള	15
തലകോണം-കുറക്കോട്	21
മുഴുതിരിയാവട്ടം-മരിപ്പൻകോട്	12
പണ്ടാര കരി	7
കുളിർനീറ്റുകരി	10
മണക്കാട്ട് വിളാകം	5
ലക്ഷംവീട് ചാലിൽ	5
ആലുംമൂട് കുന്നിന്മേൽ	12
വാർഡ് നമ്പർ I	2
,, II	10
,, III	2
,, IV	5
,, V	5
,, VI	10
,, VII	4
,, VIII	5
,, IX	5
,, X	10
,, XI	6

4 റോഡ് :-

കാട്ടിൽ കുഴിവിള, മുഴുതിരിയാവട്ടം മരുപ്പൻകോട് എന്നീ കോളനികളും ഒഴിച്ച് ബാക്കി എല്ലാ കോളനികളിലും റോഡുകളും നിലവിലുണ്ട്. പാച്ചിറ കോളനിയിൽ തളിയിൽ കലുങ്ക് ജംഗ്ഷനിൽ നിന്ന് ഒരു അപ്പ് റോച്ച് റോഡ് പാണ്ടിവിള റോഡുവരെ എത്തിക്കേണ്ടതുണ്ട്. കുട്ടച്ചിറകോളനിയിലേയ്ക്കുള്ള റോഡ് പൊട്ടിപൊളിഞ്ഞ് കുണ്ടും കുഴിയും നിറഞ്ഞ് യാത്രക്ക് വളരെ അസൗകര്യമായി സ്ഥിതിചെയ്യുന്നു. പെറും കൂലിപണിക്കാരായ കോളനി നിവാസികൾക്ക് രാത്രി പണികഴിഞ്ഞ് വരുവാനുള്ള ബുദ്ധിമുട്ട് വളരെ കൂടുതലാണ്. മാത്രമല്ല കോളനികളിലെ എല്ലാ മണ്ണ് റോഡുകളും ഡാർ ചെയ്ത് സഞ്ചാരയോഗ്യമാക്കി തീർക്കേണ്ടതുണ്ട്

5 ആരോഗ്യവും പരിസര ശുചീകരണവും :-

പട്ടികജാതി കോളനികളിൽ നിലനിൽക്കുന്ന പരിസര മലിനീകരണം ഈ വിഭാഗത്തിന്റെ ആരോഗ്യത്തിന് ഒരു പ്രധാന വെല്ലുവിളിയായി നിലനിൽക്കുന്നു. ആവശ്യമായ കക്കൂസുകളുടെ അഭാവമാണ് പരിസര മലിനീകരണത്തിന് പ്രധാന കാരണം. ഇത് മൂലം പലവിധമായ പകർച്ചാവ്യാതികൾക്ക് ഈ വിഭാഗം ജനങ്ങൾ അടിമകളാക്കുന്നു. കോളനികളിലെ ചപ്പുചവറുകൾ നിർമ്മാർജ്ജനം ഇല്ലായ്മ, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാതിരിക്കുക വ്യക്തി ശുചിത്വമില്ലായ്മ എന്നിവ പലവിധ രോഗങ്ങൾ പരത്തുന്നു, എന്നതിലുള്ള അജ്ഞതയും, അത് ഗൗരവമായി കണക്കാക്കാതിരിക്കുവാനുള്ള പ്രവണതയും, അവരുടെ സാഹചര്യങ്ങൾക്ക് അനുസൃതമായ പ്രായോഗിക ശുചിത്വത്തെ കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അഭാവവും പരിഹരിക്കപ്പെടേണ്ട അടിയന്തിര പ്രശ്നങ്ങളായിനിലകൊള്ളുന്നു. പോഷകാഹാര കുറവും ആവശ്യത്തിന് ഭക്ഷണം ലഭിക്കായ്കയും എന്നിവ അതിഗുരുതരമായ പ്രതിസന്ധിയെ സൂചിപ്പിക്കുന്നു. പരിസര മലിനീകരണം ഉണ്ടാക്കുകയും അതിലൂടെ രോഗം പരത്തുകയും ചെയ്യുന്ന കൊതുകുകൾ ആരോഗ്യരംഗത്തെ മറ്റൊരു ഭീഷണിയായി നിലനിൽക്കുന്നു. കക്കൂസ് നിലവിൽ ഇല്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ വിവരം പട്ടിക 2-ൽ നൽകിയിട്ടുണ്ട്.

6 കൃഷി

കൃഷികൊണ്ട് മാത്രം കുടുംബം പോറ്റാൻ കഴിയുന്ന പട്ടികജാതിയിൽ പെടുന്ന കർഷക കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. എന്നാൽ ഇവർ താമസിക്കുന്ന സ്ഥലങ്ങളിൽ പച്ചക്കറി, മരിച്ചീനി, വാഴ, തെങ്ങ് എന്നീ കൃഷികൾ ചെയ്തു വരുന്നു. 5 സെൻറിനും 30 സെൻറിനും ഇടയിൽ കൃഷിഭൂമിയുള്ള പട്ടികജാതി കുടുംബ

ങ്ങളാണ് ഇത്തരത്തിൽ കൃഷിചെയ്തുവരുന്നത്. ഈ വിഭാഗക്കാർക്ക് പോലും സ്വന്തമായി കിണറുകളും ഇല്ല. ഉള്ള കിണറുകൾ കൂടുതലും പൊട്ടി പൊളിഞ്ഞ് ഉപയോഗയോഗ്യമല്ല. അതിനാൽ ഇവരുടെ കൃഷി ജലസേചന സൗകര്യമില്ലാതെ നഷ്ടത്തിൽ കലാശിക്കുന്നു. നല്ലയിനം വിത്തും വളവും യഥാസമയങ്ങളിൽ വാങ്ങി ഉപയോഗിക്കാൻ പലപ്പോഴും ഈ വിഭാഗത്തിന് കഴിയാറില്ലന്നതും ഒരു പ്രശ്നം തന്നെയാണ്. മണ്ണ് സംരക്ഷണത്തിന്റെ പ്രശ്നം വേറെയും ചേർക്കുന്നുണ്ട്.

7 മണ്ണ് സംരക്ഷണം:-

പട്ടിക ജാതിക്കാരുടെ ഭൂമി കീഴ്ക്കാം തൂക്കായ ചരിവു പ്രദേശങ്ങളിലോ കുന്നിൻ ചരിവുകളിലോ ആണ് കാണപ്പെടുന്നത്. മഴ കാലങ്ങളിൽ ഈ പ്രദേശത്തെ ഫലഭൂയിഷ്ടമായ മേൽ മണ്ണ് ഒലിച്ചുപോകുന്നതിനാൽ കൃഷി നഷ്ടം ഉണ്ടാക്കുന്നു എന്നുമാത്രമല്ല ഇവരുടെ ഭൂമി അന്യാധീനമായി തീരുകയും ചെയ്യുന്നു. ഇത് പട്ടിക ജാതികാരുടെ ഇടയിൽ പരിഹരിച്ചിട്ടില്ലാത്ത ഒരു പ്രശ്നമായി നിലനിൽക്കുന്നു. പാച്ചിറ കോളനിയിലെ ചില പ്രദേശങ്ങളും കൂരാവീട് പുതുവൽ കോളനി, കട്ടച്ചിറാകോണം, പള്ളിപ്പുറം പുതുവൽ, പള്ളിപ്പുറം ശ്രീപാദം, അപ്പോളോ കോളനിയുടെ ചില പ്രദേശങ്ങളും, ആലുംമൂട് കുന്നിനകം കോളനിയുടെ ചില പ്രദേശങ്ങളും എന്നിവ ഇത്തരത്തിൽ മണ്ണൊലിപ്പ് ഉണ്ടാകുന്നവയാണ്.

8 തൊഴിൽ

ഈ പഞ്ചായത്തിൽ പട്ടികജാതിയിൽ പുലയ സമുദായം ഒഴിഞ്ഞ് ബാക്കി എല്ലാ സമുദായങ്ങൾക്കും അവരുടേതായി പരമ്പരാഗത തൊഴിൽ ഉണ്ടെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ മണ്ണാർക്ക് തുണിഅലക്കും, പരവർക്ക് ചൂരൽ നെയ്ത്തും ചുണ്ണാമ്പ് നിർമ്മാണവും, സാംബവർക്ക് വട്ടി-കുട്ട നെയ്ത്തും, തണ്ടാർക്ക് തെങ്ങ് കയറാവും, പാണർക്ക് കുട പണിയും വാദ്യമേളവും പരമ്പരാഗത തൊഴിലുകളായിട്ടുണ്ട്. എന്നാൽ പട്ടികജാതി ജനസംഖ്യയിൻ മുന്നിൽ നിൽക്കുന്ന പുലയ സമുദായത്തിന് പരമ്പരാഗത തൊഴിലുകളൊന്നും ഇല്ല. അവരുടെ പ്രാധാന തൊഴിൽ കൃഷി പണിയാണ്. കൂടാതെ കയർ മേഖലയിലും പണിചെയ്യുന്നു. നിരന്തരം നിലം നികത്തി വീടു പണിയുന്നതും കൃഷിഭൂമി തരിശ് ഇടുന്നതും ട്രാക്ടർ പോലുള്ള യന്ത്രങ്ങളുടെ രംഗപ്രവേശനവും കർഷക തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തികൊണ്ടിരിക്കുന്നു. ആയതിനാൽ ഈ വിഭാഗത്തിൽ നിന്ന് പെരുപ്പക്കാർ കെട്ടിട നിർമ്മാണ ജോലി (മേസൻ) പഠിക്കുകയും ആ മേഖലയിലേക്ക് തിരിയുകയും ചെയ്തു. അവിടെയും നൂതന സാങ്കേതിക വിദ്യയും വിലപിടിപ്പുള്ള പണി ആയുധങ്ങളും ഈ വിഭാഗത്തിന് ഒരു പ്രശ്നമായി നിലനിൽക്കുന്നു. തകർന്ന് കൊണ്ടിരിക്കുന്ന കാർഷിക തൊഴിൽ മേഖലയിൽ നിന്നും പുതിയ തൊഴിൽ മേഖലകളിലേക്ക് ഈ വിഭാഗത്തിലെ പെരുപ്പക്കാരെ കടത്തി വിടേണ്ടതായിട്ടുണ്ട്. കർഷകതൊഴിലുകളുടെ അഭാവവും കയർ മേഖലയിലെ നിരന്തര സ്തംഭനവും ഈ വിഭാഗത്തിലെ സ്ത്രീകൾ പാറപണി (മെറ്റൽ നിർമ്മാണം) എന്ന പുതിയ മേഖലയിലേക്ക് കടന്നിരിക്കുന്നു. അവിടെയും അസംഘടിതമായ പ്രവർത്തനവും പ്രവർത്തന മൂലധനത്തിന്റെ അഭാവവും ഒരു പ്രശ്നമായി നിലനിൽക്കുന്നു.

തുണിഅലക്ക് യന്ത്രത്തിന്റെ കടന്നു വരവ് ഈ രംഗത്ത് പണിയെടുക്കുന്നവർക്ക് അവരുടെ തൊഴിലിന് ഭീഷണിയായി മാറിയിരിക്കുന്നു. അലക്ക് തൊഴിലാളികൾ പണിയെടുക്കുന്ന കല്ലുകര തോട്ടിൽ ആവശ്യത്തിന് വെള്ളം കിട്ടാതെ വരുന്നതും പണിയെടുക്കുന്നവർക്ക് ഒരു പ്രധാന പ്രശ്നമായി തീർന്നിരിക്കുന്നു. പുതിയ പുതിയ കമ്പനികൾ നിർമ്മിക്കുന്ന കുമ്മായം വിപണിയിൽ എത്തിയതോടെ ഈ പഞ്ചായത്തിൽ നിലനിന്നിരുന്ന ചുണ്ണാമ്പ് നിർമ്മാണം ഇല്ലാതായി. ഈ തൊഴിൽ പുനർ ജീവിപ്പിക്കാൻ പുതിയ വഴികൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ചൂരൽ, മുള, ഓട എന്നീ അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് പ്രശ്നമായി നിലനിൽക്കുന്നു. പരമ്പരാഗത തൊഴിലുകളിലും കൃഷി പണിയിലും ആശ്രയിച്ച് കൂടുതൽ പേർക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥ അഖാരുടെ ഇടയിൽ ഉണ്ടാകാവുന്ന സാമ്പത്തിക തകർച്ചയിലേക്കും, ജീവിതയാതനകളിലേക്കും വിരൽ ചൂണ്ടുന്നു.

9 വ്യവസായം:-

ഈ പഞ്ചായത്തിൽ കരിച്ചാറയിൽ ഉള്ള ചൂരൽ വ്യവസായ സഹകരണ സംഘം ഒഴിച്ചാൽ പട്ടിക ജാതിക്കാർക്ക് വ്യവസായ സ്ഥാപനങ്ങളൊന്നും ഇല്ല. പട്ടിക ജാതിക്കാർക്ക് ഇന്നും, ഏറെയൊന്നും കടന്നു കൂടാൻ പറ്റാത്ത ഒരു മേഖലയാണ് വ്യവസായം. മതിയായ പരിശീലനവും സാമ്പത്തിക സഹായവും എവിടെ നിന്ന് ലഭിക്കുമെന്നുള്ള അജ്ഞത തന്നെ പ്രധാന പ്രശ്നം. വ്യവസായം തുടങ്ങുന്നതിനുവേണ്ട അനുഭവജ്ഞാനമില്ലായ്മ കിട്ടാനുള്ള പ്രയാസം, വായ്പക്ക് സമീപിക്കുമ്പോൾ ധനകാര്യ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥകളും, ഭയപ്പെടുത്തലും നിരുൽസാഹപ്പെടുത്തലും പട്ടിക ജാതിക്കാർക്ക് വ്യവസായം അപ്രാപ്യമാണെന്ന ഒരു പൊതു ധാരണ തന്നെ ഉണ്ടാക്കുന്നുണ്ട്.

10 വിദ്യാഭ്യാസം:-

ഈ പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളും ഒരു അപ്പർ പ്രൈമറി സ്കൂളുകളും അഞ്ച്

ലോവർ പ്രൈമറി സ്കൂളുകളും രണ്ട് ബാലവാടികളും ഒരു ശിശു മന്ദിരവും ഉണ്ട്. ഇതിൽ പാച്ചിറയിൽ ഉള്ള ശിശുമന്ദിരം ഒഴിച്ച് ബാക്കി എല്ലാ സ്ഥാപനങ്ങളും പട്ടിക ജാതി സങ്കേതങ്ങൾക്ക് അകലെയാണ് എന്നാലും 80 കുട്ടികളും ലോവർ പ്രൈമറി ക്ലാസുകളിലും 105 കുട്ടികളും അപ്പർ പ്രൈമറി ക്ലാസുകളിലും 180 കുട്ടികളും ഹൈ സ്കൂളിലും 15 കുട്ടികളും കോളെജ് ലും പഠിക്കുന്നുണ്ട്. എൽ. പി. യു പി,എച്ച്.എസ് വിഭാഗങ്ങളായി കുട്ടികൾക്ക് ലംസം ഗ്രാൻഡ് ലഭിക്കുന്നുണ്ട്.

പട്ടിണിയും തൊഴിലില്ലായ്മയും അതുമൂലമുണ്ടാകുന്ന കുടുംബ വഴക്കും നിറഞ്ഞ ഗാർഹികാന്തരീക്ഷം ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസത്തെ തടസപ്പെടുത്തുന്ന ഒരു പ്രശ്നമാണ്. മഴക്കാലം വരുമ്പോൾ ചോർന്ന് ഒലിക്കുന്ന ചെറ കൂരയുടെ ഒരു മൂലയിൽ സൂക്ഷിച്ചിരിക്കുന്ന പാഠപുസ്തകങ്ങൾ നനഞ്ഞ് കുതിരുകയും അതുമായി സ്കൂളിൽ പോകേണ്ടി വരുമ്പോഴുണ്ടാകുന്ന അപഹർഷതാ ബോധവും ഈ വിഭാഗത്തെ വിദ്യാഭ്യാസത്തിൽ താല്പര്യം ഉണ്ടാക്കുന്നവയോ വിദ്യാഭ്യാസത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തുകയോ ചെയ്യില്ല രാവിലെ ഒരു നേരത്തെ ആഹാരം മാത്രം കഴിച്ച് വരുന്ന കുട്ടികൾക്ക് സ്കൂളിലെ ഉച്ചകഞ്ഞി ഒരു അനുഗ്രഹമാണ്. എന്നാൽ വൈകിട്ട് സ്കൂൾ വിട്ട് വീട്ടിൽ എത്തിചേർന്നാൽ അത്താഴത്തിനുള്ള ആഹാരം പാകമാകുന്ന ഊഴവും കാത്ത് വിശന്ന് പൊരിയുന്ന വയറുമായി വീട്ടിലെ ഇറയത്തും മണ്ണെണ്ണ വിളക്കിനരികിൽ നിലത്ത് കുനിഞ്ഞിരുന്ന് പാഠങ്ങൾ പഠിക്കുന്ന അവസ്ഥ ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ വളർച്ചയെ ഏറെവും പ്രതികൂലമായി ബാധിക്കുന്ന ആ സാഹചര്യത്തിൽ പഠനം എത്ര കേമം അകുമെന്ന് പറയേണ്ടതില്ലല്ലോ.

പട്ടികജാതിക്കാർ തിങ്ങി പാർക്കുന്ന കോളനികൾക്ക് അടുത്ത് പ്രീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം ഈ വിഭാഗത്തിലുള്ള പിഞ്ചുകുഞ്ഞുങ്ങൾക്ക് പ്രീ പ്രൈമറി വിദ്യാഭ്യാസം ലഭിക്കാതെ ഇരിക്കുന്നതിന് കാരണമാകുന്നു.

11 സംസ്ക്കാരികം

ഈ പഞ്ചായത്തിൽ കലാ സാംസ്ക്കാരിക രംഗത്ത് അറിഞ്ഞോ അറിയാതെയോ പട്ടികജാതിക്കാർ തഴയപ്പെടുന്നുണ്ട്. കലാ സാംസ്ക്കാരിക വേദികളിൽ അർഹമായ സ്ഥാനം ഈ വിഭാഗത്തിന് നിഷേധിക്കുന്നതാണ്. ഈ രംഗത്ത് ഈ വിഭാഗത്തിലെ കടന്നു വരവിന് എതിരായി നില്ക്കുന്ന പ്രശ്നം. കാക്കാരിശി നാടകം, കമ്പടവുകളി, ചെണ്ടമേളം വിൽപ്പാട്ട്, നൃത്തം, ലളിതഗാനം, തുടങ്ങിയ കലകളിൽ വൈദഗ്ദ്ധ്യം നേടിയ പട്ടിക ജാതിക്കാർ അപ്പോളോ, പള്ളിപ്പുറം ശ്രീപാദം പള്ളിപ്പുറം പുതുവൽ, പാച്ചിറ, കല്ലുങ്കൽ തുടങ്ങിയുള്ള കോളനികളിൽ ഉണ്ട്. എന്നാൽ ഈ കലകളെ പരിപോഷിപ്പിക്കാനും പ്രകടിപ്പിക്കാനുമുള്ള സഹായങ്ങളും വേദികളും കിട്ടുന്നില്ല.

12 സഹകരണം

സഹകരണ രംഗത്ത് ഈ പഞ്ചായത്തിൽ പട്ടിക ജാതിക്കാർ വളരെ പിന്നിലാണ് പട്ടികജാതിക്കാരുടെ സ്ഥിര തൊഴിലുകളും ഇല്ലാതായി കൊണ്ടിരിക്കുന്നു ഈ സാഹചര്യത്തിൽ പുതിയ തൊഴിൽ മേഖല കണ്ടെത്തുവാനും പുതിയ തൊഴിലുകളും ചെയ്യുവാനും ചെറുകിട വ്യവസായങ്ങളും തുടങ്ങുവാനും സാമ്പത്തിക സഹായം ലഭിക്കുന്ന ഒരുവിവിധോദ്ദേശ സഹകരണ സംഘത്തിന്റെയും മറ്റു വ്യവസായ സഹകരണ സംഘങ്ങളുടേയും അഭാവം ഒരു പ്രശ്നമായി നിലനിൽക്കുന്നു. ചൂരൽ വ്യവസായ മേഖലയിൽ മാത്രമാണ് ഒരു സഹകരണ സംഘം പ്രവർത്തിക്കുന്നത്.

പ്രാവർത്തികമാക്കിയിരിക്കുന്ന പദ്ധതികളും അപാകതകളും

1 ഭവനനിർമ്മാണ ഗ്രാന്റ്

സർക്കാരിന്റെ വിവിധ വകുപ്പുകളും വഴി പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണ ഗ്രാന്റ് അനുവദിച്ചിരുന്നു ഈ പദ്ധതിക്ക് അനുവദിക്കുന്ന ഗ്രാന്റ് തുക തികച്ചും അപര്യാപ്തമാണ്. ഈ തുകകൊണ്ട് വാസയോഗ്യമായ ഒരു വീട് പണിയാൻ തികയുന്നില്ല. അതിനാൽ വീട് പണി പൂർത്തിയാക്കാൻ കഴിയുന്നില്ല. പട്ടികജാതിക്കാരെ വിശ്വാസത്തിലെടുത്ത് എല്ലാ വകുപ്പുകളും ഓരോ തരത്തിലേക്ക് മുൻകൂർ ധനസഹായം നൽകുന്നില്ല. പട്ടികജാതി വികസന വകുപ്പുമാത്രമെ ഇപ്പോഴും ഇത്തരത്തിൽ മുൻകൂർ തുക നൽകുന്നത്. ഇത് വിജയമാകുന്ന സ്ഥിതിക്ക് മറ്റു വകുപ്പുകളും കൂടിധനസഹായ തുക മുൻകൂറായി (ഘട്ടം ഘട്ടമായി) നൽകി പട്ടികജാതിക്കാരെ സഹായിക്കേണ്ടതാണ്.

2 കക്കൂസ് നിർമ്മാണ ഗ്രാന്റ്

ഓടു മേൽക്കൂരയും ഇഷ്ടികചുമരും കളിമൺ ക്ലോസറ്റും വച്ച ഒരു ഇരട്ടകുഴികക്കൂസ് പണിയുന്നതിന് അനുവദിക്കുന്ന 2000 രൂപതികച്ചും അപര്യാപ്തമായതിനാൽ കക്കൂസുകൾ സമയത്ത് പണിതീർക്കാൻ കഴിയാതെ വരുന്നത് ഉൾപ്പെടെയുള്ള പ്രയാസങ്ങൾ പരിഹരിക്കാൻ ഗ്രാന്റ് വർദ്ധിപ്പിക്കണം

3 വയറിംഗ് ഗ്രാന്റ്

പട്ടികജാതിക്കാരുടെ വീട് വയറിംഗ് നടത്തുന്നതിന് 750 രൂപയാണ് അനുവദിക്കുന്നത്. അതിനാൽ പല വീടുകളുടേയും വയറിംഗ് പണി നടത്താതെ അവശേഷിക്കുന്നു. വയറിംഗ് ഗ്രാന്റ് തുകയും വർദ്ധിപ്പിക്കണം

4 ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ

നിർമ്മാണ പ്രവർത്തനങ്ങളും സാമൂഹ്യസമ്പത്ത് ഉണ്ടാക്കുക എന്നതിനുപരി അതത് പ്രദേശത്തെ തൊഴിൽ രഹിതരെ പ്രയോജനപ്പെടുത്തി ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനം കൂടി നടത്തുക എന്നത് സർക്കാർ ലക്ഷ്യമായിരിക്കെ ഈ പഞ്ചായത്തിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഈപഞ്ചായത്തിലെ തൊഴിലാളികളാണ് പണിചെയ്യുന്നത് എന്ന് ഉറപ്പുവരുത്തുന്നില്ല സ്വാഭാവികമായും പട്ടികജാതിക്കാർക്ക് കൂടി വളരെ പ്രയോജനപ്പെടുന്ന ഒന്നാണ് എന്നിരിക്കെ ഇതിൽ പട്ടികജാതിക്കാരുടെ പ്രാധിനിത്യവും ഉറപ്പ് വരുത്തുന്നില്ല.

5 വിത്ത്, വളം, പണി ആയുധവിതരണം

കൃഷിവകുപ്പിൽ നിന്നു വിതരണം ചെയ്യുന്ന ഈസഹായങ്ങളും ഒരുകാലത്തും വ്യക്തമായ അന്വേഷണത്തോടെ അർഹതയുള്ള ഗുണഭോക്താക്കളെ മാത്രം കണ്ടെത്തിയല്ല വിതരണം ചെയ്യുന്നത്. കൂടുതലും നാട്ടിലെ പ്രധാനികളും രാഷ്ട്രീയനേതാക്കളും കൊടുക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഈ സഹായങ്ങളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ആയതിനുൾ അർഹതയില്ലാത്തവർ, സ്വന്തമായ ഭൂമിയില്ലാത്തവർ പോലും ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെടുന്നത് മൂലം വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളും ഒട്ടുമുക്കാലും ദുരുപയോഗം ചെയ്യപ്പെടുന്നു.

വിവിധങ്ങളായ സഹായങ്ങളുടെ വിതരണത്തിന് ശേഷം അതിന്റെ ഉപയോഗം വിലയിരുത്തുന്ന ഒരു സമ്പ്രദായം ഈ വകുപ്പിന് ഇല്ലാത്തതിനാൽ പട്ടികജാതിക്കാർക്ക് കൃഷിവകുപ്പിൽ നിന്നും നൽകുന്ന സഹായങ്ങളും വളരെ കൂടുതൽ ദുരുപയോഗം ചെയ്യുന്നത് തടയാൻ കഴിയുന്നില്ല പട്ടികജാതിക്കാർക്ക് വിത്ത് വളം പണിയായുധങ്ങളും തുടങ്ങിയ സഹായങ്ങളും വിതരണം ചെയ്യുന്നത് ഉദ്ദേശശുദ്ധിയിൽ നിന്നും അകന്ന് തികച്ചും യാന്ത്രികമായ ഒരു പ്രവർത്തനമായി അധ:പതിക്കുന്നു.

6 കോഴി, കന്നുകാലി വിതരണം

പട്ടികജാതിക്കാർക്ക് മൃഗസംരക്ഷണ വകുപ്പിൽ നിന്നും വിതരണം ചെയ്യുന്ന ഈ സഹായങ്ങളും ഏറെവും കൂടുതൽ ദുരുപയോഗം ചെയ്തുവരുന്നു. ലക്ഷ്യബോധമില്ലാത്ത ഗുണഭോക്തൃ തിരഞ്ഞെടുപ്പാണ് ഇതിന് പ്രധാന കാരണം. അർഹത ഇല്ലാത്തവർ ഗുണഭോക്താവായി തിരഞ്ഞെടുക്കപ്പെടുകയും അവർക്ക് ലഭിക്കുന്ന സഹായം ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യുന്നു മാത്രമല്ല വിതരണം ചെയ്ത സഹായത്തിന്റെ ഉപയോഗം പരിശോധിച്ച് പദ്ധതി വിലയിരുത്തുന്ന ഒരു സംവിധാനമില്ല ഇവിടേയും പട്ടികജാതിക്കാർക്ക് കൊടുത്തു എന്ന് വരുത്തി തീർക്കുന്നതല്ലാതെ പട്ടികജാതിക്കാരുടെ അവസ്ഥാപരിവർത്തനത്തിന് ഈ പദ്ധതികളും ഉപകരിക്കുന്നില്ല. ഈരംഗത്ത് പുതിയ പദ്ധതികളും ആവിഷ്കരിക്കപ്പെടുന്നുമില്ല.

ഭവനനിർമ്മാണം

1 പാർപ്പിടം

(1) സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത 259 കുടുംബങ്ങൾക്ക് ചുരുങ്ങിയത് 5 സെന്റ് സ്ഥലവും വീട് പണിയുന്നതിനുള്ള സഹായവും ലഭ്യമാക്കേണ്ടതാണ്.

(2) നിലവിലുള്ള 302 പട്ടികജാതിവീടുകളും വാസയോഗ്യമല്ലാത്തതാണ് ഇവർക്ക് പുതിയ വീട് പണിയുന്നതിനോ മേൽക്കൂര ഓട് മേയുന്നതിനോള്ള സഹായം ലഭ്യമാക്കേണ്ടതാണ്.

(3) കയർ പ്രോജക്ടിന് ഓഫീസുകളും മുഖേന പട്ടികജാതിയിൽപ്പെട്ട കയർതൊഴിലാളികൾക്ക് അനുവദിക്കുന്ന ഭവനനിർമ്മാണ ഗ്രാന്റ് ലഭിക്കുന്നതിനുള്ള യോഗ്യത 4000 രൂപയോ അതിന് താഴെ വാർഷിക വരുമാനം ഉള്ളകുടുംബം ആയിരിക്കണമെന്നാണ് ഈ വ്യവസ്ഥമാറ്റി ഈ സഹായം പട്ടികജാതിയിൽ ഉള്ള എല്ലാ കയർ തൊഴിലാളികൾക്കും അനുവദിക്കേണ്ടതാണ്.

(4) നിലവിലുള്ള ഭവനനിർമ്മാണ ഗ്രാന്റ് (വീട് നിർമ്മാണത്തിന് മാത്രം) 18000ൽനിന്നും 25000 ആയി ഉയർത്തുക എല്ലാവകുപ്പിന്റെയും ഭവനനിർമ്മാണ ധനസഹായ തുക ഏകീകരിക്കുകയും വീട് പണിയുടെ പുരോഗതിക്ക് അനുസരിച്ച് തുടർന്നുള്ള ഘട്ടത്തിലേയ്ക്കുള്ള തുക മുൻകൂർ നൽകേണ്ടതുമാണ്.

(5) പട്ടികജാതിയിൽപ്പെട്ട ഉയർന്ന വരുമാനക്കാർക്ക് ഭവന നിർമ്മാണത്തിനായി ചുരുക്കി

യത് 50000 രൂപയെങ്കിലും പലിശരഹിതവായ് പയായി അനുവദിക്കേണ്ടതാണ്.

ഭവനനിർമ്മാണ ഗ്രാൻറും സ്ഥലം വാങ്ങി വീട് പണിയുന്നതിനുള്ള ഗ്രാൻറും മേൽക്കൂര ഓടുമേയുന്നതിനുള്ള ഗ്രാൻറും അനുവദിക്കേണ്ട കുടുംബങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമനമ്പർ	കോളനിയുടെ പേരും വാർഡ് നമ്പരും	ഭവന നിർമ്മാണ ഗ്രാൻറ് അനുവദിക്കേണ്ടുന്ന കുടുംബങ്ങൾ	സ്ഥലവും വീടും വാങ്ങുന്നതിനുള്ള ഗ്രാൻറ് അനുവദിക്കേണ്ടുന്ന കുടുംബങ്ങൾ	മേൽക്കൂര ഓട് മേയുന്നതിനുള്ള സഹായം അനുവദിക്കേണ്ടുന്ന കുടുംബങ്ങൾ
1	മുതാനകോളനി	1		
2	തെറ്റിച്ചിറ വെസ്റ്റ്	3	10	
3	തിരുവെള്ളൂർ	15		
4	പാച്ചിറ	6	25	5
5	പള്ളിപ്പുറം ശ്രീപാദം	5	20	5
6	പള്ളിപ്പുറം പുതുവൽ	7	16	3
7	കട്ടച്ചിറകോണം	10	20	
8	അപ്പോളോഅംബേദ്കർ ഗ്രാമം	80	79	
9	തോപ്പിനകം അഞ്ചേക്കർ	5		
10	പരക്കരി-കരിച്ചിറ	10	13	
11	കല്ലുക്കര	15	10	
12	ലക്ഷംവീട് ആനതാഴ്ച്ചിറ		5	
13	ലക്ഷംവീട് അണ്ടൂർകോണം		5	
14	കുരാവീട്പുതുവൽ	6	5	
15	കാട്ടിൽകുഴിവിള	13	9	
16	തലക്കോണം-കുറക്കോട്	16	7	
17	പണ്ടാറക്കരി	6	8	
18	ഉഴിതിരിയാവട്ടം മരുപ്പൻകോട്	11	2	
19	കുളിർതീറ്റുകരിമലമേൽപറമ്പ	10	5	
20	മണക്കാട്ടുവിളാകം	5	2	
21	ലക്ഷംവീട് ചാലിൽ		3	
22	ആലുംമൂട്കുന്നിനകം	12	8	2
	വാർഡ് I	3		2
	,, II	8	5	
	,, IV	4		
	,, V	5		
	,, VI	6	5	
	,, VII	3		
	,, VIII	3		
	,, IX	3		
	,, X	3	5	

2 കുടിവെള്ളം

(1) പൈപ്പ് കണക്ഷൻ എത്തിയിട്ടില്ലാത്ത കോളനികളിൽ പൈപ്പ് ലൈൻ എത്തിക്കുക

(2) കൂരാവീട്, പള്ളിപ്പുറം പുതുവൽ പാച്ചിറ എന്നീ കോളനികളിലെ കുടുംബങ്ങൾക്കുള്ളിൽ പൈപ്പ് ലൈൻനീട്ടുക.

(3) ഉപയോഗ യോഗ്യമല്ലാതായികിടക്കുന്ന പട്ടികജാതിക്കാരുടെ കിണറുകളും വൃത്തിയാക്കുവാനും മാറ്റ് അറ്റകുറ്റ പണികളും ചെയ്യുവാൻ സഹായം അനുവദിക്കേണ്ടതാണ്.

(4) പള്ളിപ്പുറം ശ്രീപാദം കോളനിക്ക് പടിഞ്ഞാറ് ഭാഗത്തുള്ള ഊറ്റുകുഴി വൃത്തിയാക്കി അവിടെ നിന്നും വെള്ളം ശ്രീപാദം കോളനിയിലേക്ക് എത്തിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ് കിണറുകളും ഇല്ലാത്ത കുടുംബങ്ങൾക്ക് കിണറുകൾ കുഴിക്കുന്നതിനുള്ള ധനസഹായം അനുവദിക്കേണ്ടതാണ്.

3 വൈദ്യുതി

തലക്കോണം കുറക്കോട് കാട്ടിൽകുഴിവിള മുഴിതിരിയാവട്ടം മരുപ്പൽകോട് പണ്ടാറക്കരി എന്നീ കോളനികളിൽവൈദ്യുതി എത്തിക്കേണ്ടതാണ്.

(2) വൈദ്യുതി എത്തിയിട്ടുള്ള കോളനികളിൽ കോളനികളിൽക്കുള്ളിൽ സ്ട്രീറ്റ് ലൈറ്റുകളും നൽകേണ്ടതും കോളനിയുടെ എല്ലാഭാഗത്തും വൈദ്യുതിലൈൻ വ്യാപിപ്പിക്കേണ്ടതുമാണ്.

(3) പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന വയറിംഗ് ഗ്രാന്റ് 4000 രൂപയായി ഉയർത്തുക

(4) പോസ്റ്റിൽ നിന്നും നേരിട്ട് കണക്ഷൻ ലഭിക്കുന്നതിന് വേണ്ട കൂടിയ ദൈർഘ്യം പട്ടികജാതിക്കാർക്ക് 50 മീറ്ററായി ഉയർത്തുക.

4 പൊതുജനാരോഗ്യവും പരിസരശുചീകരണവും

(1) 353 പട്ടികജാതി വീടുകൾക്ക് കക്കൂസ് പണിയുന്നതിനുള്ള സഹായം അനുവദിക്കേണ്ടതാണ്.

(2) കോളനി പ്രദേശങ്ങളിലും വെള്ളക്കെട്ട് പ്രദേശങ്ങളിലും കൊതുക് നശീകരണ മരുന്നുകളും ക്രമമായി തളിക്കേണ്ടതാണ്.

(3) പരിസര ശുചീകരണം വ്യക്തിശുചിത്വം മലിനീകരണം തുടങ്ങിയ കാര്യങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ ക്യാമ്പുകളും മാസത്തിൽ ഒന്നെങ്കിലും സംഘടിപ്പിക്കേണ്ടതും ഇതിൽ പട്ടികജാതിക്കാർക്ക് ആഹാരവും മെത്തയും നൽകേണ്ടതാണ് ശ്രീപാദം കോളനി പരിസരത്ത് ഒരു അലോപ്പതി ആശുപത്രി അനുവദിക്കേണ്ടതാണ്.

5 റോഡ്

കാട്ടിൽ കുഴിവിള, മുഴിതിരിയാവട്ടം മരുപ്പൽകോട് എന്നീ കോളനികളിലേക്ക് റോഡുകളും പണിയേണ്ടതാണ്. മണ്ണ് റോഡ് നിലവിലുള്ള കോളനികളിൽ മണ്ണ് റോഡുകളും മെറ്റൽ ഇട്ട് ടാർ ചെയ്യണ്ടതാണ്. പള്ളിപ്പുറം ശ്രീപദേം കോളനിയിൽ നിന്നും ഊറ്റുകുഴിയിലേക്കു വെള്ളം എടുക്കുന്നതിനായി ഒരു പൊതുറോഡ് നിർമ്മിക്കേണ്ടതാണ്.

6 കൃഷി

(1) പട്ടികജാതിക്കാരുടെ കൈയ്യിൽ കൃഷി ഭൂമി വളരെ കുറവാണ് എന്ന സത്യം മനസിലാക്കി കൃഷിഭൂമിയുള്ള എല്ലാ പട്ടികജാതി കർഷകർക്കും യഥാസമയം വിത്തും വളവും സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്.

(2) എല്ലാ പട്ടികജാതി കർഷകർക്കും വരുമാന പരിധി നോക്കാതെ ജലസേചനത്തിനായി പമ്പ് സെറ്റുകളും വാങ്ങുന്നതിന് സബ്സിഡി അനുവദിക്കേണ്ടതാണ്.

(3) അപേക്ഷകരുടെ കൃഷിഭൂമി പരിശോധനാറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം ഗുണഭോക്തൃ തിരഞ്ഞെടുപ്പും ഗ്രാന്റ് വിതരണവും ചെയ്യേണ്ടത്.

(4) കേര വികസന സമിതിയിൽ പട്ടികജാതി കർഷകരുടെ പ്രാധിനിത്യം ഉറപ്പ് വരുത്തേണ്ടതും തെങ്ങിന്റെ എണ്ണം നോക്കാതെ പട്ടികജാതിയിലെ നാളികേര കർഷകർക്ക് ബന്ധപ്പെട്ട സഹായങ്ങളും വിതരണം ചെയ്യേണ്ടതുണ്ട്.

(5) പട്ടികജാതി കർഷകർക്ക് ഇടയിൽ സർവ്വെ നടത്തി ആവശ്യക്കാർക്ക് പണിആയുധങ്ങളും വിതരണം ചെയ്യുകയും കൃഷിഭൂമിവാങ്ങുന്നതിനായി പലിശരഹിത വായ്പ അനുവദിക്കേണ്ടതും തുക കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുമാണ്.

(6) പട്ടികജാതി വനിതകളായ കർഷകർക്ക് കുറഞ്ഞ മുതൽമുടക്കുള്ള കൃഷിയിൽ പരിശീലനം നൽകുകയും കുറഞ്ഞ മുതൽമുടക്കുള്ള കൃഷിക്ക് വേണ്ടിയുള്ള സഹായങ്ങളും അനുവദിക്കേണ്ടതാണ്.

7 മൃഗസംരക്ഷണം

1 പൊട്ടിപൊളിഞ്ഞ തൊഴുത്തും വൃത്തിഹീനമായ അന്തരീക്ഷവും മൂലം പശുക്കൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ ഇല്ലാതാക്കുന്നതിന് വേണ്ടി പശു വളർത്തുന്ന പട്ടികജാതി കർഷകർക്ക് തൊഴുത്ത് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഗ്രാൻറ് അനുവദിക്കുക.

2 പട്ടികജാതി കുടുംബങ്ങൾക്ക് ഇറച്ചി കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ഇറച്ചികോഴികൾ പ്രായമാകുന്ന മുറക്ക് മൃഗ സംരക്ഷണവകുപ്പ് അവയെ വിലക്ക് എടുക്കുകയും ചെയ്യുക.

3 പട്ടികജാതിക്കാർക്ക് ഇറച്ചികോഴി വളർത്തലിൽ പരിശീലനം നടത്തുകയും ഇറച്ചികോഴി വർഗ്ഗത്തെ പദ്ധതിയിൽ സഹായം അനുവദിയ്ക്കുകയും ചെയ്യുക.

4 ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ മുഖേന പശുക്കളെ വാങ്ങുന്നതിനുള്ള വായ്പ അനുവദിക്കുന്ന പദ്ധതിയിൽ 50% പട്ടികജാതിക്കാർക്ക് നൽകുക.

8 മണ്ണ് സംരക്ഷണം

1 കുരുവിടപ്പാലം പള്ളിപ്പുറം പുതുവൽ പള്ളിപ്പുറം ശ്രീപാദം കോളനികളിൽ പട്ടികജാതിക്കാരുടെ കൃഷിഭൂമികളിൽ സംരക്ഷണ മതിലുകൾ (കോണ്ടൂർ ബണ്ട്സ്) നിർമ്മിക്കണം

2 കോളനികളിൽ ആവശ്യമായ ഭാഗങ്ങളിൽ ജലനിർഗമന ഓടകൾ നിർമ്മിച്ച് മണ്ണൊലിപ്പ് തടയേണ്ടതാണ്.

9 തൊഴിൽ

1 അനധികൃതമായ നിലം നികത്തൽ അവസാനിപ്പിക്കണം.

2 നെൽ കൃഷിയിടങ്ങൾ തരിശിടുന്നത് നിയമം മൂലം അവസാനിപ്പിക്കുക.

3 തരിശിടുന്ന കൃഷിഭൂമി പാട്ടവ്യവസ്ഥയിൽ പട്ടികജാതി കർഷകർക്ക് കൃഷി ചെയ്യുന്നായി പഞ്ചായത്ത് മുൻകൈയെടുത്ത് അനുവദിപ്പിക്കുക.

4 പട്ടിക ജാതിയുവാക്കൾക്ക് ആട്ടോറിക്ഷ ഡ്രൈവിംഗിൽ പരിശീലനം കൊടുക്കുകയും പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് ആട്ടോ വാങ്ങുന്നതിനുള്ള പലിശ രഹിത വായ്പ നൽകുന്നതിനായി നടപടികൾ സ്വീകരിക്കുകയും വായ്പക്കുള്ള ഈട് വാങ്ങുന്ന ആട്ടോറിക്ഷ തന്നെയായി മാറ്റുന്നതിനുള്ള പടപടി സ്വീകരിക്കുകയും വേണം.

5 ജനസംഖ്യാനുപാതികമായി പട്ടികജാതി കുടുംബത്തിലെ 50 യുവാക്കൾക്ക് ആട്ടോ മോബൈൽ, മോട്ടോർ വർക്ക്ഷോപ്പ്, ആട്ടോ വർക്ക് ഷോപ്പ്, സർവ്വീസിംഗ്, റബ്ബർ വെട്ടുകത്തി സിംഗ്, സ്പ്രെ പെയിൻറിംഗ് ഡ്രൈവിംഗ് തുടങ്ങിയ പണികളിൽപരിശീലനംനൽകുകയും പൂർത്തിയാക്കുന്ന മുറക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായം നൽകുക.

6 പൊതുമേഖല സഹകാര്യമേഖല അർത്ഥ സർക്കാർ സ്ഥാപനങ്ങളിൽ പട്ടികജാതി ജനസംഖ്യാനുപാതികമായി നിയമനങ്ങളിൽ സംവരണം നിർബന്ധമാക്കുക.

7 പ്രൈവറ്റ് സ്ഥാപനങ്ങളിൽ തൊഴിൽ സംവരണം ഏർപ്പെടുത്തുക

8 തൊഴിൽ രഹിത പട്ടികജാതിക്കാർക്ക് 40 വയസ് വരെ തൊഴിലില്ലായ്മ വേതനം അനുവദിക്കുക

9 ഈ പഞ്ചായത്തിലെ എല്ലാ താൽകാലിക നിയമനങ്ങളും എംപ്ലോയ്മെൻറിൽ പേര് രജിസ്റ്റർ ചെയ്തവരിൽ നിന്ന് മാത്രം നിയമിക്കുക ഇതിൽ പട്ടികജാതിക്കാർക്ക് അർഹമായ സംവരണം ഉറപ്പ് വരുത്തുകയും ചെയ്യുക.

10 വ്യവസായം

1 പട്ടികജാതി കുടുംബങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 25 യുവതികൾക്ക് ചപ്പൽ നിർമ്മാണത്തിൽ പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാകുന്ന മുറക്ക് ചപ്പൽ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് വേണ്ടിയുള്ള സാമ്പത്തിക സഹായം നൽകേണ്ടതുമാണ്.

2 പട്ടികജാതി കുടുംബങ്ങളിൽ നിന്നും 25 യുവതി യുവാക്കളെ തിരഞ്ഞെടുത്ത് പ്ലാസ്റ്റിക്ക് മേക്കിംഗിൽ പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാകുന്ന മുറക്ക് വ്യാവസായ യൂണിറ്റ് തുടങ്ങുന്നതിനുള്ള സഹായം അനുവദിക്കേണ്ടതാണ്.

3 പട്ടികജാതി കുടുംബങ്ങളിൽ നിന്നും തൽപ്പരരായ 5 യുവാക്കളെ തിരഞ്ഞെടുത്ത് ധാന്യങ്ങൾ പൊടിച്ച് കവറിൽ ആക്കി വിൽപ്പന നടത്തുന്ന ഒരു യൂണിറ്റിന് സഹായം നൽകുക.

4 വിവിധ വ്യവസായങ്ങളിൽ പരിശീലനം നൽകുന്ന ഒരു വ്യവസായ പരിശീലന കേന്ദ്രം പട്ടികജാതി വകുപ്പിന്റെ കീഴിൽ പള്ളിപ്പുറം കേന്ദ്രമാക്കി സ്ഥാപിക്കുക.

5 മുകളിൽ പറഞ്ഞിട്ടുള്ള പദ്ധതികൾക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ കർഷക തൊഴിലാളി കുടുംബങ്ങൾക്ക് (പട്ടികജാതി) പ്രാമുഖ്യം ഉണ്ടായിരിക്കേണ്ടതാണ്.

11 വിദ്യാഭ്യാസം

1 കുരാവീട്, പള്ളിപ്പുറം ശ്രീപാദം, കട്ടച്ചിറകോണം, അപ്പോളോ അംബേദ്കർ ഗ്രാമം, തെറ്റിച്ചിറ, കുറക്കോട് തലക്കോണം തുടങ്ങിയ പട്ടികജാതി സങ്കേതങ്ങളിൽ ഓരോ അംഗൻവാടി സെൻററുകൾ/നഴ്സറി സ്കൂളുകൾ അനുവദിക്കുക.

2 പട്ടിക ജാതിയിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർഥികൾക്ക് ബന്ധപ്പെട്ട സ്കൂളുകളിൽ പ്രത്യേക സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുക.

3 പട്ടികജാതിയിൽപ്പെട്ട പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് ഓരോ ദേശയും കമ്പിളിയും വിതരണം ചെയ്യുക. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഓരോ മേശയും കസേരയും അലമാരയും സൗജന്യമായി വിതരണം ചെയ്യുക.

4 അദ്ധ്യയന വർഷത്തിന്റെ ആദ്യന ളുകളിൽ സ്റ്റൈപ്പൻറ് വിതരണം നടത്തേണ്ടതും സ്റ്റൈപ്പൻറ് തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടതുമാണ്.

5 SSLC തോൽക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് മാർക്ക് പരിധി നോക്കാതെ ട്യൂട്ടോറിയൽ സ്ഥാപനത്തിൽ ചേർന്ന് പഠിക്കുവാനുള്ള സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്.

6 എല്ലാ കോളനികളിലും സാക്ഷരതാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും പ്രവർത്തന ക്ഷമത ഉറപ്പുവരുത്തുകയും ചെയ്യുക

7 പഞ്ചായത്തിൽ പട്ടികജാതിക്കാർക്ക് പ്രയോജനപ്പെടുന്ന ഒരു ഗൈഡൻസ് സെൻറർസ് സ്ഥാപിച്ച് തൊഴിൽ, വിദ്യാഭ്യാസ സൗകര്യം ഇവയെ കുറിച്ചുള്ള വിവരം ലഭിക്കുന്ന ആനുകാലികങ്ങൾ ഗസറ്റുകൾ ഇവ ലഭ്യമാക്കുക.

8 പള്ളിപ്പുറം ശ്രീപദം കോളനി പരിസരത്ത് ഒരു ഗവർമെൻറ് ലോവർ പ്രൈമറി സ്കൂൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

12 സാംസ്കാരികം

(1) പട്ടികജാതിക്കാരുടെ ഇടയിൽ നിലനിൽക്കുന്ന നാടൻ കലകൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അവശ കലാകാരൻമാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുകയും ചെയ്യുക.

(2) പട്ടികജാതിക്കാരുടെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന ഒരു ക്ഷേത്രമാണ് പണ്ടാരക്കരി ക്ഷേത്രം പണ്ടാരക്കരി കോളനി പരിസരത്ത് സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രം പുനരുദ്ധരിക്കുന്നതിനുള്ള സഹായം അനുവദിക്കുക.

13 സഹകരണം

(1) പഞ്ചായത്ത് ആസ്ഥാനമാക്കി ഒരു പാറതൊഴിലാളി സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുക.

(2) പള്ളിപ്പുറം കേന്ദ്രമാക്കി ഒരു വിവിധോദ്ദേശ പട്ടികജാതി സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുക.

(3) കയറുച്ചിറയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനരഹിതമായിക്കിടക്കുന്ന പട്ടികജാതി സഹകരണ സംഘം പ്രവർത്തനക്ഷമമാക്കുകയും ബന്ധപ്പെട്ട ഗ്രാൻറുകൾ അനുവദിക്കുകയും ചെയ്യുക.

14 പെൻഷൻ പദ്ധതികൾ

(1) 55 വയസ് പൂർത്തിയായ എല്ലാ പട്ടികജാതി കർഷക തൊഴിലാളികൾക്കും കയർ തൊഴിലാളികൾക്കും ഉപാധിരഹിതമായി പെൻഷൻ അനുവദിക്കുക.

(2) പട്ടികജാതിക്കാർക്കുള്ള വിവിധ പെൻഷൻ പദ്ധതികൾ കാലതാമസം കൂടാതെ വിതരണം ചെയ്യുക.


15 പൊതുനിർദ്ദേശങ്ങൾ

1 എല്ലാ മാസവും പഞ്ചായത്തിലെ വിവിധ വകുപ്പ് ഉദ്യോഗസ്ഥൻമാരെ പങ്കെടുപ്പിച്ച് കൊണ്ട് അതാതു വകുപ്പിലെ പ്രത്യേക ഘടക പദ്ധതിയിൽ (എസ് സി പി) അനുവദിച്ചതുകയുടെ വിനിയോഗം അവലോകനം ചെയ്യുക ഡിസംബർ 31 വരെ എസ് സി പി ഫണ്ട് ചിലവാകാത്ത വകുപ്പിൽ നിന്നും ചിലവാക്കില്ലന്ന് ഉറപ്പ് ഉണ്ടെങ്കിൽ മറ്റ് വകുപ്പിലേക്ക് മാറ്റി ചിലവഴിക്കാനുള്ള നടപടി ഉണ്ടാക്കാൻ സംവിധാനം ഏർപ്പെടുത്തുക.

(2) കോളനികളുടെ സമൂലമായ വികസനം ലക്ഷ്യമാക്കി ഓരോ കോളനിയിലും ഓരോ വികസന സമിതി രൂപീകരിക്കുകയും ആ കോളനിയിലോ പടിസ്ഥലത്തോ പ്രവർത്തിക്കുന്ന സാമുദായിക സാമൂഹ്യ സാംസ്കാരിക കലാസംഘടനകളിൽ നിന്നും പ്രതിനിധികളെ ഈ സമിതിയിൽ അംഗങ്ങളായി ചേർക്കേണ്ടതും ഈ കമ്മറ്റി മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് കോളനിയിലെ വികസന പ്രവർത്തനങ്ങളുടെ അവലോകനം നടത്തേണ്ടതും വിലയിരുത്തേണ്ടതുമാണ്.



ആയുർവ്വേദ ഡിസ്പെൻസറി, കൊയ്ത്തൂർക്കോണം.



സംസ്കാരിക നിലയം, കീഴാവൂർ.

സംസ്ക്കാരം

അല്പം ചരിത്രം

സ്വാതന്ത്ര്യലബ്ധിയെ തുടർന്ന് 1953—ൽ പഞ്ചായത്ത് രൂപീകരണം വരെയുള്ള കാലഘട്ടത്തിൽ ഈ നാട്ടിലെ സാംസ്ക്കാരിക രംഗം മാന്ദ്യതയിലായിരുന്നു. നാനാജാതിമതസ്ഥർ ഇടകലർന്നുജീവിക്കുന്ന ഈ പ്രദേശത്ത് ക്ഷേത്രങ്ങളും പള്ളികളും അങ്ങിങ്ങ് ദൃശ്യമായിരുന്നു. ക്ഷേത്രങ്ങളിലെ ഉത്സവങ്ങളും മുസ്ലീം ക്രിസ്തീയ ദേവാലയങ്ങളിലെ മത പ്രഭാഷണങ്ങളുമായിരുന്നു സാംസ്ക്കാരിക പ്രവർത്തനങ്ങളെന്ന് പറയാവുന്നവ. സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ വ്യക്തികളോ സംഘടനകളോ ഉണ്ടായിരുന്നില്ല. ഓണം, ക്രിസ്തുമസ്, മിലാദി ഷെരീഫ് തുടങ്ങിയ വിശേഷങ്ങളോടനുബന്ധിച്ചുള്ള ആഘോഷങ്ങൾ മാത്രമായിരുന്നു സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ പട്ടികയിൽ രേഖപ്പെടുത്താവുന്നവ. ഈവകകാര്യങ്ങൾ കാലാകാലങ്ങളിൽ നടത്താനായി കലാ—കായിക സംഘടനകൾ രൂപം കൊണ്ടു.

ഗ്രാമങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി സമാരംഭിച്ച NES ബ്ലോക്ക് പ്രസ്ഥാനം ഗ്രാമീണരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു. വികസന പ്രവർത്തനങ്ങൾക്ക് രൂപു കൊടുത്തു. കൃഷി, വ്യവസായം, കലാ—കായിക പ്രവർത്തനങ്ങൾക്ക് ധനസഹായം നല്കികൊണ്ട് പുതിയ ഒരു ഉണർവ് ഈ പ്രദേശത്തുണ്ടായി കലാ—കായിക സംഘടനകൾക്ക് ഗ്രാൻറ് നൽകിയും മത്സരങ്ങൾ സംഘടിപ്പിച്ചും, കലാ—കായികരംഗത്തെ പ്രഗത്ഭരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചും ഈ പ്രദേശത്ത് സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് പുതുജീവൻ നൽകി. പക്ഷെ വികസന ബ്ലോക്കുകൾ അവരുടെ പ്രവർത്തനങ്ങൾക്ക് മാറ്റം വരുത്തിയപ്പോൾ കലാ—കായികരംഗം വീണ്ടും നിഷ്പ്രഭമാകുകയായിരുന്നു. മാത്രമല്ല രാഷ്ട്രീയ രംഗത്ത് കടന്നുവരാൻ യുവജനങ്ങൾ ആവേശം കാട്ടി. സാംസ്ക്കാരിക രംഗത്ത് നേതൃത്വം ഏറ്റെടുക്കാൻ യുവജനങ്ങൾ വൈമുഖ്യം പ്രദർശിപ്പിച്ചു.

ഉത്സവങ്ങൾ—ആഘോഷങ്ങൾ

ജനങ്ങളുടെ ജീവിത ശൈലിയിൽ നാഗരികത ദൃശ്യമാണെങ്കിലും പൊതുവെ ഈ പ്രദേശത്ത് ഒരു ഗ്രാമീണ സൗന്ദര്യമാണുള്ളത്. അതുകൊണ്ട് തന്നെയാണ് സാംസ്ക്കാരിക രംഗത്ത് പണ്ട് കാലം മുതല്ക്കേ ഗ്രാമീണ കലകൾക്കിവിടെ വേരോട്ടമുണ്ടായത്. ഓട്ടൻതുള്ളൽ, കമ്പടവുകളി, തോറ്റംപാട്ട്, കളമെഴുത്ത്, വില്ലുപാട്ട് തുടങ്ങിയ കലാരംഗങ്ങളിൽ പ്രഗത്ഭരായ പലരും ഇവിടെ ജീവിച്ചിരുന്നു. ചിലരൊക്കെ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട് എന്ന കാര്യം ആധുനിക തലമുറക്കറിവില്ല.

ദിവംഗതനായ ഓട്ടൻതുള്ളൽക്കാരൻ റേഡിയോസ്റ്റാർ ശിവശങ്കരപ്പിള്ള, കമ്പടവുകളി ആശാൻമാരായ കീഴാവൂർ സ്വദേശികൾ പരേതനായ വാസുദേവൻ പിള്ള, ശിവശങ്കരൻ—നായർ, തോറ്റംപാട്ടിൽ പ്രാവീണ്യം നേടി കേരളത്തിലെ മിക്ക ക്ഷേത്രങ്ങളിലും ആ രംഗത്ത് തന്റെ പാടവം തെളിയിച്ചുകൊണ്ടിരിക്കുന്ന ''സാക്ഷി മാധവൻ പിള്ള'' എന്നറിയപ്പെടുന്ന മാധവൻ പിള്ള തുടങ്ങി പലരും ഇന്നുവേരറുപോയിക്കൊണ്ടിരിക്കുന്ന ഗ്രാമീണ കലകളെ ഉദ്ധരിക്കാൻ ശ്രമിച്ചവരും ശ്രമിച്ചുകൊണ്ടിരിക്കുന്നവരുമാണ്. ആധുനിക തലമുറ ഇത്തരം ഗ്രാമീണ കലകളെ പുനഃരുദ്ധരിക്കുവാൻ സന്മനസ് കാട്ടിയെങ്കിൽ...'

ക്ഷേത്രങ്ങളിൽ വർഷത്തിലൊരിക്കൽ നടക്കുന്ന ഉത്സവങ്ങൾ സാംസ്ക്കാരിക രംഗത്തെ പരിപോഷിപ്പിക്കുന്ന ഘടകങ്ങളാണ്. ഈ ഉത്സവങ്ങൾ ദർശിയ്ക്കാൻ കൂടുന്നവർ ഹിന്ദുക്കൾ മാത്രമല്ല. ഇതര മതങ്ങളിലുള്ള സ്ത്രീ പുരുഷൻമാരും ക്ഷേത്രങ്ങളിലെത്തി അവിടത്തെ ആചാരങ്ങളും അനുഷ്ഠാനങ്ങളും കാണുന്നുണ്ട്. പള്ളിയാപറമ്പ് ക്ഷേത്രത്തിലെ പ്രസിദ്ധമായ ഗരുഡൻ തൂക്കം കാണാനും കൊയ്ത്തൂർക്കോണം കിളിത്തട്ടിൽ ക്ഷേത്രത്തിലെയും കരിച്ചാറ പരക്കരി ക്ഷേത്രത്തിലേയും വില്ലിൻമേൽ തൂക്കം കാണാനും അമ്പലപ്പറമ്പിൽ കൂടുന്നവർ ഹിന്ദുക്കൾ മാത്രമല്ല നാനാജാതി മതസ്ഥരാണ്. ഒരു മാനവ സംസ്ക്കാരത്തിന്റെ പ്രഖ്യാപനമാണീ സംഗമത്തിലൂടെ മുഴങ്ങുന്നത്.

വിസ്തൃതമായ നെൽപ്പാടങ്ങളുള്ള ഈ പ്രദേശത്ത് പണ്ട് നിലവിലിരുന്ന ഒരു കാർ

ഷിക്കോത്സവമായിരുന്ന 'മരമടി മത്സരം.' സമീപ പ്രദേശങ്ങളിൽ നിന്നുപോലും ഈ മത്സരത്തിൽ പങ്കെടുക്കാൻ കർഷകർ കാളകളെയും കൊണ്ടെത്തുമായിരുന്നു. ഗ്രാമമനസിനെ ഉണർത്താനും ഗ്രാമീണ ജനഹൃദയങ്ങളിൽ ആഹ്ലാദം പകരാനും പര്യാപ്തമായിരുന്ന ഈ പരിപാടി എന്നന്നേക്കുമായി അസ്തമിച്ച മട്ടാണ്. യന്ത്രകലപ്പകളുടെ ആവിർഭാവമാണിതിനുകാരണം. എങ്കിലും ഈ മരമടി മത്സരത്തെ പുനർജീവിപ്പിക്കുവാൻ ആധുനിക തലമുറയ്ക്കൊരു ശ്രമം നടത്തരുതോ....

കൊയ്ത്തുകാലത്ത് നെൽക്കതിരുകളും ശേഖരിച്ച് കതിരുകാളയെ നിർമ്മിച്ച് ഗ്രാമവീഥികളിൽ പ്രദർശിപ്പിച്ച് നെൽകൃഷിയുടെ സന്ദേശം വിളിച്ചറിയിക്കുന്ന ഒരു രസകരമായ സംരംഭം പണ്ടുണ്ടായിരുന്നു. പള്ളിയാപറമ്പുഭാഗത്തുള്ള കർഷകത്തൊഴിലാളികളായിരുന്നു ഇതിനുനേതൃത്വം കൊടുത്തിരുന്നത്. ഗ്രാമീണ ജന ഹൃദയങ്ങളിലെ കലാബോധത്തെ പ്രകടമാക്കുന്ന ഇത്തരം പരിപാടികളും വീണ്ടും തുടങ്ങരുതോ....

ഹിന്ദു ക്ഷേത്രങ്ങൾ പട്ടിക I (1)

1	മേജർ തോന്നൽ ദേവീക്ഷേത്രം	പള്ളിപ്പുറം
2	തളിയിൽ ശിവക്ഷേത്രം	പായ്ച്ചിറ
3	ശ്രീധരമംഗലം, പള്ളിപ്പുറം	ആലുംമൂട്
4	കണ്ടൽ ഭഗവതിക്ഷേത്രം	വലിയവീട്
5	ശ്രീ ദുർഗ്ഗാ ഭഗവതിക്ഷേത്രം	താമരക്കുളം
6	ചാമുണ്ഡേശ്വരി ക്ഷേത്രം	പള്ളിപ്പുറം
7	ശ്രീ രാജരാജേശ്വരി ക്ഷേത്രം	കല്ലറ, വെള്ളൂർ.
8	ശ്രീ മഹാദേവ ക്ഷേത്രം	തിരുവെള്ളൂർ
9	കിളിഞ്ഞട്ടിൽ ദേവീക്ഷേത്രം	കൊയ്ത്തൂർക്കോണം
10	കക്കാട്ടുമഠം ശ്രീകൃഷ്ണ സ്വാമിക്ഷേത്രം	വെള്ളൂർ
11	ശ്രീധർമ്മശാസ്താക്ഷേത്രം	കീഴാവൂർ
12	പനവിളാകം ദേവീക്ഷേത്രം	അണ്ടൂർക്കോണം
13	വയക്കപ്പൊലുന്നൽ ദേവീക്ഷേത്രം	കിഴാവൂർ
14	പിള്ളവീട് ഭഗവതീക്ഷേത്രം	വെട്ടുറോഡ്
15	മുത്താരമ്മൻ ക്ഷേത്രം	വെട്ടുറോഡ്

മുസ്ലീം പള്ളികൾ പട്ടിക I (2)

1	കുടമുറ്റം മുസ്ലീം ജമാഅത്ത്	അണ്ടൂർക്കോണം
2	പള്ളിച്ചവീട്ടുകര ,,	പായ്ച്ചിറ
3	പള്ളിപ്പുറം പുതിയ പള്ളി	കണിയാപുരം ഠൗൺ
4	പള്ളിപ്പുറം പഴയ പള്ളി	കണിയാപുരം ഠൗൺ
5	കുമിളി മുസ്ലീം ജമാഅത്ത്	പള്ളിപ്പുറം
6	കരിച്ചാറ മുസ്ലീം ജമാഅത്ത്	വലിയവീട്
7	വെള്ളൂർ മുസ്ലീം ജമാഅത്ത്	വെള്ളൂർ
8	സി. ആർ. പി. മുസ്ലീം പള്ളി	പള്ളിച്ചവീട്
9	തയ്ക്കാപള്ളി, ചേമ്പാല	അണ്ടൂർക്കോണം
10	തയ്ക്കാപള്ളി, പായ്ച്ചിറ	പായ്ച്ചിറ
11	മുഹയദ്ദീൻ മസ്ജിദ്, പറമ്പിൽപാലം	പായ്ച്ചിറ
12	തയ്ക്കാപള്ളി, മുഴുത്തിരിയാവട്ടം	കരിച്ചാറ
13	വെട്ടുറോഡ് തയ്ക്കാവ്	ആലുംമൂട്
14	കണ്ടൽ മുസ്ലീം ജമാഅത്ത്	വലിയവീട്
15	കണിയാപുരം തയ്ക്കാവ്	കണിയാപുരം

ക്രിസ്ത്യൻ പള്ളികൾ പട്ടിക I (3)

1	സിറിയൻ കാത്തലിക് ചർച്ച്	സി. ആർ. പി. പള്ളിപ്പുറം

സാംസ്ക്കാരിക നായകന്മാർ പ്രതിഭാശാലികൾ,

കേരള സാംസ്ക്കാരികവേദിയെ സംപുഷ്ടമാക്കാൻ തങ്ങളുടെ എളിയ കഴിവുകൾ പ്രദാനം ചെയ്തവരും ചെയ്തുകൊണ്ടിരിക്കുന്നവരുമായ ഒട്ടേറെ പ്രതിഭാശാലികൾ ഈ പ്രദേശത്തിലുണ്ട്. കേരള രാഷ്ട്രീയ സാംസ്ക്കാരിക രംഗത്തെ ഉജ്ജ്വലനായ കണിയാപുരം രാമചന്ദ്രൻ, "കണിയാപുരം" എന്ന പേരിലൂടെ അറിയപ്പെടുന്നതിൽ നമ്മുടെ പഞ്ചായത്തിന് അഭിമാനിക്കാം. നടനും നാടകകൃത്തും പ്രഭാഷകനും സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തകനായ കണിയാപുരം ഉണ്ണികൃഷ്ണൻ നായർ ഈ പഞ്ചായത്തിന്റെ സാംസ്ക്കാരിക മേഖലയെ പരിപുഷ്ടമാക്കാൻ വഹിച്ചിട്ടുള്ള പങ്ക് അഭിമാന പുരസ്സരം സ്മരിക്കുകയാണ്. മുപ്പത്തിമൂന്നുവർഷം പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ അധ്യാപകനായും ഹെഡ് മാസ്റ്ററായും സേവനമനുഷ്ഠിച്ച അദ്ദേഹം ഈ പ്രദേശത്തിന്റെ സാംസ്ക്കാരിക നവോത്ഥാനത്തിന്റെ മുഖ്യധാരയായിരുന്നു.ഇന്നും ആ ശ്രോതസ് വറ്റാതെ വരളാതെ പ്രശോഭിക്കുകയാണ്. ആകാശവാണിയിലൂടെ സ്വന്തം നാടകരചനകൾ പ്രക്ഷേപണം ചെയ്തും നാടകങ്ങളിൽ കഥാപാത്രങ്ങൾക്ക് ശബ്ദം നൽകിയും സ്വന്തം കഴിവുകൾ പ്രകടിപ്പിച്ചുവരുന്ന അദ്ദേഹം പ്രഭാത് ബുക്സിലൂടെയും കറൻറ് ബുക്സിലൂടെയും നാലുനാടകങ്ങൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സ്വന്തമായി മൂന്ന് ആട്ടക്കഥകൾ രചിച്ച് പ്രഗത്ഭരായ നടന്മാരെകൊണ്ട് അവയൊക്കെ വേദിയിലവതരിപ്പിച്ച പ്രഗത്ഭനും സംസ്കൃത പണ്ഡിതനുമായ ശ്രീ. വി. നാരായണപിള്ള ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആരാധ്യ പുരുഷനാണ്. മുസ്ലീം ഹൈസ്ക്കൂളിൽ മലയാളം അധ്യാപകനായി ജോലി നോക്കിയിട്ടുള്ള അദ്ദേഹത്തിന്റെ ക്ലാസുകൾ ശ്രദ്ധിച്ചിട്ടുള്ള കുട്ടികൾക്ക് ആ പാണ്ഡിത്യത്തിന്റെ ആഴവും പരപ്പും ശരിക്കും ബോധ്യമായിട്ടുണ്ടാവും. ഇന്നും മാതൃഭാഷയിൽ ഏതെങ്കിലും സംശയ നിവൃത്തിയാക്കി ആകെയുള്ള ഒരാശ്രയ കേന്ദ്രം ശ്രീ. നാരായണപിള്ളയാണ്. ആട്ടകഥകളെല്ലാം തന്നെ അദ്ദേഹം പുസ്തകങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കവിതാ രചനയ്ക്കുള്ള കുഞ്ചു പിള്ള സ്മാരക അവാർഡ് കരസ്ഥമാക്കിയ പി. ററി. ശ്രീകാന്ത് ഈ പഞ്ചായത്തിന്റെ അഭിമാനഭാജനമാണ് ഭാവസുന്ദരങ്ങളായ കവിതകൾ രചിക്കാൻ കഴിവുള്ള ഈ കവിയിൽ നിന്നും ഇനിയും ഒട്ടേറെ സംഭാവനകൾ നമുക്ക് പ്രതീക്ഷിക്കാം.

കണിയാപുരം മുസ്ലീം ഹൈസ്ക്കൂളിൽ പഠിക്കുന്ന കാലത്തുതന്നെ പ്രസംഗകലയിലും നാടകാഭിനയത്തിലും മികവുറ്റ കഴിവുകൾ പ്രദർശിപ്പിച്ചിരുന്ന ഒരു വിദ്യാർത്ഥി പിൽക്കാലത്ത് അറിയപ്പെടുന്ന ഒരു നാടകകൃത്തും സാംസ്ക്കാരിക പ്രവർത്തകനുമായിത്തീർന്ന ചരിത്രം യുവതലമുറക്ക് അജ്ഞാതമായിരിക്കാം. ജീവിത വൃത്തിക്കായി ഗൾഫ് നാടുകളിലേയ്ക്ക് പോയ കണിയാപുരം സൈനുദീൻ ഇന്ന് മറുനാടൻ മലയാളികളുടെയിടയിൽ ഗൾഫ് രാജ്യത്ത് പ്രസിദ്ധനായ ഒരു നാടകകൃത്തും സംഘാടകനുമാണ്. മറുനാട്ടിലായിട്ടും അദ്ദേഹം നാടക രചനയിലും നാടക സംവിധാനത്തിലും മുഴുകി കഴിയുകയാണ്. രണ്ടോ മൂന്നോ നാടകങ്ങളും ഗൾഫ് നാടുകളെ പറ്റിയുള്ള ഒരു സമഗ്ര ചരിത്രവും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറുനാട്ടിൽ കഴിഞ്ഞിട്ടും ഈ പഞ്ചായത്തിന്റെ സാംസ്ക്കാരിക പുരോഗതിക്കായി അമൂല്യ സംഭാവനകൾ നൽകിവരുന്ന അദ്ദേഹം അഭിനന്ദനമർഹിക്കുന്നു.

ആകാശവാണിയിലൂടെയും ദൂരദർശനിലൂടെയും ഗാനാലാപനം നടത്തി പ്രശംസ നേടിയെടുത്ത ഗസ്നഫർ, കൃഷ്ണകുമാർ എന്നിവർ ഈ പഞ്ചായത്തിന്റെ സംഭാവനകളാണ്. ഈ രംഗത്ത് വളർന്ന് കൊണ്ടിരിക്കുന്ന ഒട്ടേറെ പ്രതിഭകൾ ഈ നാട്ടിലുണ്ട്.

അമച്വർ നാടക രംഗത്തും പ്രൊഫഷണൽ നാടക രംഗത്തും പ്രവർത്തിച്ചുവരുന്ന ഒട്ടേറെ യുവപ്രതിഭകൾ ഈ പഞ്ചായത്തിലുണ്ട്. നാടകരചന, സംവിധാനം, അഭിനയം, കവിതാരചന തുടങ്ങിയ രംഗങ്ങളിൽ കഴിവ് കാട്ടികൊണ്ടിരിക്കുന്ന യുവ പ്രതിഭകൾ സാംസ്ക്കാരികരംഗത്ത് സമീപ ഭാവിയിൽ സ്ഥിര പ്രതിഷ്ഠ നേടുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ പലതിനും ചിട്ടയായ, ശാസ്ത്രീയമായ നിരന്തര പരിശ്രമമില്ലാതെ പോകുന്നു എന്നതിലാണ് പലപ്പോഴും ഉദ്ഘാഷ്ഠ ഫലപ്രാപ്തി ഈ രംഗങ്ങളിൽ ഉണ്ടാകാതെ പോകുന്നത്.

ഗ്രന്ഥാലയങ്ങൾ-വായനശാലകൾ

ഗ്രന്ഥശാലകളും ഗ്രാമത്തിന്റെസാമൂഹിക സേവന കേന്ദ്രങ്ങളാണ്. സാമൂഹിക പരിവർത്തനങ്ങളുടെ ശക്തമായ ഒരായുധമാണ് ഗ്രന്ഥശാലകളും. ശരിയായ സമൂഹികാവബോധം ജനങ്ങളിൽ ഉണ്ടാക്കുകയും ജനങ്ങളിൽ വ്യക്തിത്വ വികാസത്തെയും അറിവിനെയും പരിപോഷിപ്പിക്കുവാൻ വിജ്ഞാന കേന്ദ്രങ്ങളായ ഗ്രന്ഥശാലകളും സഹായിക്കുന്നു. ഈ നാടിന്റെ സാംസ്ക്കാരിക വളർച്ച സമ്പുഷ്ടമാക്കുന്നതിൽ ഗ്രന്ഥാലയങ്ങളും വായനശാലകളും ഊർജ്ജം പകർന്നിട്ടുണ്ട്. നൂറുൽ ഇസ്ലാം ഗ്രന്ഥശാല, കണിയാപുരം, അണ്ടൂർക്കോണം പഞ്ചായത്ത്, സാംസ്ക്കാരിക നിലയം, കീഴാവൂർ, റിപ്പബ്ലിക് ഗ്രന്ഥശാല അണ്ടൂർക്കോണം, യുവജന സംഘം ഗ്രന്ഥശാല കൊയ്ത്തൂർക്കോണം, പ്രവർത്തനം നിലച്ച വാണിവിലാസം ഗ്രന്ഥശാല പള്ളിപ്പുറം തുടങ്ങിയവയാണ് ഇന്നാട്ടിലെ മുഖ്യ ഗ്രന്ഥാലയങ്ങൾ. ഗ്രന്ഥാലയങ്ങളുടെ വിവര ശേഖരം പട്ടിക II (2) ൽ കൊടുത്തിരിക്കുന്നു.

പട്ടിക II (2) ഗ്രന്ഥാലയങ്ങൾ വിശദവിവരം

ക്രമ നമ്പർ	പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	പത്രങ്ങൾ	ആഴ്ചപതിപ്പുകൾ	മറ്റുരാജ്യാനുകാലികങ്ങൾ	സ്വന്തമായി കെട്ടിടം ഉണ്ടോ	TV റേഡിയോ എന്നിവ ഉണ്ടോ ?	മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ
1	അണ്ടൂർക്കോണം പഞ്ചായത്ത് സാംസ്ക്കാരിക നിലയം കീഴാവൂർ	1991		2000	400	2	2	5	ഉണ്ട്	ഉണ്ട്	റീഡിംഗ് & റിക്രിയേഷൻ കുട്ടികളുടെ ഗ്രന്ഥാലയം ജനവിദ്യാകേന്ദ്രം റഫറൻസ് സാക്ഷരതാ പ്രവർത്തനങ്ങൾ വിജ്ഞാന സെമിനാറുകൾ
2	നൂറുൽ ഇസ്ലാം ഗ്രന്ഥശാല കണിയാപുരം	1927	A	10121	900	2	3	4	ഉണ്ട്	ഉണ്ട്	ജനവിദ്യാകേന്ദ്രം സാംസ്ക്കാരികവേദി ബാലവേദിസാക്ഷരതാപ്രവർത്തനം.
3	റിപ്പബ്ലിക് ഗ്രന്ഥശാല അണ്ടൂർക്കോണം	1954	B	5000	430	3	5	6	ഉണ്ട്	ഉണ്ട്	കലാ—കായിക പ്രവർത്തനം സാക്ഷരതാ പ്രവർത്തനം
4	യുവജന സംഘം ഗ്രന്ഥശാല കൊയ്ത്തൂർക്കോണം	1951	B	4727	288	2	2	3	ഇല്ല	ഇല്ല	കലാ—കായിക പ്രവർത്തനം സാക്ഷരതാ പ്രവർത്തനം
5	വാണിവിലാസം ഗ്രന്ഥശാല പള്ളിപ്പുറം	ഒരു വർഷമായി പ്രവർത്തനം ഇല്ല.									

കലാ കായിക സമിതികൾ മഹിളാ സമാജങ്ങൾ

ഈ പഞ്ചായത്തിന്റെ സാംസ്ക്കാരിക നവോത്ഥാന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിൽ ഇന്നാട്ടിലെ അമച്ചർ കലാ സമിതികളും കായിക ക്ലബ്ബുകളും മഹിളാ സമാജങ്ങളും മറ്റ് സന്നദ്ധ സ്ഥാപനങ്ങളും വഹിച്ച പങ്ക് വളരെ വലുതായിരുന്നു. ഉത്സവ ദിനങ്ങളിലും വാർഷികങ്ങളിലും കലാപരിപാടികളും സ്വയം പരിശീലിച്ച് നാട്ടുകാരുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് ഇത്തരം സ്ഥാപനങ്ങളും അവയുടെ സജീവത നിലനിർത്തുന്നു. നാടകം നടത്തുന്നതിന് വേണ്ടിമാത്രം രൂപം കൊള്ളുകയും അതോടു കൂടി പ്രവർത്തനരഹിതമാകുകയും ചെയ്യുന്ന ഒട്ടേറെ ക്ലബ്ബുകളും പഞ്ചായത്തിനുണ്ട്. കലാ കായിക സമിതികളുടേയും മഹിളാ സമാജങ്ങളുടേയും വിവരശേഖരം പട്ടിക iii (3) പട്ടിക iii (4) പട്ടിക iii (5) എന്നിവയിൽ ചേർത്തിരിക്കുന്നു.

പട്ടിക III (3)

നമ്പർ	പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	സംഗീത അക്കാദമി/സ്പോർട്സ് കൗൺസിൽ/നെഹ്റു യുവകേന്ദ്ര അഫിലിയേഷൻ ഉണ്ടോ ?	സ്വന്തമായി കെട്ടിടം ഉണ്ടോ ?	റേഡിയോ T V ഉണ്ടോ?	മുഖ്യ പ്രവർത്തനങ്ങൾ
1	സെവൻ ആർട്സ് സ് പോർട്സ് & ആർട്സ് ക്ലബ് കരിച്ചാറ	316/88	31	നെഹ്റു യുവകേന്ദ്ര അഫിലിയേഷൻ മാത്രം	ഇല്ല	ഇല്ല	സാംസ്ക്കാരിക പ്രവർത്തനങ്ങൾ, സാക്ഷരതാ പ്രവർത്തനം.
2	മാസ് ആർട്സ് & സ് പോർട്സ് ക്ലബ് മുഴുത്തിരിയാവട്ടം	250/82	75	നെഹ്റു യുവകേന്ദ്ര അഫിലിയേഷൻ മാത്രം	ഇല്ല	ഉണ്ട്	സാമൂഹ്യ പ്രവർത്തനം, പഠനോപകരണങ്ങൾ, നഴ്സറി സ്കൂൾ കലാ കായിക പ്രവർത്തനങ്ങൾ
3	ആദിത്യാ ആർട്സ് & സ്പോർട്സ് ക്ലബ് കീഴാവൂർ	323/84	66	സംഗീത അക്കാദമി (122/93) നെഹ്റു യുവ കേന്ദ്ര (321/11/95) അഫിലിയേഷൻ	ഇല്ല	ഇല്ല	സാമൂഹ്യ പ്രവർത്തനം, കലാ കായിക മൽസരങ്ങളിൽ പ്രോൽസാഹനം, വിദ്യാർത്ഥികളെ സഹായിക്കൽ, യുവജനോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയിട്ടുണ്ട്.
4	V K K M സ്പോർട്സ് & ആർട്സ് ക്ലബ് വെട്ടുറോഡ്	290/94	41	നെഹ്റുയുവകേന്ദ്ര അഫിലേയഷൻ, ലീഗ് ഫുട്ബാൾ രജിസ്ട്രേഷൻ	ഇല്ല	ഇല്ല	കലാ—കായിക രംഗത്തെ പ്രോൽസാഹനം, സാമൂഹ്യപ്രവർത്തനം
5	ദമാസ്കർ മസ്താൻമുക്ക് കണിയാപുരം	1992	32	ഇല്ല	ഇല്ല	ഇല്ല	കലാ കായിക പ്രവർത്തനം
6	ത്രിവേണി ആർട്സ് & സ്പോർട്സ് ക്ലബ് C R P പള്ളിപ്പുറം	1068/87	300	നെഹ്റുയുവകേന്ദ്രം	ഇല്ല	ഇല്ല	സാമൂഹ്യ പ്രവർത്തനം, വിദ്യാഭ്യാസം പോത്സാഹിപ്പിക്കൽ, സാക്ഷരത, കലാ കായിക പ്രവർത്തനങ്ങൾ
7	സിത്താര ആർട്സ് & സ്പോർട്സ് ക്ലബ് അണ്ടൂർക്കോണം	574/82	125	ഇല്ല	ഇല്ല	ഇല്ല	സാമൂഹ്യ പ്രവർത്തനം, വിദ്യാർത്ഥികളെ സഹായിക്കൽ, കലാ കായിക പ്രോത്സാഹനം

8	A K G സ്പോർട്സ് & ആർട്സ് ക്ലബ് ആണ്ടൂർക്കോണം	239/79	300	സംഗീത അക്കാദമി, നെഹ്റു യുവകേന്ദ്ര അഫിലിയേഷൻ	ഇല്ല	ഇല്ല	സാമൂഹ്യ പ്രവർത്തനം, കലാ കായിക രംഗങ്ങളിൽ പ്രോത്സാഹനം വിദ്യാർത്ഥികളെ സഹായിക്കൽ, കേരളോത്സവത്തിൽ സംസ്ഥാന തലത്തിൽ ജില്ലയെ പ്രതിനിധീകരിച്ച് കോട്ടയത്ത് പങ്കെടുത്തു. സംഗീത നാടക അക്കാദമിയുടെ നാടക മത്സരത്തിൽ പങ്കെടുത്തു.
9	എഡിസൺ സ്പോർട്സ് ആൻറ് സയൻസ് ക്ലബ് തിരുവെള്ളൂർ	1990 Rge: ഇല്ല അപേക്ഷിച്ചിട്ടുണ്ട്	30	ഇല്ല	ഇല്ല	ഇല്ല	സാമൂഹ്യ പ്രവർത്തനം, സയൻസ് പരമായ അറിവ് നൽകൽ
10	സരിഗ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് തിരുവെള്ളൂർ	1025/89	46	നെഹ്റു യുവകേന്ദ്ര അഫിലിയേഷൻ	ഇല്ല	ഇല്ല	സാമൂഹ്യ പ്രവർത്തനം, കലാ കായിക രംഗങ്ങളിൽ പ്രോത്സാഹനം.
11	വിവേകാനന്ദ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് തിരുവെള്ളൂർ	79/95	40	നെഹ്റു യുവകേന്ദ്ര	ഇല്ല	ഇല്ല	സാമൂഹ്യ പ്രവർത്തനം, കലാ കായിക രംഗങ്ങളിൽ പ്രോത്സാഹനം, കപ്പിസ് മത്സരം.
12	ദേശാഭിമാനി ആടർസ് ആൻറ് സ്പോർട്സ് ക്ലബ്, ഗാന്ധി സ്മാരകം	രജി: ഇല്ല Apply ചെയ്തു	26	ഇല്ല	ഇല്ല	ഇല്ല	പാവപ്പെട്ടവരെ സഹായിക്കൽ, വിദ്യാർത്ഥികളെ സഹായിക്കൽ കലാ–കായിക പ്രവർത്തനം
13	സംഗീതാ തിയേറ്റേഴ്സ് കരിച്ചാറ	649/88	95	നെഹ്റു യുവകേന്ദ്ര	ഇല്ല	ഇല്ല	നാടകാവതരണം, കലാ കായിക പ്രവർത്തനം, സാംസ്ക്കാരിക പ്രവർത്തനം സക്ഷരത
14	ഫ്രണ്ട്സ് ക്ലബ് കണിയാപുരം	1968	30	ഇല്ല	ഉണ്ട്	ഇല്ല	സാമൂഹ്യ പ്രവർത്തനം നടക്കുന്നില്ല
15	ബൗൺസേഴ്സ് ക്രിക്കറ്റ് ക്ലബ്, വെട്ടുറോഡ്	1982	37	Sports Concil Kerala Cricket Associatian	ഇല്ല	ഇല്ല	കായിക പ്രവർത്തനങ്ങൾക്ക് മുൻതൂക്കം
16	നവയുഗം സ്പോർട്സ് & ആർട്സ് ക്ലബ് കരിച്ചാറ	1986	25	Sports Concil	ഇല്ല	ഇല്ല	കലാ കായിക പ്രവർത്തനം സാക്ഷരത
17	Railway passenger Association, K P M.	1014/95	25	ഇല്ല	ഇല്ല	ഇല്ല	റെയിൽവേ യാത്രക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുക
18	യുവകലാസമിതി പുതിയ പേര് റെഡ് സ്റ്റാർ കലാസമിതി	1994	30	ഇല്ല	ഇല്ല	ഇല്ല	കലാ കായിക പ്രവർത്തനങ്ങളിൽ പങ്കാളിത്തം കുറവ് സാമൂഹ്യപ്രവർത്തനങ്ങളിൽ പങ്കാളിത്തമുണ്ട്

പട്ടിക III (4)

പ്രവർത്തന രഹിതമായ കലാ–കായിക സമിതികൾ.

1	നവയുഗം സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്ബ്	കരിച്ചാറ.
2	വാണിവിലാസം സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്ബ്	പള്ളിപ്പുറം
3	യുവതരംഗം സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്ബ്	സിങ്കപ്പൂർ മുക്ക്
4	സാർക്ക് SARC	കൊയ്ത്തൂർക്കോണം
5	കലാരജ്ഞിനി സാംസ്ക്കാരിക വേദി	കീഴാവൂർ
6	ടാഗോർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	കണിയാപുരം

പട്ടിക III (5)

മഹിളാ സമാജങ്ങൾ

1	കസ്തൂർബാ മഹിളാ സമാജം	തിരുവെള്ളൂർ, കീഴാവൂർ,
2	പ്രിയദർശിനി മഹിളാ സമാജം	തെറ്റിച്ചിറ, കീഴാവൂർ.
3	ഗ്രാമോദ്ധാരണ മഹിളാ സമാജം	പള്ളിപ്പുറം.
4	ഉഷസ് വനിതാ സമാജം	പള്ളിപ്പൂറം.

പട്ടിക III (6)

ജന വിദ്യാകേന്ദ്രങ്ങൾ

1	ജന വിദ്യാകേന്ദ്രം, പഞ്ചായത്ത് സാംസ്ക്കാരികനിലയം,	കീഴാവൂർ.
2	,, നൂറുൽ ഇസ്ലാം ഗ്രന്ഥശാല,	കണിയാപുരം.
3	,, സിത്താരാ സ്പോർട്സ് ആൻറ് ആർട്സ്	അണ്ടൂർക്കോണം.
4	,, അഗ്രോ സർവ്വീസ് സെൻറർ	സി. ആർ, പി.

കായികരംഗം

വിശാലമായ കളിസ്ഥലവും ആരോഗ്യമുള്ള യുവതലമുറയും കായികരംഗത്ത് വിസ്മയങ്ങൾ കൊയ്യാനുള്ള രണ്ട് ഘടകങ്ങളാണ്. പക്ഷേ ആസൂത്രിതമായ നീക്കങ്ങളുടെ അഭാവം കാരണം ശുഷ്കമായ ഒരു കായിക ചരിത്രം മാത്രമേ നമുക്കുള്ളൂ.

പ്രശ്നങ്ങൾ:–

1 ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ, കലാ–കായിക സമിതികൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് കൂട്ടായ്മയോ, ഏകോപിത സ്വഭാവമോ ഇല്ല.

2 ഗ്രന്ഥാലയങ്ങൾക്കും കലാ–കായിക സ്ഥാപനങ്ങൾക്കും വിവിധ ഏജൻസി വഴി നല്കുന്ന ധനവരവും അക്കാദമിക പരവുമായ സഹായങ്ങൾ, നിർദ്ദേശങ്ങൾ ജില്ലാ പഞ്ചായത്ത് തലങ്ങളിൽ നടത്തുന്ന മത്സരങ്ങൾ മറ്റു പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ച് അറിയാൻ പഞ്ചായത്ത് തലത്തിൽ ഒരു വിവര ശേഖരണ കേന്ദ്രം ഇല്ല.

3 വായനശാലകളോ, ഗ്രന്ഥാലയങ്ങളോ ഇല്ലാത്ത വാർഡുകളുണ്ട്.

4 ആയിരക്കണക്കിന് പുസ്തകങ്ങളുള്ള ഗ്രന്ഥശാലകൾ.

സാധ്യതകളും നിർദ്ദേശങ്ങളും

1 അണ്ടൂർക്കോണം പഞ്ചായത്തിലെ മുഴുവൻ ഗ്രന്ഥാലയങ്ങളും, വായനശാലകളും, ആർട്സ് ക്ലബ്ബുകളും, സ്പോർട്സ് ക്ലബ്ബുകളും എന്നിവ ഉൾപ്പെടുന്ന ഒരു പൊതുവേദി അഥവാ "പഞ്ചായത്ത് സാംസ്കാരിക സംഘം" പഞ്ചായത്ത് സാംസ്കാരിക നിലയം ആസ്ഥാനമാക്കി രൂപീകരിയ്ക്കുകയും കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.

2 ഗ്രന്ഥശാലകൾക്കും കലാ-കായികസ്ഥാപനങ്ങൾക്കും വിവിധ ഏജൻസികൾ വഴി നൽകുന്ന ധനപരവും അക്കാഡമി പരവുമായ സഹായങ്ങൾ നിർദ്ദേശങ്ങൾ, ജില്ലാ പഞ്ചായത്ത് ദേശീയതലങ്ങളിൽ നടത്തുന്ന മത്സരങ്ങൾ എന്നിവയെക്കുറിച്ചറിയാൻ ഒരു വിവര ശേഖരണ കേന്ദ്രമായി (പഞ്ചായത്ത് പബ്ലിക് ഇൻഫർമേഷൻ സെൻറായി) പഞ്ചായത്ത് സാംസ്കാരിക നിലയത്തെ പ്രവർത്തിപ്പിയ്ക്കുക.

3 വായനശാലകളും ഗ്രന്ഥശാലകളും ഇല്ലാത്ത പ്രദേശങ്ങളിൽ ആവശ്യമെങ്കിൽ അവ സ്ഥാപിക്കുക.

4 നഷ്ടപ്പെട്ടുകൊണ്ടിരിയ്ക്കുന്ന വായനാശീലത്തെ പുനഃരുജ്ജീവിപ്പിക്കുവാൻ ഗ്രന്ഥശാലകൾക്കും, സാക്ഷരതാ പ്രവർത്തനം സജീവമാക്കുവാൻ ഉണ്ടെങ്കിലും ശരാശരി പുസ്തക വായനാനിരക്ക് കുറഞ്ഞ് വരുകയാണ്. ഗൗരവമേറിയ വായന എന്ന സ്വഭാവം തന്നെ നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്നു.

5 ഗ്രന്ഥാലയങ്ങൾക്കും കലാ—കായിക സമിതികൾക്കും മതിയായ സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

6 പ്രാചീനങ്ങളായ പല കലാ—കായിക രൂപങ്ങളും മൺമറഞ്ഞ് കൊണ്ടിരിക്കുന്നു.

7 കലാ സാഹത്യാഭിരുചിയുള്ള ദരിദ്ര വിദ്യാർത്ഥികൾക്ക് ചെലവേറിയ യുവജനോത്സവങ്ങളിലോ മറ്റും കഴിവുകൾ പ്രകടിപ്പിയ്ക്കുവാൻ കഴിയുന്നില്ല. അത്തരം വിദ്യാർത്ഥികളെ കണ്ടെത്തി വളർത്തുന്നില്ല.

8 പഞ്ചായത്തിലെ ബാലവാടികൾ/നഴ്സറികൾ നടത്തിപ്പിനു് ഒട്ടേറെ പ്രയാസങ്ങൾ നേരിടുന്നു.

9 പഞ്ചായത്തുതലത്തിൽ ഒരു സ്റ്റേഡിയമോ, ഓപ്പൺ എയർ ആഡിറ്റോറിയമോ, നീന്തൽ കുളമോ ഇല്ല.

10 ജന വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം സജീവമല്ല.

11 സ്കൂളുകളുടെ ലൈബ്രറി, വായനാമുറി പ്രവർത്തനം തൃപ്തികരമല്ല.

12 പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുന്ന കലാ—കായിക മത്സരങ്ങൾ പേരിനു് വേണ്ടിയുള്ള ചടങ്ങുകളായി മാറുന്നു.

13 കായിക വികസനത്തിനു് ഉതകുന്ന സംവിധാനങ്ങൾ ഇല്ല.

14 പഞ്ചായത്ത് സാംസ്കാരിക സംഘത്തിന്റെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ കായിക മത്സരങ്ങൾ സംഘടിപ്പിയ്ക്കുക.

15 സാംസ്കാരിക സംഘത്തിൽ അംഗങ്ങളായിട്ടുള്ള മുഴുവൻ കലാ—കായിക സമിതികൾ യഥാസമയം പ്രവർത്തിയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം അവയ്ക്ക് പ്രവർത്തിയ്ക്കാനാവശ്യമായ സാധ്യമായ സാമ്പത്തിക സഹായങ്ങൾ അനുവദിയ്ക്കുക.

16 പഞ്ചായത്ത് സാംസ്കാരിക നിലയത്തെ പഞ്ചായത്തിന്റെ മാതൃകാ സാംസ്കാരിക സ്ഥാപനമാക്കി പ്രവർത്തിപ്പിക്കുക

17 സാംസ്കാരിക സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വിവിധ ഗ്രാൻറുകൾ പഞ്ചായത്ത് മുഖേന വിതരണം നടത്തുവാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

18 പഞ്ചായത്തിൽ ഒരു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുക.

19 മദ്യപാനം, പുകവലി, മയക്കുമരുന്ന്, അന്ധ വിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനു് സാമൂഹ്യ സ്ഥാപനങ്ങ

ളുടെ സഹായത്തോടെ പ്രവർത്തനങ്ങൾ ആവിഷ്കരിയ്ക്കുക.

20 ജന വിദ്യാകേന്ദ്രങ്ങൾക്കും പ്രവർത്തനം നിർദ്ദേശിയ്ക്കുക.

21 ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തി പഞ്ചായത്തനികത്തെ ഏറ്റവും നന്നായി പ്രവർത്തിയ്ക്കുന്ന സ്ഥാപനത്തിന് അവാർഡുകൾ നല്കുക.

22 സാംസ്കാരിക സംഘത്തിന്റെ അംഗ സംഘടനകൾക്ക് പത്രങ്ങൾ മറ്റ് ആനുകൂല്യങ്ങൾ എന്നിവ വാങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം നല്കാനുള്ള സാധ്യതകൾ ആരായുക.

23 പഞ്ചായത്ത് അടിസ്ഥാനത്തിൽ നടക്കുന്ന ആഘോഷങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടത്തുക.

24 സാമൂഹ്യക്ഷേമ പരിപാടികൾ ജനങ്ങൾക്കിടയിൽ യഥാസമയം എത്തിയ്ക്കുന്നതിനും, അർഹതപ്പെട്ടവർക്ക് അവ ലഭിയ്ക്കുന്നുവെന്നതിന് ഉറപ്പുവരുത്തുന്നതിനും പ്രത്യേക സെൽ രൂപീകരിക്കുക.

25 സ്കൂൾതലത്തിൽ ശാസ്ത്രീയമായ പരിശോധന നടത്തി കുട്ടികളുടെ കലാ–കായിക അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിയ്ക്കുക.

26 പഞ്ചായത്ത് മൈതാനവും ഓപ്പൺ എയർ ആഡിറ്റോറിയം നീന്തൽ കുളങ്ങൾ എന്നിവ നിർമ്മിക്കുക,


27 പ്രാചീന കലാരൂപങ്ങളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിയ്ക്കുകയും ചെയ്യുക.




കണിയാപുരം ഇലക്ട്രിസിറ്റി ആഫീസ്




സിറിയൻ കാത്തലിക് ചർച്ച്, പള്ളിപ്പുറം.



വെള്ളൂർ മുസ്ലീം ജമാഅത്ത്



മേജർ തോന്നൽ ദേവീക്ഷേത്രം, പള്ളിപ്പുറം



ഭാരത് കളർ പ്രിന്റേഴ്സ്, കൊയ്ത്തൂർക്കോണം PH. 421228